# ശ്യാമമാധവം

# ഒരു പഠനം

ഡോ. എൻ. വി. പി. ഉണിത്തിരി

# ഡോ. എൻ. വി. പി. ഉണിത്തിരി

1945 ഡിസമ്പർ 15–ന് കണ്ണൂർ ജില്ലയിൽ ചെറുതാഴം പഞ്ചായത്തിൽ കുളപ്പുറത്ത് ജനിച്ചു. അച്ഛൻ: ടി. സി. ഗോവിന്ദൻ നമ്പൂതിരി. അമ്മ: എൻ. വി. പാപ്പപ്പിള്ളയാതിരിയമ്മ. മാടായി ഗവ. ഹൈസ്കൂളിൽനിന്ന് എസ്. എസ്. എൽ. സി. യും കണ്ണൂർ ഗവ. ബേസിക് ട്രയിനിംഗ് സ്കൂളിൽനിന്ന് ടി. ടി. സി. യും പാസ്സായ ശേഷം പ്രൈമറി സ്കൂൾ അധ്യാപകനായി 1965–ൽ ജോലി തുടങ്ങി. പ്രൈവറ്റായി പഠിച്ച് മലയാളം വിദ്വാൻ, ബി. എ. (മലയാളം), എം. എ. (സംസ്കൃതം) എന്നിവ പാസ്സായി. 1974–ൽ കല്യാശ്ശേരി ഗവ. ഹൈസ്കൂളിൽ ഭാഷാധ്യാപകനായി ജോലി ചെയ്യവേ, കേരളസർവകലാശാലാസംസ്കൃതവിഭാഗത്തിൽ പി. എച്ച്. ഡി. ക്കു ചേർന്നു. 1975–ൽ അവിടെത്തന്നെ ലക്ചററായി. 1978–ൽ കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗത്തിലേക്കു മാറി. 1985 മുതൽ അവിടെ വകുപ്പധ്യക്ഷൻ. 1996 നവമ്പർ മുതൽ മൂന്നുവർഷം കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാലയിൽ ആദ്യത്തെ പ്രിൻസിപ്പൽ ഡീൻ ഓഫ് സ്റ്റഡീസ് (പ്രോ വൈസ് ചാൻസലർ) ആയി സേവനമനുഷ്ഠിച്ചു. 1987–90 കാലത്ത് കേരളസർക്കാർ സാംസ്കാരികപ്രസിദ്ധീകരണവകുപ്പിന്റെ ഉപദേശകസമിതി ചെയർമാനായിരുന്നു. 2000 ഒക്ടോബർ മുതൽ ഏഴു മാസം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയരക്ടർ. മൂന്നു കൊല്ലം കേരളസാഹിത്യസമിതിയുടെ ജനറൽ സെക്രട്ടറിയും രണ്ടുകൊല്ലം പുരോഗമനകലാസാഹിത്യസംഘത്തിന്റെ പ്രസിഡണ്ടുമായി പ്രവർത്തിച്ചു. കോഴിക്കോട് സർവകലാശാലാസംസ്കൃതവിഭാഗം പ്രൊഫസറായിരിക്കേ, 2006 മാർച്ച് 31–ന് റിട്ടയർ ചെയ്തു.

സന്ദേശകാവ്യപ്രസ്ഥാനം, ഗവേഷണപ്രബന്ധങ്ങൾ, ഭാരതീയദർശനത്തിന്റെ അറിയപ്പെടാത്ത മുഖം, സമൂഹം മതം ദർശനം, പ്രയോഗദീപിക (സംശോധിതസംസ്കരണം), സംസ്കൃതസാഹിത്യവിമർശനം, ശാസ്ത്രവും ദർശനവും പ്രാചീനഭാരതത്തിൽ (വിവ.), വിവേകാനന്ദന്റെ സമകാലികപ്രസക്തി, പ്രാചീനഭാരതീയദർശനം, ശങ്കരദർശനം മാർക്സിസ്റ്റുവീക്ഷണത്തിൽ (എഡി.), അരാഷ്ട്രീയതയുടെ രാഷ്ട്രീയം, രാമായണപഠനവും മറ്റും, സംസ്കൃതത്തിന്റെ നിഴലും വെളിച്ചവും, മതവും മതഭ്രാന്തും, ഹിന്ദുത്വവും ഹിന്ദുമതവും, സ്വാമി വിവേകാനന്ദൻ, ശ്രീനാരായണഗുരു, വാഗ്ഭടാനന്ദദർശനം, ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ, വക്രോക്തിഃ കാവ്യജീവിതം, നടന്നുവന്ന വഴികൾ (ആത്മകഥ), ഇന്ത്യൻ ഭൗതികവാദപൈതൃകം, സംസ്കാരപഠനങ്ങൾ, വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠനം, വൈദികം, പോരാളിയും തേരാളിയും – ഭഗവദ്ഗീതയുടെ ഭൗതികവ്യാഖ്യാനം (വിവ.), ശാസ്ത്രവും സമൂഹവും, അത്യുത്തരകേരളീയം, വേദപാഠസംരക്ഷണം, പാഠവിമർശനം സംസ്കൃതത്തിൽ, രാമായണം (വാല്മീകിരാമായണത്തിന്റെ ഗദ്യപുനരാഖ്യാനം), ബഷീർ മുതൽ ഒ. എൻ. വി. വരെ, ശബ്ദാർഥസിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ, എഴുത്തച്ഛൻകൃതികൾ, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യപ്രപഞ്ചം എന്നിവ പ്രധാനമലയാള കൃതികൾ.

വള്ളത്തോളിന്റെ ശിഷ്യനും മകനും, മഗ്ദലനമറിയം, അച്ഛനും മകളും, കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി, ഒ. എൻ. വി. യുടെ ഉജ്ജയിനി, പി. കുഞ്ഞിരാമൻ നായരുടെ നരബലി, ഇടശ്ശേരിയുടെ അമ്പാടിയിലേക്കു വീണ്ടും, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ജയം എന്നിവയുടെ സംസ്കൃതവിവർത്തനങ്ങൾ, മാക്ബതനാടകകഥ എന്ന സ്വതന്ത്രസംസ്കൃതകാവ്യം എന്നിവ മുഖ്യസംസ്കൃതകൃതികൾ.

മറ്റു കൃതികളിൽ സ്റ്റഡീസ് ഇൻ സാൻസ്ക്രിറ്റ് ലിറ്ററേച്ചർ, പൂർണസരസ്വതി, ക്യാറ്റ്ലോഗ് ഓഫ് മാനുസ്ക്രിപ്റ്റ്സ് (എഡി.), ഇൻഡ്യൻ ട്രഡിഷൻസ് ഓഫ് മാനേജ്മെന്റ് (എഡി.), ഇൻഡ്യൻ സയന്റിഫിക് ട്രഡിഷൻസ് (എഡി.), പദപ്രദീപിക, കുമാരസംഭവം (സർവജ്ഞവനമുനിയുടെ ശിശുബോധിനീവ്യാഖ്യാനത്തോടുകൂടി), രഘുവംശം (സർവജ്ഞവനമുനിയുടെ സലക്ഷണാവ്യാഖ്യനത്തോടുകൂടി), ശ്രീരാമകൃഷ്ണഗീത, നാരായണന്റെ തന്ത്രസാരസംഗ്രഹം (സ്വർണ്ണഗ്രാമവാസുദേവന്റെ മന്ത്രവിമർശിനീവ്യാഖ്യാനത്തോടുകൂടി), ഒ. കെ. മുൻഷിയുടെ ധാതുരൂപപ്രപഞ്ചം, പൂർണസരസ്വതിയുടെ ഭക്തിമന്ദാകിനീവ്യാഖ്യാനം (എച്ച്. എൻ. ഭട്ട്. എസ്. എ. എസ്. ശർമ എന്നിവരോടുകൂടി) എന്നീ സംസ്കൃകൃതികളുടെ എഡിഷൻ എന്നിവ ഉൾപ്പെടുന്നു.

*പ്രാചീനഭാരതീയദർശന*ത്തിനു പുത്തേഴൻ അവാർഡും *വൃക്ഷായുർവേദഗ്രന്ഥങ്ങൾ – ഒരു പഠന*ത്തിന് അബുദാബി ശക്തി അവാർഡും *വൈദിക*ത്തിന് കേരളസാഹിത്യഅക്കാദമിയുടെ കെ. ആർ. നമ്പൂതിരി അവാർഡും *രാമായണ*ത്തിന് സാംസ്കാരിക വകുപ്പിന്റെ തിരുവനന്തപുരം പുസ്തകമേള പുരസ്കാരവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗദ്യപുനരാഖ്യാന പുരസ്കാരവും ലഭിച്ചിട്ടുണ്ട്. വേദപഠനത്തിനും സംസ്കൃതസാഹിത്യത്തിനും നൽകിയ സമഗ്രസംഭാവനകൾക്ക് കടവല്ലൂർ അന്യോന്യപരിഷത്തിന്റെ വാചസ്പതിപുരസ്കാരത്തിനും സാംസ്കാരികവകുപ്പിന്റെ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ പരീക്ഷിത്ത് തമ്പുരാൻ പുരസ്കാരത്തിനും അർഹനായി.

*ഡോ. ഉണിത്തിരിയുടെ രചനാപ്രപഞ്ചം* (എഡി. ഡോ. സി. രാജേന്ദ്രൻ) അദ്ദേഹത്തിന്റെ 2006 വരെയുള്ള പ്രധാനകൃതികളുടെ പഠനമാണ്.

ഭാര്യ: യു. കെ. ആനന്ദവല്ലി.

മക്കൾ: ആനന്ദവർധനൻ (അസോസ്യേറ്റ് പ്രൊഫസർ, ഐ. ഐ. ടി. ബോംബെ), പത്മജ (സോഫ്റ്റ്‌വെയർ എഞ്ചിനിയർ, പി. എസ്. എൽ, പൂന);

മരുമക്കൾ: രാജേശ്വരി (വൈസ് പ്രസിഡണ്ട്, ഫ്രാക്റ്റൽ അനാലിറ്റിക്സ, ബോംബെ), അജിത് (അസിസ്റ്റന്റ് പ്രൊഫസർ, എൻ. ഐ. ടി; സൂറത്കൽ)

പേരക്കിടാവ് : ആദിശങ്കരൻ

വിലാസം: ആനന്ദമഠം, പോസ്റ്റ്. തേഞ്ഞിപ്പലം, മലപ്പുറം ജില്ല – 673 636.

ഫോൺ: 0494–2403058.

ഇ–മെയ്ൽ: unithiri.nvp@gmail.com



# ആമുഖം

ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തവ്യവസ്ഥ കത്തിജ്വലിച്ചുനിന്ന പ്രാചീന–മധ്യകാലഭാരതത്തിന്റെ ഉല്പന്നമാണെങ്കിലും സംസ്കൃതസാഹിത്യവിമർശനസിദ്ധാന്തത്തിന് ദേശകാലോചിതമായ അല്പാല്പഭേദങ്ങളോടെ പ്രയോഗിക്കുകയാണെങ്കിൽ സാർവലൗകികവും സാർവകാലികവുമായ പ്രസക്തിയുണ്ട്. വർണം, പദം, പ്രത്യയം, വാക്യം, പ്രകരണം, പ്രബന്ധം, ഭാഷാശൈലി എന്നിങ്ങനെ കൃതിയുടെ ബാഹ്യാഭ്യന്തരവശങ്ങളെ മുഴുവൻ സ്പർശിക്കുന്നതാണ് രസധ്വനി എന്ന് ആനന്ദവർധനൻ (ക്രി. പി. ഒമ്പതാം നൂറ്റാണ്ട്) *ധ്വന്യാലോക*ത്തിലും ജഗന്നാഥൻ (പതിനേഴാം നൂറ്റാണ്ട്) *രസഗംഗാധര*ത്തിലും ഉപപാദിക്കുന്നു. ഔചിത്യമാണ് രസധ്വനിയുടെ ജീവൻ. അനൗചിത്യസ്പർശം എവിടെയെങ്കിലും വന്നുപോയാൽ രസഭംഗമായി. വർണം തൊട്ട് ഭാഷാശൈലി വരെ സമസ്ത ഘടകങ്ങളുടെ കാര്യത്തിലും ഔചിത്യം ദീക്ഷിക്കണമെന്നു സാരം. വർണവിന്യാസവക്രത (ശബ്ദാലങ്കാര സൗന്ദര്യം), പദപൂർവാർധവക്രത, പദപരാർധവക്രത (പ്രത്യയാശ്രയ വക്രത), വാക്യവക്രത (അർഥാലങ്കാരസൗന്ദര്യം), പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെ കുന്തകൻ (പതിനൊന്നാം നൂറ്റാണ്ട്) *വക്രോക്തിജീവിത*ത്തിൽ വിഭജിച്ച് ഉദാഹരിച്ചു വിവരിക്കുന്നതും ഈ രസധ്വനിതത്വംതന്നെ – വക്രോക്തി എന്ന പേരിലാണെങ്കിലും. കുട്ടിക്കൃഷ്ണമാരാർ ശബ്ദതലം, അർഥതലം, ഭാവതലം, സംസ്കാരതലം എന്ന നാലു തലങ്ങളിലായാണ് സാഹിത്യാസ്വാദനം എന്നു നിരീക്ഷിച്ചപ്പോൾ ഇതേ ആശയം ഒന്നുകൂടി സൂക്ഷ്മമായും സംക്ഷിപ്തമായും പ്രതിപാദിക്കുകയാണു ചെയ്തത്. ("കാവ്യാസ്വാദനം"," *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 1990, പേജ് 336) സംസ്കൃത സാഹിത്യസിദ്ധാന്തത്തിലെ പ്രയോജനവാദവും രസധ്വനിസിദ്ധാന്തവും കുട്ടിക്കൃഷ്ണമാരാരുടെ സംസ്കാരതലവും അവയുടെ ഉള്ളടക്കങ്ങളിൽ, മാരാർതന്നെ സൂചിപ്പിച്ചതുപോലെ, കാലോചിത മായ മാറ്റം വരുത്തുന്ന പക്ഷം ആധുനിക മാർക്സിയൻ സാഹിത്യ സിദ്ധാന്തവുമായി ഒത്തിണങ്ങിപ്പോകുന്നവയാണെന്ന് സൂക്ഷ്മദൃക്കു കൾക്കു കാണാൻ കഴിയും. ഇത്തരത്തിലുള്ളൊരു സമന്വയനത്തിന്റെ ഫലമായി ഒരു നൂതന വിമർശനപദ്ധതി ഉരുത്തിരിഞ്ഞു വരുന്നതാണ്.

ഈ രീതിയിൽ ആധുനികമലയാളസാഹിത്യത്തിലെ പ്രമുഖരായ എഴു

ത്തുകാരുടെ സമ്പൂർണകൃതികളുടെയും ചില പ്രത്യേകകൃതികളുടെയും സമഗ്രപഠനം നിർവഹിച്ചുകൊണ്ട് ഞാൻ എഴുതിവരുന്ന പരമ്പരയിലെ പത്താമത്തെ പുസ്തകമാണിത്. കുമാരനാശാൻ, ഇടശ്ശേരി, പി. കുഞ്ഞിരാമൻ നായർ എന്നിവരുടെ സമ്പൂർണകവിതകളെയും പൊൻകുന്നം വർക്കി, സി. വി. ശ്രീരാമൻ എന്നിവരുടെ തിരഞ്ഞെടുത്ത കഥകളെയും ചെറുകാടിന്റെ ഏഴു നാടകങ്ങളെയും എം. ടി. വാസുദേവൻ നായരുടെ നാലുകെട്ട് എന്ന നോവലിനെയും സമഗ്രനിരൂപണത്തിനു വിധേയമാക്കുന്ന *ആശാൻ മുതൽ എം. ടി. വരെ* (എൻ. ബി. എസ്. കോട്ടയം); വൈക്കം മുഹമ്മദ് ബഷീറിന്റെ സമ്പൂർണകൃതികളുടെയും വൈലോപ്പിള്ളി യുടെയും ഒ. എൻ. വി. കുറുപ്പിന്റെയും സമ്പൂർണകവിതകളുടെയും ചെറുകാടിന്റെ മുത്തശ്ശി, ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി എന്ന നോവലിന്റെയും സമഗ്രപഠനങ്ങളുടെ സമാഹാരമായ *ബഷീർ മുതൽ ഒ. എൻ. വി. വരെ* (കോഴിക്കോട് സർവകലാശാലാ പ്രസിദ്ധീ കരണവിഭാഗം); കെ. ടി. മുഹമ്മദിന്റെ ഇരുപത്തെട്ടു നാടകങ്ങൾ, ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും എന്ന നോവൽ, ടി. പത്മനാഭന്റെ സമ്പൂർണകഥകൾ, സുഗതകുമാരിയുടെ സമ്പൂർണ കവിതകൾ എന്നിവയെ സമഗ്രപഠനത്തിനു വിധേയമാക്കുന്ന *കെ. ടി. മുതൽ സുഗതകുമാരി വരെ* (കേരളസാഹിത്യ അക്കാദമി), എഴുത്തച്ഛന്റെ അധ്യാത്മരാമായണം–മഹാഭാരതം കിളിപ്പാട്ടുകൾ, എഴുത്തച്ഛന്റെ ആത്മകഥയുടെ രൂപത്തിലെഴുതിയ സി. രാധാകൃഷ്ണന്റെ തീക്കടൽ കടഞ്ഞ് തിരുമധുരം എന്ന നോവൽ എന്നിവയുടെ സമഗ്രപഠനങ്ങൾ ഉൾക്കൊള്ളുന്ന *എഴുത്തച്ഛൻ കൃതികൾ* (തുഞ്ചൻ സ്മാരകസമിതി, ഐരാണിമുട്ടം, തിരുവനന്തപുരം); ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം, സി. രാധാകൃഷ്ണന്റെ തെരഞ്ഞെടുത്ത കഥകൾ, അശോകൻ ചരുവിലിന്റെ സമ്പൂർണ കഥകൾ, വിഷ്ണുനാരായണൻ നമ്പൂതിരിയുടെ സമ്പൂർണകവിതകൾ എന്നിവയുടെ സമഗ്രമായ പഠനങ്ങളടങ്ങുന്ന *വിജയൻ മുതൽ വിഷ്ണു വരെ* (സമയം ബുക്സ്, കണ്ണൂർ); *വള്ളത്തോൾക്കവിത* (എൻ. ബി. എസ്., കോട്ടയം), *ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാവ്യപ്രപഞ്ചം* (ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം), ഏഴാച്ചേരി രാമചന്ദ്രന്റെ *അമാവാസി തൊട്ട പാടുകൾ – ഒരു പഠനം* (സാഹിത്യപ്രവർത്തകസഹകരണസംഘം, നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2011) എന്നിവയാണ് എട്ടെണ്ണം. സുപ്രസിദ്ധസംസ്കൃത നാടകകൃത്തായ ഭാസനെക്കുറിച്ചുള്ള സമഗ്രപഠനത്തെയും (*ഭാസനാടകങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം) ഇക്കൂട്ടത്തിൽ പെടുത്താമെങ്കിൽ ഇത് പത്താമത്തെ പുസ്തകം.

ഇതേ രീതിയിൽ പ്രഭാവർമ്മയുടെ *ശ്യാമമാധവം* എന്ന ഖണ്ഡകാവ്യത്തിന്റെ പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

സൗപർണിക, അർക്കപൂർണിമ, ചന്ദനനാഴി, ആർദ്രം, കാലപ്രയാഗ, അവിചാരിതം, മഞ്ഞിനോടു വെയിൽ എന്നപോലെയും എന്നീ കവിതാസമാഹാരങ്ങളിലൂടെയും അസമാഹൃതമായ മറ്റു ചില കവിതകളിലൂടെയും ഇതിനകം മലയാളത്തിൽ പ്രശസ്തി നേടിയ കവിയാണ് പ്രഭാവർമ്മ. നാടക–ചലച്ചിത്രഗാനരചയിതാവ് എന്ന നിലയ്ക്കും അദ്ദേഹം അംഗീകാരം നേടിയിട്ടുണ്ട്. കേരളീയ പത്ര–ദൃശ്യമാധ്യമ പ്രവർത്തകരിൽ ശ്രദ്ധേയനെന്ന നിലയ്ക്ക് പ്രഭാവർമ്മയ്ക്കുള്ള സ്ഥാനം പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ കാവ്യരംഗത്തെ ഏറ്റവും പുതിയ സംഭാവനയാണ് *ശ്യാമമാധവം* എന്ന ഖണ്ഡകാവ്യാഖ്യായിക.

രസധ്വനി– വക്രോക്തിസിദ്ധാന്തങ്ങൾ തമ്മിൽ, മുമ്പ് സൂചിപ്പിച്ചതുപോലെ, സാരാംശത്തിൽ വ്യത്യാസമൊന്നുമില്ലെങ്കിലും ഒരു രീതിശാസ്ത്രമെന്ന നിലയ്ക്ക് ആറു തരം വക്രതകളെയാണ് ആശ്ര യിക്കാവുന്നത്. വർണം മുതൽ പ്രബന്ധം വരെ ആസ്വാദനനിരൂപണങ്ങൾക്ക് വിധേയമാക്കുകയാണ് കുന്തകൻ ചെയ്യുന്നത്. കൂടുതൽ അടുക്കും ചിട്ടയുമുണ്ട് ആ നിരൂപണ രീതിക്ക്. അതിനാൽ, ആറു വക്രതകളുടെ അടിസ്ഥാനത്തിലാണ് ഈ പഠനം തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ഈ പുസ്തകത്തിൽ ഏഴ് അധ്യായങ്ങൾ: ഇവിടെ അവലംബിച്ച വിമർശനസമീപനം ചുരുക്കി വിവരിക്കുന്നത് ആദ്യത്തെ അധ്യായം (ഇതേപ്പറ്റി കൂടുതൽ വിവരങ്ങൾക്ക് *ബഷീർ മുതൽ ഒ. എൻ. വി. വരെ, എഴുത്തച്ഛൻകൃതികൾ* എന്നിവയുടെ ഒന്നാമധ്യായം നോക്കുക). രണ്ടു മുതൽ ഏഴുകൂടിയുള്ള അധ്യായങ്ങളിൽ യഥാക്രമം വർണവിന്യാസവക്രത, പദപൂർവാർധവക്രത, പ്രത്യയാശ്രയവക്രത, വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നീ ആറു വക്രതകളുടെ അടിസ്ഥാനത്തിൽ കാവ്യത്തിന്റെ സവിസ്തരപഠനമാണ്.

പ്രസ്തുതപഠനം സാഹിത്യാസ്വാദനത്തിനും സാമൂഹ്യശാസ്ത്രാധിഷ്ഠിതചിന്തയ്ക്കും പ്രാധാന്യം നൽകുന്നു. ആദ്യത്തെ നാലു വക്രതകളുടെ നിരൂപണത്തിൽ രസധ്വനി–വക്രോക്തിസിദ്ധാന്തത്തിന്റെയും സാമൂഹ്യശാസ്ത്രാധിഷ്ഠിതചിന്താപ്രധാനമായ പ്രകരണ–പ്രബന്ധവക്രതാ നിരൂപണത്തിൽ മാർക്സിയൻ സാഹിത്യദർശനത്തിന്റെയും സ്വാധീനം പൊതുവിൽ കൂടുതലായി കാണാം

*ശ്യാമമാധവം – ഒരു പഠനം* എന്ന ഈ നിരൂപണകൃതിയുടെ പ്രസാധനം ഏറ്റെടുത്ത . . . .. . . . . . . . . . . . . .. . . . നന്ദി.

**ഡോ. എൻ. വി. പി. ഉണിത്തിരി**

# ഉള്ളടക്കം


ആമുഖം

1. വിമർശനസമീപനം – സംസ്കൃതസാഹിത്യവിമർശനം – മാർക്സിയൻ സാഹിത്യദർശനം.

2. വർണവിന്യാസവക്രത – വൃത്തശില്പം.

3. പദപൂർവാർധവക്രത – രൂഢിവൈചിത്ര്യവക്രത – പര്യായവക്രത –ഉപചാരവക്രത – വിശേഷണവക്രത – സംവൃതിവക്രത – പദമധ്യാന്തർഭൂതപ്രത്യയവക്രത – വൃത്തിവൈചിത്ര്യവക്രത (സമാസം, തദ്ധിതം, നാമധാതു) – ലിംഗവൈചിക്ര്യവക്രത –ക്രിയാവൈചിത്ര്യവക്രത.

4. പ്രത്യയാശ്രയവക്രത – കാലവൈചിത്ര്യവക്രത – കാരകവൈചിക്ര്യവക്രത – സംഖ്യാവൈചിത്ര്യവക്രത – പുരുഷവൈചിത്ര്യവക്രത – ഉപസർനിപാതജനിതപദവക്രത.

5. വാക്യവക്രത – അലങ്കാരങ്ങൾ (രസവത്, ദീപകം, രൂപകം, അപ്രസ്തുതപ്രശംസ, പര്യായോക്തം, വ്യാജസ്തുതി, ഉൽപ്രേക്ഷ, അതിശയോക്തി, ഉപമ, ശ്ലേഷം, വ്യതിരേകം, വിരോധം, ദൃഷ്ടാന്തം, അർഥാന്തരന്യാസം, ആക്ഷേപം, വിഭാവന, സസന്ദേഹം, അപഹ്നുതി, സംസൃഷ്ടി, സങ്കരം) – കാവ്യബിംബങ്ങൾ – ദർശനദീപ്തികൾ.

6. പ്രകരണവക്രത

7. പ്രബന്ധവക്രത – ഗ്രന്ഥനാമം – കർണൻ – ജയദ്രഥൻ – ഗാന്ധാരി – ഭഗവദ്ഗീത പാടേ വ്യർഥം? – ധർമപുത്രൻ – രാധ – അശ്വത്ഥാമാവ് – ധൃതരാഷ്ട്രൻ – രുഗ്മിണി – ദ്രൗപദി – ദുരന്തനായകനായ കൃഷ്ണൻ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ – ശ്യാമമാധവം മലയാളകാവ്യത്തിലെ 'ഭാരതപര്യടനം'.

ഉപസംഹാരം




# 1. വിമർശനസമീപനം

ഈ പുസ്തകത്തിൽ അവലംബിക്കുന്ന വിമർശനസമീപനം വിവരിക്കുകയാണ് ഈ അധ്യായത്തിൽ. സംസ്കൃതസാഹിത്യ വിമർശനസിദ്ധാന്തത്തെയും മാർക്സിയൻ സാഹിത്യവിമർശന സിദ്ധാന്തത്തെയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിമർശന സമീപനമാണ് ഇവിടെ കൈക്കൊണ്ടിട്ടുള്ളത്. ഈ അധ്യായത്തിന് രണ്ടു ഭാഗങ്ങളുണ്ട് – സംസ്കൃതസാഹിത്യവിമർശനത്തിന്റെ സാമാന്യസ്വരൂപം, മാർക്സിയൻ സാഹിത്യദർശനത്തിന്റെ മുഖ്യ സിദ്ധാന്തങ്ങൾ.

## സംസ്കൃതസാഹിത്യവിമർശനം

ക്രി. പി. 6–17 നൂറ്റാണ്ടുകൾക്കിടയിലാണ് സംസ്കൃതസാഹിത്യവിമർശനഗ്രന്ഥങ്ങളിൽ മിക്കതും രചിക്കപ്പെട്ടത്. ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ– സാംസ്കാരികരൂപമായ ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തവ്യവസ്ഥ പടിപടിയായി വളർന്നുവികസിച്ച് മുന്നേറിയ അക്കാലത്ത് ആ വ്യവസ്ഥയുടെ പ്രതിഫലനമുൾക്കൊള്ളുന്ന നഷ്ടപ്പെട്ടതടക്കം എണ്ണമറ്റ സാഹിത്യകൃതികളെ ആസ്പദമാക്കിയാണ് സംസ്കൃതസാഹിത്യവിമർശകർ തങ്ങളുടെ സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചത്.

ഭരണവർഗത്തിന്റെ ജീവിതവീക്ഷണത്തിനായിരിക്കും സ്വാഭാവികമായും ആ സാഹിത്യകൃതികളിലെന്നപോലെ, സാഹിത്യവിമർശനസിദ്ധാന്തങ്ങളിലും പ്രാമുഖ്യം. എങ്കിലും, ഭാസനെയും ശൂദ്രകനെയും കാളിദാസനെയും ഭവഭൂതിയെയും പോലെ പ്രതിഭാശാലികളായ സാഹിത്യകാരന്മാരുടെ കലാസൃഷ്ടികൾ ജീവിതയാഥാർഥ്യങ്ങളുടെ സത്യസന്ധമായ ആവിഷ്കരണംകൊണ്ട് ' ഭരണവർഗത്തിന്റേതോടൊപ്പം ചിലപ്പോഴെങ്കിലും ജനസാമാന്യത്തിന്റെ ആശയാഭിലാഷങ്ങളുടെയും പൊതുവിൽ മാനവികതയുടെയും വിശ്വപ്രേമത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും സന്ദേശം പ്രതിഫലിപ്പിക്കുന്നതായി അനുഭവപ്പെടുന്നുണ്ട്. അത്തരം ഉത്തമകലാസൃഷ്ടികളെക്കൂടി മുൻനിർത്തിക്കൊണ്ട് സാഹിത്യരചനയ്ക്ക് മാർഗദർശകങ്ങളായ ഒട്ടേറെ തത്ത്വങ്ങൾ ആ സാഹിത്യവിമർശനകൃതികൾ ഉൾക്കൊള്ളുന്നുണ്ടെന്ന കാര്യത്തിൽ സംശയമില്ല.

" "പ്രയോജനമനുദ്ദിശ്യ ന മന്ദോപി പ്രവർത്തതേ" (പ്രയോജനമുദ്ദേശിച്ചല്ലാതെ ഒരു മൂഢൻ പോലും പ്രവർത്തിക്കുകയില്ല) എന്ന പ്രാചീനഭാരതീയ(മീമാംസക)ദർശനം സംസ്കൃതസാഹിത്യവിമർശനവും ഉൾക്കൊണ്ടിരിക്കുന്നു. സാഹിത്യത്തിന്റെ പ്രയോജനപരതയിൽ സംശയാലുവായ ഒരാലങ്കാരികൻ പോലും ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. പ്രയോജനമേത് അഥവാ

ഏതൊക്കെ എന്ന കാര്യത്തിൽ അഭിപ്രായഭേദം ഉണ്ടായിരുന്നുവെങ്കിലും പൊതുവിൽ പ്രീതിയും വ്യുല്പത്തിയും (ആനന്ദവും അറിവും) ആണ് സാഹിത്യപ്രയോജനമെന്ന് അംഗീകരിക്കപ്പെട്ടു. രസിപ്പിച്ചുകൊണ്ട് പഠിപ്പിക്കുന്നതായിരിക്കണം സാഹിത്യമെന്നർഥം. രസധ്വനിസിദ്ധാന്തത്തിന്റെ അന്തസ്സത്ത ഇതത്രേ.

ഏതിന്റെ വ്യുല്പത്തി? അതായത്, ഉള്ളടക്കം എന്തായിരിക്കണം? ഇതേപ്പറ്റി സംസ്കൃതസാഹിത്യവിമർശകർ അധികം ചർച്ച ചെയ്തിട്ടില്ല. കാരണം, അത് അന്ന് ഒരു തർക്കവിഷയമായിരുന്നില്ല. ധർമം, അർഥം, കാമം, മോക്ഷം എന്നീ പുരുഷാർഥങ്ങളെപ്പറ്റിയുള്ള വ്യുല്പത്തി ഉണ്ടാക്കത്തക്കവിധത്തിലുള്ളതായിരിക്കണം ഉള്ളടക്കം.

ഈ വ്യുല്പത്തി ധർമശാസ്ത്രം, അർഥശാസ്ത്രം, കാമശാസ്ത്രം, മോക്ഷശാസ്ത്രം എന്നീ വിവിധവിജ്ഞാനശാഖകളിലെ ഗ്രന്ഥങ്ങളിൽനിന്നു കിട്ടുമല്ലോ? കിട്ടും. പക്ഷേ, ആ ശാസ്ത്രഗ്രന്ഥങ്ങൾ ശുഷ്കവും വിരസവും അതുകൊണ്ടുതന്നെ സുഖപാരായണക്ഷമങ്ങളല്ലാത്തവയുമാണ്. ആർക്ക്? അഭിജാതർക്ക്. അഭിജാതർക്കേ ഇത്തരത്തിലുള്ള വ്യുല്പത്തി അക്കാലത്ത് ആവശ്യമായിരുന്നുള്ളൂ. അവർക്ക് സരസമായി ധർമ്മശാസ്ത്രാദിപ്രതിപാദിതമായ കാര്യങ്ങൾ മനസ്സിലാക്കാൻ പറ്റണം. അതിന് സാഹിത്യം ആവശ്യമാണ്.

ഈ ആശയം തെളിച്ചുപറഞ്ഞത് *വക്രോക്തിജീവിത*കാരനായ കുന്തക(ക്രി. പി. പതിനൊന്നാം നൂറ്റാണ്ട്)നാണ്.

ധർമാദിസാധനോപായഃ സുകുമാരക്രമോദിതഃ
കാവ്യബന്ധോഭിജാതാനാം ഹൃദയാഹ്ലാദകാരകഃ.

(1. 3. ധർമാർഥകാമമോക്ഷകാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള ഉപായവും സുകുമാരമായ രീതിയിൽ രചിക്കപ്പെട്ടതും അഭിജാതർക്ക് ഹൃദയാഹ്ലാദകാരിയുമാണ് സാഹിത്യം). അഭിജാതപദത്തെ അദ്ദേഹം വ്യാഖ്യാനിക്കുന്നുണ്ട്. രാജപുത്രാദികൾ ധർമാദികൾ മനസ്സിലാക്കണമെന്നുള്ളവരും വിജയേച്ഛുക്കളുമെങ്കിലും ക്ലേശഭീരുക്കളത്രേ. സുകുമാരാശയരാണവർ. അഭിജാതരെ ആഹ്ലാദിപ്പിച്ചുകൊണ്ട് പ്രവർത്തനനിരതരാക്കുന്നതാണ് സാഹിത്യം. അതുകൊണ്ട് അത് ധർമാദിപ്രാപ്തിക്ക് ഉപായമായിത്തീരുന്നു. ശാസ്ത്രങ്ങളിൽ ധർമ്മാദ്യുപദേശമുണ്ട്. പക്ഷേ, അവ പരുക്കൻ രീതിയിൽ എഴുതപ്പെട്ടവയാണ്. അതിനാൽ അവ അവർക്ക് ദുർഗ്രഹമാകുന്നു. ധർമ്മാദ്യുപദേശം ലഭിച്ചില്ലെങ്കിൽ എന്താണ് ദോഷം? ഇതിനു കുന്തകന്റെ മറുപടി ഇത ത്രേ: രാജകുമാരന്മാർ ധാരാളം സമ്പത്തുള്ളവരാണ്; ലോകം മുഴുവൻ സ്വന്തം ഭരണത്തിലൂടെ വ്യവസ്ഥപ്പെടുത്തേണ്ടവരാണ്. അതിനുതകുന്ന ഉപദേശം ലഭിച്ചില്ലെങ്കിൽ അവർ സ്വതന്ത്രബുദ്ധിയോടെ സമുചിതമായ സകലവ്യവഹാരവ്യവസ്ഥകളെയും തകർത്തുകൊണ്ട് പ്രവർത്തിച്ചുതുടങ്ങും. അങ്ങനെ വരാ



തിരിക്കാൻ അവർക്ക് വ്യുല്പത്തിയുണ്ടാകുന്നതിനുവേണ്ടി കഴിഞ്ഞുപോയ നല്ല നല്ല രാജാക്കന്മാരുടെ ചരിത്രം ഉദാഹരിച്ചുകൊണ്ട് കവികൾ കൃതികൾ രചിക്കുന്നു.

നാടുവാഴിത്തകാലയളവിൽ തഴച്ചുവളർന്ന സംസ്കൃതസാഹിത്യവിമർശനം അന്നത്തെ രാജാധിപത്യവ്യവസ്ഥയെ നിലനിർത്തുകയാണ് സാഹിത്യത്തിന്റെ പ്രയോജനമായി ഉയർത്തിപ്പിടിച്ചത് എന്നു ചുരുക്കം.

അതിനാൽ, രാജകുമാരന്മാർക്ക് മാതൃകകളായിത്തീരേണ്ട രാജാക്കന്മാരുടെ ചിത്രീകരണത്തിൽ എന്തെങ്കിലും പിശകു പറ്റിയാൽ അത് ഔചിത്യഭംഗമെന്നു ചൂണ്ടിക്കാട്ടേണ്ടത് ആ സാഹിത്യവിമർശനത്തിന്റെ ബാധ്യതയായിത്തീരുന്നു. കുന്തകനെത്തന്നെ ഇതിനുദാഹരിക്കാം.

*രഘുവംശ*ത്തിൽ, രാവണവധാനന്തരം സീതാലക്ഷ്മണസമേതനായി രാമൻ പുഷ്പകവിമാനത്തിലൂടെ അയോധ്യയിലേക്കു തിരിക്കവേ, അതതു സ്ഥലങ്ങൾ കാണുമ്പോൾ പണ്ടു നടന്ന ഓരോ സംഭവവും സീതയ്ക്ക് വിവരിച്ചുകൊടുക്കുകയാണ്. അക്കൂട്ടത്തിൽ, നിഷാദരാജാവായ ഗുഹന്റെ പുരം കണ്ടപ്പോൾ, “ഇവിടെവെച്ചാണ് കിരീടം വെടിഞ്ഞ് ഞാൻ ജട ധരിക്കവേ, ‘കൈകേയീ, നിന്റെ ആഗ്രഹങ്ങൾ ഫലിച്ചുവല്ലോ!’' എന്നു സുമന്ത്രൻ കരഞ്ഞുപോയത്”" എന്നു പറയുന്നു.

പുരം നിഷാദാധിപതേസ്തദേതദ്
യസ്മിൻ മയാ മൗലിമണിം വിഹായ
ജടാസു ബദ്ധാസ്വരുദത് സുമന്ത്രഃ
കൈകേയി! കാമാഃ ഫലിതാസ്തവേതി.

ഈ ശ്ലോകം അത്യന്തം അനൗചിത്യപൂർണമാണെന്നാണ് കുന്തകന്റെ വിമർശനം. അദ്ദേഹം പറയുന്നു: ഇവിടെ അനർഘങ്ങളായ മഹാപുരുഷഗുണങ്ങളുള്ളതായി വർണിക്കപ്പെടുന്ന രഘുപതി ‘കൈകേയീ, നിന്റെ ആഗ്രഹങ്ങൾ ഫലിച്ചുവല്ലോ!’' എന്നതുപോലുള്ള നിസ്സാരമായ കാര്യങ്ങളെ സ്മരിക്കുന്നതും അതെടുത്തുപറയുന്നതും അത്യന്തം അനൗചിത്യാവഹമത്രേ. മനുഷ്യസഹജമായ ഇത്തരം ദുർബലവികാരങ്ങൾക്കടിമപ്പെടുന്നവനാണ് രാമനെപ്പോലെ പ്രശസ്തനായൊരു രാജാവ് എന്ന് കവികൾ ചിത്രീകരിച്ചുപോകരുത് എന്നർഥം. രാജകുമാരന്മാരാണ് ഇതിന്റെ ആസ്വാദകർ. രാജാധിപത്യം തകരുന്നതിലേക്ക് ഇതു വഴി തെളിയിച്ചേക്കും!

*രഘുവംശ*ത്തിൽനിന്നും *കുമാരസംഭവ*ത്തിൽനിന്നും ചില പദ്യങ്ങൾ കൂടി ഉദ്ധരിച്ച് ഇതുപോലെ വിമർശനത്തിനു വിധേയമാക്കുന്നുണ്ട് കുന്തകൻ. ആദർശശാലികളായ രാജാക്കന്മാർ പോലും മനുഷ്യസഹജമായ ദൗർബല്യങ്ങളിൽനിന്ന് വിമുക്തരല്ലെന്ന കവിയുടെ നിലപാട് വിമർശകന്റെ സ്ഥിതവ്യവസ്ഥാസംരക്ഷണവ്യഗ്രമായ മനസ്സിന് അനൗചിത്യയുക്തമായാണ് അനുഭവപ്പെടുന്നത്. പ്ലാറ്റോവിനെ അനുസ്മരിപ്പിക്കുന്ന വിധത്തിൽ പ്രാചീന

ഭാരതത്തിലും സ്മൃതികാരന്മാർ "കാവ്യാലാപാംശ്ച വർജയേത്"" (കാവ്യാലാപങ്ങളെ വർജിക്കുകയും വേണം) എന്ന് കാവ്യാലാപത്തിന്, അതുവഴി കാവ്യരചനയ്ക്കും, വിലക്കു കല്പിച്ചിരുന്നു. പക്ഷേ, നൈസർഗികമായ മാനുഷികവികാരങ്ങൾ ആവിഷ്കരിക്കുന്നതിന് വിലക്കു കല്പിച്ചാൽ തിരിച്ചടിയുണ്ടാവുക സ്വാഭാവികം മാത്രം. വാമനന്റെ (എട്ടാം നൂറ്റാണ്ട്) *കാവ്യാലങ്കാരസൂത്രവൃത്തി* തുടങ്ങുന്നതുതന്നെ "കാവ്യം ഗ്രാഹ്യം, അലങ്കാരാത്" (കാവ്യം സ്വീകാര്യമാണ്; അലങ്കാരം, സൗന്ദര്യം, ഉള്ളതുകൊണ്ട്) എന്ന വാക്യത്തോടെയായത് ആ തിരിച്ചടിയുടെ സൂചനയാണ്. കാര്യമാത്രപ്രസക്തമായി, ശുഷ്കമായി, ധർമാദ്യുദ്ബോധനം നടത്തുന്ന ശ്രുതിസ്മൃത്യാദിശാസ്ത്രങ്ങളിൽനിന്ന് വ്യതിരിക്തമായി അതേ പ്രയോജനം സരസമായും സാർഥകമായും, അതായത് സൗന്ദര്യാത്മകമായി, നിർവഹിക്കുന്ന കാവ്യം – സാഹിത്യം – ആവശ്യവും സ്വീകാര്യവുമാണെന്ന് സംസ്കൃതസാഹിത്യവിമർശകർ ഉച്ചൈസ്തരം വിളിച്ചുപറഞ്ഞു. അക്കാലത്തെ നാടുവാഴിത്തസാമൂഹ്യവ്യവസ്ഥ ആദർശമായി ഉയർത്തിപ്പിടിച്ച ധാർമികജീവിതത്തെ – വർണാശ്രമധർമത്തെ – തകർക്കാനല്ല, അതിനെ ശക്തമായി നിലനിർത്താനാണ് തങ്ങളുടെ പുറപ്പാടെന്ന് തെളിയിക്കുന്നതിന് കടുത്ത പോരാട്ടം നടത്താൻ അവർ നിർബദ്ധരായി. ഈ പോരാട്ടം വിജയിപ്പിക്കുന്നതിന് അവർക്ക് സൗന്ദര്യശാസ്ത്രത്തെ ആവുന്നത്ര വികസിപ്പിക്കേണ്ടിവന്നു. അങ്ങനെ സാഹിത്യരചനാമർമങ്ങൾ വിവരിക്കുന്ന അനേകം ചിന്താപദ്ധതികൾ സംസ്കൃതത്തിൽ രൂപം കൊണ്ടു – അലങ്കാരം, ഗുണം, രീതി, വക്രോക്തി, അനുമാനം, ഔചിത്യം മുതലായ ഓരോ ഘടകത്തെ അതിപ്രധാനമെന്ന നിലയിൽ ഉയർത്തിക്കാട്ടിക്കൊണ്ടുള്ളവ. അക്കൂട്ടത്തിൽ സമഗ്രമായൊരു സൗന്ദര്യശാസ്ത്രപദ്ധതിയായി രസധ്വനിസിദ്ധാന്തം ഏറ്റവും മുന്നിട്ടുനിൽക്കുന്നു.

*നാട്യശാസ്ത്ര*കർത്താവായ ' ഭരതൻ (രണ്ടാം നൂറ്റാണ്ട്) തൊട്ട് പലരും രസത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് സാഹിത്യത്തെ ദർശിച്ചവരാണ്. സാഹിത്യത്തിന്റെ ജീവൻ ധ്വനിയാണെന്ന് സിദ്ധാന്തിച്ച ആനന്ദവർധനൻ (ഒമ്പതാം നൂറ്റാണ്ട്) രസത്തെയാണ് ആത്മാവായി കണക്കാക്കുന്നതെന്നും രസം വ്യംഗ്യമായേ ആവിഷ്കരിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് അങ്ങനെ പറഞ്ഞതിൽ വൈരുധ്യമൊന്നുമില്ലെന്നും അദ്ദേഹത്തിന്റെ *ധ്വന്യാലോക*വും അതിന് അഭിനവഗുപ്തൻ (പതിനൊന്നാം നൂറ്റാണ്ട്) എഴുതിയ *ലോചന*വ്യാഖ്യാനവും ശ്രദ്ധിച്ചുപഠിക്കുന്നവർക്കു ബോധ്യമാവും. സാഹചര്യങ്ങൾ, കഥാപാത്രങ്ങൾ, അവരുടെ വികാരവിചാരങ്ങളും പ്രവർത്തനങ്ങളും എന്നിവയിലൂടെ ഉരുത്തിരിഞ്ഞുവരുന്നതാണ് രസം. അതിനാൽ ശൃംഗാരം, കരുണം തൊട്ടുള്ള അതതു രസങ്ങൾ അനുഭവവേദ്യങ്ങളാകണമെങ്കിൽ പല പല സംഭവങ്ങൾ കലർന്ന ജീവിതത്തെ സാഹിത്യത്തിൽ ആവിഷ്കരിക്കേണ്ടതുണ്ട്. അങ്ങനെ രസാത്മകമായ വാക്യമാണ് സാഹിത്യമെന്നു പറഞ്ഞാൽ,



ജീവിതാവിഷ്കരണമാണ് സാഹിത്യം എന്നുതന്നെയാണ് മൊത്തത്തിൽ വന്നുകൂടുന്ന അർഥം. പുരാണേതിഹാസപ്രസിദ്ധമോ കവികല്പിതമോ ആയ കഥയായിരിക്കണം പ്രതിപാദ്യം, അനേകം സർഗങ്ങളുണ്ടാവണം, നഗരം സമുദ്രം പർവതം മുതലായവയുടെ വർണനകൾ വേണം എന്നും മറ്റും മഹാകാവ്യത്തിന്റെ ലക്ഷണം നിർദ്ദേശിക്കുന്നതിൽനിന്ന് സമഗ്രജീവിതമാണ് ഏറ്റക്കുറച്ചിലുകളോടെ ഏതു സാഹിത്യശാഖകളിലും ആവിഷ്കരിക്കേണ്ടത് എന്ന് സംസ്കൃതസാഹിത്യവിമർശകർ ഉദ്ദേശിച്ചിരുന്നതായി വ്യക്തമാകുന്നുണ്ട്. ആദ്യം നായകന്റെ ഗുണങ്ങൾ വിസ്തരിച്ച് പിന്നീട് അയാൾ ശത്രുക്കളെ നിഗ്രഹിക്കുന്നതായി വർണിക്കുന്നതാണ് നിസർഗസുന്ദരമായ രീതിയെന്നും, ശത്രുവിന്റെ വംശവീര്യാദികൾ ചിത്രീകരിച്ചതിനുശേഷം അവനെ ജയിക്കുന്നതിലൂടെ നായകന്റെ ഉൽകർഷം വെളിപ്പെടുത്തുന്നതും കൊള്ളാം എന്നും ദണ്ഡി (ഏഴാം നൂറ്റാണ്ട്) നിർദ്ദേശിക്കുമ്പോൾ, സംഘർഷങ്ങളിലൂടെ മുന്നേറുന്ന ജീവിതത്തിന്റെ പ്രതിപാദനമാണ് സാഹിത്യമെന്ന വസ്തുത കുറേക്കൂടി സ്പഷ്ടമാകും.

ചില വിമർശകർ സാഹിത്യത്തെ ഗുണനിലവാരമനുസരിച്ച് ഉത്തമമെന്നും മധ്യമമെന്നും അധമമെന്നും മറ്റും തരം തിരിക്കുന്നതിനുപയോഗിച്ച മാനദണ്ഡം, അവരുടെ സാഹിത്യസങ്കല്പത്തെക്കുറിച്ച് കുറേക്കൂടി വ്യക്തത നൽകാൻ പര്യാപ്തമാണ്. മുഖ്യമായി പറയാനുള്ള കാര്യം നേരിട്ടു പച്ചയായി പറയാതെ, വ്യംഗ്യമായി പ്രതിപാദിക്കുന്ന – പോരാ, ആ വ്യംഗ്യത്തിനു പ്രാധാന്യം നൽകുന്ന – സാഹിത്യം ഒന്നാന്തരം. വ്യംഗ്യമുണ്ട്; പക്ഷേ, അതിനെ അപേക്ഷിച്ച് വാച്യമാണ് പ്രധാനമായി വരുന്നത് എങ്കിൽ ആ കൃതി രണ്ടാന്തരം മാത്രം – മധ്യമം. വെറും ശബ്ദാർഥാലങ്കാരപ്പകിട്ടുകൾ പ്രധാനമായി വരുന്നത് അധമം. അതിൽത്തന്നെ കേവലം ശബ്ദാലങ്കാരങ്ങളുടെ വെടിക്കെട്ടുകൾ ഉതിർക്കുന്ന സാഹിത്യത്തെ അപേക്ഷിച്ച് അല്പം ഭേദമാണ് അർഥാലങ്കാരപ്രധാനമായ കാവ്യമെന്ന് *രസഗംഗാധര*കാരൻ (പതിനേഴാം നൂറ്റാണ്ട്) ചൂണ്ടിക്കാട്ടുന്നുണ്ട്. സാഹിത്യകാരന്മാർക്ക് ജനങ്ങളോട് പറയാൻ ഒരു കാര്യമുണ്ടായിരിക്കണം; അത് കഴിയുന്നത്ര വാച്യമാക്കാതെ കഴിക്കാൻ നോക്കണം; എങ്കിലേ വേണ്ടത്ര 'ഇഫക്റ്റ്' കിട്ടൂ. വെറും അലങ്കാരക്കസർത്തുകൾ അധമസാഹിത്യം മാത്രം – ചുരുക്കത്തിൽ ഇതാണ് അവരുടെ ആശയം.

രസധ്വനിസിദ്ധാന്തത്തിന് അടിസ്ഥാനം വ്യഞ്ജന എന്ന ശബ്ദവ്യാപാരമാണ്. ഇതാകട്ടെ പ്രാചീനഭാരതീയദാർശനികരിൽ പലരും അംഗീകരിക്കുന്നില്ല. വാക്യശാസ്ത്രകാരന്മാരായ മീമാംസകരും പ്രമാണശാസ്ത്രകാരന്മാരായ നൈയായികരും വ്യാവഹാരികതലത്തിൽ പൊതുവെ ' ഭാട്ടമീമാംസകരുടെ നയം സ്വീകരിക്കുന്ന മോക്ഷശാസ്ത്രകാരന്മാരായ അദ്വൈത വേദാന്തികളുമാണ് വ്യഞ്ജനാവിരുദ്ധരിൽ പ്രമുഖർ. ശബ്ദത്തിൽനിന്ന് സങ്കേതിതമായ അർഥത്തെ നേരിട്ട് ഉല്പാദിപ്പിക്കുന്ന അഭിധാവ്യാപാരം

കൊണ്ടുതന്നെ ഒട്ടെല്ലാ വ്യവഹാരങ്ങളും നടക്കും. ഈ മുഖ്യാർഥത്തിന് തടസ്സം വരികയും പ്രസിദ്ധി കൊണ്ടോ പ്രയോജനമുദ്ദേശിച്ചോ അതുമായി അടുത്തു ബന്ധപ്പെട്ട മറ്റൊരർഥത്തെ ഉല്പാദിപ്പിക്കുന്ന ലക്ഷണാവ്യാപാരത്തെയും അത്യാവശ്യം വേണ്ടിടത്ത് ഉപയോഗിക്കാം. അതും കടന്ന് വാച്യവുമായി നിയതമായോ അനിയതമായോ പരമ്പരാപ്രാപ്തമായോ ബന്ധപ്പെടുന്ന, പലപ്പോഴും അതിനു വിപരീതം പോലുമാകുന്ന, വ്യംഗ്യമായ അർഥത്തെ ഉല്പാദിപ്പിക്കുന്ന വ്യഞ്ജന എന്ന മൂന്നാമതൊരു ശബ്ദവ്യാപാരത്തെ കല്പിക്കുന്നതിന്റെ ആവശ്യമില്ലെന്നാണ് ഈ ദാർശനികരുടെ പക്ഷം.

വേദവാക്യങ്ങളുടെ നിഷ്കൃഷ്ടമായ അർഥം നിശ്ചയിക്കുന്നതിനുവേണ്ടി വാക്യാർഥവിചാരത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചും യുക്തിയുക്തമായും വിശദമായും ചർച്ച ചെയ്ത് ശബ്ദവ്യാപാരങ്ങളെക്കുറിച്ച് കൃത്യമായ നിഗമനങ്ങളിലെത്തിച്ചേർന്ന മീമാംസകരാണ് വ്യഞ്ജനാവിരോധികളുടെ നേതൃത്വം വഹിക്കുന്നത്. കാരണം, യാഗാദികർമ്മാനുഷ്ഠാനങ്ങളോടുകൂടിയ ധാർമികജീവിതമാണ് അവരുടെ ലക്ഷ്യം. പരമപ്രമാണമായി (സ്വതഃപ്രമാണമായിത്തന്നെ) തങ്ങൾ അംഗീകരിക്കുന്ന വിധിനിഷേധപരങ്ങളായ വേദവാക്യങ്ങളുടെ അർഥനിശ്ചയം അവരെ സംബന്ധിച്ചിടത്തോളം അതിന് അനുപേക്ഷണീയമാണ്. അഭിധയ്ക്കും ലക്ഷണയ്ക്കുമപ്പുറത്ത് അനിയതാർഥകല്പനകൾക്ക് വഴിയൊരുക്കുന്ന വ്യഞ്ജന സ്വീകരിക്കുകയാണെങ്കിൽ വരാവുന്ന വൈഷമ്യം ഒട്ടൊന്നുമല്ല. വക്തൃബോദ്ധവ്യകാക്വാദിവൈശിഷ്ട്യങ്ങളാൽ യജ്ഞകർമങ്ങളുടെ അധികാരി, ഫലം, ഇതികർത്തവ്യത എന്നിവയിലെല്ലാം അനിശ്ചിതത്വം വന്നുപോയാലുണ്ടാവുന്ന ഭവിഷ്യത്തുകൾ അവർ വിഭാവനം ചെയ്യുന്ന ധാർമികജീവിതത്തെയാകെ തകിടം മറിക്കും. അതുകൊണ്ട് അതിന് പഴുതു നൽകുന്ന വ്യഞ്ജനാവ്യാപാരത്തെ എന്തു വില കൊടുത്തും എതിർക്കാൻ അവർ ബാധ്യസ്ഥരാണ്. അർഥകാമങ്ങൾ പോലും ധർമത്താൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടും ഇവ മൂന്നും മോക്ഷത്തിലേക്കു നയിക്കുന്ന രൂപത്തിലും വേണം നിർവഹിക്കുക എന്ന് ആദർശമായി അംഗീകരിക്കപ്പെട്ട ഒരു സാമൂഹ്യവ്യവസ്ഥയിൽ ശബ്ദവ്യാപാരങ്ങൾക്ക് ഇപ്രകാരമൊരു നിയന്ത്രണം ഏർപ്പെടുത്താൻ ' ഭരണാധികാരിവർഗത്തിന്റെ നയം രൂപവൽക്കരിക്കുന്ന പൗരോഹിത്യമേധാവിത്വം മുന്നോട്ടുവന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല.

ഈ വ്യഞ്ജനാവിരുദ്ധപക്ഷത്താണ് മിക്ക പ്രാചീനഭാരതീയദർശനങ്ങളും നിലകൊണ്ടത്. തന്റെ യത്നത്തിൽ ആനന്ദവർധനന് പ്രചോദനകേന്ദ്രമായി വർത്തിച്ച, കലയിലൂടെ ഈശ്വരസാക്ഷാൽക്കാരം പോലും നേടാമെന്നു സിദ്ധാന്തിച്ച, താന്ത്രികാടിസ്ഥാനമുള്ള, പ്രത്യഭിജ്ഞാദർശനമാണ് എടുത്തു പറയത്തക്ക ഒരേയൊരപവാദം. മീമാംസാദിപരമ്പരാഗതദർശനങ്ങളുടെ കടന്നാക്രമണത്തെ ചെറുക്കുന്നതിൽ, താരതമ്യേന നവീനവും ഏറെക്കുറെ കാശ്മീരിൽ മാത്രം ഒതുങ്ങിനിന്നതുമായ പ്രത്യഭിജ്ഞാദർശനം അദ്ദേഹത്തിന് അത്രത്തോളം ആത്മബലം നൽകാൻ പര്യാപ്തമായിരുന്നില്ല. അപ്പോഴാണ് "മുഖം വ്യാകരണം പ്രോക്തം" എന്നിങ്ങനെ വേദാംഗങ്ങളിൽ മുഖ്യമെന്നെണ്ണപ്പെട്ടതും അങ്ങനെ പരമ്പരാഗതമായ അംഗീകാരംതന്നെ നേടിയെടുത്തതും പദശാസ്ത്രമെന്നു പ്രസിദ്ധിയാർജിച്ചതുമായ വ്യാകരണദർശനം അദ്ദേഹത്തിന്റെ സഹായത്തിനെത്തിയത്. വ്യാകരണശാസ്ത്രത്തിലെ സ്ഫോടസിദ്ധാന്തവും സാഹിത്യത്തിലെ ധ്വനിസിദ്ധാന്തവും തമ്മിലുള്ള ബന്ധം ഏറെ ആന്തരികവും ഗാഢവുമാകുന്നു.

എന്നാൽ, സാഹിത്യവിമർശകരിൽതന്നെ, ചിലർ മീമാംസകരുടെ നേതൃത്വത്തിലുള്ള വിവിധദാർശനികരുടെ സർവശക്തമായ സ്വാധീനത്തിനു വിധേയരായി, ധ്വനിയുടെ കാര്യത്തിൽ, വ്യഞ്ജനാവ്യാപാരത്തോടുള്ള നിലപാടിൽ വിട്ടുവീഴ്ച്ച ചെയ്യാൻ, അതിനെ നിഷേധിക്കാൻ പോലും, നിർബദ്ധരായതായി നമുക്കു കാണാം. സാഹിത്യത്തിൽ വ്യഞ്ജനയുടെ പ്രവർത്തനംകൊണ്ടുണ്ടാവുന്ന രമണീയമായ വ്യംഗ്യാർഥങ്ങളെ കുറച്ചുകാണാനോ മറച്ചുവെക്കാനോ ആകാതെ, മീമാംസാദിദർശനങ്ങളുടെ അംഗീകൃതസാങ്കേതികപദങ്ങളെ പകരം വെച്ച് കാര്യം നടത്താനാണ് അവർ ശ്രമിച്ചത്. ' ഭാവന അഥവാ ഭാവുകത്വം എന്ന വ്യാപാരം കല്പിച്ചുകൊണ്ട് വ്യഞ്ജനയെ നിഷേധിക്കുന്ന ഭട്ടനായകനെയും (ഒമ്പതാം നൂറ്റാണ്ട്) അനുമാനത്തിൽ അത് അന്തർഭവിക്കുമെന്നു സ്ഥാപിക്കാൻ മിനക്കെടുന്ന മഹിമഭട്ടനെയും (പതിനൊന്നാം നൂറ്റാണ്ട്) നോക്കുക. ആനന്ദവർധനനു പിൻപാണ് ഈ രണ്ടുപേരുമെങ്കിലും ഇവരുടെ വാദഗതികൾ, ഇത്ര വ്യക്തമായും ശക്തമായുമല്ലെങ്കിലും ആനന്ദവർധനന്റെ പൂർവികരിൽ ചിലർ തന്നെ രേഖാമൂലമായും അല്ലാതെയും ഉന്നയിച്ചിട്ടുണ്ടെന്ന കാര്യം നിസ്സംശയമാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ധ്വനി സ്ഥാപിക്കുന്നതിന് അത്ര വീറോടെ യത്നിക്കേണ്ടിവന്നത്.

കുറച്ചൊക്കെ നിഗൂഢവൽക്കരണത്തിനു രസധ്വനിസിദ്ധാന്തവും വിധേയമായിട്ടുണ്ടെങ്കിലും, അക്കാലത്ത് ആധിപത്യം ചെലുത്തിയ പല നിഗൂഢവൽക്കരണശ്രമങ്ങളെയും തകർക്കാൻ ആ സിദ്ധാന്തത്തിനു കഴിഞ്ഞിട്ടുണ്ട്. സർവങ്കഷമായ ധർമ്മശാസ്ത്രഗ്രന്ഥത്തിന്റെ സ്ഥാനം നൽകി ആദരിക്കപ്പെട്ടിരുന്ന *മഹാഭാരത*ത്തെ ശാന്തരസപ്രധാനമായൊരു കാവ്യമെന്ന നിലയിൽ വിലയിരുത്തുന്നതിന് ആനന്ദവർധനൻ ധൈര്യം കാട്ടി. മതത്തിന്റെയും ആദർശാത്മകതയുടെയും പരിവേഷമണിഞ്ഞുനിന്നിരുന്ന *രാമായണ*ത്തെ സീതാപരിത്യാഗത്തിലേക്കു വെളിച്ചം വീശിക്കൊണ്ട് കരുണരസപ്രധാനമായ കാവ്യമായി കാണാൻ അദ്ദേഹത്തിന് മടിയുണ്ടായില്ല. (പിൽക്കാലത്ത് കുന്തകൻ ഇതേ പാത പിന്തുടരുകയുണ്ടായി. മഹിമഭട്ടൻ ഒരുപടികൂടി കടന്ന്, തനിമതഗ്രന്ഥമെന്നറിയപ്പെടുന്ന ' *ഭഗവദ്ഗീത*യിലെ അതിപ്രസിദ്ധമായ "യദാ യദാ ഹി ധർമസ്യ . . . "" എന്ന ശ്ലോകത്തിൽ പൗനരുക്ത്യദോഷം കണ്ടെത്തുന്ന

തുവഴി അതിനെ വെറുമൊരു കാവ്യത്തിന്റെ നിലയിലേക്ക് ഇറക്കിക്കെട്ടുന്നതും ഇവിടെ സ്മരിക്കാം.) പ്രാകൃതഭാഷയെയും സാഹിത്യത്തെയും ഉപരിവർഗം ഏറെക്കുറെ അവജ്ഞയോടെ നോക്കിക്കണ്ട അക്കാലത്ത് പ്രാകൃതഗാഥാപദ്യങ്ങളെ ധ്വനിക്കുദാഹരണങ്ങളായുദ്ധരിച്ച് ആദരിക്കുന്നതിലൂടെ ധ്വനികാരൻ പ്രദർശിപ്പിച്ച ജനകീയവീക്ഷണം ശ്രദ്ധേയമാണ്. (തനിക്കുമുമ്പ് ദണ്ഡിയും രാജശേഖരനും, പിൻപ് ഭോജനും പ്രാകൃതത്തിന് ഈ മാന്യസ്ഥാനം നൽകിയവരാണ്.) അലങ്കാരം, ഗുണം, രീതി എന്നിങ്ങനെ അതുവരെ അത്യുത്തമമായി ഉയർത്തിക്കാണിക്കപ്പെട്ടിരുന്ന വിവിധസാഹിത്യഘടകങ്ങളെ വിഭാഗീയത വെടിഞ്ഞ് അതതിനുചിതമായ സ്ഥാനങ്ങളിലിരുത്തി രസധ്വനിയിൽ കേന്ദ്രീകരിച്ചുകൊണ്ട് അദ്ദേഹം ആദ്യമായി ഒരു സാഹിത്യകലാദർശനം ആവിഷ്കരിച്ചു.

അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം തഥേദം പരിവർത്തതേ.

(അപാരമായ കാവ്യപ്രപഞ്ചത്തിൽ കവിയാണ് പ്രജാപതി. ഇദ്ദേഹത്തിന്റെ ഇച്ഛയ്ക്കൊത്ത് ലോകം മാറുന്നു.) എന്നിങ്ങനെ പൗരോഹിത്യമേധാവിത്വത്തിന്റെ അധികാരവിലക്കുകളെ വെല്ലുവിളിച്ചുകൊണ്ട് കലാകാരന്റെ സ്വാതന്ത്ര്യം ഉറക്കെ പ്രഖ്യാപിക്കുന്നതിന് അദ്ദേഹം തന്റേടം കാട്ടി. ആശയസാദൃശ്യരൂപമായ കവിസംവാദസങ്കല്പത്തിന്റെ വിശകലനത്തിലൂടെ അദ്ദേഹം അനുകരണത്തിന്റെ പേരിൽ സാഹിത്യകാരന്മാരുടെ മെക്കിട്ടുകയറുന്ന ക്ഷുദ്രവിമർശനത്തിന്റെ നേരെ കുന്തമുന തിരിച്ച്, കവിപ്രതിഭയുടെ സ്വാച്ഛന്ദ്യത്തിനുവേണ്ടി നിലകൊണ്ടു. (രാജശേഖരൻ ഇതേ നിലപാട് കൈക്കൊണ്ട വിമർശകനാണ്) തന്റെ നൂതനമായ സിദ്ധാന്തത്തിന് ഒട്ടേറെ താൻ കടപ്പെട്ടിട്ടുള്ള വ്യാകരണദർശനം പോലും സാഹിത്യതത്വഗ്രഹണത്തിന് അപര്യാപ്തമാണെന്ന് തുറന്നുപറയാൻ അദ്ദേഹത്തിന് മടിയുണ്ടായില്ല.

ശബ്ദാർഥശാസനജ്ഞാനമാത്രേണൈവ ന വേദ്യതേ;
വേദ്യതേ സ തു കാവ്യാർഥതത്വജ്ഞൈരേവ കേവലം.

(അത് – വ്യംഗ്യാർഥം – വ്യാകരണവും നിഘണ്ടുവും അറിഞ്ഞതുകൊണ്ടുമാത്രം അറിയാൻ കഴിയില്ല. കാവ്യാർഥതത്വജ്ഞർക്കുമാത്രമേ അത് പിടികിട്ടൂ.) വ്യംഗ്യാർഥം വാച്യാർഥത്തിൽനിന്ന് വ്യത്യസ്തം മാത്രമല്ല, പലപ്പോഴും ഒറ്റയടിക്ക് പിടികൊടുക്കാതെ പുനഃപുനരനുസന്ധാനരൂപമായ ചർവണ കൊണ്ടുമാത്രം സിദ്ധിക്കുമാറ് പിന്നേക്കു നീക്കിവെക്കപ്പെട്ടതുമാണെന്ന് ധ്വനിദർശനം വ്യക്തമാക്കുന്നു. ഗ്രന്ഥകാരന്റെ താല്പര്യമാണ് ഗ്രന്ഥത്തിന്റെ അർഥത്തെ മുഴുവൻ നിർണയിക്കുന്നതെന്ന ചില മീമാംസകരുടെയും മറ്റും വാദത്തെ അംഗീകരിക്കാത്ത, പലപ്പോഴും അനിയതാർഥപ്രതിപാദകമായനുഭവപ്പെടുന്ന വ്യഞ്ജനയിലുറച്ചുനിന്ന നിരൂപകനാണ് ധ്വനികാരൻ. 'സരസ്വത്യാസ്തത്ത്വം കവിസഹൃദയാഖ്യം വിജയതേ" (കവിയും സഹൃ



ദയനും ചേർന്നു രൂപം കൊള്ളുന്ന സാഹിത്യതത്വം സർവോപരി വർത്തിക്കുന്നു.) എന്ന *ധ്വന്യാലോക*വ്യാഖ്യാതാവായ അഭിനവഗുപ്തന്റെ വചനവും "കവിതാരസമാധുര്യം വ്യാഖ്യാതാ വേത്തി നോ കവിഃ" (കവിതയുടെ രസമാധുര്യം വ്യാഖ്യാതാവാണറിയുക; കവിയല്ല.) എന്ന് സഹൃദയലോകത്തിൽ പണ്ടുമുതൽക്കേ പ്രചരിച്ചുപോരുന്ന സൂക്തവും ഈ ആശയത്തിന്റെ വിവരണങ്ങളത്രേ. ജന്മാന്തരസിദ്ധമായ പ്രതിഭയാണ് സാഹിത്യത്തിന്റെ പ്രഭവങ്ങളിൽ മുഖ്യമെന്നു പൊതുവിൽ അംഗീകരിക്കുന്നുണ്ടെങ്കിലും പ്രതിഭയുടെ ഇഹലോകപരതയ്ക്ക് മുൻതൂക്കം കൊടുത്തവരും (ഉദാ:– ജഗന്നാഥൻ) തികച്ചും ഇഹലോകസിദ്ധമായ പാണ്ഡിത്യവും പരിശീലനവും സാഹിത്യസൃഷ്ടിയിൽ വഹിക്കുന്ന പങ്കിനെ യഥാർഹം കണ്ടവരും (ഉദാ:– ദണ്ഡി) സംസ്കൃതസാഹിത്യവിമർശകരിൽ കുറവല്ല. 'കവിശിക്ഷ' എന്ന കവി–സഹൃദയപരിശീലനത്തിനുള്ള പ്രത്യേകമായൊരു വിമർശനശാഖ തന്നെ ഇവിടെ ഉണ്ടായതിനെ (ഉദാ:– വാമനന്റെ *കാവ്യാലങ്കാരസൂത്രവൃത്തി*യിലെ അവസാനഭാഗം, രാജശേഖരന്റെ *കാവ്യമീമാംസ*, പതിനൊന്നാം നൂറ്റാണ്ടുകാരനായ ക്ഷേമേന്ദ്രന്റെ *കവികണ്ഠാഭരണം*) ഈ പശ്ചാത്തലത്തിൽ കാണണം. ഫലത്തിൽ, ഇത് സാഹിത്യത്തിന് ഉണ്ടെന്ന് അവകാശപ്പെടുന്ന 'ദിവ്യത'യെ തകർക്കുന്നതാണ്. ദണ്ഡി, വാമനൻ, രുദ്രടൻ (പത്താം നൂറ്റാണ്ട്), ജഗന്നാഥൻ മുതലായവർ ഈ വഴിക്കുള്ള ചർച്ചകൾക്ക് പ്രാധാന്യം നൽകിയവരാണ്.

ധ്വനിഭേദങ്ങൾ വിവരിക്കുമ്പോൾ വസ്തുധ്വനി, അലങ്കാരധ്വനി എന്നൊക്കെ പറയുമെങ്കിലും ആത്യന്തികമായി വിലയിരുത്തുമ്പോൾ വസ്തുവായാലും അലങ്കാരമായാലും ഏതെങ്കിലുമൊരു രസത്തിലാണ് ചെന്നെത്തുക എന്നു വ്യക്തമാണ്. രസമാകട്ടെ വ്യംഗ്യമായേ വരൂ താനും. അതുകൊണ്ടാണ് രസധ്വനിയേ ഉള്ളൂ എന്നു പറയുന്നത്. രസം ധ്വനിരൂപത്തിൽ മാത്രമേ ആവിഷ്കരിക്കപ്പെടാൻ കഴിയൂ എന്നതിനാൽ രസസിദ്ധാന്തവും ധ്വനിസിദ്ധാന്തവും ഒന്നുതന്നെയാണ് എന്നും വിലയിരുത്തപ്പെടുന്നു.

ആനന്ദവർധനന്റെ കാലത്തോടെ ഏതാണ്ട് ഈ നില വന്നുകഴിഞ്ഞുവെന്നു പറയാം. ധ്വനിസിദ്ധാന്തം പിന്നെയും രൂക്ഷമായി എതിർക്കപ്പെട്ടുവെ ന്നത് നേരാണ്. പക്ഷേ, ആ എതിർപ്പുകളൊന്നും പൊതുവിൽ അംഗീകാരം നേടിയില്ലെന്നതാണ് വസ്തുത. *നാട്യശാസ്ത്ര*ത്തിന് *അഭിനവഭാരതി*, *ധ്വന്യാലോക*ത്തിന് *ലോചനം* എന്നിങ്ങനെ അഭിനവഗുപ്തന്റെ രണ്ടു പ്രഗല്ഭവ്യാഖ്യാനങ്ങൾ കൂടിയായപ്പോൾ രസധ്വനിദർശനം അനിഷേധ്യമായ അംഗീകാരം നേടിയ പ്രതീതിയാണ് സംസ്കൃതസാഹിത്യവിമർശനലോകത്തിൽ ഉളവാക്കിയത്.

ഈ കാലത്ത് പുറപ്പെട്ട കൃതിയാണ് കുന്തകന്റെ *വക്രോക്തിജീവിതം.* വക്രോക്തി എന്നത് ധ്വനി പോലെ, ഒരുപക്ഷേ ധ്വനിയെ എതിർക്കുന്ന, മറ്റൊ

രു സിദ്ധാന്തം എന്ന തോന്നലാണ് സംസ്കൃതസാഹിത്യവിമർശനലോകത്ത് സാമാന്യമായി നിലനിൽക്കുന്നത്. എന്നാൽ, ആ കൃതി ആമൂലാഗ്രം മനസ്സിരുത്തി പഠിക്കുമ്പോൾ തെളിഞ്ഞുവരുന്ന ചിത്രം സാഹിത്യരംഗത്ത് പല വിഷയങ്ങളിലും സ്വതന്ത്രമായ നിലപാടുകളുള്ള വിമർശകനാണ് കുന്തകനെങ്കിലും രസധ്വനിവിഷയത്തിൽ ധ്വനികാരനോട് പൊതുവിൽ യോജിക്കുകയാണദ്ദേഹം എന്നതാണ്. വർണവിന്യാസവക്രത, പദപൂർവാർധവക്രത, പദപരാർധവക്രത (പ്രത്യയാശ്രയവക്രത), വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ ആറുതരം വക്രതകളുടെ സപ്രപഞ്ചമായ വിവരണമാകട്ടെ, ധ്വനികാരന്റെ ധ്വനിപ്രഭേദവിവരണത്തോടൊത്തുപോകുന്നതും പലപ്പോഴും കൂടുതൽ അടുക്കും ചിട്ടയും ദീക്ഷിക്കുന്നതുമാകുന്നു. അതുകൊണ്ട്, സംസ്കൃതസാഹിത്യവിമർശനത്തെ സംബന്ധിച്ചേടത്തോളം വർണം മുതൽ പ്രബന്ധം (മുഴുകൃതി) വരെയുള്ള കാവ്യഘടകങ്ങളുടെ സൗന്ദര്യനിരൂപണത്തിൽ *ധ്വന്യാലോക*ത്തിലെ മാനദണ്ഡങ്ങളുടെയത്രയോ ചിലപ്പോൾ അല്പം കൂടുതലോ ആയ പ്രാമാണികതയോടെ *വക്രോക്തിജീവിത*ത്തിലെ മാനദണ്ഡങ്ങളെ ഉപയോഗിക്കാം.

ഇപ്രകാരം, ധ്വനി–വക്രോക്തിദർശനങ്ങളുടെ ഏകോപിതമായ സഹായത്തോടെ മുഖ്യമായും കലാസൃഷ്ടികളുടെ രചനാസൗന്ദര്യനിരൂപണം നടത്താൻ നമുക്കു കഴിയും. അതതു കലാസൃഷ്ടികൾ സാംസ്കാരികമായി എന്തു മൂല്യമാണ് നമ്മിൽ ഉല്പാദിപ്പിക്കുന്നത് എന്നു വിലയിരുത്താൻ രസസിദ്ധാന്തം പ്രയോജനപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. ആ വിഷയത്തിൽ നമുക്ക് കൂടുതൽ സഹായകമായ ഒരു മാനദണ്ഡം ആധുനികകാലത്തെ സാഹിത്യവിമർശകരിൽ പ്രമുഖനായ കുട്ടിക്കൃഷ്ണമാരാർ (1900–1973) രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. ശബ്ദതലം, അർഥതലം, ഭാവതലം, സംസ്കാരതലം എന്ന നാലു തലങ്ങളിലായാണ് സാഹിത്യാസ്വാദനം എന്ന് അദ്ദേഹം നിരീക്ഷിച്ചപ്പോൾ ആനന്ദവർധനനും കുന്തകനും മറ്റും ആവിഷ്കരിച്ച അതേ ആശയം ഒന്നുകൂടി സൂക്ഷ്മമായും സംക്ഷിപ്തമായും പ്രതിപാദിക്കുകയാണ് ചെയ്തത്. അദ്ദേഹം വിവരിക്കുന്നു: "അങ്ങനെ നാലു പടവുണ്ട് കാവ്യാസ്വാദനമാർഗത്തിൽ. ഒന്ന്: ശബ്ദതലം – വെറും പദങ്ങളുടെ സൗകുമാര്യാദിഗുണം മുതൽ പദസന്നിവേശത്തിന്റെ ശില്പഭംഗിവരെ; ഇതിൽ അർഥഭാവാദ്യപേക്ഷ കൂടി ഉണ്ടെന്നത് പരമാർഥം; അവയെല്ലാമിരുന്നാലും ഊന്നൽ ശബ്ദത്തിലായിരിക്കുമെന്നേ വിവക്ഷയുള്ളൂ. രണ്ട്: അർഥതലം – അർഥചമൽക്കാരം, അർഥകല്പനാവൈചിത്ര്യം എന്നെല്ലാം പറയുന്നത്. വേണ്ടതിലേറെ ശബ്ദതലത്തിൽ ശ്രദ്ധിക്കാത്തത്. മൂന്ന്: ഭാവതലം – പാത്രഭാവസന്ദർഭാദ്യൗചിത്യം കൊണ്ട് ആസ്വാദകന് ഭാവാനുഭൂതി നൽകുന്നത്. ഇതിന് സംസ്കൃതാലങ്കാരികന്മാർ അസംലക്ഷ്യക്രമധ്വനി എന്നു പേരിട്ടതിൽനിന്നു



തന്നെ, വേർതിരിച്ചുപറയത്തക്ക ഒരു ക്രമം അതിനുണ്ടെന്നു തെളിയുന്നു, നമുക്കതു വേർതിരിച്ചുകാണാൻ പറ്റില്ലെന്നു മാത്രം. നാല്: രേചനതലം – അരിസ്റ്റോട്ടൽ പറഞ്ഞ കഥാർസിസ് . . . പക്ഷേ, ഇത് ദുരന്തകൃതികളിലോ നാടകങ്ങളിലോ മാത്രമുള്ളതല്ലെന്നും ഏതു മഹാകാവ്യത്തിന്റെ ഏതു ഭാഗത്തുനിന്നും പലർക്കും പലപ്പോഴുമുണ്ടാകാവുന്ന അനുഭൂതിക്കു കാരണമാണെന്നും വിശേഷാൽ പറയട്ടെ."" ("കാവ്യാസ്വാദനം" *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 1990, പേജ് 336)

## മാർക്സിയൻ സാഹിത്യദർശനം

സമഗ്രമായൊരു ജീവിതദർശനമായ മാർക്സിസം സൗന്ദര്യശാസ്ത്രത്തിനും അതിന്റെ ഭാഗമായി സാഹിത്യദർശനത്തിനും സ്വന്തമായ സംഭാവന നൽകിയിട്ടുണ്ട്. പ്രസ്തുതസാഹിത്യദർശനത്തിന്റെ ചില സിദ്ധാന്തങ്ങൾ മാത്രം ഇവിടെ ഓർക്കാം. ഒന്നാമത്തേത്, അടിത്തറയും മേല്പുരയും (ആമലെ മിറ ടൗുലൃൌരൗേൃല) സംബന്ധിച്ചുള്ളതാണ്. സമൂഹത്തിന്റെ അടിത്തറ സാമ്പത്തികഘടനയാണ്. അതിനെ ആസ്പദമാക്കി ഉയർന്നുവരുന്നതാണ് നിയമം, മതം, സാഹിത്യം, കല മുതലായ സാംസ്കാരികോല്പന്നങ്ങളുടെ ആശയലോകമുൾക്കൊള്ളുന്ന മേല്പുര. ഇവ തമ്മിലുള്ള ബന്ധം വൈരുധ്യാത്മകമാണ്. അതായത്, അടിസ്ഥാനപരമായി ആശയപ്രപഞ്ചത്തിന്റെ ആത്യന്തികമായ ഉറവിടം സാമ്പത്തികബന്ധങ്ങൾ അടങ്ങുന്ന അടിത്തറ യാണ്. എന്നാൽ, സാമ്പത്തികബന്ധങ്ങളുടെ അടിത്തറയിൽനിന്ന് ആശയ ലോകത്തിന്റെ മേല്പുര ഉയർന്നു കഴിഞ്ഞാൽ ആ മേല്പുരയ്ക്ക് സ്വന്തമായ അസ്തിത്വവും ഒരു വലിയ അളവോളം സ്വയംനിർണയാവകാശവും ഉണ്ടായിരിക്കും. ആശയലോകം സക്രിയവും സജീവവുമാകുന്നു. അതിന് സ്വന്തമായ ചലനനിയമങ്ങളും വികാസഗതികളും ഉണ്ട്. മാർക്സിയൻ നിരൂപണം ഓരോ കലാസൃഷ്ടിയെയും വിലയിരുത്തുന്നത് അത് രചിക്കപ്പെട്ട കാലത്തെ പ്രത്യേകസാമൂഹ്യസാഹചര്യങ്ങളുടെ വെളിച്ചത്തിലാണ്. ഇക്കാര്യത്തിൽ വർഗസമരത്തിന്റെ വളർച്ചയും അതിന്റെ വിവിധരൂപങ്ങളും പ്രധാനഘടകങ്ങളത്രേ. അങ്ങനെ ഒരു കൃതിയെ രൂപ–ഭാവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന സാഹിത്യനിരൂപണം രാജ്യത്തിന്റെയും കാലഘട്ടത്തിന്റെയും സാമൂഹ്യപുരോഗതിയുടെ ചരിത്രപരമായ വിലയിരുത്തലുമായി അഭേദ്യബന്ധം പ്രാപിക്കുന്നു. എന്നാൽ ഒരു കലാസൃഷ്ടി സാമ്പത്തികവും രാഷ്ട്രീയവുമായ രൂപത്തിലുള്ള വർഗസമരത്തിന്റെ നേർക്കുനേർപ്പകർപ്പാണെന്നു കരുതരുത്. മറ്റു മേഖലകളുടേതിൽനിന്നും വ്യത്യസ്തമായ മാനങ്ങളിലാണ് വർഗസമരം കലാസൃഷ്ടികളിലൂടെ വെളിപ്പെടുന്നത്. അതിന് അതിന്റേതായ നിയമങ്ങളുണ്ട്. മറ്റു മേഖലകളുമായി അതിന് ബന്ധമു

ണ്ടെങ്കിലും കലാസൃഷ്ടിയുടെയും മൂല്യനിർണയത്തിന്റെയും നിയമങ്ങൾ അവയിൽ നിന്നും സ്വതന്ത്രമാണ്. മാത്രമല്ല, മുൻപ് പറഞ്ഞതുപോലെ മേല്പുര അടിത്തറയുടെ ചലനങ്ങളെ സ്വാധീനിച്ച് അതിന്റെ വേഗം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തുവെന്നും വരാം. " ഒരാശയം ബഹുജനങ്ങളെ സ്വാധീനിച്ചാൽ അത് ഒരു ഭൗതികശക്തിയായിത്തീരും എന്ന മാർക്സിന്റെ വചനം നോക്കുക. ആശയപ്രചാരണത്തിന്റെ വിപ്ലവപ്രാധാന്യമാണ് നാമിവിടെ കാണുന്നത്. പിൽക്കാലത്ത് അന്റോണിയോ ഗ്രാംഷി സമൂഹത്തെ പൗരസമൂഹമെന്നും രാഷ്ട്രീയസമൂഹമെന്നും വേർതിരിച്ചുകാണുകയും പൗരസമൂഹത്തെ രാഷ്ട്രീയസമൂഹമാക്കി പരിവർത്തിപ്പിക്കുന്നതിൽ ആശയ പ്രചാരണപ്രധാനമായ സാംസ്കാരികപ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തത് ഇവിടെ ഓർക്കാം.

രണ്ടാമത്തേത് സാമൂഹ്യചരിത്രവികാസത്തെക്കുറിച്ചുള്ളതാണ്. മനുഷ്യസമൂഹം ആദിയിൽ വർഗവിഭക്തമായിരുന്നില്ലെന്നും വർഗസമൂഹം ആവിർഭവിച്ചതു മുതൽ ഇന്നോളം വർഗസമരത്തിന്റെ ചരിത്രമാണ് നില നിന്നുപോരുന്നതെന്നും മാർക്സിസം സിദ്ധാന്തിക്കുന്നു. പ്രാകൃതപ്രാഗ്‌വർഗ സമൂഹത്തെത്തുടർന്ന് വർഗസമൂഹം അടിമത്തം, ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം എന്നീ സാമൂഹ്യവ്യവസ്ഥകളിലൂടെ വർഗരഹിതമായ കമ്യൂണിസത്തിലെത്തുന്നു. ആദിയിലെ വർഗരഹിതസമൂഹം (പ്രാകൃത അഥവാ ആദിമകമ്യൂണിസം) ദാരിദ്ര്യം പങ്കുവെക്കലായിരുന്നുവെങ്കിൽ സോഷ്യലിസാനന്തരം വരാൻ പോകുന്ന കമ്യൂണിസം സമൃദ്ധി പങ്കിടുന്ന തായിരിക്കും. ആ രണ്ടു വർഗരഹിതസമൂഹങ്ങളും തമ്മിൽ അത്രയ്ക്ക് അന്തരമുണ്ടെന്നർഥം. അടിമത്തവ്യവസ്ഥയിൽ അടിമയുടമകളായ ചെറു ന്യൂനപക്ഷം വരുന്ന യജമാനർ ഭരണവർഗവും ബഹുഭൂരിപക്ഷം വരുന്ന അടിമകൾ ഭരിക്കപ്പെടുന്ന വർഗവും ആയിരുന്നു. പിന്നീടുള്ള സാമൂഹ്യവ്യവ സ്ഥിതികളിൽ യഥാക്രമം ഫ്യൂഡൽപ്രഭുക്കളുടേതും മുതലാളിമാരുടേതുമായ ന്യൂനപക്ഷവും തൊഴിലാളികളുടേതായ ഭൂരിപക്ഷവും ഭരണവർഗമായി വരുന്നു. കമ്യൂണിസത്തിലാകട്ടെ, ഭരണ–ഭരണീയവർഗവ്യത്യാസമില്ല; ഭരണ കൂടമേ കൊഴിഞ്ഞുപോകുന്നു എന്നാണ് സിദ്ധാന്തം. ഇന്ത്യയെ സംബന്ധി ച്ചേടത്തോളം ഈ വർഗസമൂഹവ്യവസ്ഥാസിദ്ധാന്തം സാമാന്യമായി ശരിയാണെങ്കിലും അടിമത്ത–ഫ്യൂഡൽവ്യവസ്ഥകൾ പാശ്ചാത്യനാടുകളിലെ പ്പോലെയായിരുന്നില്ലെന്നൊരു വിശേഷമുണ്ട്. ആദിമവേദകാലഘട്ടത്തിലെ കൃതികളിൽ പ്രതിഫലിതമായ പ്രാകൃതപ്രാഗ്‌വർഗസമൂഹത്തെത്തുടർന്ന് ഇന്ത്യയിൽ പൊതുവേ ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തം എന്നു വിളിക്കാവുന്ന ഒരു വ്യവസ്ഥയാണ് അടിമത്ത–ഫ്യൂഡൽവ്യവസ്ഥയ്ക്ക് സമാനമായി നൂറ്റാണ്ടുകളോളം നിലനിന്നത്. ആ വ്യവസ്ഥയുടെ സാമൂഹ്യ



രൂപമാണ് ജാതി; സാമ്പത്തികരൂപം ജന്മിസമ്പ്രദായം; നാടുവാഴിത്തം അഥവാ രാജാധിപത്യം രാഷ്ട്രീയരൂപവും ക്ഷേത്രമേധാവിത്തം സാംസ്കാ രികരൂപവും. ഇന്ത്യയിൽത്തന്നെ ദേശകാലഭേദമനുസരിച്ച് ഇവയോരോന്നി ന്റെയും വിശദാംശങ്ങളിൽ വൈവിധ്യവും വൈചിത്ര്യവുമുണ്ടാവും. ഇന്നത്തെ ഇന്ത്യൻമുതലാളിത്തവ്യവസ്ഥ ഈ ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തസംസ്കാരത്തിന്റെ പല അവശിഷ്ടങ്ങളും ഉൾക്കൊ ള്ളുന്നതാണെന്ന് പറയേണ്ടതില്ലല്ലോ. ഇന്ത്യയിലെയും അതിന്റെ ഭാഗമായി കേരളത്തിലെയും സാഹിത്യാദികലാസൃഷ്ടി കളെ നിരൂപണം ചെയ്യുമ്പോൾ മാർക്സിയൻകലാദർശനം മനസ്സിൽ കാണുന്നത് ഇത്തരമൊരു സാമൂഹ്യ വികാസത്തെയായിരിക്കും.

മൂന്നാമത്തേത്, കലാസൃഷ്ടി നടത്തുന്ന വ്യക്തിയുടെ സാമൂഹ്യപ്രതി ബദ്ധതയുമായി ബന്ധപ്പെട്ടതാണ്. മാർക്സിയൻ കലാദർശനമനുസരിച്ച് മറ്റെല്ലാവർക്കുമെന്നപോലെ കലാകാരർക്കും സാമൂഹ്യ പ്രതിബദ്ധതയുണ്ടാ യിരിക്കണം. ബോധപൂർവം സാമൂഹ്യപുരോഗതി ലക്ഷ്യമാക്കി സൃഷ്ടി നടത്തുന്നവരായിരിക്കണം കലാകാരർ. എന്നാൽ എല്ലാവരും അങ്ങനെയായി ക്കൊള്ളണമെന്നില്ല. കലാസാഹിത്യരംഗത്ത് ലബ്ധപ്രതിഷ്ഠ നേടിയ പ്രാചീനരും മധ്യകാലികരുമായ മഹാപ്രതിഭകളിൽ പലരും ആത്മ നിഷ്ഠമായി യാഥാസ്ഥിതികനിലപാടുകൾ കൈക്കൊണ്ടവരായിരുന്നു. ആധു നികകാലത്തും സ്ഥിതിയിൽ വലിയ മാറ്റമൊന്നുമില്ല. ഫ്യൂഡലിസ്റ്റു സാമൂഹ്യവ്യവസ്ഥ നിലനിൽക്കണമെന്ന് ആഗ്രഹിച്ചിരുന്ന വ്യക്തിയായിരുന്നു ബാൽസാക്ക്. പക്ഷേ, അദ്ദേഹത്തിന്റെ കൃതികൾ ഫ്യൂഡലിസത്തിന്റെ തകർച്ചയെയാണ് പ്രതിഫലിപ്പിച്ചിരുന്നതെന്നു മാർക്സ് ചൂണ്ടിക്കാട്ടി. ടോൾസ്റ്റോയ് ആത്മനിഷ്ഠമായി വിപ്ലവവിരുദ്ധമായ സമീപനങ്ങളാണ് കൈക്കൊണ്ടിരുന്നതെങ്കിലും അദ്ദേഹത്തിന്റെ കൃതികൾ വിപ്ലവത്തിന്റെ കണ്ണാടിയാണെന്നാണ് ലെനിൻ വിലയിരുത്തിയത്. ആത്മനിഷ്ഠമായി സാമൂഹ്യപുരോഗതിയോട് യാഥാസ്ഥിതികമോ ഉദാസീനമോ ആയ നില പാടുകൾ കൈക്കൊണ്ടാലും പ്രതിഭാശാലികളായ കലാകാരരുടെ സൃഷ്ടി കൾ സാമൂഹ്യപുരോഗതിയെ പ്രതിഫലിപ്പിക്കാമെന്ന മാർക്സിയൻ കലാ സിദ്ധാന്തമാണ് ഇതിൽനിന്നു വെളിപ്പെടുന്നത്. ഇതിനർഥം കലാസ്രഷ്ടാ ക്കൾക്ക് സാമൂഹ്യപ്രതിബദ്ധത വേണ്ട എന്നല്ല. വേണം. സാമൂഹ്യ പ്രതി ബദ്ധതയുള്ള പ്രതിഭാശാലികളുടെ കൃതികൾ തീർച്ചയായും ഉത്തമകോടി യിൽ പെടുകയും ചെയ്യും. മാക്സിം ഗോർക്കിതന്നെ മുന്തിയ ഉദാഹരണം. പക്ഷേ, ബോധപൂർവം സാമൂഹ്യപ്രതിബദ്ധത പ്രഖ്യാപിക്കാത്ത പ്രതിഭാധന രുടെ സൃഷ്ടികൾ വിലയിരുത്തുമ്പോൾ ഈ വിലപ്പെട്ട മാർക്സിയൻ സൗന്ദര്യശാസ്ത്രസിദ്ധാന്തം ഓർക്കണമെന്നുമാത്രം.

കുട്ടിക്കൃഷ്ണമാരാരുടെ ചുവടുപിടിച്ച് പ്രാചീനമധ്യകാലസംസ്കൃത

സാഹിത്യവിമർശനത്തിലെ രസധ്വനി–വക്രോക്തിസിദ്ധാന്തങ്ങളിൽ മാത്രമല്ല, മാരാരുടെതന്നെ ചതുസ്തലകാവ്യാസ്വാദനസിദ്ധാന്തത്തിലും കാലോചിതമായ നീക്കുപോക്കുകൾ വരുത്തിയാൽ മാത്രമേ നമുക്ക്, തികച്ചും കാലഹരണപ്പെട്ടതെന്നു പലർക്കും തോന്നാവുന്ന, രസധ്വനി–വക്രോക്തിസിദ്ധാന്തങ്ങളെ ആധുനികകൃതികൾ പഠിക്കുന്നതിൽ ഉപയോഗപ്പെടുത്താൻ സാധിക്കൂ. ഇത്രയും പോരാ. ആധുനികകാലത്തുമാത്രം ആവിഷ്കൃതമായ, ഇന്ന് ലോകാടിസ്ഥാനത്തിൽ പല തരങ്ങളിലും തലങ്ങളിലും നൂതനമായ ഉൾക്കാഴ്ച്ചകൾ സ്വീകരിച്ചുകൊണ്ട് വളർന്നുവരുന്ന മാർക്സിയൻ വിമർശനസിദ്ധാന്തത്തെക്കൂടി ഉപയോഗപ്പെടുത്തിയാൽ, നമുക്ക് ഒരു പടികൂടി മുന്നോട്ടുപോകാൻ കഴിയും. പ്രാചീനമായാലും നവീനമായാലും ഓരോ കൃതിയും അതതു കാലത്തെയും വരുംതലമുറകളുടെയും സൗന്ദര്യബോധത്തെ ആവോളം തൃപ്തിപ്പെടുത്തുന്നതോടൊപ്പം അതതു കാലത്തെ സാമൂഹ്യയാഥാർഥ്യങ്ങൾ അതതു കൃതികളിൽ എത്രത്തോളം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്, ക്രാന്തദർശികളായ കവികൾക്ക് അതതു ദേശകാലപരിസ്ഥിതികളെ എത്രത്തോളം മറികടക്കാൻ കഴിഞ്ഞിട്ടുണ്ട്, സാമൂഹ്യപരിവർത്തനപ്രക്രിയയിൽ അതതു കൃതികൾക്ക് എന്തെന്തു പങ്കു വഹിക്കാൻ സാധിച്ചിട്ടുണ്ട് മുതലായ കാര്യങ്ങൾ കൂടി മനസ്സിലാക്കാൻ, അങ്ങനെ സാമൂഹ്യപുരോഗമനപ്രക്രിയയയിൽ വിമർശനത്തിന്റെ ധർമം കൂടുതൽ സാർഥകമായി നിർവഹിക്കാൻ, കഴിയും. ഇപ്രകാരം നോക്കുമ്പോൾ, ജാതി–ജന്മി–നാടുവാഴി–ക്ഷേത്രമേധാവിത്തവ്യവസ്ഥയുടെ ഉല്പന്നവും അതിന്റെ അടിസ്ഥാനമായ രാജാധിപത്യത്തെയും അതുവഴി ആ വ്യവസ്ഥയെയും സംരക്ഷിക്കുന്നതിന് പ്രതിജ്ഞാബദ്ധവുമാണ് സംസ്കൃതസാഹിത്യവിമർശനവും അതിന്റെ അത്യുത്തമരൂപമായ രസധ്വനി–വക്രോക്തിസിദ്ധാന്തവുമെങ്കിലും അത് സ്വയംപ്രഖ്യാപിതമായ ആ ലക്ഷ്യത്തെയും ആ വിമർശകരുടെ സ്ഥലകാലവർഗപരിമിതികളെയും മറികടന്നുകൊണ്ട് ഇന്നും പ്രസക്തമായ ചില സാഹിത്യകലാമർമങ്ങൾ ഉൾക്കൊള്ളുന്നുണ്ടെന്നു വ്യക്തമാകും. ഒപ്പം, ആധുനികമാർക്സിയൻസാഹിത്യവിമർശനസിദ്ധാന്തവുമായി ശരിയായ രീതിയിൽ രഞ്ജിപ്പിച്ചാൽ, ഏതു കലാസൃഷ്ടിയെയും വിലയിരുത്താൻ പര്യാപ്തമായ നവീനഭാരതീയവിമർശനസിദ്ധാന്തമായി അതിനെ വളർത്തിക്കൊണ്ടുവരാൻ നമുക്ക് സാധിക്കുകയും ചെയ്യും.

ഈ വിമർശനരീതിയനുസരിച്ച് അടുത്ത ആറധ്യായങ്ങളിലായി പ്രഭാവർമ്മയുടെ *ശ്യാമമാധവം* എന്ന ഖണ്ഡകാവ്യത്തിന്റെ ആറു വക്രതകളുടെ അടിസ്ഥാനത്തിലുള്ള പഠനം നിർവഹിക്കുന്നു.

★



## 2. വർണവിന്യാസവക്രത

വർണങ്ങളുടെ പ്രത്യേകരീതിയിലുള്ള വിന്യാസം കൊണ്ടുളവാകുന്ന ശബ്ദശോഭാതിശയമാണ് വർണവിന്യാസവക്രത. ഇത് അനുപ്രാസം, യമകം തൊട്ടുള്ള ശബ്ദാലങ്കാരങ്ങൾ തന്നെ.

കാലമല്ലീ കലർത്തുന്നു വാക്കിലർഥമനർഥവും? (രാധാമാധവം)
എന്നും
കഴലിടറിടുന്നോ? മിഴിയുഴറിടുന്നോ? (ദ്വാരകാവർത്തം)
എന്നും
അമ്പേൽക്കിലപ്പോൾ മരിക്കാം; അതല്ലാതെ
അൻപറ്റു ജീവിതം നീളാമിതേവിധം. (ധർമ്മസംഗരം)

എന്നും പ്രാസമധുരങ്ങളായ ഭാഗങ്ങൾ പ്രഭാവർമ്മയുടെ കവിതയിൽ പുതുമയല്ലാത്തതിനാൽ അദ്ദേഹത്തിന്റ ഏറ്റവും പുതിയ *ശ്യാമമാധവ*ത്തിലും അവ ധാരാളം കാണുന്നതിൽ അത്ഭുതമില്ല.

കടന്നുചെന്നിതേ കാണാൻ കഴിയാതുള്ള കാറ്റു പോൽ
(ജ്ഞാനകൃഷ്ണൻ)
എന്നും
നിഷ്കളൻ നിത്യനജ്ഞേയൻ നിർമലാനന്ദമാനസൻ
(ജ്ഞാനകൃഷ്ണൻ)
എന്നുമുള്ള വരികളിലെ ആദിപ്രാസവും
ഊഷ്മളം പുത്രവാത്സല്യം അറിഞ്ഞീടാതലഞ്ഞു നീ
അതിനെത്തേടി ശൈത്യത്തിൻ മുനതോറും തറഞ്ഞു നീ.
(കർണാതപം)
എന്നിടത്തെ അന്ത്യപ്രാസവും ഹൃദയഹാരികളാകുന്നു.

ലാടാനുപ്രാസത്തോടടുത്തുനിൽക്കുന്ന ഒരുതരം ശബ്ദാലങ്കാരം താഴെ കൊടുക്കുന്ന വരികളിൽ കാണാം:

പോയ കാര്യങ്ങളെച്ചൊല്ലി വേദനിക്കുന്നതെന്തിനായ്?
പോയ കാര്യങ്ങളെക്കുറ്റപ്പെടുത്തുന്നതുമെന്തിനായ്? (കർണാതപം)
ലാടാനുപ്രാസത്തിനുതന്നെ ഉദാഹരണമാക്കാവുന്ന വരികളിതാ:
മനസ്സു കീഴടക്കീടാമെങ്കിലെല്ലാമധീനമാം;
മനസ്സു കീഴടക്കാത്തോനെങ്ങു ലോകമധീനമാം? (അനുഗീത)

താഴെ കൊടുക്കുന്ന പദ്യത്തിൽ വെറുപ്പ്, ചോര എന്നീ ശബ്ദങ്ങൾ അർഥഭേദമില്ലാതെയാണെങ്കിലും ആവർത്തിക്കുന്നത് കാവ്യഭംഗി വർധിപ്പിക്കുന്നു:

വെറുപ്പാകെ വെറുപ്പാലേ മായ്ക്കുവാനാവതെങ്ങനെ?

ചോരയാൽ ചോരതൻ പാട് തുടയ്ക്കാനാർക്കു സാധ്യമാം? (അനുഗീത)

അന്ത്യശബ്ദം അർഥഭേദമില്ലാതെ ആവർത്തിക്കുകയാണെങ്കിലും താഴെ ചേർക്കുന്ന പദ്യത്തിൽ ആ പ്രയോഗങ്ങൾക്ക് സൂക്ഷ്മമായ അർഥച്ഛായാഭേദങ്ങളുണ്ടെന്നു തോന്നും:

എങ്കിലും രാധ നീ കേൾക്കവേണമീയന്ത്യവാങ്മയം;<br>
അതിന്നു മാത്രമാവാമീ വിധിയാമന്ത്യസംഗമം! (രാധാമാധവം)

ഇതുപോലെത്തന്നെയാണ് ഈ പദ്യത്തിലെ ലക്ഷ്യശബ്ദമെങ്കിലും കണ്ണവൻ–കണ്ണനിൽ എന്ന പ്രയോഗദ്വയത്തിലെ 'കണ്ണ' എന്ന ഭാഗങ്ങൾ അങ്ങനെയല്ല; അവ യമകച്ഛായാസുന്ദരമത്രേ.

ലക്ഷ്യവേധികളാമമ്പിന്നില്ല ലക്ഷ്യവുമെന്നുതാൻ<br>
പഠിപ്പിക്കുന്ന മട്ടല്ലീ കണ്ണവൻ ചേർത്തു കണ്ണനിൽ.<br>
(ആരണ്യകൃഷ്ണൻ)

കണ്ണിൻപോളയടഞ്ഞിടുന്നു; പകലിൻകണ്ണിന്നു നേർമുന്നിലായ്<br>
(രാധികാദണ്ഡകം)

എന്ന വരികളിലെ 'കണ്ണിൻപോള'യിലെ 'കണ്ണി'നും 'പകലിൻകണ്ണി'ലെ 'കണ്ണി'നും □ ഒന്നല്ലല്ലോ അർഥം.

അഴിയും ശക്തിബന്ധങ്ങൾ; ഒഴിയും യുദ്ധമേഘവും. (കർണ്ണാതപം)

എന്ന ഈരടിയിലെ 'ഴിയും' എന്നതിന്റെ ആവർത്തനം യമകഭംഗിയാർന്നതുതന്നെ.

മുറിവിൽ കണ്ണുടക്കുമ്പോൾ മുറിവേൽക്കും മനസ്സുമായ്<br>
മുറിയും വാക്കുകൾ ചേർത്തു പറവൂ വ്യാധനിങ്ങനെ.<br>
(ദ്വാരകാവർത്തം)

കണ്ണുടക്കുന്ന മുറിവും മനസ്സിൽ മുറിവേൽക്കലും വാക്കുകൾ മുറിയലും മൂന്നും മൂന്നാണല്ലോ. ഈ അർഥഭേദങ്ങളാണവയുടെ യമകോൽഭൂതമായ ചമൽക്കാരവും. ഇതുപോലെ,

പുളയും നൊമ്പരം കണ്ടാൽ പുളകോദ്ഗമമെന്നുമാം.<br>
(ദ്വാരകാവർത്തം)

എന്ന ഈരടിയും ഉദാഹരിക്കാം. ഇവിടത്തെ അർഥഭേദങ്ങളോടുകൂടിയ പദൈകദേശമായ 'പുള'ശബ്ദപ്രയോഗം ചമൽക്കാരാസ്പദം. മറ്റൊരുദാ:–

കതിരായ് കാണ്മതെല്ലാമേ പതിരായ് പിന്നെ മാറിടാം. (രാധാമാധവം)

ഇതുവരെ കാണിച്ചവയെല്ലാം മിക്കവാറും അർഥനിരപേക്ഷമായ വർണവിന്യാസവൈചിത്ര്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്.

അന്ത്യസർഗത്തിലെ,

കാലം ചുരുങ്ങിയൊരു മാത്രയിലേക്കൊതുങ്ങും<br>
നേരത്തൊരൂർജകണമായതിൽ നീ കലർന്നൂ!<br>
സൂര്യൻ തണുത്തു കരിപോലെ കറുത്തുതാഴും<br>
നേരത്തതിൽ ജ്വലിതഗന്ധകമായ് വിളഞ്ഞൂ!<br>
ലോകം ചുരുങ്ങിയൊരു മൺതരിയിൽപ്പതുങ്ങും<br>
നേരത്തു ജീവകണമായതിൽ നീയലിഞ്ഞൂ!<br>
വ്യോമം ചുരുങ്ങിയൊരു നീരദഖണ്ഡമാകും<br>
നേരത്തൊരഗ്നികണമായതിൽ നീ തെളിഞ്ഞൂ!<br>
നീരാഴി വറ്റിയൊരു ബിന്ദുവിലേക്കൊതുങ്ങും<br>
നേരത്തു ജീവസുധയായതിൽ നീ നിറഞ്ഞൂ! (ശ്യാമമാധവം)

എന്ന വരികളിലെ അന്ത്യപ്രാസത്തിന് എന്തൊരു ചന്തം! കൃഷ്ണാത്മാവിന്റെ പഞ്ചഭൂതലയം വർണിക്കുന്ന ഈ വരികളിലെ വൃത്തവും പ്രാസങ്ങളും പ്രതിപാദനശൈലിയുമടക്കമുള്ള രൂപശില്പം ആവിഷ്കൃതമായ ശാന്തരസപരിപോഷണത്തിന് തികച്ചും ഉചിതമായി.

ഭാവാനുസൃതമായ വർണവിന്യാസവും *ശ്യാമമാധവ*ത്തിലുണ്ട്. താഴെ കൊടുക്കുന്ന ശ്ലോകം നോക്കുക:

എന്നും തേടി കിനാവി,ലന്നവളിളംപീലിത്തിളക്കം; തിരി–<br>
ച്ചെന്തേ നൽകി, സുവർണശോഭ വഴിയും ശ്രീവത്സസംസ്പർശമോ?<br>
എന്നും തേടി മനസ്സുകൊണ്ടവളിളംപാട്ടിന്റെയോടക്കുഴൽ!<br>
എന്തേ നൽകി, ഗഭീരസാന്ദ്രനിനദത്തിൻ പാഞ്ചജന്യത്തെയോ?<br>
(ഛായാകൃഷ്ണൻ)

രുഗ്മിണിയുടെ ഉള്ളിലുള്ള സ്വപ്നവും കൃഷ്ണൻ ഒരു ശ്രദ്ധയും സ്നേഹവുമില്ലാതെ അത് തികച്ചും അനുചിതമാം വിധം യാഥാർഥ്യമാക്കിയതും വിവരിക്കുകയാണിവിടെ: രുഗ്മിണി തേടിയത് – ഇളംപീലിത്തിളക്കം; കൃഷ്ണൻ കൊടുത്തത് – സുവർണശോഭ വഴിയും ശ്രീവത്സസംസ്പർശം. രുഗ്മിണി തേടിയത് – ഇളംപാട്ടിന്റെയോടക്കുഴൽ; കൃഷ്ണൻ കൊടുത്തത് – ഗഭീരസാന്ദ്രനിനദത്തിൻ പാഞ്ചജന്യം. ഈ ജോടികൾ ശ്രദ്ധിക്കുക. ആദ്യത്തേവ പീലിയും ഓടക്കുഴലും. കൃഷ്ണന് അനായാസമായി നൽകാവുന്നവ. അത്രയേ അവൾക്ക് ആവശ്യമുള്ളൂ. കൃഷ്ണൻ കൊടുത്തത് ഗംഭീരസാധനങ്ങൾ – ശ്രീവത്സവും പാഞ്ചജന്യവും. ആദ്യത്തെ രണ്ടിനും ഉപയോഗിച്ച പദങ്ങൾ തെളിമലയാളത്തിലുള്ളവ; രണ്ടാമത്തേവയ്ക്കാകട്ടെ, 'കഠിനസംസ്കൃതവികടപടു'വും! വർണവിന്യാസവക്രതയുടെ മുന്തിയ തലമാണിത്.

## വൃത്തശില്പം

*ശ്യാമമാധവം* സംസ്കൃതവൃത്തപ്രധാനമായൊരു ഖണ്ഡകാവ്യമാണ്. ഭാഷാവൃത്തമായ കാകളിയിലും കുറേ വരികളുണ്ടെന്നേ ഉള്ളൂ. വൃത്തസ്വീകാരത്തിൽ സംസ്കൃത–മലയാളവൃത്തങ്ങളിൽ തരതമഭേദ മൊന്നും ഇക്കവി കാണിച്ചിട്ടില്ല. ഇടയ്ക്കിടെ അവ മാറി മാറി പ്രയോഗിച്ചിട്ടുണ്ട് – വി

ശേഷിച്ച് ആദ്യസർഗങ്ങളിൽ.

കാകളിയിൽ ചില വൃത്തനിയമവ്യതിയാനങ്ങൾ കവി വരുത്തിയിട്ടുണ്ട്.

ആഗ്രഹമേറെയുണ്ടജ്ഞേയമാമതി–
ന്നാലക്തികപ്രഭാവൃത്തത്തിലെത്തുവാ–
നിന്നെനി,ക്കെന്നാലറിയുന്നതുണ്ടു ഞാ–
നില്ലവകാശം മൃതിക്കുമേൽ വാഴ്‌വിനും! (ധർമസംഗരം)

ഭാഷാവൃത്തമായ കാകളിയിൽ ഈരടിയാണല്ലോ ഏകകം. ഈരടികൾ തമ്മിൽ സന്ധി പതിവില്ല. ഇവിടെ അതുണ്ട്. പക്ഷേ, ഇവിടെ സന്ധി ചേർത്തില്ലെങ്കിലും കുഴപ്പമില്ല. ഇതുപോലുള്ള മറ്റു ചില ഭാഗങ്ങളും കാണാം.

എന്നാൽ,

എത്ര കാലം ശരകൂടമധ്യത്തിലാ
മൃത്യുമുഹൂർത്തമണയുന്നതിന്നു കാ–
ത്തന്നു കിടന്നു പിതാമഹൻ, ശോണിത–
സ്നാതനായ്, യാതനതൻ പരകോടിയിൽ! (ധർമസംഗരം)

എന്നീ വരികളുടെ നില അതല്ല. രണ്ടാമത്തെയും മൂന്നാമത്തെയും വരികൾതമ്മിൽ സന്ധി ചെയ്യണം. ആശയത്തിന്റെ അനുസ്യൂതിക്ക് അതാവശ്യമാകയാൽ ഈ വ്യതിയാനം ദോഷമല്ലെന്നു മാത്രമല്ല, ഗുണമായി കാണുകയും വേണം. ഈ വിഭാഗത്തിലാണ്,

ഇങ്ങനെയോരോന്നു ചിന്തിച്ചു മാധവൻ
ചൊല്ലീ ജയദ്രഥനോട്: മറക്കാവ–
തല്ല നിന്നോടു ഞാൻ ചെയ്തതെന്നാകിലു–
മെന്തെന്റെ മുന്നിൽ വന്നിന്നു നിന്നീടുവാൻ? (ധർമസംഗരം)

എന്നും

വാക്കു പാലിക്കുവാനാവാതെയർജുനൻ
പാടേ തളർന്നു വിളർത്തനേരം സൂര്യ–
ബിംബത്തെയൊട്ടു മറച്ചേൻ സുദർശന–
ചക്രത്തിനാൽ, സന്ധ്യയെന്നു തോന്നിക്കുവാൻ!
അന്തിയായെന്നു നിനച്ചാശ്വസിച്ചു നീ–
യല്പം ശിരസ്സൊന്നുയർത്തി, സുദർശന–
ചക്രം പൊടുന്നനെ മാറ്റി ഞാൻ; വെട്ടവു–
മസ്ത്രവും നിന്നിൽ തറച്ചു; മരിച്ചു നീ! (ധർമസംഗരം)

എന്നും

നിഷ്പക്ഷനായിരിക്കേണ്ട തേരാളി ഞാ–
നെത്രയോ വട്ടം സുദർശനം വീശിയ–
ത്തേരു വിട്ടാവേശബാധിതനെന്ന പോൽ
ചാടിയിറങ്ങി;യതൊക്കെയും ധർമമോ? (ധർമസംഗരം)



എന്നും

ഇല്ലെനിക്കൊന്നിന്നുമുത്തര;മാകയാ–
ലെന്നോടുതന്നെ ഞാൻ ചോദിക്കയാ,ണിന്നി–
തൊക്കെയു;മുത്തരമുണ്ടായിരുന്നെങ്കി–
ലുണ്ടാകുമായിരുന്നില്ല ചോദ്യങ്ങളും! (ധർമസംഗരം)

എന്നും

യുദ്ധമൊഴിച്ചുനീക്കാൻ ശ്രമിക്കാതെയ–
ന്നുന്മൂലനാശനകാരണനായതി–
ലിന്നെനിക്കുള്ളിലുണ്ടുൽക്കടദുഃഖമി–
തമ്മ ഗന്ധാരി മനസ്സിലാക്കീടുമോ?
ആരുടെ മുന്നിലുമേതധർമത്തിനും
ന്യായവാദങ്ങൾ നടത്തിടാമാർക്കുമെ–
ന്നേറ്റമറിയുന്നതുണ്ടു ഞാൻ; വാക്കിനു–
ണ്ടായിരമാർഥങ്ങളായതിൽനിന്നു നാം
വേണ്ടതെടുക്കുമല്ലാത്തവ തള്ളിടും! (മാതൃവാക്യം)

എന്നും

ആകെപ്പറഞ്ഞതൊരേയൊരു കാര്യ,മ–
ശ്ശാപോക്തിപോലെ വരേണമെനിക്കെന്ന–
തല്ലാതെ മറ്റൊന്നുമേയില്ല മോഹമെ–
ന്നുള്ളോരു കാര്യ;മതോർത്തുകൊണ്ടാവു നീ! (മാതൃവാക്യം)

എന്നും

ഏതൊരനുഗ്രഹത്താലേയൊഴിക്കാവ–
തീയൊരു ശാപ;മിതേറ്റുവാങ്ങുന്നതെ–
ക്കാളുമനുഗ്രഹമെന്തുള്ളു; ഞാനതി–
ന്നായിസ്സമർപ്പിക്കയാണെന്നെ ഹവ്യമായ്! (മാതൃവാക്യം)

എന്നുമുള്ള വരികൾ ഉൾപ്പെടുന്നത്.

എഴുത്തച്ഛൻ കൃതികളിലെ, പ്രത്യേകിച്ച് *മഹാഭാരതം കിളിപ്പാട്ടി*ലെ ഗാന്ധാരീവിലാപത്തെയും മറ്റും അനുസ്മരിക്കുന്ന കാകളിശ്ശീലുകളാണ് *ശ്യാമമാധവ*ത്തിൽ മിക്കവാറും ഉടനീളം കാണാവുന്നത്.

*മഹാഭാരത*പ്രസിദ്ധമായ അനുഷ്ടുപ്പാണ് ഇക്കാവ്യത്തിൽ ഏറ്റവുമധികം പദ്യങ്ങൾക്ക് സ്വീകരിച്ച സംസ്കൃതവൃത്തം. നാനൂറോളം ശ്ലോകങ്ങളിൽ അനുഷ്ടുപ്പ് പ്രയോഗിച്ചിട്ടുണ്ട്. ആ വൃത്തത്തിൽ കവി ചില പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഉദാഹരണമായി,

എത്ര പെട്ടെന്നു കൗന്തേയ, നിന്നെത്തള്ളിപ്പറഞ്ഞു നിൻ–
ഗുരുവായ കൃപാചാര്യർ, വിദുരർ, ധൃതരാഷ്ട്രരും! (കർണാതപം)

എന്ന ശ്ലോകത്തിൽ, അധികം പതിവില്ലാത്ത രീതിയിൽ, പൂർവാർധ

ത്തിലെ അന്ത്യപാദവും ഉത്തരാർധത്തിലെ ആദ്യപാദവും സന്ധി ചെയ്തി ട്ടില്ലെങ്കിലും സന്ധി ചെയ്താലെന്നപോലെ പരസ്പരബന്ധിതമാണ്. സന്ധി ചെയ്തിട്ടില്ലെങ്കിലും ദോഷമില്ലാത്ത ശ്ലോകമാണിത്:

വിയർത്തും വിറയാർന്നും തേർത്തട്ടിൽ ക്ഷീണിച്ച പാർഥനെ–
ക്കണ്ട കണ്ണുകൾ കണ്ടീല തളർന്നേ നിന്ന രാധയെ! (രാധാമാധവം)

ഇതിനേക്കാൾ കൂടതൽ ബന്ധപ്പെടുന്നതാണ്,

വാക്കിനാൽ മാത്രമല്ലൊറ്റിക്കൊടുക്കാവതു വാളിലും–
മൂർച്ചയേറുന്നതാം മൗനത്താലുമാണതു നിർണയം! (കർണാതപം)

എന്നിടത്തെ സന്ധിയോഗ്യസന്ദർഭം. ഇവിടെപ്പോലും സന്ധി അത്യാവശ്യമല്ലെന്നു കാണാം. എന്നാൽ,

ഏതു താരക വിട്ടിങ്ങു വന്നുവെന്നു നിനച്ചിടാ–
തേതു പുഷ്പവുമേറ്റുന്നൂ നെഞ്ചിലായേതു രശ്മിയും! (രാധാമാധവം)

എന്ന പദ്യത്തിൽ ഈ ബന്ധം സന്ധി ചെയ്താലേ പറ്റൂ എന്ന മട്ടിൽ അത്രയ്ക്ക് സുദൃഢമത്രേ. ഭാവത്തിന്റെ അനുസ്യൂതിക്ക് ആ സന്ധി അനിവാര്യം. അതായത് ഇവിടെ രൂപശില്പത്തെ നിർണയിച്ചത് ഭാവശില്പമാണെന്നർഥം. ഇങ്ങനെയായാലോ, ആ രൂപശില്പഭംഗം (വൃത്തനിയമവ്യതിയാനം), മുൻപ് ചൂണ്ടിക്കാണിച്ചപോലെ, ദോഷമായിട്ടല്ല, ഗുണമായിട്ടാണ് കാണേണ്ടത്.

ഇതുപോലുള്ള ഉദാഹരണങ്ങൾ ഇക്കാവ്യത്തിൽ ഇനിയുമുണ്ട്. ഉദാ:–

അതിനാലായിരം വട്ടം ധർമസേതു തകർത്തവർ–
ക്കെതിരായ് വാളെടുത്തോരു ദ്രൗണി ചെയ്തതധർമമോ?
(ആരണ്യകൃഷ്ണൻ)

അഗ്നിസാക്ഷിണിയായേറ്റുകൊണ്ട പത്നിയെയോമനി–
ച്ചൊരു വാക്കൊരുനാളും ചൊല്ലാതെ പാഴിലലഞ്ഞുപോയ്!
(ഛായാകൃഷ്ണൻ)

ഈ ശ്ലോകങ്ങളിലെ ഭാവങ്ങളുടെ ഒഴുക്കിന് അനുകൂലമായാണ് അവിടങ്ങളിലെ പൂർവാർധാന്ത്യവും ഉത്തരാർധാദ്യവും തമ്മിലുള്ള സന്ധികളെന്ന് കാണുക. നാനൂറോളം ശ്ലോകങ്ങൾ അനുഷ്യുപ്പിലാണെന്നു പറഞ്ഞുവല്ലോ. ശ്ലോകങ്ങളുടെ മാധുര്യവും ഒഴുക്കും ശയ്യാഗുണവും മറ്റും വെളിപ്പെടുത്തിന് മുൻപ് ഉദ്ധരിച്ചതും ഇനി ഉദ്ധരിക്കാൻ പോകുന്നതുമായ പദ്യങ്ങൾ മതിയാവുമെങ്കിലും ചിലതുകൂടി പകർത്തുന്നു:

സർവവും സന്ത്യജിച്ചെങ്ങോ സന്ന്യസിക്കാനകന്നുപോയ്
സർവമംഗലമാരാകും സ്വർണഗേഹനിവാസികൾ. (ദ്വാരകാവർത്തം)
മുറിപ്പെട്ട മുളന്തണ്ടും മുറിവേറ്റ ഹൃദന്തവും
മൂളുമീ ശോകരാഗങ്ങൾ നിത്യ;മെൻ ജീവനാണതിൽ! (രാധാമാധവം)

ഈ ശ്ലോകങ്ങൾക്ക് ആദിപ്രാസം, ദ്വിതീയാക്ഷരപ്രാസം മുതലായ



പരമ്പരാഗതമായ വർണവിന്യാസചാരുതകൾ മോടി കൂട്ടിയിട്ടുണ്ടാവാമെന്നു വാദിക്കാം. എന്നാൽ,

നിനക്കുവേണ്ടിയാ നെഞ്ചം തുളുമ്പിപ്പോന്ന നേരവും
വരൾത്തൊണ്ടയുമായ് വാഴ്‌വിൻ മരുക്കാറ്റത്തലഞ്ഞു നീ.
(കർണാതപം)

വിശ്വമെല്ലാം ജയിച്ചാലും തിരിച്ചെത്തേണ്ടതാമിടം
നമുക്കു മനമാ,ണില്ലാ മനമെന്നാൽ പ്രപഞ്ചവും! (അനുഗീത)
അതിനാലന്തിനേരത്തും കോവിലിൽ പോയിടാത്തവൾ;
കാരുണ്യപൂർവമല്ലാതെ കണ്ണനെക്കണ്ടിടാത്തവൾ!
(രാധികാദണ്ഡകം)

നൂറു ചോദ്യങ്ങളെൻനേർക്കിന്നായിരം ശരമാരിയായ്
നീളുന്നു നേരിടാനാവാതെന്മനം തളരുന്നിതാ! (രാധാമാധവം)
കൺകളോ കൈകളോ വാക്കോ വാളു വീശാത്ത ഭൂമിക!
കാറ്റിനും പൂനിലാവിന്നും കോട്ടയില്ലാത്ത ശുദ്ധത! (ജ്ഞാനകൃഷ്ണൻ)

എന്നീ ശ്ലോകങ്ങളുടെ ഹൃദയാവർജകതയ്ക്ക് മറ്റെന്തോ ആണു കാരണം എന്നു പറയേണ്ടതില്ലല്ലോ.

ധൃതരാഷ്ട്രനും കൃഷ്ണനും തമ്മിലുള്ള പിതൃപുത്രനിർവിശേഷമായ സമാഗമത്തെ വർണിക്കുന്ന,

അവനെപ്പുത്രനെന്നോണം കരുതി സ്വീകരിക്കയായ്
കുരുവംശാധിപൻ വൃദ്ധൻ നിർമമൻ നിസ്വമാനസൻ!
മകനല്ലാതെ താനാരെന്നുള്ള പോലല്ലി കൃഷ്ണനും
നിഷ്കളൻ നിത്യനജ്ഞേയൻ നിർമലാനന്ദമാനസൻ!
(ജ്ഞാനകൃഷ്ണൻ)

എന്നീ ശ്ലോകങ്ങളിലെ ശബ്ദസമതുലിതത്വം അത്യന്തം അനുമോദനീയം.

മറ്റു സംസ്കൃതവൃത്തങ്ങളിൽ ശാർദൂലവിക്രീഡിതം മുന്നിട്ടു നിൽക്കുന്നു – അറുപതോളം പദ്യങ്ങളിൽ അതാണ് വൃത്തം.

ചേറിൽപ്പൂത്തുവിരിഞ്ഞതില്ലൊരു നറുംചെന്താമരപ്പൂ,വിരുൾ–
ക്കാറിൽക്കത്തിവിളങ്ങിയില്ലെവിടെയും മിന്നൽപ്പിണർ; കണ്ണുനീ–
രാഴം വിട്ടു വിടർന്നതില്ലൊരു തെളിപ്പൂപ്പുഞ്ചിരിത്തെല്ലുമീ
ഭൂവിൽ വീണുതകർന്നുപോമുടലുവിട്ടാ ജീവനിശ്വാസവും!
(ധർമദുഃഖം)

എന്നും രാവു വെളുക്കുവോളമുരുകിക്കത്തിജ്വലിക്കുന്ന ചെം–
പൊന്നിൻ നാളമൊടൊത്തു തന്നെയിമ പൂട്ടാതങ്ങിരുന്നോളെ,യ–
ന്നെങ്ങാനോർക്കുവതിന്നൊരല്പസമയം കണ്ടെത്തിയോ, കാത്തുകാ–
ത്തെന്നോ വാടിയടർന്നു വീണു പല നാൾ ചെൽകെപ്പനീർപ്പൂവുകൾ!

(ഛായാകൃഷ്ണൻ)

എന്നീ ശ്ലോകങ്ങളിൽ, അനുഷ്ടുപ്പിന്റെ കാര്യത്തിലെന്നപോലെ, പൂർവാർധാന്ത്യവും ഉത്തരാർധാദ്യവും തമ്മിൽ, പൊതുവിൽ പതിവില്ലാത്ത രീതിയിൽ, സന്ധി ചെയ്തിരിക്കുന്നു. ആശയത്തിന്റെ അനുസ്യൂതിക്ക് ഈ 'നിയമലംഘനം' ആവശ്യമാകയാൽ അത് അഭിനന്ദിക്കപ്പെടും.

ഇല്ലാ ബാലകളിമ്പ,മെങ്ങുമൊരു പൂവില്ലാ കുളിർത്തെന്നലി–
ല്ലില്ലില്ലിങ്ങൊരു തുമ്പി; വർണശലഭം പോലും കിളിപ്പാട്ടുമേ!
ഇല്ലാ പുഞ്ചിരിയെങ്ങുമേ, നിറുകയിൽ സിന്ദൂരമുള്ളോരു പെ–
ണ്ണില്ലാ! ഭൂമിയുമീവിധം ചുടലഭസ്മത്താൽ നിറഞ്ഞിങ്ങനെ!

(ധർമദുഃഖം)

ആനന്ദാംബുധിയായ് നിറഞ്ഞുകവിയും രാകാശശാങ്കസ്മിതം
താനേ വന്നു തെളിഞ്ഞിടുന്ന മുഖമെന്നേ കേട്ടിതിന്നോളവും;
ശോകക്കാർമുകിലെപ്പിളർത്തി വളർമിന്നൽക്കൊത്തു വെട്ടം പകർ–
ന്നേകും നിൻമുഖമെന്നു കേട്ടു; ഹരി ഞാൻ കണ്ടീലയിന്നോളവും!

(കൃഷ്ണായനം)

ശ്യാമാനന്തപഥത്തിലൂടെ,യകലത്തെങ്ങോ ജ്വലത്പ്രാഭവ–
ശ്രീയാർന്നങ്ങനെ മേവിടുന്ന നഗരം തേടിപ്പുറപ്പെട്ടുപോൽ
ഛായാകൃഷ്ണ,നവന്നു പാത തെളിയാൻ പ്രാർഥിച്ചുനിന്നൂ സദാ
ശ്രീമത്സന്ധ്യക,ളേതു രാവു പുലരുമ്പോഴും മയങ്ങുമ്പൊഴും!

എന്നീ ശ്ലോകങ്ങൾ പ്രധാനമായും പല തരത്തിലുള്ള പ്രാസങ്ങളിലൂടെയാണ് (ആദ്യത്തെ ശ്ലോകത്തിൽ എല്ലാ വരികളിലും ദ്വിതീയാക്ഷര പ്രാസം, രണ്ടാം ശ്ലോകത്തിൽ പൂർവാർധത്തിലും ഉത്തരാർധത്തിലും ഓരോ തരത്തിലുള്ള ദ്വിതീയാക്ഷരപ്രാസം, മൂന്നാമത്തേതിൽ ഒന്നാമത്തെയും നാലാമ ത്തെയും വരികളിലും രണ്ടാമത്തെയും മൂന്നാമത്തെയും വരികളിലും ഓരോ തരത്തിലുള്ള ദ്വിതീയാക്ഷരപ്രാസം) നമ്മെ ആകർഷിക്കുന്നതെങ്കിൽ,

മേഘം നിന്റെ മനസ്സ്; വാർന്നു പടരും കാളിന്ദി നിൻ കണ്ണുനീർ;
വ്യോമം നിന്റെ ഹൃദന്തം; ഈറയിളകും നാദങ്ങൾ നിൻ ഗദ്ഗദം;
താരം താവകസ്വപ്നം; ഇന്ദുകല നിൻ നേർത്തുള്ള രൂപം; മഹാ–
കാലം നിന്നുടെ വാഴ്‌വ്; നീലമയിലേ നീ രാധതൻ സങ്കടം!

(രാധാമാധവം)

എന്നതുപോലുള്ള ഒട്ടനേകം *ശ്യാമമാധവ*(ശാർദൂലവിക്രീഡിത) ശ്ലോകങ്ങളെ ആകർഷകമാക്കുന്നത് അത്തരം പ്രസാദിശബ്ദാലങ്കാര പരിഗണനകളല്ല; പദ്യങ്ങളുടെ ഒഴുക്കും മുഴക്കവുമൊക്കെത്തന്നെയാണ്.

എന്നും തേടി കിനാവി,ലന്നവളിളംപീലിത്തിളക്കം; തിരി–
ച്ചെന്തേ നൽകി സുവർണശോഭ വഴിയും ശ്രീവത്സസംസ്പർശമോ?



എന്നും തേടി മനസ്സുകൊണ്ടവളിളംപാട്ടിന്റെയോടക്കുഴൽ!
എന്തേ നൽകി ഗഭീരസാന്ദ്രനിനദത്തിൻ പാഞ്ചജന്യത്തെയോ?

(ഛായാകൃഷ്ണൻ)

എന്ന ശ്ലോകത്തിലെ പൂർവോത്തരാർധങ്ങളിൽ പാലിക്കപ്പെട്ടുകാണുന്ന ശബ്ദാർഥസന്തുലിതത്വം ഏതു സഹൃദയഹൃദയത്തെയാണ് ആവർജിക്കാത്തത്?

ഇനി ഉപേന്ദ്രവജ്രയിലേക്കു പോകാം. ഇരുപതിലേറെ ശ്ലോകങ്ങൾക്ക് ആ വൃത്തമാണ് കവി സ്വീകരിച്ചിട്ടുള്ളത്.

ചിരിക്കുവാനൊട്ടു കളിക്കുവാനും
തുടിക്കുവാൻ പാടി രമിക്കുവാനും
കഴിഞ്ഞതന്നെങ്ങനെ? മൃത്യു മെല്ലെ–
പ്പതുങ്ങി നിൻ പിന്നിൽ നടന്ന കാലം! (ശ്യമാമാധവം)

എന്നതുപോലെ,പ്രാസാദ്യാഭരണനിരപേക്ഷമായി, അനായാസ മധുരമായി വാർന്നുവീണവയാണ് ഈ കവിയുടെ ഉപേന്ദ്രവജ്രാനിബദ്ധമായ ശ്ലോകങ്ങളിൽ ബഹുഭൂരിപക്ഷവും.

വസന്തമാലികയും വസന്തതിലകവും പതിനഞ്ചുവീതം വൃത്തങ്ങളിൽ സ്വീകരിച്ചുകാണുന്നു.

പ്രിയസോദരിയാം സുഭദ്രതൻ നേർ–
മകനായുള്ളഭിമന്യു, തന്റെ നോട്ട–
പ്പിഴയാൽ നിഷ്ഠുരമന്നു പത്മവ്യൂഹ–
ക്കെണിയിൽപ്പെട്ടതുമോർക്കിൽ നിന്റെ ദുഃഖം! (ശ്യാമമാധവം)

എന്നും മറ്റുമുള്ള വസന്തമാലികാശ്ലോകങ്ങളിലെ പൂർവാർധത്തിലെ അന്ത്യപദവും ഉത്തരാർധത്തിലെ ആദ്യപദവും തമ്മിലുള്ള സന്ധി ആശയ യോജനയ്ക്ക് അനിവാര്യമെന്നു കാണാം. വസന്തതിലകത്തിൽ പ്രഭാവർമ പൊതുവിൽ ആരും ചെയ്തിട്ടില്ലാത്ത ഒരു പരീക്ഷണത്തിനു മുതിർന്നിട്ടുണ്ട്. മുൻപ് ഈ പ്രകരണത്തിൽ ഉദ്ധരിച്ച,

കാലം ചുരുങ്ങിയൊരുമാത്രയിലേക്കൊതുങ്ങും
നേരത്തൊരൂർജകണമായതിൽ നീ കലർന്നു!

എന്നു തുടങ്ങുന്ന പത്തു വരികൾ നോക്കുക. വസന്തതിലകത്തിൽ നാലു വരികളാണല്ലോ ഒരു ശ്ലോകത്തിൽ വരേണ്ടത്. ഇവിടെ അവസാനത്തെ രണ്ടു വരികൾ ഒരു ഏകകമായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇവിടെ മാത്രമല്ല, മുമ്പുള്ള എട്ടു വരികളിലും ഏകകമായി ഉദ്ദേശിക്കപ്പെട്ടി ട്ടുള്ളത് അങ്ങനെതന്നെ. ഭാവം അത്തരത്തിലാണെന്നതുതന്നെ കാരണം. ഓരോ ഭൂതത്തിലും ലയിക്കുന്ന ഭാവം ഓരോ ഏകകത്തിൽ ആവിഷ്കരിക്കുന്നു.

അതായത്, ഈ രൂപപരീക്ഷണം ഭാവാനുസൃതമാണെന്നു താല്പര്യം.

കുസുമമഞ്ജരിയിൽ കോർത്ത ശ്ലോകങ്ങൾ എണ്ണത്തിൽ തൊട്ടു താഴെ – 13. ശോകാവിലമായ ശ്യാമമാധവം എന്ന അവസാനസർഗത്തിന് ഭാവാനുസാരിയായ ഒരന്തരീക്ഷമുളവാക്കുന്നതിന്,

കാളമേഘമലറുന്ന രാവിലിടവിട്ടിടാത്ത ഘനമാരിയിൽ
കാരിരുമ്പറയിലായി നിന്റെ ഭുവനപ്രവേശമതു ദുഃഖദം.
അർധരാത്രിസമയത്തു ഘോരമിടിമിന്നലുള്ള ജലവീഥിയിൽ–
ത്തന്നെയായി തവ ജീവയാന,മതിജീവനങ്ങളതു സങ്കടം

എന്നിങ്ങനെ ആ വൃത്തത്തിലുള്ള ശ്ലോകങ്ങളോടുകൂടിയ തുടക്കം ഏറെ സമുചിതമായി അനുഭവപ്പെടും.

സ്രഗ്ധര, ദണ്ഡകം, മത്തേഭം എന്നിവ പത്തിൽതാഴെ പദ്യങ്ങളിൽ സ്വീകരിച്ചിരിക്കുന്നു – യഥാക്രമം 7, 3, 1 എന്നിങ്ങനെ. മുൻപറഞ്ഞതിൽ കൂടുതലായി അവയെപ്പറ്റി ഒന്നും പറയേണ്ടതില്ല.

★



# 3. പദപൂർവാർധവക്രത

ഇതിലെ പദത്തിന് നാമവും ക്രിയയുമെന്ന് അർഥം. പദത്തിലെ പ്രത്യയങ്ങളൊഴിച്ചുള്ള പ്രകൃതിഭാഗം പൂർവാർധം. ഇതിന്റെ വക്രതയ്ക്ക് പദപൂർവാർധവക്രത എന്നു പേരിട്ടിരിക്കുന്നു. ഇതിനു പല ഉൾപ്പിരിവുകളുണ്ട്.

## (എ) രൂഢിവൈചിത്ര്യവക്രത

രൂഢിശബ്ദത്തെ പ്രകരണൗചിത്യവശാൽ വാച്യത്തിന്റെ പ്രസി ദ്ധമായ മറ്റു ധർമ്മങ്ങൾ അധ്യാരോപിച്ചുകൊണ്ടോ, വാച്യത്തിന്റെ പ്രസിദ്ധധർമത്തോടുകൂടിയ സംജ്ഞാശബ്ദത്തെ ലോകോത്തരാതിശയം അധ്യാരോപിച്ചുകൊണ്ടോ ഉപനിബന്ധിക്കുന്നത് രൂഢിവൈചിത്ര്യവക്രത. ഉദാ:–

ക്ഷുദ്രം ഹൃദയദൗർബല്യം തന്നെയാണിന്നതോർക്കുകിൽ
തെറ്റു തെറ്റെന്ന നേരിന്നു സത്യമായ് തെളിയുന്നിതാ!

(രാധാമാധവം)

തന്നെ ഏറ്റവുമധികം പ്രണയിച്ചിരുന്ന രാധയെ താൻ അങ്ങോട്ട് അതേപോലെ പ്രണയിച്ചില്ലെന്നു മാത്രമല്ല, അവളോട് ഒരു വാക്കുപോലും പറയാതെ പൊടുന്നനവേ അവളെ വിട്ടുപിരിഞ്ഞത് തെറ്റായിപ്പോയെന്ന ആസന്നമരണനായ കൃഷ്ണന്റെ ചിന്ത പ്രതിഫലിപ്പിക്കുന്ന ഭാഗമാണിത്. ഇന്ന് പിന്തിരിഞ്ഞുനോക്കുമ്പോൾ അത് ക്ഷുദ്രമായ ഹൃദയദൗർബല്യമായിരുന്നുവെന്നു മനസ്സിലാകുന്നുണ്ട്. തെറ്റ് തെറ്റുതന്നെയാണ്. ആ സത്യം ഇപ്പോൾ കൂടുതൽ തെളിഞ്ഞുവരികയാണ്. ഇവിടത്തെ രണ്ടാമത്തെ 'തെറ്റി'ന് 'ഒരു പ്രിയതമൻ പ്രിയതമയോട് ഒരിക്കലും ചെയ്യരുതാത്ത, അക്ഷന്തവ്യമായ, തെറ്റ്' എന്ന് അർഥാന്തരപ്രതീതി. അതുവഴി കൃഷ്ണന്റെ പ്രായശ്ചിത്താധിക്യം ധ്വനിക്കുന്നു.

അതിനാൽ നിന്നെ നോക്കാനുമരുതാതുഴലുന്നു ഞാൻ!
കൃഷ്ണന്നു നഷ്ടമായ്ത്തീർന്ന മഹിമാവാകെ നിന്നിലായ്!

(കർണ്ണാതപം)

കർണൻ സൂര്യപുത്രനെന്നു മനസ്സിലായിട്ടും അർജ്ജുനനോടുള്ള പക്ഷപാതം മൂലം സൂതപുത്രനെന്ന് അദ്ദേഹത്തെ പരിഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത് അവസാനം അദ്ദേഹത്തെ കൊല്ലിച്ച കൃഷ്ണൻ പശ്ചാത്താപബോധത്തോടെ ആലോചിക്കുകയാണ്. മരിക്കുന്നതിനു തൊട്ടുമുൻപെങ്കിലും കർണന്റെ മഹത്ത്വം കൃഷ്ണൻ തിരിച്ചറിയുന്നു. അത്രകണ്ട് തൻെറ മഹത്ത്വത്തിന് ഇടിച്ചൽ തട്ടുകയും കർണന്റെ മഹത്ത്വം കൂടുകയും ചെയ്യുന്നുവെന്നും മനസ്സിലാക്കുന്നു. ഇവിടത്തെ കൃഷ്ണശബ്ദത്തിന്, 'മഹാഭാരതയുദ്ധമാകെ താൻ ഉദ്ദേശിക്കുന്ന വഴിക്ക് നയിക്കുകയും

പാണ്ഡവവിജയത്തിലെത്തിക്കുകയും ചെയ്ത അനിഷേധ്യനായക നായ കൃഷ്ണൻ' എന്ന അർഥാന്തരം തോന്നുന്നു. ആത്യന്തികമായി നോക്കുമ്പോൾ കൃഷ്ണമഹത്ത്വം കുറയുകയും അത്രകണ്ട് കർണമഹത്ത്വം കൂടുകയുമാണെന്ന് കൃഷ്ണൻ സ്വയം തിരിച്ചറിയുന്നതിനാൽ അദ്ദേഹ ത്തിന്റെ പശ്ചാത്താപാതിശയം വ്യഞ്ജിക്കുന്നു.

കൊടുങ്കാറ്റിന്നു നേർ നിൽക്കാനരുതാത്തവർ പാണ്ഡവർ!
അവർക്കു നേർവഴിക്കാമോ നിന്നെപ്പോരിൽത്തടുക്കുവാൻ?
അറിയാം; അതിനാലല്ലോ ച്യുതനായ്ത്തീർന്നിതച്യുതൻ!
വീഴ്ത്തിനേൻ ചതിയിൽ; ജിഷ്ണുവല്ല, കൊന്നതു കൃഷ്ണനാം!
(കർണ്ണാതപം)

മുൻസന്ദർഭത്തിന്റെ തുടർച്ചയാണിവിടെയും. പാണ്ഡവർ എന്നതിന് 'പാണ്ഡുവിന്റെ മക്കൾ' എന്ന അർഥത്തിനു പകരം 'സാധുക്കൾ, സ്വന്തമായി ഒരു തീരുമാനമെടുക്കാൻ കഴിവില്ലാത്തവർ' എന്ന അർഥാന്തരത്തിൽ താല്പര്യം. അതുകൊണ്ടുതന്നെ അവർ മാത്രം വിചാരിച്ചാൽ അജയ്യനും വില്ലാളിവീരനും ധീരനുമായ കർണനെ നേരിടാൻ സാധ്യമല്ല. ചതിപ്രയോഗത്തിലൂടെ മാത്രമേ കർണനെ കൊല്ലാൻ കഴിയൂ. പക്ഷേ, അതുകൊണ്ട് അച്യുതൻ (നാശമില്ലാത്തവൻ) ച്യുതനായി (നാശമുള്ളവനായി). തന്റെ അനശ്വരതയ്ക്ക്ത്തിനു കോട്ടം തട്ടി എന്നു കൃഷ്ണനു മനസ്സിലായി. വാസ്തവത്തിൽ കർണനെ കൊന്നത് ജയശീലനായ (ജിഷ്ണു) അർജുനനല്ല; കൃഷ്ണനായ (കറുത്ത, കളങ്കിതനായ) താനാണ്. തനിക്ക് മുൻപേ അറിയാമായിരുന്ന കർണമഹത്ത്വം യഥാവസരം വെളിപ്പെടുത്താതിരുന്നതിലുള്ള കൃഷ്ണന്റെ പശ്ചാത്താപാതിശയവും അതിനു പ്രേരണയായിരുന്ന പാണ്ഡവപക്ഷ പാതിത്വം ശരിയായിരുന്നില്ലെന്ന കുറ്റബോധവും വ്യംഗ്യം. പാണ്ഡവർ, ജിഷ്ണു എന്നീ പദങ്ങൾ ഒരുതരത്തിലുള്ള രൂഢിവൈചിത്ര്യവക്രതയ്ക്കും (മറ്റുള്ളവരാൽ പരാമർശിക്കപ്പെടുന്നത്), അച്യുതൻ, കൃഷ്ണൻ എന്നിവ മറ്റൊരുതരം രൂഢിവൈചിത്ര്യവക്രതയ്ക്കും (വക്താവ് സ്വയം പരാമർശിക്കുന്നത്) ഉദാഹരണങ്ങൾ.

ഇതുപോലെ,

കളങ്കത്തിനു തങ്ങാനാവില്ല തീക്കനലൊന്നിലും;
കനലിൽ ശില്പമായല്ലീ രാധ കാത്തതു കണ്ണനെ! (രാധാമാധവം)

എന്ന പദ്യത്തിലെ രാധ, കണ്ണനെ എന്നീ പദങ്ങൾ യഥാക്രമം ഈ രണ്ടു തരം രൂഢിവൈചിത്ര്യവക്രതയുടെയും ഉദാഹരണങ്ങൾ. രാധയാണ് നിരുപാധികമായും നിഷ്കളങ്കമായും കൃഷ്ണനെ മറ്റാരെക്കാളുമധികം പ്രേമിക്കുന്ന കാമുകി. അതുകൊണ്ടുതന്നെ നിഷ്കളങ്കനായ കണ്ണനെ അവൾ കാത്തുപോരികയും ചെയ്തു. തന്നിൽ ജീവതുല്യം നിറഞ്ഞുനിൽക്കു



ന്നത് രാധയാണെന്ന സത്യം കൃഷ്ണൻ തിരിച്ചറിയുന്നത്, മരണത്തിനു തൊട്ടുമുൻപാണെന്നു മാത്രം – അതും, താൻ അവളോട് അത്രയൊന്നും ആത്മാർഥമായി തിരിച്ച് ഒന്നും കൊടുത്തില്ലല്ലോ എന്ന കുറ്റബോധത്തോടെ. രാധാകൃഷ്ണന്മാരുടെ നിരതിശയമായ പരസ്പരസ്പരപ്രേമം വ്യംഗ്യം.

വനവാസത്തിലുൾച്ചേർന്ന യാതനായാത്രയൊന്നിലും
സങ്കടങ്ങൾ പകുക്കാനായ് കണ്ടീലല്ലോ സുഭദ്രയെ
(അനന്തകൃഷ്ണൻ)

എന്ന ശ്ലോകത്തിലെ സുഭദ്രാശബ്ദവും രൂഢിവൈചിത്ര്യവക്രതയ്ക്ക് ഉദാഹരണമത്രേ. ദ്രൗപദി (കൃഷ്ണ) ആദ്യം മുതലേ കൃഷ്ണന്റെ കാമുകിയായിരുന്നു; കൃഷ്ണനെയാണ് ഭർത്താവായി കിട്ടണമെന്ന് അവൾ ആഗ്രഹിച്ചത്. പക്ഷേ, നടന്നില്ല. പാണ്ഡവന്മാരെയാണ് ഭർത്താക്കന്മാരായി വരിക്കേണ്ടിവന്നത്. അർജുനനോടാണ് ഉൾപ്രേമം കൂടുതലെങ്കിലും. അപ്പോൾത്തന്നെ ഒരുതരത്തിലുള്ള സാപത്ന്യശല്യം അനുഭവിക്കുന്നുണ്ട്. അത് ഒന്നുകൂടി വർധിപ്പിക്കുമാറ് കൃഷ്ണന്റെ പിൻബലത്തോടെ അർജുനൻ കൃഷ്ണസോദരിയായ സുഭദ്രയെ ഹരിച്ച് സ്വന്തം പത്നിയാക്കി. തന്റെ കരുത്താർന്ന സപത്നിയായി ദ്രൗപദി സുഭദ്രയെ കാണാൻ തുടങ്ങി. ഇത്തരമൊരു സന്ദർഭത്തിൽ ദ്രൗപദി തന്നോട് പരിഭവപ്പെടുന്നതായി കൃഷ്ണൻ വിചാരിക്കുന്നതാണിത്. കഷ്ടപ്പാടുകളുടെ കാലത്തൊന്നും അതിലെന്തെങ്കിലും പങ്കിടാൻ സുഭദ്രയെ കണ്ടിട്ടില്ല. പേര് അന്വർഥമാക്കി ക്കൊണ്ട് തന്റെ കാര്യം ഉറപ്പിച്ചുനിർത്തിയിരിക്കയാണ് എപ്പോഴുമവൾ. സുഭദ്രയുടെ അസാധാരണമായ കൗശലം വ്യംഗ്യം. അവളുടെ ഈ സ്വഭാവം ഒന്നുകൂടി ഉറപ്പിക്കുകയാണ് താഴെ കൊടുക്കുന്ന പദ്യത്തിലൂടെ:

സുഖ,മൈശ്വര്യവും സമ്പൽസ്ഥിതിയും സൽപ്രതാപവും
വരുമെന്നറിവായപ്പോൾ വന്നുചേർന്നു സുഭദ്രയും. (അനന്തകൃഷ്ണൻ)

പ്രതാപൈശ്വര്യങ്ങൾ വരുമ്പോഴാണ് സുഭദ്രയുടെ സുഭദ്രമായ വരവ്! മുൻപറഞ്ഞതുതന്നെ ധ്വനി.

ദുര്യോധനശബ്ദത്തിനു നൈരുക്തികമായി ദുരർഥമൊന്നുമില്ലെങ്കിലും ജനമനസ്സിൽ, വിശേഷിച്ച് കേരളീയപൊതുജനമനസ്സിൽ എഴുത്തച്ഛന്റെ *മഹാഭാരതം കിളിപ്പാട്ടി*ന്റെ സ്വാധീനത്താലാവാം, അത്ര നല്ലൊരർഥമല്ല തോന്നുക. സുയോധനനെന്നു പറഞ്ഞാൽ ആ കുഴപ്പം ഒട്ടുമില്ലെന്നു മാത്രമല്ല, നല്ലവനാണെന്ന തോന്നൽ വായനക്കാർക്കുണ്ടാവുകയും ചെയ്യും. *ശ്യാമമാധവ*ത്തിലെ ഈ വരികളിലെ സുയോധനപ്രയോഗം നോക്കുക:

പോരിന്നു പിൻബലം തേടിയാദ്യം വന്ന–
താണു സുയോധനൻ: എന്നാൽ കപടമായ്
രണ്ടാമതെത്തിയോനായിഗ്ഗണിച്ചതി–
ന്നുണ്ടായിരുന്നീല മറ്റൊരു കാരണം! (മാതൃവാക്യം)

യുദ്ധത്തിന് കൃഷ്ണന്റെ പിൻബലം തേടി ആദ്യം വന്നത് സുയോധന നാണ്; യുദ്ധത്തിൽ ജയിക്കുക എന്ന സദുദ്ദേശ്യമേ അദ്ദേഹത്തിനുണ്ടായി രുന്നുള്ളൂ എന്ന് വ്യഞ്ജിപ്പിക്കുകയാണ് സുയോധനശബ്ദ പ്രയോഗത്തിലെ രൂഢിശബ്ദവൈചിത്ര്യവക്രത പ്രധാനമായും ചെയ്യുന്നത്.

## (ബി) പര്യായവക്രത

പ്രസ്തുതമായ അർഥം ബോധിപ്പിക്കാൻ അനേകം പദങ്ങളുണ്ടാവാ മെങ്കിലും ചില പ്രത്യേകപര്യായപദങ്ങൾ സന്ദർഭാനുഗുണമായി പ്രയോഗി ക്കുന്നിടത്ത് പര്യായവക്രത.

ഈ മട്ടിലിന്നു വരണം വാഴ്‌വിതെന്നു യദു–
നാഥൻ മനസ്സിലറിയുന്നോ? (ദ്വാരകാവർത്തം)

എന്നിടത്തെ യദുക്കളുടെ വംശാധിപൻ എന്ന അർഥത്തിലുള്ള 'യദുനാഥൻ' എന്ന കൃഷ്ണപര്യായപദം തന്റെ മരരണത്തോടുകൂടി മുനി ശാപാനുസാരം യദുക്കളുടെ വംശനാശംതന്നെ സംഭവിക്കുമെന്ന വസ്തുത വ്യഞ്ജിപ്പിക്കുന്നു.

ഇരുളിൽപ്പെട്ടിതെൻ കണ്ണും മനവും നേരിലച്യുത!
അറിയാതെയ്തുപോയ് കൃഷ്ണമൃഗമെന്നേ നിനയ്ക്കയാൽ!
(ദ്വാരകാവർത്തം)

അച്യുതൻ എന്ന കൃഷ്ണപര്യായത്തിന് നാശമില്ലാത്തവനെന്നർഥം. അങ്ങനെയുള്ള അനശ്വരനായ കൃഷ്ണനെയാണ് വേടൻ ശാരീരികവും (കണ്ണിൽ ഇരുട്ടു കയറിയതുകൊണ്ട്) മാനസികവുമായ (വിഭ്രമം കൊണ്ട്) ആന്ധ്യംകൊണ്ട് അമ്പെയ്തുപോയത്! അനശ്വരനായ ഭഗവാനെ അജ്ഞാനവശാൽ അറിയാൻ കഴിഞ്ഞില്ലെന്നു വ്യംഗ്യം. കൃഷ്ണമൃഗശബ്ദം കൃഷ്ണനാണതെന്ന അവ്യക്തമായൊരു ബോധം അപ്പോഴുമുണ്ടായിരു ന്നുവോ എന്ന സംശയം ദ്യോതിപ്പിക്കുന്നു.

അതു നിൻ പാദമെന്നിപ്പോൾ അറിഞ്ഞു മധുസൂദന!
തിരികെപ്പോന്നിടാ ശാപം; ശരവും; നീ പൊറുക്കുക.
(ദ്വാരകാവർത്തം)

മധുസൂദനനെന്ന (മധു എന്ന അസുരനെ കൊന്നവൻ) പര്യായം മുൻപ് അനവധി പേരെ കൊന്നവനാകയാൽ വ്യാധൻ കരുതിക്കൂട്ടിയല്ലെങ്കിലും ഇങ്ങനെ ചെയ്തുപോയതിൽ തെറ്റില്ലെന്ന വ്യംഗ്യം പ്രകാശിപ്പിക്കുന്നു.

ധ്യാനസ്ഥം മനമെങ്കിലെന്തതിലുയിർത്തെത്തുന്നു യുദ്ധക്കളം
താണ്ടിപ്പോ,യമരത്വമാർന്നു തെളിയും രക്താഭിഷിക്തം മുഖം!
വേണ്ടാ കാഴ്ച്ചയിതെന്ന മട്ടിലിരുളിൽ കൺപൂട്ടിനിൽക്കും പുന–
ശ്ചിന്താബദ്ധ,നകം പിടഞ്ഞു; ഹൃദയേ രാധേയനെത്തുന്നിതാ!
(കർണ്ണാതപം)



കർണനെക്കുറിക്കാൻ ഇവിടെ പ്രയോഗിച്ചിരിക്കുന്നത് രാധേയനെന്ന പര്യായമാണ്. രാധ എടുത്തു വളർത്തിയവൻ. അവൾ സൂതനായ അധിരഥ ന്റെ ഭാര്യയായതുകൊണ്ട് കർണനെ സൂതപുത്രനെന്ന് ആളുകൾ അധിക്ഷേപിച്ചുതുടങ്ങി. കൃഷ്ണനും, കർണൻ സൂര്യപുത്രനാണെന്ന സത്യം അറിയാമായിരുന്നിട്ടും, സൂതപുത്രനെന്നുതന്നെ അദ്ദേഹത്തെ നിന്ദാസൂചകമായി വിളിച്ചുകൊണ്ടിരുന്നു. അവസാനം അമരനായിത്തീർന്ന കർണനെ താൻ കാണുന്നതും രാധേയനായിത്തന്നെ! കൃഷ്ണന്റെ പാണ്ഡവ (വിശേഷിച്ച് അർജുന) പക്ഷപാതിത്വവും തന്മൂലമുള്ള മനഃപൂർവ മായ അസത്യപ്രചാരണവും ധ്വനിക്കുന്നു; ഇതിലെല്ലാം മരണത്തിനു തൊട്ടു മുൻപ് തോന്നുന്ന പശ്ചാത്താപവും.

എത്ര പെട്ടെന്നു കൗന്തേയ! നിന്നെത്തള്ളിപ്പറഞ്ഞു നിൻ
ഗുരുവായ കൃപാചാര്യർ, വിദുരർ, ധൃതരാഷ്ട്രരും! (കർണ്ണാതപം)

സൂതപുത്രനെന്ന് അധിക്ഷേപിക്കപ്പെട്ടപ്പോൾ, സത്യമറിയാമായിരു ന്നിട്ടും പാണ്ഡവപക്ഷപാതം കൊണ്ട് പലരും, കർണനെ തള്ളിപ്പറഞ്ഞു. അങ്ങനെ ചെയ്തത് ശരിയായില്ലെന്നു വ്യഞ്ജിപ്പിക്കുന്നതാണ് കൗന്തേയ! എന്ന സംബോധനാരൂപമായ കർണപര്യായപദം. കുന്തിയടെ പുത്രനാണ ദ്ദേഹം, ധർമപുത്രാദികളെപ്പോലെത്തന്നെ. ഗുരുനാഥനായ കൃപരും (ദയാലു വെന്ന് വാക്കിന്റെ അവയവാർഥം) ഈ അപവാദപ്രചാരകർക്ക് കൂട്ടുനിന്നത് കൊടിയ അധർമമായെന്നു ആ പദം ധ്വനിപ്പിക്കുന്നു. ആചാര്യരായതുകൊണ്ട് അവന്റെ ക്ഷത്രിയവീര്യം ശരിക്കറിയാമായിരുന്നിട്ടും ഇങ്ങനെ ചെയ്ത് ആ അപരാധത്തിന്റെ ആഴം വർധിപ്പിക്കുന്നുവെന്നു വ്യഞ്ജിപ്പിക്കുന്നു. വിദുരർ അറിവുള്ളവനാണ്. എന്നിട്ടും ഇതിനെ എതിർത്തില്ല! സർവോപരി കർണ മഹത്ത്വം ധ്വനി.

പഞ്ചപാണ്ഡവരിൽ പാർഥനൊഴിച്ചുള്ളവരാരെയും
പ്രാണനാശകമാമമ്പാൽ നേരിടില്ലെന്നുറച്ചവൻ!
കുന്തിയോടവ്വിധം സത്യം ചെയ്തു കൗന്തേയനായി നീ
ഭീമാദിനാൽവരെക്കൊൽവാൻ മടിച്ചേ വിട്ടയച്ചു നീ. (കർണ്ണാതപം)

താൻ (അമ്മയായ) കുന്തിയോട് ചെയ്ത സത്യം അക്ഷരംപ്രതി പാലിച്ച് കുന്തിയുടെ മകൻ തന്നെയെന്നു തെളിയിച്ചുവെന്ന് ഇവിടത്തെ കൗന്തേയ പദത്തിന്റെ ധ്വനി.

അരുതിക്കൺകളാൽ സൂര്യസുത! നിൻനേർക്കു നോക്കുവാൻ.
അതിനാലായിടാം കാഴ്ച്ച നേർത്തു മങ്ങുന്നതീ വിധം. (കർണ്ണാതപം)

ഈ വരികളിലെ സൂര്യസുത! എന്ന പര്യായം, നേരെ നോക്കാൻ പ്രയാസമാകത്തക്കവിധം കർണൻ അത്രമേൽ അധൃഷ്യനാണെന്നു വ്യഞ്ജിപ്പിക്കുന്നു. മരണസമയത്ത് സ്വാഭാവികമായ കാഴ്ച്ചമങ്ങലിനെ ഇക്കാരണംകൊണ്ടാണോ അത് സംഭവിക്കുന്നതെന്ന് ഉൽപ്രേക്ഷിക്കുന്ന

തിനാൽ ഈ പര്യായവക്രത ഉൽപ്രേക്ഷാലങ്കാരത്തെ ധ്വനിപ്പിക്കുന്നു.

തേരാളിയായി നിസ്സംഗനായ് നിൽക്കേണ്ട
ഞാനാ നില വിട്ടു പോരിലുൾച്ചേർന്നതും
മറ്റൊരു കാരണത്താലാകയില്ലതും
സത്യമായ്ത്തന്നെയറികയാലാകണം
ഇത്ര കുടിലത്വമുണ്ടാവുകയില്ല
മറ്റേതൊരാൾക്കുമീ പൃഥ്വിയിലെ,ന്നന്നു
കത്തിജ്ജ്വലിച്ചുകൊണ്ടമ്മ ഗാന്ധാരിയീ
കൃഷ്ണനെത്തന്നെ ശപിച്ചതു നിർണയം! (മാതൃവാക്യം)

ഇവിടത്തെ പൃഥ്വീപദപ്രയോഗത്തെ പര്യായവക്രതയ്ക്ക് ഉദാഹരണമായി കണക്കാക്കാം. വിസ്താരമുള്ളത് എന്നാണല്ലോ ഭൂമിപര്യായമായ പൃഥ്വിയുടെ അവയവാർഥം. ഇത്ര വിസ്തീർണമായ ഭൂമിയിലൊരിടത്തും മറ്റൊരാൾക്കും ഉണ്ടാവില്ലെന്നു വ്യക്തമാക്കുകയാൽ കൃഷ്ണന്റെ കുടിലത്വം എത്ര ഭയങ്കരമാണെന്ന് ദ്യോതിപ്പിക്കപ്പെടുന്നു.

ഓർത്താൽ പാണ്ഡവര,ല്ലിവർക്കനുചിതം രാജ്യാവകാശം; വെറും
പേരിന്നപ്പുറമെന്തു പാണ്ഡവർ? ഇവർക്കപ്പാണ്ഡുവാരായ് വരാം?
മക്കൾക്കാണവകാശ, മാ നിരയിലാരും തന്നെയില്ലായ്കയാ–
ലെത്തും രാജ്യമുടൻ തിരിച്ചു കുരുവംശത്തിൻ തുടർക്കണ്ണിയിൽ!
(ധർമ്മദുഃഖം)

ഇവിടത്തെ പാണ്ഡവപദം പര്യായവൈചിത്ര്യാസ്പദം. പാണ്ഡുവിന്റെ മക്കളാണ് പാണ്ഡവർ. മുനിശാപവശാൽ പാണ്ഡുവിന് മക്കളുണ്ടാവില്ല. അവർ യമധർമാദികളുടെ, കുന്തിയുടെയും മാദ്രിയുടെയും, മക്കളാണ്. പാണ്ഡുവിന്റെ മക്കൾക്കല്ലേ രാജ്യാവകാശം? അപ്പോൾ പാണ്ഡവരെന്നറിയപ്പെടുന്നവർക്ക് രാജ്യത്തിന്നവകാശമുന്നയിക്കാൻ പോലും അർഹതയില്ല. എന്നിട്ടും താൻ അവർക്കുവേണ്ടിയാണ് ജീവിതകാലം മുഴുവൻ വാദിച്ചതും ചതിപ്പണികളുൾപ്പെടെ സകലപ്രവൃത്തികളും ചെയ്തതും. എത്ര അധാർമികമാണ് തന്റെ ചെയ്തികൾ എന്ന് കൃഷ്ണന്റെ ആസന്നമരണചിന്തകളിൽ തെളിയുന്ന അതികഠിനമായ പശ്ചാത്താപം വ്യംഗ്യം.

അറിയാം ഹൃദയം പൊള്ളി വിളിച്ചുള്ളപ്പൊഴൊക്കെയും
വന്നു നീയെന്റെ രക്ഷയ്ക്കായ് നേരതെൻ നന്ദനന്ദനാ!
(അനന്തകൃഷ്ണൻ)

ദ്രൗപദിയുടെയും കൃഷ്ണന്റെയും രഹസ്യപ്രേമബന്ധം *മഹാഭാരത*ത്തിൽ അസ്ഫുടസ്ഫുരിതമെങ്കിലും *ശ്യാമമാധവ*ത്തിൽ വ്യക്തമാക്കിയിരിക്കുന്നു. തന്നെ വിവാഹം വഴി സ്വന്തമാക്കാത്തതിൽ അവൾക്കുള്ള പരിഭവം വിവരിക്കുന്നതായി കൃഷ്ണൻ വിചാരിക്കുന്ന കൂട്ടത്തിലുള്ള വരികളാണിവ.



പക്ഷേ, അവൾക്കുള്ള ഏകസമാശ്വാസം, ഉള്ളിൽത്തട്ടി വിളിച്ചപ്പോഴെല്ലാം അദ്ദേഹം രക്ഷകനായി പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നതാണ്. അങ്ങനെ കൃഷ്ണൻ നന്ദന്റെ മാത്രമല്ല, ബന്ധപ്പെട്ടവരുടെയെല്ലാം (വിശേഷിച്ച് ഇത്തരം സന്ദർഭങ്ങളിൽ തന്റെയും) നന്ദനനായി (നന്ദനൻ = നന്ദിപ്പിക്കുന്നവൻ, സന്തോഷിപ്പിക്കുന്നവൻ) മാറിയിരിക്കുന്നുവെന്ന് 'നന്ദനന്ദന!' എന്ന പര്യായവക്രതാരൂപമായ സംബോധന വ്യഞ്ജിപ്പിക്കുന്നു.

## (സി) ഉപചാരവക്രത

സവിശേഷമായ അതിശയധർമ്മത്തെ പ്രതിപാദിക്കുന്നതിനുവേണ്ടി അത്യന്തഭിന്നസ്വഭാവമായ വർണ്യവസ്തുവിൽ മറ്റൊരു വസ്തുവിന്റെ അല്പമാത്രമെങ്കിലുമായ സാധാരണധർമ്മത്തെ ആരോപിക്കുന്നത്, ഉപചരണപ്രധാനമാകയാൽ, ഉപചാരവക്രത.

ജന്മാന്തരത്തിലറിയാതെ കൊടുത്തതെല്ലാം
ഇന്നിങ്ങു സൂക്ഷ്മതരഭാവമൊടെത്തിയെന്നോ?
ബാലിക്കു നേർക്കൊളിവിലന്നു തൊടുത്ത ബാണം
കാലം കടന്നു പകയോടെ തിരിച്ചുവന്നോ? (ദ്വാരകാവർത്തം)

ത്രേതായുഗത്തിൽ രാമാവതാരത്തിൽ ബാലിയുടെ നേർക്ക് മരം മറഞ്ഞുനിന്ന് താൻ എയ്ത ശരം ഈ ദ്വാപരയുഗത്തിൽ കൃഷ്ണാവതാര കാലത്ത് വ്യാധനിലൂടെ തന്റെ നേർക്കുതന്നെ പകയോടുകൂടി തിരിച്ചു വരികയാണോ? 'ബാണം കാലം കടന്നു പകയോടെ തിരിച്ചുവന്നോ?' – മനുഷ്യനെയും മറ്റും പോലെ. മുജ്ജന്മത്തിൽ (രാമൻ) ഒളിയമ്പെയ്തു നിരപരാധിയായ ബാലിയെ കൊന്നതിന്റെ പാപത്താലാണ് ഇജ്ജന്മത്തിൽ വേടന്റെ ശരംകൊണ്ട് കൃഷ്ണൻ കൊല്ലപ്പെട്ടതെന്ന് ധ്വനി.

അസ്തമിക്കുന്നതിൻ മുന്നമായ് നിൻ ജീവ–
നന്നു കെടുത്താൻ കഴിയാതെ പോവുകിൽ
അഗ്നികുണ്ഡത്തിൽ മരിക്കുമെന്നർജ്ജുനൻ
സത്യപ്രതിജ്ഞ ചെയ്തെന്നതു സത്യമാം! (ധർമ്മസംഗരം)

ജീവൻ കെടുത്തുക – വിളക്കിനെയെന്നപോലെ. പ്രകാശം ചൊരിയുന്ന വിളക്ക് കെടുത്തുന്നതുപോലെയാണ് ജയദ്രഥന്റെ ജീവൻ നശിപ്പിക്കുക എന്നു വ്യഞ്ജിക്കുന്നു.

നിശ്ശബ്ദനായി നിൽപ്പാണു നീയെങ്കിലും
എത്രയോ ചോദ്യങ്ങൾ നിന്റെ മൗനത്തിന്റെ
തോടുപൊട്ടിക്കാൻ കുതറുന്നതായി ഞാ–
നേറ്റമറിയുന്നു; നീ മുന്നിൽ നിൽക്കവേ! (ധർമ്മസംഗരം)

ചോദ്യങ്ങൾ മൗനത്തിന്റെ തോടു പൊട്ടിക്കാൻ കുതറുന്നു – പക്ഷിമുട്ടയെപ്പോലെ. ചോദിക്കാതിരിക്കാൻ നിവൃത്തിയില്ലാത്ത ചോദ്യങ്ങ

ളെന്നു വ്യംഗ്യം.

സ്മൃതിതൻ സൂര്യതാപത്തിൻ പ്രസരം തട്ടിടാത്തതാം
അബോധഹിമശൃംഗത്തിലുറഞ്ഞേ പോയ ഗീതയെ
എമ്മട്ടു ഞാനിനി പ്രത്യാനയിച്ചീടേണ്ടുവെന്നു താൻ
പറഞ്ഞു നിന്റെയൗത്സുക്യം നിന്നിൽത്തന്നെ കെടുത്തിനേൻ.
(അനുഗീത)

അബോധഹിമശൃംഗത്തിൽ ഉറഞ്ഞുപോയ ഗീത – മഞ്ഞുപോലെ. ഇനി ഓർമിച്ചെടുക്കാൻ പ്രയസമെന്നു ധ്വനിക്കുന്നു. ഔത്സുക്യം കെടുത്തുക – തീയെപ്പോലെ. പടർന്നുയരുന്ന അർജുനന്റെ ഗീതാശയജിജ്ഞാസയെ ഊതിക്കെടുത്തിയതിൽ കൃഷ്ണനു തോന്നുന്ന ചാരിതാർഥ്യവും ഗീതാർഥങ്ങളിൽ അദ്ദേഹത്തിന് ഇപ്പോൾ അനുഭവപ്പെടുന്ന വ്യർഥതാബോധവും വ്യഞ്ജിക്കുന്നു.

ഇരുട്ടിലെങ്ങുനിന്നോ പാഞ്ഞണയും കടവാവലായ്
വന്നുകീറുന്നുവോ ദൂരസ്മൃതി, ചിന്താശതങ്ങളെ! (ആരണ്യകൃഷ്ണൻ)

ചിന്താശതങ്ങളെ കീറുക – വസ്ത്രമോ കടലാസ്സോ പോലെ. വിദൂരസ്മരണകൾ ചിന്തകളെ ശിഥിലീകരിക്കുന്നുവെന്നു താല്പര്യം.

ശ്യാമാകാശമതിങ്കൽനിന്നുമൊരുവെൺതേരെത്തി, മേഘങ്ങളെ–
ക്കീറിപ്പായുകയായി ഭൂവനിക വിട്ടാകാശമാർഗങ്ങളിൽ!
(അനന്തകൃഷ്ണൻ)

മേഘങ്ങളെ കീറിപ്പായുക – തേരിന്റെ വേഗാതിശയം വ്യംഗ്യം.

ഏറുന്ന വേദനയിഴഞ്ഞെത്തി നെഞ്ചിലൊരു
നാഗംകണക്കെ മുറുകുന്നോ? (ദ്വാരകാവർത്തം)

വേദന ഇഴഞ്ഞെത്തി നെഞ്ചിൽ മുറുകുക – ഇവിടെത്തന്നെ പറയുന്ന പോലെ പാമ്പിനു തുല്യം. വേദനയുടെ ആധിക്യവും വേഗവും ദ്യോതിപ്പിക്കുന്നു.

## (ഡി) വിശേഷണവക്രത

വിശേഷണങ്ങളുടെ മാഹാത്മ്യം കൊണ്ട് നാമരൂപമോ ക്രിയാരൂപമോ ആയ വസ്തുവിന്റെ രാമണീയകം അഭിവ്യഞ്ജിപ്പിക്കപ്പെടുന്നിടത്ത് വിശേഷണവക്രത. **നാമവിശേഷണവക്രത**യ്ക്ക് ഉദാ:–

തീയിൽ ദഹിക്കാത്ത, നീരിൽ ലയിക്കാത്ത,
വായുവിന്നേതുമുണക്കുവാനാവാത്ത,
ശസ്ത്രത്തിനും മുറിവേറ്റുവാനാവാത്ത
ജീവൻ! അതിന്നും തരാതരഭേദമോ? (ധർമ്മസംഗരം)

സുഹൃത്തായ അർജുനനെ രക്ഷിക്കുന്നതിനുവേണ്ടി ജയദ്രഥനെ ചതിച്ചുകൊല്ലിച്ചതിൽ, ഇപ്പോൾ ആസന്നമൃത്യുവായ കൃഷ്ണൻ പശ്ചാത്തപിക്കുന്ന ഭാഗത്തിൽ നിന്നാണിത്. രണ്ടുപേരുടെയും ജീവൻ തീയിൽ ദഹിക്കാത്തതും നീരിൽ ലയിക്കാത്തതും വായുവിന്നേതുമുണക്കുവാനാവാത്തതും ശസ്ത്രത്തിനും മുറിവേറ്റുവാനാവാത്തതും ആയിരിക്കേ, അവിടെ താൻ ജീവന് തരതമഭേദം കല്പിച്ചത് ന്യായ്യമായിരുന്നില്ലെന്ന് കൃഷ്ണൻ ദുഃഖിക്കുന്നു. ഈ പശ്ചാത്താപാതിശയരൂപമായ വ്യംഗ്യം സൃഷ്ടിക്കുന്നത് ഈ വരികളിലെ 'ജീവ'ന്റെ നാലു വിശേഷണങ്ങൾ കൈവരുത്തുന്ന വക്രതയത്രേ.

ഒടുവിൽ ദ്വാരകേ, നിന്നെ പ്രളയാബ്ധി ഗ്രസിക്കയായ്;
ജഗദ്ഭക്ഷകനാം കാലസർപ്പം ശ്രീകൃഷ്ണ! നിന്നെയും.
(ദ്വാരകാവർത്തം)

കാലസർപ്പമെന്ന നാമത്തിന്റെ 'ജഗദ്ഭക്ഷകനാം' എന്ന വിശേഷണപ്രയോഗവൈചിത്ര്യം, ദ്വാരകയും ശ്രീകൃഷ്ണനുമൊന്നും കാലത്തിന്നതീതമല്ലെന്നു വ്യഞ്ജിപ്പിക്കുന്നു.

നിത്യം സഹധർമചാരിണിയായ് തന്റെ
ഭർത്താവുതന്നാന്ധ്യമൊപ്പം പകുത്തു തൻ
വെട്ടമിരുട്ടാക്കി മാറ്റിയോൾ; ഭർത്താവി–
നൊപ്പം നടന്നു വനാഗ്നിയിൽ വെന്തവൾ! (മാതൃവാക്യം)

ഗാന്ധാരിയുടെ വിശേഷണങ്ങൾ അവരുടെ പാതിവ്രത്യാതിശയവും ധർമനിഷ്ഠയും അതുകൊണ്ടുതന്നെ കൃഷ്ണനെ ശപിക്കാനുള്ള അവരുടെ അർഹതയും ദ്യോതിപ്പിക്കുന്നു.

വിയർത്തും വിറയാർന്നും തേർത്തട്ടിൽ ക്ഷീണിച്ച പാർഥനെ
കണ്ട കണ്ണുകൾ കണ്ടീല തളർന്നേ നിന്ന രാധയെ! (രാധാമാധവം)

തന്നെ ഏറ്റവുമധികം സ്നേഹിച്ച രാധയെ അങ്ങോട്ട് അതുപോലെ സ്നേഹിച്ചില്ലെന്നു മാത്രമല്ല, ഒരു വാക്കുപോലും യാത്ര പറയാതെ പൊടുന്നനവേ കൃഷ്ണൻ ദ്വാരകയിലേക്ക് പോവുകയും ചെയ്തു. രാധയോട് താൻ ചെയ്ത അക്ഷന്തവ്യമായ അപരാധത്തിൽ അവസാന കാലത്ത് പശ്ചാത്തപിക്കുകയാണ് കൃഷ്ണൻ. രാധ തന്നോട് പരിഭവിക്കുന്നതായി കൃഷ്ണൻ ഈ വരികളിൽ സങ്കല്പിക്കുന്നു. ഗീതോപദേശത്തിനു തൊട്ടുമുൻപുള്ള അർജുനന്റേതിനു സമാനമാണിപ്പോൾ തന്റെ അവസ്ഥ. അർജുനനെ അന്ന് കണ്ട് വേണ്ടതു ചെയ്ത കൃഷ്ണൻ തന്റെ തളർച്ച കാണാതിരിക്കുന്നത് ശരിയോ? കൃഷ്ണന്റെ വഞ്ചനാപൂർണമായ ഇരട്ടത്താപ്പ് ധ്വനിക്കുന്നു. ഈ ധ്വനി സംഭാവന ചെയ്യുന്നത് ഈ പദ്യത്തിലെ പാർഥന്റെയും കണ്ണുകളുടെയും രാധയുടെയും വിശേഷണങ്ങളുടെ പ്രയോഗത്തിലെ വക്രതയാകുന്നു.

ധൂപപാത്രത്തിൽനിന്നെങ്ങും കാരകിൽപ്പുകയെന്നപോൽ
ഉത്തപ്തഹൃത്തിൽനിന്നാവാമുയർന്നൂ ദഗ്ധചിന്തകൾ. (കർണ്ണാതപം)

മഹാനായ കർണനെ അനവസരത്തിൽപ്പോലും അധിക്ഷേപിക്കുന്നതിനും അവഹേളിക്കുന്നതിനും വില്ലാളിവീരനായ അദ്ദേഹത്തിൽനിന്നു പാണ്ഡവരെ, വിശേഷിച്ച് അർജുനനെ, രക്ഷിക്കുന്നതിനും താൻ അതിരുവിട്ട് പ്രവർത്തിച്ചുവെന്ന് ആസന്നമരണചിന്തകളുടെ ഭാഗമായി കൃഷ്ണന് തോന്നുന്നു. അതേക്കുറിച്ചാണീ പദ്യം. ഉത്തപ്തഹൃത്തിലെ ഹൃത്തിന്റെ വിശേഷണമായ ഉത്തപ്ത എന്നും ദഗ്ധചിന്തകളിലെ ചിന്തകളുടെ വിശേഷണമായ ദഗ്ധ എന്നുമുള്ള പദൈകദേശരൂപമായ നാമവിശേഷണങ്ങ ളുടെ പ്രയോഗവൈചിത്ര്യത്താൽ കൈവരുന്ന വക്രത ചമൽക്കാരമുളവാ ക്കുന്നു. കൃഷ്ണന്റെ ഹൃദയത്തിന്റെ പശ്ചാത്താപം കൊണ്ടു തിളച്ചുമറിയുന്ന നിലയും അതിൽ ഉയർന്നുവരുന്ന ചിന്തകളുടെ കത്തിജ്വലിക്കുന്ന അവസ്ഥയും വ്യംഗ്യം.

താതനാം ദ്രുപദൻ വേളിമുഹൂർത്തം നിശ്ചയിച്ച നാൾ
കമനീയാംഗ, നിന്നെത്താൻ മനസ്സാലെ വരിച്ചു ഞാൻ!
(അനന്തകൃഷ്ണൻ)

തനിക്ക് ആദ്യംമുതൽക്കേ കൃഷ്ണനോടുണ്ടായിരുന്ന ഉൾപ്രേമം സ്വയംവരവിവാഹത്തിലൂടെ സാഫല്യമണിയുമെന്നായിരുന്നു ദ്രൗപദിയുടെ ആഗ്രഹമെന്ന് 'കമനീയാംഗ' എന്ന സാഭിപ്രായമായ, വിശേഷണരൂപമായ, അവളുടെ സംബോധന ദ്യോതിപ്പിക്കുന്നു.

**ക്രിയാവിശേഷണവക്രത**യ്ക്ക് ഉദാ:-

എങ്ങെങ്ങുമാരുമറിയാതെഴുമബ്ഭവിഷ്യത്-
സത്യം പറഞ്ഞിതൊരുനാ,ളതിനാലെ മാത്രം
ആരൊക്കെ വീണിഹ പിടഞ്ഞു മരിച്ചു, ജീവി-
ച്ചോരെത്ര നീറിയകമേയഴലിൽപ്പിടഞ്ഞു! (വിഷാദപർവം)

സകലരാലും പ്രകീർത്തിക്കപ്പെട്ട, താൻ നിർണായകമായൊരു ഘട്ടത്തിൽ ഉപദേശിച്ച, ഗീതയാണ് യുദ്ധവും തുടർന്നുള്ള ദുരന്തപരമ്പരകളും വരുത്തിവെച്ചത് എന്ന് കൃഷ്ണൻ അവസാനകാലത്ത് ആലോചിക്കുന്നു. മരിച്ചു എന്ന ക്രിയയുടെ വിശേഷണവും പിടഞ്ഞു എന്ന ക്രിയയുടെ വിശേഷണവും വക്രതാസ്പദം. ചത്തവരും ചത്തുജീവിക്കുന്നവരും – ഇതായിരുന്നു ഗീത വരുത്തിവെച്ച യുദ്ധത്തിന്റെ പരിണതഫലം! കൃഷ്ണന്റെ പശ്ചാത്താപാധിക്യം ധ്വനി. എപ്പോഴായാലും യുദ്ധം വർജ്യമെന്ന ആശയം പ്രാധാന്യേന വ്യഞ്ജിപ്പിക്കുന്നു.

ഒരു കണ്ണാടിയായ് നിന്റെ മുമ്പിൽ നിൽക്കുന്നു ഞാനിതാ.
നേർക്കുനേർ നിന്നു നീ നോക്കൂ നിന്നെ നീയറിയുംവരെ!
(കർണാതപം)

കർണൻ മഹാനാണെന്നറിഞ്ഞിട്ടും അദ്ദേഹം സൂര്യപുത്രനും കുന്തീസുതനുമാണെന്ന സത്യം അറിഞ്ഞിട്ടും വേണ്ട അവസരത്തിലൊന്നും



അത് വെളിപ്പെടുത്താതെ പാണ്ഡവപക്ഷപാതം കൊണ്ട് അദ്ദേഹത്തെ അധിക്ഷേപിക്കുകയും അവഹേളിക്കുകയും ചെയ്ത തന്റെ മഹത്ത്വമാണ് ഇടിഞ്ഞത് എന്ന് ആസന്നമരണനായ കൃഷ്ണൻ ചിന്തിക്കുന്നു. അപ്പോൾ കർണൻ തന്നെ സമീപിക്കുന്നതായി കൃഷ്ണന് തോന്നുകയും അദ്ദേഹം പഴയ കാര്യങ്ങളെല്ലാമോർത്ത് ദുഃഖിക്കുകയും ചെയ്യുന്നു. തന്റെ മനസ്സ് കർണന്റെ മുൻപിൽ തുറക്കുകയാണ് കൃഷ്ണൻ. 'നോക്കൂ' എന്ന ക്രിയയുടെ 'നേർക്കുനേർ നിന്ന്' എന്ന വിശേഷണം കൈവരുത്തുന്ന വക്രത, കൃഷ്ണന്റെ പശ്ചാത്താപാതിശയത്തെ വ്യഞ്ജിപ്പിക്കുന്നു. കർണന്റെ മാഹാത്മ്യം മുഖ്യവ്യംഗ്യം.

**നാമ-ക്രിയാവിശേഷണങ്ങൾക്ക് തുല്യപ്രാധാന്യം വരുന്നതിനുദാ:-**

ദൂരത്തേതൊരു ദിക്കിലോ മുരളിയെച്ചുംബിച്ചു സാരംഗമാം
രാഗത്തിന്നിളവീചി നീർത്തി ഹരി നീ ഗൂഢം വിളിക്കുന്നതും
കാറ്റിൽപ്പൂമ്പൊടിയെന്ന മട്ടിലുടനേ കാന്തന്റെ നേർക്കെന്നപോൽ
ലോലാപാംഗികൾ മത്സരിച്ചണവതും കണ്ടീലയിന്നോളവും
(കൃഷ്ണായനം)

ഗൂഢം എന്നത് വിളിക്കുക എന്ന ക്രിയയുടെ വിശേഷണം. മുരളീഗാനത്തിലൂടെ കാമിനിമാരായ ഗോപികമാരെ അരികിലേക്കു വരുത്തുന്നത് രഹസ്യമായിട്ടാണെന്നു ധ്വനിപ്പിക്കുന്നു. ലോലാപാംഗികൾ – ചഞ്ചലമായ കടക്കണ്ണുകളോടു കൂടിയവർ. വിശേഷണഗർഭമായ ഈ വിശേഷ്യം ഗോപികമാരെക്കുറിക്കുന്നു. അതേസമയം ഇത് വിശേഷണധർമം നിർവഹിക്കുകയും ചെയ്യുന്നു. ഈ വിശേഷണം ഗോപികമാരുടെ ശൃംഗാരാഭിമുഖ്യം വ്യഞ്ജിപ്പിക്കുന്നു.

തേരിൽക്കരേറിനിന്നല്ലാതെയാഹവ-
മേതും നടത്തിയിട്ടില്ലാത്ത ഞാൻ വെറും
മണ്ണിൽ നിലക്കൊണ്ടവർക്കു നേർക്കും ശര-
മെയ്യുവാൻ നൽകീയനുജ്ഞ; അതെങ്ങനെ? (ധർമ്മസംഗരം)

യുദ്ധത്തിൽ പാണ്ഡവരുടെ വിജയം ഉറപ്പുവരുത്തുന്നതിനുവേണ്ടി താൻ ചെയ്ത അധാർമികവൃത്തികളോരോന്നും കൃഷ്ണനെ വേട്ടയാടുകയാണ് മരണസന്ദർഭത്തിൽ. ഒരേ ചെയ്തിയെ പാണ്ഡവപക്ഷത്തുള്ളവരുടേതാണെങ്കിൽ അനുകൂലമായും മറിച്ചെങ്കിൽ പ്രതികൂലമായും വാദിച്ചുറപ്പിക്കുന്നതിൽ തനിക്ക് ഒരു മനസ്സാക്ഷിക്കുത്തും അനുഭവപ്പെട്ടില്ല. അതിന്നൊരുദാഹരണമാണ് ഇത്. തേരിലേറിമാത്രമേ തനിക്ക് യുദ്ധം ചെയ്യാനാവൂ. പക്ഷേ, മണ്ണിൽനിന്നുകൊണ്ടുമാത്രം യുദ്ധം ചെയ്യുന്നവന്റെ നേർക്ക് അമ്പെയ്യുന്നതിന് അതേ താൻ കല്പിക്കുകയും ചെയ്തു. ഈ ഇരട്ടത്താപ്പിലെ വഞ്ചനയെ തുറന്നുകാട്ടുന്നതാണ്, ഈ വരികളിലെ '(ആഹവമേതും)

നടത്തിയിട്ടില്ലാത്ത' എന്ന ക്രിയയുടെ 'തേരിൽക്കരേറി നിന്നല്ലാതെ' എന്ന വിശേഷണവും 'വെറും മണ്ണിൽ നിലക്കൊണ്ട' എന്ന 'അവ'രുടെ വിശേ ഷണവും കൈവരുത്തുന്ന വക്രത. കൃഷ്ണന്റെ കൊടും വഞ്ചനയും ഒടു വിൽ അതിൽ തോന്നുന്ന അതിയായ പശ്ചാത്താപവും വ്യംഗ്യം.

ഉറ്റ ചങ്ങാതിമാരാം പഞ്ചപാണ്ഡവർ
ചെറ്റുമറിയാതെ പാഞ്ചാലിയോടു ഞാൻ
ഉള്ളത്തിലെന്നോ കുറിച്ചോരു ബന്ധുര–
ബന്ധമാവാമതിന്നുള്ളോരു കാരണം! (മാതൃവാക്യം)

വേണമെങ്കിൽ ഭാരതയുദ്ധം താൻ വിചാരിച്ചാൽ ഒഴിവാക്കാമായിരുന്നു വെന്ന് മരിക്കാറായപ്പോൾ കൃഷ്ണൻ ചിന്തിക്കുന്നു. അത് ചെയ്യാതിരുന്നതിന് കാരണം പാഞ്ചാലിയും താനുമായുണ്ടായിരുന്ന രഹസ്യബന്ധവും അതു കൊണ്ടുതന്നെ അവളുടെ വാക്കിനു താൻ നൽകിയ അമിതമായ പ്രാധാന്യ വുമായിരുന്നുവെന്ന് കൃഷ്ണൻ ഇപ്പോൾ ആലോചിക്കുന്നു. ഇക്കാര്യം വിവരിക്കുന്ന വരികളാണിവ. പഞ്ചപാണ്ഡവരുടെ 'ഉറ്റ ചങ്ങാതിമാരാം' എന്ന വിശേഷണം പാഞ്ചാലിയുമായുള്ള ആ ബന്ധത്തിന്റെ വഞ്ചകത്വവും പാതകത്വവും ധ്വനിപ്പിക്കുന്നു. 'പഞ്ച' എന്ന പാണ്ഡവരുടെ പദൈകദേശ വിശേഷണം അവരിലൊരാൾപോലുമറിയാതെ ഈ ബന്ധം പുലർത്തിയ കൃഷ്ണാ–കൃഷ്ണന്മാരുടെ അപാരമായ കൗശലം വ്യഞ്ജിപ്പിക്കുന്നു. അറിയാതെ എന്ന അപ്രധാനക്രിയയുടെ 'ചെറ്റും' എന്ന വിശേഷണം ഈ വ്യംഗ്യത്തെ ദൃഢീകരിക്കുന്നു. ബന്ധത്തിന്റെ 'ബന്ധുര' എന്ന പദൈകദേശ വിശേഷണം ആ ബന്ധത്തിന്റെ അനിർവാച്യതയും മനോഹാരിതയും വെളിപ്പെടുത്തുന്നു.

മനസ്സു തൊട്ടുനിൽക്കുന്ന തന്റെയാങ്ങള തോൽക്കുവാൻ
മനസ്സു നൊന്തു പ്രാർഥിച്ച പെങ്ങളാണവളോർക്കുകിൽ.
(ഛായാകൃഷ്ണൻ)

കൃഷ്ണൻ മരണത്തിനു തൊട്ടുമുൻപ് രുഗ്മിണിയെ കാണുന്നതായി വിചാരിക്കുന്നു. രാജ്ഞിയായ അവളെ താൻ തീരെ അവഗണിച്ചുവെന്ന കുറ്റബോധം കൃഷ്ണനുണ്ട്. തന്റെ മനസ്സു വേദനിക്കാതിരിക്കാൻ തനിക്കുവേണ്ടി കൃഷ്ണനോട് യുദ്ധത്തിനുവരെ തയ്യാറായ തന്റെ ആങ്ങള രുഗ്മി അതിൽ തോൽക്കണെന്നു പ്രാർഥിച്ച രുഗ്മിണിയെ ഓർക്കുകയാണ് കൃഷ്ണൻ. 'ആങ്ങള' എന്ന നാമത്തിന്റെ 'മനസ്സു തൊട്ടുനിൽക്കുന്ന' എന്ന വിശേഷണവും 'പ്രാർഥിച്ച' എന്ന ക്രിയയുടെ 'മനസ്സ് നൊന്ത്' എന്ന വിശേഷണവും അവയുടെ സമതുലിതപ്രയോഗത്തിലൂടെ വൈചിത്ര്യപൂർവ മായ വക്രത കൈവരുത്തിയിരിക്കുന്നു. അപ്രകാരം തന്നോട് നിർവ്യാജ സ്നേഹം വെച്ചുപുലർത്തിയ രുഗ്മിണിയോട് താൻ ആവിധം അങ്ങോട്ട് നീതി കാണിച്ചില്ലല്ലോ എന്ന കൃഷ്ണന്റെ അത്യധികമായ പശ്ചാത്താപബോധം



വ്യംഗ്യം.

## (ഇ) സംവൃതിവക്രത

സന്ദർഭത്തിനൊത്ത് ഉൽക്കർഷം കൊണ്ടോ നികർഷം കൊണ്ടോ പറയേണ്ടത് അങ്ങനെത്തന്നെ പറയാതെ സർവനാമങ്ങൾ കൊണ്ടു മൂടിവെക്കുന്നത് സംവൃതിവക്രത. ഉദാ:–

ഉറ്റ ചങ്ങാതിമാരാം പഞ്ചപാണ്ഡവർ
ചെറ്റുമറിയാതെ പാഞ്ചാലിയോടു ഞാൻ
ഉള്ളത്തിലെന്നോ കുറിച്ചോരു ബന്ധുര–
ബന്ധമാവാമതിന്നുള്ളോരു കാരണം! (മാതൃവാക്യം)

ഇവിടത്തെ 'എന്നോ' എന്ന പ്രയോഗത്തിലൂടെ കൈവരുന്ന സംവൃതി വക്രത ആ ബന്ധത്തിന്റെ തുടക്കം എപ്പോഴാണെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ലെന്ന് ദ്യോതിപ്പിക്കുന്നു.

തേരാളിയായ് നിസ്സംഗനായ് നിൽക്കേണ്ട
ഞാനാ നില വിട്ടു പോരിലുൾച്ചേർന്നതും
മറ്റൊരു കാരണത്താലാകയില്ലതും
സത്യമായ്ത്തന്നെയറികയാലാകണം
ഇത്ര കുടിലത്വമുണ്ടാവുകയില്ല
മറ്റേതൊരാൾക്കുമീ പൃഥ്വിയിലെ,ന്നന്നു
കത്തിജ്ജ്വലിച്ചുകൊണ്ടമ്മ ഗാന്ധാരിയീ
കൃഷ്ണനെത്തന്നെ ശപിച്ചതു നിർണയം! (മാതൃവാക്യം)

ഈ വരികളിലെ 'ഇത്ര' എന്ന പ്രയോഗം കുടിലത്വത്തിന്റെ അനിർവ ചനീയത ബോധിപ്പിച്ചുകൊണ്ട് മഹാഭാരതയുദ്ധത്തിലെങ്ങും വ്യാപിച്ചുനിൽ ക്കുന്ന കൃഷ്ണന്റെ കുടിലത്വാധിക്യം വ്യഞ്ജിപ്പിക്കുന്നു.

ചിലേടത്ത് 'ഇത്രമേൽ' എന്നും വരും. ഉദാ:–

തന്നെ ഏറ്റവുമധികം സ്നേഹിച്ച രാധയോട് താൻ അങ്ങോട്ട് ആ വിധം പ്രതികരിച്ചില്ലല്ലോ എന്ന കുറ്റബോധം കൃഷ്ണന്റെ ആസന്ന മരണ ചിന്തകളിൽ പ്രാമുഖ്യത്തോടെ വരുന്നുണ്ട്. അതിന്റെ ആവിഷ്കരണമാണ് താഴെ പറയുന്ന വരികളിൽ:

ഇത്രമേൽ സ്നേഹമാത്മാവിൽ രാധയോടുള്ളതായി ഞാൻ
അറിയാതെയിരുന്നെന്നൊരറിവാൽ പൊള്ളിനിൽപ്പു ഞാൻ!
(രാധാമാധവം)

താനറിയാതെതന്നെ തന്റെ ഉള്ളിൽ നിറഞ്ഞുനിന്ന രാധയോടുള്ള സ്നേഹത്തിന്റെ ആധിക്യം വ്യംഗ്യം.

പാടിപ്പാടി രസിപ്പതുണ്ടു പലരും രാധാസമേതം ഭവാൻ
നീലാരണ്യനികുഞ്ജമൊന്നിലൊളിവിൽ പങ്കിട്ടൊരസ്സന്ധ്യയെ.

(കൃഷ്ണായനം)

എന്ന ഈരടിയിലെ 'ആ' (ആ സന്ധ്യ = അസ്സന്ധ്യ) എന്ന പ്രയോഗം ഒരു ചുട്ടെഴുത്തിന്റെ 'ദൂരെയുള്ള അത്' എന്നു ചൂണ്ടിക്കാട്ടുക എന്ന ധർമമല്ല നിർവഹിക്കുന്നത്; മറിച്ച് അനിർവചനീയമായ പ്രസ്തുതസന്ധ്യയുടെ മനോഹാരിതയെയാണ് കുറിക്കുന്നത്. ഈ സംവൃതിവക്രത, ആ രാധാ-കൃഷ്ണപ്രണയകേളികളുടെ അവിസ്മരണീയത വ്യഞ്ജിപ്പിക്കുന്നു.

സൂക്ഷ്മമായാരെയും നോക്കിക്കണ്ടതില്ലിവളെങ്കിലും
കണ്ടു ഞാൻ മേഘവർണത്തിന്നൊളിമാത്രമൊരാളിലായ്!
(അനന്തകൃഷ്ണൻ)

സ്വയംവരത്തിന്റെ ഭാഗമായ ശരപരീക്ഷാസന്ദർഭത്തിൽ പാഞ്ചാലി ചിന്തിക്കുകയാണ്: സൂക്ഷ്മമായി ആരെയും നോക്കിക്കണ്ടില്ലെങ്കിലും മേഘവർണത്തിന്നൊളി 'ഒരാളിൽ' കണ്ടു. ഇവിടത്തെ 'ഒരാളിൽ' എന്നത് സംവൃതിവക്രതയുടെ ഉദാഹരണമായി കണക്കാക്കാം. ഈ പ്രയോഗ വൈചിത്ര്യം, വരനായി കിട്ടണമെന്നു താൻ ഉള്ളാലെ ആഗ്രഹിച്ച കൃഷ്ണനെ കണ്ടു എന്നു സൂചിപ്പിക്കുന്നു. പാഞ്ചാലിക്ക് കൃഷ്ണനോടുള്ള രഹസ്യമായ ഉൾപ്രേമം വ്യഞ്ജിപ്പിക്കപ്പെടുന്നു.

ഏതോ നിഷാദനറിയാതേ തൊടുത്ത കണ
കാലിൽ തറച്ചുകയറുന്നൂ (ദ്വാരകാവർത്തം)

ഇവിടത്തെ 'ഏതോ' എന്ന പയോഗത്തിലൂടെ കൈവന്ന സംവൃതി വക്രത, ആ നിഷാദന്റെ പേര് പ്രസക്തമല്ല എന്ന് ധ്വനിപ്പിക്കുന്നു. അയാളുടെ പേര് വിചാരിക്കുന്നതുപോലും ശരിയല്ല എന്നുവരെയാവാം വ്യംഗ്യം.

കുരുരാജപുരത്തിലേക്കു നീയ-
ന്നണയാനെന്തൊരു കാരണം വൃഥാവിൽ?
ഒരു ദൂതു പറഞ്ഞുചെന്ന കുറ്റ-
ത്തിനു നീ നിന്ദനമെത്രമേൽ സഹിച്ചു? (ശ്യാമമാധവം)

ഈ ശ്ലോകത്തിലെ എന്തൊരു, ഒരു എന്നിവയെ സംവൃതിവക്രതയ്ക്ക് ഉദാഹരണങ്ങളായി കാണാം. കുരുരാജപുരത്തിലേക്ക് അന്നു കൃഷ്ണൻ പോയത് ദൂത് പറയാനാണെന്ന വിവരം പ്രസിദ്ധമാണ്. അപ്പോൾ 'എന്തൊരു' എന്ന സംവൃതിവക്രതാസൂചകപ്രയോഗം ആ ദൗത്യത്തിന്റെ സവിഷേതയെത്തന്നെ വ്യഞ്ജിപ്പിക്കുന്നതായി വിചാരിക്കാം. 'ഒരു' എന്ന പ്രയോഗവും അതുതന്നെ ദ്യോതിപ്പിക്കുന്നു. *ശ്യാമമാധവ*ദൃഷ്ടിയിൽ യുദ്ധമൊഴിവാക്കാനെന്ന ഭാവത്തിൽ യുദ്ധത്തിന് ആക്കം കൂട്ടാനുദ്ദേശിച്ചു കൊണ്ടുള്ളത് എന്നതാണ് ആ ദൂതിന്റെ സവിശേഷത!

നിജരക്തമതിൽ പിറന്ന കുഞ്ഞിൻ
മുഖമന്നുള്ളു കുളുർത്തിടും വിധത്തിൽ
പുലർവേളയിലൊന്നു കാൺമതിന്നും



ഇടയായീല! നിനക്കതെത്ര ദുഃഖം! (ശ്യാമമാധവം)

എന്ന പദ്യത്തിലെ 'എത്ര' ആ ദുഃഖം അനിർവാച്യവും അത്യധിക വുമാണെന്നു വ്യഞ്ജിപ്പിക്കുന്നു.

ശ്യാമാകാശമതിങ്കൽനിന്നുമൊരു വെൺതേരെത്തി; മേഘങ്ങളെ-
ക്കീറിപ്പായുകയായി ഭൂവനിക വിട്ടാകാശമാർഗങ്ങളിൽ! (ശ്യാമമാധവം)

എന്ന അന്തിമശ്ലോകപൂർവാർധത്തിലെ 'ഒരു' എന്നതു പതിവുപോലു ള്ളൊരു സാധാരണ പ്രയോഗമായി കണക്കാക്കിയാൽ പോരാ. സംവൃതി വക്രതയുടെ സൗന്ദര്യം അതുൾക്കൊള്ളുന്നുണ്ട്. കൃഷ്ണന്റെ അന്ത്യയാത്രാ വാഹനമായ തേരിനെ വർണിക്കയാണിവിടെ. അതിന്റെ മാഹാത്മ്യം വാചാമഗോചരവും അലോകസാമാന്യവുമാണെന്നു വ്യഞ്ജപ്പിക്കുകയാണ് ആ പ്രയോഗം എന്നു കരുതണം.

## (എഫ്) പദമധ്യാന്തർഭൂതപ്രത്യയവക്രത

പദങ്ങളുടെ മധ്യത്തിൽ വരുന്ന പ്രത്യയവിശേഷംകൊണ്ടുളവാകുന്ന വക്രതയാണിത്.

ആമോദാമൃതസാധകം; കളലസന്മന്ദാക്ഷമന്ദസ്മിതം
(കൃഷ്ണായനം)

എന്നും

നേരേ നിൽപ്പൂ ജയദ്രഥൻ; രുധിരസംപൃക്തൻ; ചലന്മാനസൻ
(ധർമ്മസംഗരം)

എന്നും

ശ്യമാനന്തപഥത്തിലൂടെ,യകലത്തെങ്ങോ ജ്വലത്പ്രാഭവ-
ശ്രീയാർന്നങ്ങനെ മേവിടുന്ന നഗരം തേടിപ്പുറപ്പെട്ടുപോൽ
ഛായാകൃഷ്ണ,നവന്നു പാത തെളിയാൻ പ്രാർഥിച്ചുനിന്നൂ സദാ
ശ്രീമത്സന്ധ്യക,ളേതു രാവു പുലരുമ്പോഴും മയങ്ങുമ്പൊഴും.
(ഛായാകൃഷ്ണൻ)

എന്നുമുള്ള വരികളിലെ കളലസന്മന്ദാക്ഷമന്ദസ്മിതം (അവ്യക്തമധുര മായി ലസിച്ചു – ശോഭിച്ചു – കൊണ്ടിരിക്കുന്ന ലജ്ജാസഹിതമായ പുഞ്ചിരി യോടുകൂടി), ചലന്മാനസൻ (ചലിച്ചുകൊണ്ടിരിക്കുന്ന മാനസ ത്തോടുകൂടിയവൻ), ജ്വലത്പ്രാഭവശ്രീ (ജ്വലിച്ചുകൊണ്ടിരിക്കുന്ന തേജഃശോഭയോടുകൂടിയവൻ) എന്നീ പദങ്ങളിലെ 'ശതൃ' (അത്; ചിലേടത്ത് 'അൻ' എന്നാവും) പ്രത്യയങ്ങൾ ഉദാഹരണം. അതതു ക്രിയകളുടെ അനുസ്യൂതി ദ്യോതിക്കുന്നു.

## (ജി) വൃത്തിവൈചിത്ര്യവക്രത

വ്യാകരണപ്രസിദ്ധമായ സമാസ-തദ്ധിത-നാമധാതുരൂപമായ ചില

വിചിത്രങ്ങളായ വൃത്തികളെ സ്വീകരിക്കുന്നതിലൂടെ കവികൾ പ്രദർശിപ്പിക്കുന്ന കാമനീയകവിശേഷം വൃത്തിവൈചിത്ര്യവക്രത.

**സമാസവൈചിത്ര്യവക്രത**

രണ്ടുപുറത്തായ് നിരന്നവരെശ്ശാന്തി–
സംപൃക്തഗീതയാലൊന്നുചേർത്താ യുദ്ധ–
മന്നൊഴിവാക്കാതെ തങ്ങളിൽ കൊല്ലിച്ച–
തെന്തിനെന്നോർക്കാതിരിക്കുന്നതില്ല ഞാൻ! (മാതൃവാക്യം)

ശാന്തിസംപൃക്തഗീത എന്ന സമാസവൃത്തി വക്രതാസ്പദം. താൻ വിചാരിച്ചിരുന്നുവെങ്കിൽ ഭാരതയുദ്ധം ഒഴിവാക്കാനാവുമായിരുന്നുവെന്ന് കൃഷ്ൻ മരണമടുത്തപ്പോൾ ചിന്തിക്കുന്ന ഭാഗമാണിത്. പക്ഷേ, സമാധാനം ഇണക്കിച്ചേർത്ത ഗീത കൊണ്ടേ അതിന് സാധിക്കൂ. താൻ മുൻപ് ഉപദേശിച്ച പ്രസിദ്ധമായ ഭഗവദ്ഗീത യുദ്ധോത്തേജകമായിരുന്നുവെന്നും യുദ്ധം ഒഴിവാക്കുക അതിന്റെ ലക്ഷ്യമായിരുന്നില്ലെന്നും ധ്വനി.

കടമായ് ബാക്കിനിൽക്കുന്നൂ സ്നേഹം; എങ്ങനെയെന്നു ഞാൻ
തിരിച്ചുനൽകുവാൻ? തീരാക്കടം താനല്ലി ജീവിതം! (രാധാമാധവം)

തീരാക്കടം – തീർത്താലും തീരാത്ത കടം. രാധ തന്നോട് കാട്ടിയ സ്നേഹത്തിന് പകരം താൻ അങ്ങോട്ട് വേണ്ടത്ര പ്രതികരിച്ചില്ലെന്ന കൃഷ്ണന്റെ കുറ്റബോധത്തിൽനിന്നുളവായ സമാസം. രാധയോട് തനിക്കുള്ള കടപ്പാട് എന്നെന്നേക്കും ബാക്കിനിൽക്കുമെന്നു കൃഷ്ണൻ വിചാരിക്കുന്നുവെന്നു വ്യംഗ്യം. കൃഷ്ണന്റെ പശ്ചാത്തപാതിശയം ധ്വനിക്കുന്നു.

ആമോദാമൃതസാധകം, കളലസന്മന്ദാക്ഷമന്ദസ്മിതം
ചാലിച്ചുള്ള മനോഭിരാമമധുരസ്നേഹാർദ്രസംഗീതകം
(കൃഷ്ണായനം)

ഈ ഈരടിയിൽ ആമോദാമൃതസാധകം, കളലസന്മന്ദാക്ഷമന്ദസ്മിതം, മനോഭിരാമമധുരസ്നേഹാർദ്രസംഗീതകം എന്ന മൂന്നു സമാസങ്ങളുണ്ടെങ്കിലും ആദ്യത്തെ മണ്ടെണ്ണത്തെയും ഇവിടെ പരിഗണിക്കുന്നില്ല. ഒന്നാമത്തെ സമാസത്തിന് പ്രത്യേകതയൊന്നും പറയാനില്ല. രണ്ടാമത്തേതിന് സമാസമെന്നതിനേക്കാൾ അത് പദമധ്യാന്തർഭൂതപ്രത്യയവക്രത ഉൾക്കൊള്ളുന്നുവെന്നതാണ്. എന്നാൽ മൂന്നാമത്തെ പദത്തിലെ സമാസവൃത്തി വക്രതാസ്പദമായി അനുഭവപ്പെടുന്നു. ശ്രീകൃഷ്ണന്റെ വൃന്ദാവനത്തിലെ വേണുഗാനത്തിന്റെ സ്നേഹമാധുര്യസൗന്ദര്യങ്ങൾ അത് ഒട്ടും ചോർന്നുപോകാതെ ആവഹിക്കുന്നതായി തോന്നുന്നു.

പാടിപ്പാടി രസിപ്പതുണ്ടു പലരും രാധാസമേതം ഭവാൻ
നീലാരണ്യനികുഞ്ജമൊന്നിലൊളിവിൽ പങ്കിട്ടൊരാസ്സന്ധ്യയെ.
(കൃഷ്ണായനം)



ഇവിടത്തെ ‘നീലാരണ്യനികുഞ്ജം’ അത്യന്തം സന്ദർഭസമുചിതവും അതീവ ആസ്വാദകവുമാകുന്നു.

ഓമൽപ്പുൽക്കുഴലൂതി ഗോപവധുമാരിൽ പ്രേമമുൾച്ചേർക്കുമ–
ശ്ശ്യാമസ്നിഗ്ധമനോജ്ഞരൂപമകമേ ധ്യാനിച്ചതേയില്ല ഞാൻ.
(കൃഷ്ണായനം)

എന്ന ശ്ലോകാർധത്തിലെ ഓമൽപ്പുൽക്കുഴൽ എന്ന തനിമലയാള സമസ്തപദത്തിന്റെയും ശ്യാമസ്നിഗ്ധമനോജ്ഞരൂപം എന്ന മനോഹര സംസ്കൃതസമസ്തപദത്തിന്റെയും മണിപ്രവാളസമാനമായ സംയോഗം ഏറെ ഹൃദ്യമായിട്ടുണ്ട്. ആ രണ്ടു സമസ്തപദപ്രയോഗങ്ങളിലൂടെ യഥാക്രമം ആ കാട്ടിന്റെ ചുറ്റുപാടും വേണുഗോപാലന്റെ പ്രണയമുഗ്ധലാവണ്യവും മധുരമായി ധ്വനിപ്പിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്.

**തദ്ധിതവൈചിത്ര്യവക്രത**

ഇല്ലാ വെണ്ണ കവർന്നുതിന്നു കളിയാടീടുന്ന കള്ളത്ത,മുൾ–
ക്കൊള്ളും താവകരൂപമെന്റെ നിനവിൽ പണ്ടും മുരാരേ ഹരേ!
എന്നും
ഇല്ലാ പൗരുഷമറ്റപോൽ വഴുതുമഗ്ഗാണ്ഡീവമോടർജുനൻ
വല്ലായ്മയ്ക്കടിപെട്ടനേരമമൃതം പെയ്തോരു നിൻരൂപവും!
(കൃഷ്ണായനം)

എന്നും
എങ്കിലുമപ്പോലെ സത്യമാണോർക്കുകിൽ
അഗ്നിയിൽനിന്നുമവനെയിജ്ജീവന്റെ
പച്ചപ്പിലേക്കു മടക്കാനെനിക്കു വാങ്–
മൃത്യുഞ്ജയത്വമധീനമെന്നുള്ളതും! (ധർമ്മസംഗരം)
എന്നും
അവ്വിധം വാക്കുകൾ ചേർന്നുവരുന്നതു–
തന്നെയാണോർക്കുകിൽ തത്ത്വാർഥസംഹിത!
എന്നാലതൊക്കെയനർഥമായ് മാറുന്ന–
തുണ്ടു വാഴ്‌വിന്നെഴും സന്ദിഗ്ധതകളിൽ. (മാതൃവാക്യം)
എന്നും
നിത്യകാളിമയിരമ്പിനീർത്ത കരിമേഘമായ തിരയാകവേ
തട്ടിമാറ്റി വഴി തീർത്തു യാത്രയിളതായ നാളിലതു ദുഷ്കരം!
(അനന്തകൃഷ്ണൻ)

എന്നുമുള്ള വരികളിലെ കള്ളത്തം, വല്ലായ്മ, പച്ചപ്പ്, വാങ്മൃത്യുഞ്ജയത്വം, സന്ദിഗ്ധത, കാളിമ എന്നീ തദ്ധിതപദങ്ങളുടെ ഹൃദ്യത എടുത്തുപറയത്തക്കതാണ്. കള്ളത്തം, വല്ലായ്മ, പച്ചപ്പ് എന്നിവയിൽ തെളി

മലയാളത്തനിമയാണെങ്കിൽ വാങ്മൃത്യുഞ്ജയത്വം, സന്ദിഗ്ധത, കാളിമ എന്നിവയിൽ സംസ്കൃതത്തിന്റെ ഗംഭീരസൗന്ദര്യമാണ് കാണുന്നത്. സംസ്കൃതതദ്ഭവമാണെങ്കിലും കാളിമയിൽ മലയാളത്തനിമ കളിയാടുന്നപോലെ തോന്നും.

**നാമധാതുവൈചിത്ര്യവക്രത**

അകമേയനുരാഗത്തിന്നമൃതം മധുരിക്കയാൽ
നീരുമാഹാരവും വേണ്ടെന്നുറച്ചേ നാൾ കഴിച്ചവൾ!
(രാധികാദണ്ഡകം)

ഉള്ളിൽ അനുരാഗത്തിന്റെ അമൃതം മധുരിക്കുന്നതിനാൽ രാധ ജലപാനവും ആഹാരവുമൊന്നും വേണ്ടന്നുറച്ച് നാൾ കഴിക്കുകയാണെന്നർഥം. ഇവിടത്തെ മധുരിക്കുക എന്ന പ്രയോഗം ഉദാഹരണം. മധുരം മലയാളത്തിൽ നാമവുമാണല്ലോ. അതിൽനിന്നുണ്ടാകുന്ന ധാതുവാണ് മധുരിക്കുക എന്ന ക്രിയയ്ക്കടിസ്ഥാനം.

## (എച്ച്) ലിംഗവൈചിത്ര്യവക്രത

പും–സ്ത്രീ–നപുംസകലിംഗങ്ങളുടെ വിശിഷ്ടപ്രയോഗങ്ങൾകൊണ്ട് കാവ്യത്തിന് രമണീയതയുളവാക്കുന്നത് ലിംഗവൈചിത്ര്യവക്രത.

സുവർണവസ്ത്രമെന്തിന്നായ്? മരത്തോലുകൾ പോരുമേ!
ഇനിയും യാത്ര! ദൂരത്തു വനഭൂമി വിളിക്കയായ്!
കൺകളോ കൈകളോ വാക്കോ വാളു വീശാത്ത ഭൂമിക!
കാറ്റിനും പൂനിലാവിന്നും കോട്ടയില്ലാത്ത ശുദ്ധത!
നഖരം നീട്ടിയെത്തുന്ന നിനവില്ലാത്ത ശാന്തത!
ചതിയിൽ കൊന്നു വെല്ലുന്ന നരരില്ലാത്ത സ്വച്ഛത!
വെൺശിലാതല്പവും വെഞ്ചാമരവും നൽകിടാത്തതാം
കുളിരുള്ളിലുണർത്തുന്ന വനം നീർത്തുന്നിതാർദ്രത!
(ജ്ഞാനകൃഷ്ണൻ)

ധൃതരാഷ്ട്രർ രാജ്യം വിട്ട് കാട്ടിലേക്കു പോകയാണ്. തന്നെ വനഭൂമി വിളിക്കുന്നു! നാട്ടിലില്ലാത്ത ഭൂമികയും ശുദ്ധതയും ശാന്തതയും സ്വച്ഛതയും ആർദ്രതയുമാണ് അവിടെയുള്ളതെന്നു വിവരിക്കുകയും ചെയ്യുന്നു. മലയാളത്തിൽ ഇവയെല്ലാം നപുംസകലിംഗത്തിലാണെങ്കിലും സംസ്കൃത രീതിയനുസരിച്ച് ഭൂമിക, ശുദ്ധത, ശാന്തത, സ്വച്ഛത, ആർദ്രത എന്നിവയെല്ലാം സ്ത്രീലിംഗമാണ്. വനഭൂമിയും അങ്ങനെത്തന്നെ. വയസ്സുകാലത്ത് അന്ധനായ തന്നെ വിളിക്കാനും ആശ്വസിപ്പിക്കാനും സ്ത്രീകളാണ് അഭികാമ്യം എന്നു വ്യംഗ്യം. ഗാന്ധാരിയും കുന്തിയുമാണ്, ധർമപുത്രാദികളായ മറ്റാരുമല്ല, അദ്ദേഹത്തെ അനുയാത്ര ചെയ്യുന്നതും കൂടെ താമസിച്ച് മരണം വരെ, മരണത്തിലും, പിന്തുടരുന്നതും എന്ന വസ്തുത ഈ വ്യംഗ്യ



ത്തെ ദൃഢീകരിക്കുന്നു.

ദ്വാരകാവർത്തമേ! ഹാ നിൻ ദ്വാപരപ്രൗഢിയെങ്ങുപോയ്?
പ്രളയക്കടലിന്നന്തഃസ്ഥലിയിൽത്താണുപോയിതോ?
(ദ്വാരകാവർത്തം)

ഇവിടത്തെ അന്തഃസ്ഥലി (അകൃത്രിമമായ ഉൾപ്രദേശം) ഉദാഹരണം. സ്ഥലി എന്നല്ലാതെ സ്ഥലമെന്നായാൽ ഈ സ്വാഭാവികത്വം ധ്വനിക്കുകയില്ല. മലയാളത്തിലോ സംസ്കൃതത്തിലോ ഇത്തരമിടങ്ങളിൽ സ്ത്രീലിംഗ പ്രത്യയം സൗന്ദര്യാവഹമെന്ന നിലയ്ക്കു മാത്രമേ ഉദ്ദേശിക്കപ്പെടുന്നുള്ളൂ.

സഹനങ്ങളിലൂടെ യാതനാനിർ–
ഭരമാം യാത്ര തുടർന്നു ജീവിതത്തെ
തിരികേയിരുളിന്റെയാന്ധ്യഗർഭ–
സ്ഥലിയിൽത്തന്നെ നയിച്ചു ചെന്നതില്ലേ? (ശ്യാമമാധവം)

എന്ന പദ്യത്തിലെ ആന്ധ്യഗർഭസ്ഥലി എന്ന സമസ്തപദമായിരിക്കും കൂടുതൽ സ്വാഭാവികത്വം ദ്യോതിപ്പിക്കുന്ന ലിംഗവൈചിത്ര്യവക്രത കാഴ്ച്ച വെക്കുന്നത്.

## (ഐ) ക്രിയാവൈചിത്ര്യവക്രത

നാമരൂപമായ പദപൂർവാർധത്തിനു വരുന്ന വിവിധഭേദങ്ങളാണ് നാം വിവരിച്ചത്. ക്രിയാരൂപമായ പദപൂർവാർധത്തിന്റെ വക്രതയ്ക്ക് ക്രിയാവൈചിത്ര്യവക്രത എന്നു പേർ.

ഊന്നൽ വ്യക്തമാക്കുന്നതിന് കിയ ആദ്യം പ്രയോഗിച്ച് വൈചിത്ര്യം കൈവരുത്തുന്നത് ഒരുതരം ക്രിയാവൈചിത്ര്യവക്രത. ഉദാ:–

ഇല്ലാ വെണ്ണ കവർന്നുതിന്നു കളിയാടീടുന്ന കള്ളത്ത,മുൾ–
ക്കൊള്ളും താവകരൂപമെന്റെ നിനവിൽ പണ്ടും മുരാരേ ഹരേ!
ഇല്ലാ ഗോപകുലാംഗനാവസനമെമ്പാടും കവർന്നോരു നിൻ
കള്ളക്കൺമുനതൻ കുതൂഹലവുമെന്നുള്ളത്തിലിന്നും ഹരേ!
ഇല്ലാ സൈന്യനിരയ്ക്കിടയ്ക്കു ധൃതരാഷ്ട്രന്മാർ നടുങ്ങും വിധം
ചൊല്ലേറും വിജയന്റെ തേർ പുലരിയെന്നോണം തെളിക്കും മുഖം!
ഇല്ലാ പൗരുഷമറ്റപോൽ വഴുതുമഗ്ഗാണ്ഡീവമോടർജുനൻ
വല്ലായ്മയ്ക്കടിപെട്ട നേര,മമൃതം പെയ്തോരു നിൻരൂപവും!
(കൃഷ്ണായനം)

ഇല്ല എന്ന നിഷേധക്രിയയുടെ ആവർത്തനം വൈചിത്ര്യാസ്പദം. അത് ആദ്യം പ്രയോഗിച്ചതുകൊണ്ട് ക്രിയാനിഷേധത്തിന്റെ ഊന്നൽ ശക്തമായി വ്യഞ്ജിപ്പിക്കുന്നു. കൃഷ്ണന്റെ പ്രസാദാത്മകമായ ചിത്രങ്ങളാണ് സ്വതേ ആരുടെയും മനസ്സിൽ ആദ്യം കടന്നുവരിക. ഇവിടെയാകട്ടെ കവിയുടെ മനസ്സിൽ ആ ചിത്രങ്ങളിലൊന്നുപോലും, മങ്ങിയരൂപത്തിൽ പോലും, കട

കടന്നുവരുന്നില്ല എന്ന് ഊന്നിപ്പറഞ്ഞിരിക്കയാണ്. മരണം വന്നു മുൻപിൽ നിൽക്കുമ്പോഴുള്ള കൃഷ്ണന്റെ തിരിഞ്ഞുനോട്ടത്തിൽ താൻ ജീവിതത്തിൽ വിജയമെന്നു വിലയിരുത്തിയതൊക്കെ അന്തിമവിശകലന ത്തിൽ പരാജയ മായാണ് കാണുന്നത്. ഈ വിധം കൃഷ്ണനെ ഒരു ദുരന്തനായകനായി ചിത്രീകരിക്കുന്ന *ശ്യാമമാധവ*ത്തിലെ പ്രഥമസർഗമായ കൃഷ്ണായനത്തിലെ ആദ്യഭാഗത്തുവരുന്ന പദ്യങ്ങളിലെ നിഷേധരൂപത്തിലുള്ള ഈ ക്രിയാ വൈചിത്ര്യവക്രത (ചിലപ്പോൾ പുരഃപ്രക്ഷേപണത്തിലൂടെ ഊന്നൽ വ്യഞ്ജിപ്പിച്ചുകൊണ്ടും) ആ സർഗം മുഴുവൻ കാണാം. മറ്റൊരുതരം ക്രിയാവൈചിത്ര്യവക്രതയും ഈ സർഗത്തിലുടനീളമുണ്ടെന്ന വസ്തുത ശ്രദ്ധിക്കാം. കണ്ടീലയിന്നോളവും (2), ഇല്ലാ – 2 (3, 4), എത്തിയുമില്ല (5), ഹൃദി ഞാൻ കാണ്മീലിതേതൊന്നുമേ (6), ധ്യാനിച്ചതേയില്ല ഞാൻ, നിനക്കു നിനവിൽ തെല്ലും പകുത്തീലിടം (7), കണ്ടീലയിന്നോളവും (8) – പ്രസ്തുത സർഗത്തിലുള്ള മൊത്തം ഒമ്പതു ശ്ലോകങ്ങളിൽ ആദ്യത്തേതിലും അവസാനത്തേതിലും ഒഴികെ ബാക്കി ഏഴിലും ഇപ്രകാരം പലവിധത്തിലുള്ള ക്രിയാനിഷേധപ്രയോഗങ്ങ ളാണുള്ളത്. ഈ ക്രിയാവൈചിത്ര്യ വക്രത *ശ്യാമമാധവ*മെന്ന ഖണ്ഡകാവ്യത്തിന് ആമുഖമാവാൻ ആദ്യസർഗമായ കൃഷ്ണായനത്തി നുള്ള അർഹത ഊട്ടിയുറപ്പിക്കുന്നു. ഈ വക്രത പ്രബന്ധവ്യാപകമായ ശോഭ കൈവരിക്കുന്നു എന്നു ചുരുക്കം. മറ്റു സർഗ ത്തിൽനിന്ന് നിഷേധരൂപത്തിലുള്ള ഇവിടെ ഉദ്ധരിച്ച ക്രിയാവൈചിത്ര്യ വക്രതയ്ക്ക് മറ്റൊരുദാ:–

ഇല്ലാ ബാലകളിമ്പം, എങ്ങുമൊരു പൂവില്ലാ, കുളിർത്തെന്നലി,–
ല്ലില്ലില്ലിങ്ങൊരു തുമ്പി, വർണശലഭംപോലും കിളിപ്പാട്ടുമേ!
ഇല്ലാ പുഞ്ചിരിയെങ്ങുമേ, നിറുകയിൽ സിന്ദൂരമുള്ളോരു പെ–
ണ്ണില്ലാ! ഭൂമിയുമീവിധം ചുടലഭസ്മത്താൽ നിറഞ്ഞിങ്ങനെ!
(ധർമ്മദുഃഖം)

ആസന്നമരണനായ കൃഷ്ണന്റെ ചിന്തകളിൽ ധർമപുത്രനോടും താൻ നീതികാട്ടിയില്ലെന്ന ആശയം കടന്നുവരുന്നു. യുദ്ധത്തിൽ ജയിച്ച് രാജ്യം നേടിയതാണ് താൻ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമെന്നാണ് ധർമപുത്രരുടെ അഭിപ്രായം. യുദ്ധത്തിനുശേഷം ചക്രവർത്തിപദം ലഭിച്ച തന്റെ രാജ്യത്തിന്റെ അവസ്ഥ വിവരിക്കുകയാണീ പദ്യത്തിൽ: കുഞ്ഞുങ്ങ ളുടെ കളിയും ചിരിയുമില്ല; ഒരു പൂവു പോലും എങ്ങുമില്ല; കുളുർകാറ്റില്ല; ഒരു പൂത്തുമ്പിയെപ്പോലും കാണാനില്ല; ചിത്രശലഭമില്ല; കിളിപ്പാട്ടുമില്ല; എവിടെയുമില്ല ഒരു പുഞ്ചിരി; നിറുകയിൽ സിന്ദൂരം തൊട്ട ഒരു സ്ത്രീയെയും കാണാനില്ല; ഭൂമിയാകട്ടെ സർവത്ര ചുടലഭസ്മം നിറഞ്ഞതും! ഇവിടെയും പലേടത്തും നിഷേധക്രിയ ആദ്യം പ്രയോഗിച്ച് ഊന്നൽ ധ്വനിപ്പിച്ചിട്ടുണ്ട്



്. യുദ്ധാവശിഷ്ടഭൂമിയുടെ ശ്മശാനസമാനമായ മുഖം വ്യഞ്ജിപ്പിക്കാൻ ഈ ക്രിയാവൈചിത്ര്യവക്രതയ്ക്ക് കഴിയുന്നുണ്ട്.

വിളിച്ചു നിന്നെ ഞാൻ സൂതപുത്രനെന്നു നിരങ്കുശം! (കർണ്ണാതപം)

പാണ്ഡവരോടുള്ള, വിശേഷിച്ച് ഉറ്റ സുഹൃത്തായ അർജുനനോടുള്ള, പക്ഷപാതിത്വം നിമിത്തം, സൂര്യപുത്രനും കൗന്തേയനുമാണ് കർണൻ എന്ന സത്യമറിയാമായിരുന്നിട്ടും, അത് ആരോടും പറയാതെ, കിട്ടുന്ന സന്ദർഭങ്ങളിലൊക്കെ സൂതപുത്രനെന്ന് അധിക്ഷേപിച്ച് അദ്ദേഹത്തെ നിസ്തേജനാക്കുന്ന തന്റെ പതിവിനെ പശ്ചാത്താപബോധത്തോടെ ഓർക്കുകയാണ് കൃഷ്ണൻ ഈ വരിയിലൂടെ. ക്രിയ ആദ്യം പ്രയോഗിച്ച് അതിലുള്ള ഊന്നൽ വ്യക്തമാക്കുന്നു. നിഷേധക്രിയയല്ലെന്നു മുന്നുദാഹര ണത്തിൽനിന്നു ഭേദം. കൃഷ്ണന്റെ പാണ്ഡവ(അർജുന) പക്ഷപാതിത്വം ധ്വനി.

ക്രിയാപ്രയോഗത്തിൽ ഒരുതരം അസാധാരണത്വം വരുത്തിക്കൊണ്ടും വൈചിത്ര്യം വരുത്താം. ഉദാ:–

മുൻപിലെത്തുന്ന ലോകത്തെത്തന്നെയേ കാൺമു കണ്ണുകൾ;
കണ്ണടച്ചാകിലുൾക്കണ്ണിൽ നിറയും മൂന്നു ലോകവും. (കർണ്ണാതപം)

സാധാരണ നാം കണ്ണുകൊണ്ട് കാണുന്നത് മുൻപിലെത്തുന്ന ലോക ത്തെ മാത്രം. കണ്ണടച്ചാലോ? ഉൾക്കണ്ണിൽ നിറയുന്നത് മൂന്നു ലോകവും. ഈ സത്യം തനിക്ക് മനസ്സിലാവുന്നത് ആസന്നമരണനായപ്പോഴത്തെ ചിന്തകളിലൂടെയാണെന്ന് കൃഷ്ണൻ തിരിച്ചറിയുന്നു. കണ്ണു തുറന്നു കൊണ്ടുള്ള കാഴ്ചയല്ല ഇപ്പോൾ; ഉൾക്കണ്ണുകൊണ്ടുള്ള ശരിയായ കാഴ്ചയാണ്. കർണന്റെ മഹത്ത്വം ഇപ്പോഴാണ് താൻ തിരിച്ചറിയുന്നത് എന്നു വ്യംഗ്യം.

ക്രിയയുടെ ആവർത്തനത്തിലൂടെയും വൈചിത്ര്യം സിദ്ധിക്കും. ഉദാ:–

ഇമ്മട്ടു ചിന്തിച്ചുചിന്തിച്ചു മാധവൻ
ഉള്ളിലെങ്ങോ പോയൊളിക്കാൻ ശ്രമിക്കയായ്
ഉള്ളിലേക്കുള്ളിലേക്കാഴുമ്പൊഴും വെളി–
ച്ചത്തിന്റെ തീപ്പൊള്ളലേൽക്കുന്നതുള്ളിലായ്! (ധർമസംഗരം)

ഇവിടത്തെ ചിന്തിച്ചുചിന്തിച്ച് എന്ന ക്രിയയുടെ ആവർത്തനം മാധവന്റെ ചിന്താധിക്യം ദ്യോതിപ്പിക്കുന്നു. ഉള്ളിലേക്കുള്ളിലേക്ക് എന്ന ആവർത്തനം ക്രിയയുടേതല്ലെങ്കിലും അതിന്റെയും ഫലം ക്രിയാവർത്തനത്തിന്റേതു തന്നെയാണ് – ആഴ്ന്നാഴ്ന്നാന്നിറങ്ങുമ്പോൾ എന്നർഥം. സത്യം തെളിഞ്ഞു തെളിഞ്ഞുവരണമെങ്കിൽ ചിന്ത കൂടുതൽ കൂടുതൽ ആഴത്തിലേക്കു പോകണമെന്നു താല്പര്യം.

ക്രിയയുടെ അഭാവത്തിൽ ക്രിയുടെ പ്രതീതി ജനിപ്പിക്കുന്നത് മറ്റൊരു തരം ക്രിയാവൈചിത്ര്യവക്രത. ഉദാ:–

രത്നഭൂഷയഴിച്ചിന്നു ഭസ്മലേപമണിഞ്ഞിതാ
സപത്നിമാർക്കു മധ്യത്തിൽ തൻ പ്രിയങ്കരി രുഗ്മിണി!
(ദ്വാരകാവർത്തം)

'നിൽക്കുന്നു' എന്ന ക്രിയയില്ലെങ്കിലും ഉള്ള പ്രതീതിയുണ്ടാവുന്നു. രാജ്ഞിയായ രുഗ്മിണിയുടെ സന്ന്യാസഭാവോചിതമായ വേഷം അവൾ സക്രിയമായി ഒന്നും ചെയ്യുന്നില്ലെന്നും ഈ ക്രിയാവൈചിത്ര്യവക്രതയിലൂടെ ധ്വനിപ്പിക്കുന്നു.

അന്തിമസർഗത്തിലെ കൃഷ്ണന്റെ പഞ്ചഭൂതലയം പ്രതിപാദിക്കുന്ന ക്രിയകളിലെ വൈചിത്ര്യം ചമൽക്കാരജനകം. വരികൾ വർണവിന്യാസ വക്രതാധ്യായത്തിൽ ഉദ്ധരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. ലയിച്ചു എന്ന സാമാന്യമായ അർഥം കിട്ടുന്നതിന് കലർന്നു, വിളഞ്ഞു, അലിഞ്ഞു, തെളിഞ്ഞു, നിറഞ്ഞു എന്നിങ്ങനെ അഞ്ചു ക്രിയകളാണവിടെ പ്രയോഗിച്ചിരിക്കുന്നത്! ഈ ക്രിയാവൈവിധ്യം, ഏതും ആത്യന്തികമായി ശാന്തരസത്തിൽ എത്തിച്ചേരുന്നു എന്ന സത്യം ധ്വനിപ്പിക്കുന്നുവോ എന്നു തോന്നും. പ്രകൃതത്തിൽ ആവിഷ്കരിക്കപ്പെടുന്നത് ശാന്തരസമാണെന്നും *ശ്യാമമാധവം* എന്ന ഈ ഖണ്ഡകാവ്യത്തിന്നവലംബമായ *വ്യാസമഹാഭാരതം* ശാന്തപര്യവസായിയാണെന്നും ആനന്ദവർധനൻ തുടങ്ങിയ സുപ്രസിദ്ധനിരൂപകന്മാരുടെ അഭിപ്രായത്തിൽ ആ ഇതിഹാസത്തിലെ അംഗി ശാന്തരസമാണെന്നും ആലോചിക്കുകകൂടി ചെയ്യുമ്പോൾ ഈ ധ്വനിനിരീക്ഷണം അർഥവത്തും ഔചിത്യഭാസുരവുമായിത്തീരുന്നു.

★



# 4. പദപരാർധവക്രത

പദപരാർധവക്രതയ്ക്ക് പ്രത്യയാശ്രയവക്രത എന്നും പറയാറുണ്ട്. ഇത് കാല– കാരക–സംഖ്യാ–പുരുഷാദിഭേദേന പല വിധം.

## (എ) കാലവൈചിത്ര്യവക്രത

വ്യാകരണപ്രസിദ്ധമായ വർത്തമാനകാലപ്രത്യയം തുടങ്ങിയവയെ ഔചിത്യവർധകമാകുമാറ് നിബന്ധിച്ചാൽ കാലവൈചിത്ര്യവക്രത. ഉദാ:–

ഇല്ലാ തിരിച്ചുവരവില്ലാ വചസ്സുമൊരു വില്ലെയ്തൊരമ്പുമൊരുപോൽ!
രണ്ടും തറച്ചുകയറും; ചെന്നു ഹൃത്തടമതെന്നും മുറിച്ചുതറയും!
പണ്ടേയറിഞ്ഞ കഥ; യെന്നാകയാലെയിതിലില്ലാ വിഷാദമണുവും!
എന്നാലുമോർമകളിലൂടെത്തി നെഞ്ചിലതു വിസ്ഫോടമെത്ര തുടരും!
(വിഷാദപർവം)

ഈ ശ്ലോകത്തിലെ തറച്ചുകയറും, മുറിച്ചുതറയും, തുടരും എന്നീ ഭാവികാലക്രിയകൾ ഭാവ്യർഥത്തെയല്ല, അങ്ങനെയാണ് പതിവ് എന്ന ആശയത്തെയാണ് ബോധിപ്പിക്കുന്നത്. തറച്ചുകയറുന്നതിന്റെയും മുറിച്ചുതറയുന്നതിന്റെയും തുടരുന്നതിന്റെയും തീക്ഷ്ണതയും ശൈഘ്ര്യവും ധ്വനിക്കുന്നു. തറച്ചു കയറുന്നു, മുറിച്ചുതറയുന്നു, തുടരുന്നു എന്നു വർത്തമാനകാലത്തിലോ മറ്റോ പ്രയോഗിച്ചിരുന്നുവെങ്കിൽ ഈ വ്യംഗ്യം ഇത്രത്തോളം ധ്വനിപ്പിക്കാൻ കഴിയുമായിരുന്നില്ല.

സത്യമന്നേ പറഞ്ഞിട്ടുണ്ടായിരുന്നെങ്കിലക്ഷണം
അഴിയും ശക്തിബന്ധങ്ങൾ; ഒഴിയും യുദ്ധമേഘവും! (കർണാതപം)

കർണൻ കുന്തിക്ക് സൂര്യനിൽ പിറന്നവനാണ്, പാണ്ഡവജ്യേഷ്ഠനാണ്, സൂര്യപുത്രനാണ്, എന്നു തനിക്കറിയാമായിരുന്ന സത്യം ആദ്യമേ വെളിപ്പെടുത്തിയിരുന്നെങ്കിൽ കർണൻ പാണ്ഡവപക്ഷത്തെ മുന്നണിപ്പോരാളിയാവുമായിരുന്നു; അങ്ങനെ വന്നാൽ, ഒരുപക്ഷേ, മഹാഭാരതയുദ്ധമേ നടക്കില്ലായിരുന്നു. അഴിയും, ഒഴിയും എന്ന ഭാവികാലക്രിയകൾ ഭൂതകാലത്തെയാണ് കുറിക്കുന്നതെന്നർഥം. 'അതുറപ്പാണ്' എന്ന നിശ്ചയാർഥം ദ്യോതിക്കുന്നു. കർണനെക്കുറിച്ചുള്ള കൃഷ്ണന്റെ പശ്ചാത്താപാതിശയം വ്യംഗ്യം.

ഏതോ നിഷാദനറിയാതേ തൊടുത്ത കണ
കാലിൽ തുളച്ചുകയറുന്നു;
കഴലിടറുന്നോ? മിഴിയുഴറിടുന്നോ?
നിൽക്കുന്ന നില്പിലൊരു ചിത്തഭ്രമച്ചുഴലി
മധ്യേ കറങ്ങിയിടിയുന്നോ? (ദ്വാരകാവർത്തം)

കൃഷ്ണൻ തന്റെ കാലിൽ വേടൻ അമ്പെയ്ത സന്ദർഭം അനുസ്മരിക്കയാണ്. ഇവിടത്തെ ക്രിയകൾ വർത്തകാലത്തിലാണെങ്കിലും ഭൂതകാലാർഥത്തിലാണ്. വർത്തമാനകാലത്തിലെന്നപോലെ അത്ര അനുഭവതീക്ഷ്ണമാണ് അതിന്റെ സ്മൃതി എന്നു വ്യംഗ്യം.

ഇതുപോലെത്തന്നെ, ആ വേടൻ മുന്നിലെത്തിയ രംഗം ഓർമിക്കുന്ന,

പോയ ജന്മങ്ങൾതന്നൂടുവഴിയൂടെയലഞ്ഞിതാ
കൃഷ്ണന്റെ മുന്നിൽ നില്പൂ, തന്നമ്പിനെപ്പിന്തുടർന്നവൻ.
(ദ്വാരകാവർത്തം)

എന്ന പദ്യത്തിലെ 'നില്പൂ' എന്ന ക്രിയയുടെയും സ്ഥിതി. വർത്തമാനകാലം, ഭൂതാർഥം. സ്മൃതി വ്യംഗ്യം.

ഇല്ലൊന്നുമൊന്നും പറയുവാൻ: നിത്യനി–
ശ്ശൂന്യതയിങ്കൽ ലയിക്കിലാശ്വാസമായ്!
ഇല്ലൊന്നുമൊന്നുമേ കാണാൻ; ഇരുട്ടിന്റെ
കംബളം നീർന്നുവീണെങ്കിൽ വിശ്രാന്തിയായ്! (ധർമസംഗരം)

എന്ന വരികളിലെ ആശ്വാസമായ്, വിശ്രാന്തിയായ് എന്നിവ ആശ്വാസമായി, വിശ്രാന്തിയായി എന്നീ അർഥങ്ങളിലുള്ള ഭൂതകാലക്രിയകൾ. ആശ്വാസമാവും, വിശ്രാന്തിയാവും എന്ന ഭാവികാലാർഥങ്ങളാണ് ഉദ്ദിഷ്ടം. അവ സംഭവിച്ചാലെന്നപോലെ എന്നു വ്യഞ്ജിപ്പിക്കുന്നു. ജയദ്രഥനെ താൻ ചതിച്ചു കൊല്ലിച്ചതിലുള്ള കൃഷ്ണന്റെ പശ്ചാത്താപാതിശയം ധ്വനി.

എന്നെ മറന്നുവോ? ഏറെ നിശ്ശബ്ദമായ്
എന്നോടു നീ പണ്ടു ചോദിച്ച വാക്കുകൾ
ഇന്നിങ്ങു കേൾക്കുന്നതുണ്ടു ഞാൻ; എങ്ങനെ
നിന്നെ മറക്കാൻ? മറന്നുവെന്നാകിലോ
എന്നെ മറന്നിരിക്കാം തലേ മാത്ര ഞാൻ!
ഇല്ല, മറന്നീല ഞാനെന്നെ; നിന്നെയും! (രാധികാദണ്ഡകം)

തന്നെ ഏറ്റവും സ്നേഹിച്ച രാധ ചോദിക്കുന്നതായും അതിനു താൻ മറുപടി പറയുന്നതായും കൃഷ്ണൻ ഭാവന ചെയ്യുന്നു. എന്നെ മറന്നുവോ? – ഭൂതകാലക്രിയ. അർഥവും ഭൂതം. ഈ വാക്കുകൾ ഇപ്പോഴും താൻ കേൾക്കുന്നുണ്ട് – രൂപംകൊണ്ട് വർത്തമാനകാലമാണെങ്കിലും ഭാവംകൊണ്ട് ഭൂതംതന്നെ. എങ്ങനെ നിന്നെ മറക്കാൻ? – ഭാവി. ഭൂതാർഥം. മറന്നുവെന്നാകിലോ എന്നെ മറന്നിരിക്കാം തലേ മാത്ര ഞാൻ – ഭൂതം, ഭാവി. രണ്ടിനും ഭൂതാർഥം. ഇല്ല, മറന്നീല ഞാനെന്നെ; നിന്നെയും! – ഭൂതം; അർഥവും അങ്ങനെത്തന്നെ. സ്മൃതി വ്യംഗ്യം. ഈ കാലവൈചിത്ര്യവക്രത, കൃഷ്ണനോടുള്ള രാധയുടെ പ്രേമാതിശയവും അതിനോട് അതേവിധം പ്രതികരിച്ചില്ലല്ലോ എന്ന അദ്ദേഹത്തിന്റെ പശ്ചാത്താപാധിക്യവും ധ്വനിക്കുന്നു.



## (ബി) കാരകവൈചിത്ര്യവക്രത

ഭംഗീഭണിതി കൊണ്ട് അപൂർവരമണീയത പരിപോഷിപ്പിക്കുന്നതിനു വേണ്ടി കാരകങ്ങൾ മാറ്റി പ്രയോഗിക്കുന്നിടത്ത് കാരക വൈചിത്ര്യവക്രത. ഉദാ:–

തളിർച്ചുണ്ടു നനയ്ക്കേണ്ടും മുലപ്പാലേതു നെഞ്ചിലോ
നിനക്കായിച്ചുരന്നീടാനരുതാതങ്ങുറഞ്ഞുവോ? (കർണ്ണാതപം)

കർണനെപ്പറ്റിയുള്ള ചിന്ത: തളിർച്ചുണ്ട് നനയ്ക്കേണ്ടുന്ന മുലപ്പാൽ ഏതു നെഞ്ചിലാണോ കുഞ്ഞായ കർണനുവേണ്ടി ചുരക്കാനാവാതെ ഉറഞ്ഞുപോയത്? എന്ന് കർണന്റെ പെറ്റമ്മയെ പരാമർശിക്കുന്നു. മുലപ്പാൽ സ്വയം ചുരക്കാതെ ഉറഞ്ഞുപോകുന്നതായാണ് ഇവിടത്തെ വർണന. 'അമ്മ മുലപ്പാലിനെ ചുരത്താതെ' എന്ന അർഥത്തിലാണ് കർമകാരകത്തെ കർത്തൃകാരകമാക്കിക്കൊണ്ടുള്ള ഈ പ്രയോഗം. കുഞ്ഞിനെ കാണുമ്പോൾ 'മുലപ്പാൽ സ്വയമേവ ചുരന്നുപോവുകയാണ്; അത് ഇവിടെയുണ്ടായില്ല' എന്നിങ്ങനെ കർണന്റെ ശൈശവത്തിലെ മാതൃവാത്സല്യലാഭാഭാവം, അതാലോചിക്കുന്ന കൃഷ്ണന്റെ അന്ത്യനിമിഷത്തിലെ കർണനോടുള്ള സഹാനുഭൂതി എന്നിവ വ്യംഗ്യം.

എന്നാലിതിന്നപരസത്യവശം മനസ്സി–
ലന്നൊന്നുമേ തിരിതെളിച്ചു പുലർന്നതില്ലാ. (വിഷാദപർവം)

എന്നീ വരികളിലെ 'അപരസത്യവശം അന്നൊന്നും തിരിതെളിച്ചു പുലർന്നില്ല' എന്ന ഭാഗം 'ഞാൻ അന്നൊന്നും ഈ അപരസത്യവശത്തെ അറിഞ്ഞില്ല' എന്ന അർഥത്തിൽ ഇതുപോലെ കാരകം മാറ്റി പ്രയോഗിച്ചിരിക്കയാണ്. സത്യത്തിന്റെ ആ മറുവശം തന്റെ മുൻപിൽ തെളിഞ്ഞുവന്നില്ല. തന്റെ ആലോചനക്കുറവുകൊണ്ട് സത്യത്തിന്റെ എല്ലാ വശങ്ങളും വേണ്ടത്ര ആലോചിച്ചില്ലെന്നു ദ്യോതിക്കുന്നു. പശ്ചാത്താപം ധ്വനി.

അവന്നു വഴി കാട്ടുംപോൽ പറന്നൂ പൊൽപ്പതാകകൾ!
(ജ്ഞാനകൃഷ്ണൻ)

ധൃതരാഷ്ട്രരെ കാണാൻ രാജധാനിയിലേക്കു പോയ കൃഷ്ണന് വഴി കാട്ടുകയാണോ എന്നു തോന്നുമാറ് പൊൽപ്പതാകകൾ പറന്നു. 'രാജധാനിയിലെ വേലക്കാർ പോൽപ്പതാകകൾ(ളെ) പറത്തി (തൂക്കി)' എന്ന അർഥത്തിൽ കർമത്തെ കർത്താവാക്കിയാണ് ഇവിടത്തെ പ്രയോഗം. അവ അദ്ദഹത്തോടുള്ള ബഹുമാനം കൊണ്ട് സ്വയമേവ അങ്ങനെ ചെയ്തതാണെന്നു തോന്നും എന്നു വ്യംഗ്യം.

എത്ര കാലമഴലിന്റെ രാവുകളിലൂടെ നിൻ കഴലലഞ്ഞു (ശ്യാമമാധവം)

എന്ന വരിയിൽ 'നീ കഴൽകൊണ്ട് അലഞ്ഞു' എന്നതിന്റെ സ്ഥാനത്ത് കരണമായ കഴലിനെ കർത്താവായി പ്രയോഗിച്ചിരിക്കുന്നു. കൃഷ്ണന്റെ കാൽപോലും ദുഃഖമനുഭവിച്ച ആ കാലത്തിന്റെ ഭയാനകത്വത്തെപ്പറ്റി എന്തു

പറയാൻ എന്നു ധ്വനിക്കുന്നു.

## (സി) സംഖ്യാവൈചിത്ര്യവക്രത

വൈചിത്ര്യത്തിനുവേണ്ടി കവികൾ ചിലപ്പോൾ വചനം മാറി പ്രയോഗിക്കും. അത്തരം സന്ദർഭങ്ങൾ സംഖ്യാവൈചിത്ര്യവക്രതയ്ക്ക് ഉദാഹരണങ്ങളത്രേ. ഉദാ:-

മേഘം നിന്റെ മനസ്സ്; വാർന്നു പടരും കാളിന്ദി നിൻ കണ്ണുനീർ;
വ്യോമം നിന്റെ ഹൃദന്തം; ഈറയിളകും നാദങ്ങൾ നിൻ ഗദ്ഗദം;
താരം താവകസ്വപ്നം; ഇന്ദുകല നിൻ നേർത്തുള്ള രൂപം; മഹാ-
കാലം നിന്നുടെ വാഴ്‌വ്; നീലമയിലേ നീ രാധതൻ സങ്കടം!
(രാധാമാധവം)

ഇവിടെ മറ്റെല്ലായിടത്തും വചനപ്പൊരുത്തം ദീക്ഷിക്കുമ്പോൾ, 'ഈറയിളകും നാദങ്ങൾ നിൻ ഗദ്ഗദം' എന്ന ഭാഗത്ത് നാദങ്ങൾ എന്ന് ബഹുവചനവും ഗദ്ഗദം എന്ന് ഏകവചനവുമാണ് പ്രയോഗിച്ചിരിക്കുന്നത്. കൃഷ്ണൻ അന്ത്യസമയത്ത് രാധയെ ഓർക്കുകയാണ്. ഈറയിളകുന്ന ശബ്ദങ്ങളെ രാധയുടെ ഗദ്ഗദമായി കല്പിച്ചതുകൊണ്ട് അനേകം നാദങ്ങളുണ്ടെങ്കിലും അവ ഒന്നെന്നപോലെ രാശീഭൂതമായി ഒരൊറ്റ ഗദ്ഗദമായിരിക്കയാണ്; അതിന്റെ സാന്ദ്രത വർധിച്ചിരിക്കുന്നു എന്നു ധ്വനി.

നൂറു ചോദ്യങ്ങളെൻനേർക്കിന്നായിരം ശരമാരിയായ്
നീളുന്നു; നേരിടാനാവാതെന്മനം തളരുന്നിതാ! (രാധാമാധവം)

ഇവിടത്തെ നൂറും ആയിരവും ആ സംഖ്യകളെയല്ല, അസംഖ്യത്വത്തെയാണ് കുറിക്കുന്നത്. രാധയിൽനിന്ന് അനേകം ചോദ്യങ്ങൾ അനേകമനേകം ശരങ്ങളായി കൃഷ്ണന്റെമേൽ ചൊരിയുന്നു. കൃഷ്ണന്റെ രാധയുടെ നേർക്കുള്ള പശ്ചാത്താപാധിക്യം വ്യഞ്ജിക്കുന്നു.

എന്നാൽ വാച്യാർഥത്തിൽ ഇങ്ങനെ അമുഖ്യവും വ്യംഗ്യാർഥത്തിൽ മുഖ്യവുമായ അർഥം വരുന്ന ഭാഗങ്ങളും ചിലപ്പോൾ കാണാം. ഉദാ:-

നവയൗവനയുക്തന്മാർ വീരരാജകുമാരകർ
ആയിരം കൺകളാലെന്നെപ്പുണർന്നേ നിന്ന മോഹിതർ!
(അനന്തകൃഷ്ണൻ)

കൃഷ്ണന്റെ രഹസ്യകാമുകിയായ ദ്രൗപദി സ്വയംവരസന്ദർഭത്തെപ്പറ്റി തന്നോട് പറയുന്നതായി അദ്ദേഹം വിചാരിക്കുന്നു. ദ്രൗപദിയെ വേൾക്കണമെന്നു മോഹിച്ച നൂറുകണക്കിനു രാജാക്കന്മാർ അവളെ ശൃംഗാരാവിഷ്ടരായി നോക്കി. ഇവിടെ അഞ്ഞൂറ് (ആയിരം കൺകളാണല്ലോ. അതുകൊണ്ട് അതിന്റെ പകുതി) എന്നതിന് അമുഖ്യാർഥം. അവർ സഹസ്രനേത്ര (ദേവേന്ദ്ര)ഭാവം കൈക്കൊണ്ടു എന്നു ധ്വനി. ഇവിടെ ആയിരത്തിന് മുഖ്യാർഥം. ദേവേന്ദ്രപുത്രനെയാണ് (അർജുനനെയാണ്) അവൾക്ക് പിന്നീട്



വരിക്കേണ്ടിവന്നത് എന്ന വസ്തുത ഈ ധ്വനിയുടെ വെളിച്ചത്തിൽ ഏറെ കൗതുക കരമായിത്തോന്നും!

## (ഡി) പുരുഷവൈചിത്ര്യവക്രത

വൈചിത്ര്യത്തിനുവേണ്ടി താൻ, അന്യൻ എന്ന അർഥത്തിലുള്ള പദങ്ങൾ വിപരീതമായി പ്രയോഗിക്കുന്നിടത്ത് പുരുഷവൈചിത്ര്യവക്രത. **ഉദാ:-**

നേടീ രാജ്യമിതെന്നുതന്നെ പലരും ചൊല്ലാ,മതിൽ തോർന്നുണ-
ങ്ങീടില്ലേതൊരു കാലവും ചുടുനിണച്ചാലെന്നറിഞ്ഞോനിവൻ!
(ധർമ്മദുഃഖം)

ധർമപുത്രർ കൃഷ്ണനോട് തന്റെ നൈരാശ്യം പ്രകടിപ്പിക്കുന്ന സന്ദർഭം. ഞാൻ എന്ന് ഉത്തമപുരുഷനു പകരം ഇവൻ എന്ന് പ്രഥമപുരുഷ പ്രയോഗം. ധർമപുത്രരുടെ വിനയം വ്യംഗ്യം.

കണ്ടു ലോകമിരുട്ടത്തു നിത്യമഞ്ചു വിളക്കുകൾ!
അവ നിന്നുതിളങ്ങുന്നുണ്ടഞ്ചു താലത്തിലിപ്പൊഴും!
അവയെക്കാണുവോരാരു കാണുന്നു മധുസൂദനാ,
വഴിതെറ്റാതതേക്കൊണ്ടുപോയിടും പുഴയൊന്നിനെ?
(അനന്തകൃഷ്ണൻ)

ദ്രൗപദി കൃഷ്ണന്റെ രഹസ്യകാമുകിയെന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ ആസന്നമരണചിന്തകളിൽ ഇടം പിടിക്കുന്നു. അവൾ ഭർത്താക്കന്മാരായ പഞ്ചപാണ്ഡവന്മാരോരുത്തരെയും തുല്യസ്നേഹത്തോടെ ഒരുമിപ്പിച്ചു കൊണ്ടുപോകാനുള്ള തന്റെ പ്രയാസം കൃഷ്ണന്റെ മുൻപിൽ വിവരിക്കുന്നു. ആ ദാമ്പത്യത്തെ വഴി തെറ്റാതെ കൊണ്ടുപോകുന്ന പുഴയാണ് താൻ എന്നാണ് പാഞ്ചാലി പറയുന്നത്. ഇരുട്ടത്തെ ആ അഞ്ചു വിളക്കുകളെ കാണുന്ന ലോകം അവയെ നിയന്ത്രിച്ചുകൊണ്ടുനടക്കുന്ന തന്നെ കാണുന്നി ല്ലെന്നും അവൾ വെളിപ്പെടുത്തുന്നു. ഇവിടെ എന്നെ എന്ന് ഉത്തമപുരുഷന്റെ സ്ഥാനത്ത് 'പുഴയൊന്നിനെ' എന്ന് പ്രഥമപുരുഷനിലാണ് പ്രയോഗം. പ്രതീകാത്മകമാണ് ഈ പുരുഷവൈചിത്ര്യവക്രതയെന്ന് മുൻപത്തേതിൽ നിന്ന് വ്യത്യാസം. ദ്രൗപദിയുടെ പരിഭവപൂർണമായ ഹൃദയം വ്യഞ്ജി ക്കുന്നു.

## (ഇ) ഉപസർഗനിപാതജനിതപദവക്രത

ഉപസർഗങ്ങളും നിപാതങ്ങളും രസാദികളെ ദ്യോതിപ്പിക്കുന്നതിനു വേണ്ടി വൈചിത്ര്യപൂർവം പ്രയോഗിക്കുന്നിടത്ത് ഉപസർഗനിപാതജനിത പദവക്രത. ഉദാ:-

സർവവും സംത്യജിച്ചെങ്ങോ സന്ന്യസിക്കാനകന്നുപോയ്
സർവമംഗലമാരാകും സ്വർണഗേഹനിവാസികൾ. (ദ്വാരകാവർത്തം)

ഈ ശ്ലോകത്തിലെ സംത്യജിച്ച്, സന്ന്യസിക്കാൻ എന്നീ ക്രിയകളിലെ സം എന്ന ഉപസർഗത്തിന്റെ പ്രയോഗം കൊണ്ടുളവാകുന്ന വൈചിത്ര്യം വക്രതാസ്പദം. ദ്വാരകയുടെ നാശത്തെത്തുടർന്ന് അവിടത്തെ നിവാസികളായ സ്ത്രീകളെക്കുറിച്ച് പറയുന്നു. അവർ പോകുമ്പോൾ എല്ലാം ത്യജിക്കുകയല്ല, സന്ത്യജിക്കുകയാണ്. സമ്യക് (വഴിപോലെ) ത്യജിക്കുക (ഉപേക്ഷിക്കുക)യാണ്. ന്യസിക്കാനല്ല, സന്ന്യസിക്കാനാണ് (സമ്യക് ന്യസിക്കുക – വേണ്ടവണ്ണം ഉപേക്ഷിക്കുക) പോകുന്നത്. അവരുടെ ത്യാഗത്തിന്റെയും ന്യാസത്തിന്റെയും പാരമ്യം വ്യംഗ്യം.

അതുതാൻ സത്യമെന്നേറ്റുപറഞ്ഞേ നിന്ന ഫൽഗുനൻ
നിനക്കു തേരുയർത്താനായ് സമയം തന്നതോർപ്പു ഞാൻ!
(കർണ്ണാതപം)

വില്ലു താഴെ വെച്ചവനെ കൊല്ലുന്നതു ധർമാണോ എന്ന് കർണൻ ചോദിച്ചപ്പോൾ, കർണനെ കൊല്ലാൻ തക്കം പാർത്തുനിൽക്കുന്ന അർജുനന്റെ പ്രതികരണമാണിവിടെ വവരിക്കുന്നത്. കർണൻ പറഞ്ഞതുതന്നെയാണ് സത്യം എന്ന് അർജുനൻ വീണ്ടും വീണ്ടും പറഞ്ഞു കൊണ്ട് ഒന്നും ചെയ്യാതെ നിന്നു. അപ്പോഴാണ് കർണനെ കൊല്ലേണ്ടതെന്ന് കരുതുന്ന കൃഷ്ണൻ അർജുനന്റെ ധർമബോധത്തെക്കുറിച്ച് മതിപ്പോടെ ആലോചിക്കുകയാണ്, അന്ത്യവേളയിലാണെങ്കിലും. അതു സത്യം എന്നല്ല, അതുതാൻ സത്യം എന്നാണ് കവി പറഞ്ഞിരിക്കുന്നത്. ഇതുപോലെ ഫൽഗുനൻ പറഞ്ഞു നിന്നു എന്നല്ല, പറഞ്ഞേ (പറഞ്ഞുതന്നെ, പറഞ്ഞു കൊണ്ടുതന്നെ) നിന്നു എന്നാണ് പ്രയോഗം. ഈ താൻ, ഏ എന്നീ പ്രയോഗ ങ്ങൾ ഇപ്പറഞ്ഞ സവിശേഷാർഥങ്ങളിലൂടെ അർജുനന്റെ ധർബോധതീവ്രത വ്യഞ്ജിപ്പിക്കുന്നു.

ഏ എന്ന് ഈ അർഥത്തിലല്ലാതെയും വരാം. ഉദാ:–

ഇഷ്ടദേവകളെസ്സർവം വിളിച്ചുള്ളമഴിഞ്ഞു ഞാൻ
പറഞ്ഞു: കൃഷ്ണവർണൻതാൻ വിജയിച്ചെത്തിടേണമേ!
(അനന്തകൃഷ്ണൻ)

തന്റെ രഹസ്യകാമുകിയായ ദ്രൗപദി തന്നോട് സ്വയംവരസന്ദർഭത്തെപ്പറ്റി പറയുന്നതായി കൃഷ്ണൻ വിചാരിക്കുന്നു. അവൾ കൃഷ്ണനെ സ്വയംവരം ചെയ്യണമെന്നാണ് ആഗ്രഹിച്ചിരുന്നത്. അദ്ദേഹംതന്നെ അസ്ത്രപരീക്ഷയിൽ ജയിക്കുമെന്നും പ്രതീക്ഷിച്ചു. ആ പ്രാർഥനയാണ്, “കൃഷ്ണവർണൻ താൻ വിജയിച്ചെത്തിടേണമേ!” ഇവിടത്തെ ഏ എന്ന പ്രയോഗം അവളുടെ ഉള്ളഴിഞ്ഞ പ്രാർഥനയുടെ അഗാധത ദ്യോതിപ്പിക്കുന്നു.

ഓ എന്ന വികല്പനിപാതത്തെ വ്യത്യസ്തമായ അർഥത്തിലും പ്രയോഗിക്കാം. ഉദാ:–



മങ്ങുമാത്മപ്രകാശത്താലവനെത്തൊട്ടുഴിഞ്ഞുവോ?
അതീവ ധന്യമീ സ്പർശമെന്നവൻ വാങ്ങിനിന്നുവോ?
(ദ്വാരകാവർത്തം)

കൃഷ്ണനെ തെറ്റിദ്ധരിച്ച് അമ്പെയ്ത വേടൻ അദ്ദേഹത്തിന്റെ അടുത്തുവന്ന് തെറ്റ് ഏറ്റു പറയുന്നു. അപ്പോഴേക്കും തന്റെ ജീവിതമാകെ പരാജയമാണെന്നു വിലയിരുത്തുന്ന കൃഷ്ണൻ മങ്ങുന്ന ആത്മപ്രകാശം കൊണ്ട് അവനെ തൊട്ടുഴിഞ്ഞു. ആ സ്പർശം കൊണ്ട് ധന്യനായ അവനും പിൻവാങ്ങിനിന്നു. ഈ വസ്തുത വർണിക്കവേ ഇവിടെ രണ്ടിടത്തും ഓ എന്ന നിപാതം ചേർത്തിരിക്കുന്നു. ആ രണ്ടു ക്രിയകളിലുമുള്ള നിശ്ചയാന്തമായ സംശയത്തെ ആ നിപാതങ്ങൾ കുറിക്കുന്നു. കൃഷ്ണന്റെ മാഹാത്മ്യവും വേടന്റെ അദ്ദേഹത്തോടുള്ള പശ്ചാത്താപഭരിതമായ സ്നേഹഭക്തി ബഹുമാനങ്ങളും വ്യംഗ്യം.

എന്നൊക്കെയാ വഴി പിഴച്ചു മിതോഷ്ണശൈത്യം
നന്നായ്പ്പുലർത്തിമരുവേണ്ട മനസ്സു നിത്യം
കൊള്ളേണ്ട നേരമതുവിട്ടു ചിലപ്പൊഴെല്ലാം
എങ്ങൊക്കെയോ നിഴലു തേടിയലഞ്ഞു കഷ്ടം! (വിഷാദപർവം)

തന്റെ മനസ്സ് എപ്പോഴും നിഷ്പക്ഷമായിരിക്കണമെന്നു കൃഷ്ണന്നറിയാം. പക്ഷേ പലപ്പോഴും അങ്ങനെയല്ല ഉണ്ടായത്! ന്യായമായി സ്വീകരിക്കേണ്ടത് ചിലപ്പോൾ സ്വീകരിച്ചില്ല. നിഴൽ തേടി എവിടെയൊക്കെയോ അലയുകയാണുണ്ടായത്! ആകപ്പാടെ ജീവിതത്തിൽ വിജയമെന്നു തോന്നിയതിലധികവും പരാജയമായിരുന്നു. ഈ പശ്ചാത്താപാതിശയവും, മരണം തൊട്ടുമുൻപിൽ വന്നുനിൽക്കുന്നതിനാൽ ഇനി ഒന്നും തിരുത്താനാവില്ലല്ലോ എന്ന അതിയായ വിഷമവും വിഷാദവും ധ്വനിപ്പിക്കുകയാണ് ശ്ലോകാന്ത്യത്തിൽ പ്രയോഗിച്ച കഷ്ടപദം.

നീറും പക തന്നുമിത്തീയെരിഞ്ഞുയർ–
ന്നീടും മനസ്സുമായ് നിൽക്കുന്ന കൃഷ്ണതൻ
കോപാന്ധമാം വാക്കിനായ്പ്പോയ്, വിവേകമുൾ–
ച്ചേരുന്ന ബോധത്തെളിച്ചത്തിലും വില! (മാതൃവാക്യം)

എന്ന കൃഷ്ണന്റെ പശ്ചാത്താപപൂർണമായ ആസന്നമരണചിന്ത യുദ്ധം ഒഴിവാക്കാൻ താൻ ശ്രമിക്കുന്നതിന് തടസ്സം വിവേകത്തിനുമേൽ വികാരം ചെലുത്തിയ അമിതസ്വാധീനമായിരുന്നുവെന്ന് പ്രകടമാക്കുന്നു. തന്റെ ‘രഹസ്യകാമുകി’യായ പാഞ്ചാലി നീറുന്ന പകയുടെ ഉമിത്തീയിൽ എരിഞ്ഞുയർന്ന മനസ്സുമായി നിൽക്കുകയാണ്. അവളുടെ കോപാന്ധമായ വാക്കിനായിപ്പോയി, യുദ്ധം ശരിയോ തെറ്റോ, ന്യായമോ അന്യായമോ, അനിവാര്യമോ ഒഴിവാക്കാവുന്നതോ എന്ന വിവേകപൂർവമായ ചിന്തയുടെ തെളിച്ചത്തേക്കാൾ താൻ വില കല്പിച്ചത് എന്നു കൃഷ്ണൻ മരണം വന്നു വിളിക്കുന്ന അവസാനനിമിഷത്തിൽ ആലോചിക്കുന്നു. കോപാന്ധമാം

വാക്കിനായ്പ്പോയ് എന്ന വാചകത്തിലെ പോയ് എന്ന അനുപ്രയോഗം വക്രതാസ്പദം. തന്റെ ആ വൈകാരികമായ സമീപനത്തിന്റെ അടിസ്ഥാന ത്തിലുള്ള യുദ്ധം അനിവാര്യമായിരുന്നുവെന്ന നിഗമനം തികച്ചും അബദ്ധ മായി എന്ന പശ്ചാത്താപം ധ്വനി.

ചിദ്രൂപം വിലയിക്കുവാനിനിയുമില്ലേറെ ക്ഷണം; പ്രജ്ഞയിൽ
ഭദ്രം താൻ നിഴലായി വന്ന പലതാം രൂപങ്ങൾ; എന്നാലിതാ,
തങ്ങുന്നൂ മിഴികൾക്കു മുമ്പിലൊരു രൂപം; പാർഥനോ? നീയുമീ
മങ്ങും സന്ധ്യയിലെന്തിനീ വര,വിദം ചോദിച്ചുപോയ് കേശവൻ!

(അനുഗീത)

എന്നപദ്യത്തിലെ ഉം എന്ന നിപാതം വ്യഞ്ജകം. കൃഷ്ണൻ വിചാരിക്കുകയാണ്: ഇതാ, താൻ മരിക്കാറായി. പല രൂപങ്ങളും മുന്നിൽ വന്ന് മിന്നി മറഞ്ഞു പോകുന്നു. അർജുനാ, നീയും വന്നോ? – നീ വന്നോ എന്നല്ല; നീയും വന്നോ എന്നാണ്. ഈ നിപാതപ്രയോഗവൈചിത്ര്യവക്രത,. തീർത്തും പശ്ചാത്താപവിവശനായി നിൽക്കുന്ന തന്റെ ഈ അന്ത്യനിമിഷ ത്തിൽ, ആർക്കുവേണ്ടിയാണോ താൻ മുഖ്യമായി ഈ തെറ്റുകളെല്ലാം ചെയ്തത്, ഉറ്റ ചങ്ങാതിയായ ആ നീ ഇപ്പോൾ വന്ന് തന്റെ വൈവശ്യം വർധിപ്പിക്കുമെന്ന് നിനച്ചില്ല എന്ന കൃഷ്ണാശയം ദ്യോതിപ്പിക്കുന്നു,

മറ്റൊരുദാ:–

മാലയിട്ടു വരിച്ചോരന്നാളിലാദ്യത്തെ രാത്രിയിൽ–
പ്പോലുമെത്തിയതില്ലാ താൻ അവളെത്തേടി വൈകിയും.

(ഛായാകൃഷ്ണൻ)

ആസന്നമൃത്യുവായ കൃഷ്ണൻ തന്റെ രാജ്ഞിയായ രുഗ്മിണിയെ ഓർമിക്കുന്നു. സമർപ്പിതമനസ്കയായ ആ ധർമപത്നിയോട് താൻ ഒട്ടും നീതി കാണിച്ചില്ലെന്നു കൃഷ്ണൻ ദുഃഖിക്കുന്നു. ആദ്യരാത്രിയിലെപ്പോലും സ്ഥിതി ഇതാണ്. താൻ അന്നുപോലും അവളെ അന്വേഷിച്ച് വൈകി യെങ്കിലും എത്തിയില്ലെന്ന് അദ്ദേഹം അനുസ്മരിക്കുന്നു. വൈകിയും എന്ന പ്രയോഗത്തിലെ ഉം എന്ന നിപാതം വക്രതാസ്പദം. ആദ്യരാത്രിയല്ലേ? വൈകിയിട്ടെങ്കിലും എത്തിയാൽ രുഗ്മിണിക്ക് അത്രയെങ്കിലും ആശ്വാസ മാകുമായിരുന്നു. തന്റെ സ്നേഹം അത്രത്തോളമെങ്കിലും കാണിക്കാമാ യിരുന്നു. അതും ചെയ്തില്ല. അത്ര അപരാധവും അവഗണനയുമാണ് താൻ ആ സാധ്വിയോട് കാട്ടിയത് എന്നെല്ലാമുള്ള കൃഷ്ണന്റെ പശ്ചാത്താപ പൂർണമായ വിചാരപരമ്പര വ്യംഗ്യം.

അല്ലോ എന്നതും ചിലപ്പോൾ വ്യഞ്ജകമായി വരാറുണ്ട്. ഉദാ:–

എന്റെയുള്ളം കടഞ്ഞേ ഞാൻ തീർത്തൊരെൻ കൃഷ്ണനീവിധം
മാറുമെന്നോർത്തതില്ലല്ലോ; മാറി നീ മറ്റൊരാളു താൻ!

(അനന്തകൃഷ്ണൻ)



കൃഷ്ണന്റെ രഹസ്യകാമുകിയായ ദ്രൗപദി അദ്ദേഹം ഒരിക്കലും മാറുകയില്ല, പെരുമാറ്റത്തിൽ മാറ്റം വരുത്തുകയില്ല, എന്നാണ് വിചാരിച്ചിരുന്നത്. കാരണം, തന്റെ മനസ്സുകൊണ്ട് കടഞ്ഞെടുത്ത് തീർത്ത താണാ കൃഷ്ണവിഗ്രഹം! അദ്ദേഹം അവളുടെ സ്വന്തമാണെന്നർഥം. അതുകൊണ്ടുതന്നെ കൃഷ്ണൻ മാറുകയില്ലെന്നാണ് അവൾ കരുതിയത്. അങ്ങനെ കരുതാൻ അവൾക്ക് പ്രത്യേകാവകാശം തന്നെയുണ്ട്. ഈ ആശയം വ്യഞ്ജിപ്പിക്കുന്നതാണ് അല്ലോ എന്ന ശബ്ദം.

★

# 5. വാകൃവക്രത

*വക്രോക്തിജീവിതം* മൂന്നാമുന്മേഷത്തിൽ വാക്യവക്രത സപ്രപഞ്ചം വിശദീകരിക്കുന്നു. അർഥാലങ്കാരവൈചിത്ര്യത്തെയാണ് വാക്യ വക്രത എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. രസവത്, ദീപകം, രൂപകം, അപ്ര സ്തുതപ്രശംസ, പര്യായോക്തം, വ്യാജസ്തുതി, ഉൽപ്രേക്ഷ, അതിശയോ ക്തി, ഉപമ, ശ്ലേഷം, വ്യതിരേകം, വിരോധം, ദൃഷ്ടാന്തം, അർഥാന്തരന്യാ സം, ആക്ഷേപം, വിഭാവന, സസന്ദേഹം, അപഹ്നുതി, സംസൃഷ്ടി, സങ്കരം എന്നിങ്ങനെ ഇരുപത് അലങ്കാരങ്ങളെ മാത്രമേ കുന്തകൻ അംഗീകരിക്കു ന്നുള്ളൂ. വിച്ഛിത്തിവിശേഷമാണ് അലങ്കാരവിഭജനത്തിൽ അദ്ദേഹം സ്വീക രിച്ച ഒരു മാനദണ്ഡം. വിച്ഛിത്തിവിശേഷമെന്നാൽ സൗന്ദര്യവിശേഷം. കവി പ്രതിഭാനിർവർത്തിതത്വമാണ് മറ്റൊന്ന്. അതായത്, കവിപ്രതിഭ' കൊണ്ട് നിർമ്മിക്കപ്പെടുന്നത്. ആനന്ദവർധനൻ *ധ്വന്യാലോക*ത്തിൽ ഗുണം, രീതി മുത ലായ മറ്റു കാവ്യഘടകങ്ങളെപ്പോലെ അലങ്കാരവും രസൈകതാനമാവണ മെന്ന് നിഷ്കർഷിക്കുന്നുണ്ടല്ലോ. കർണന്റെ കവചകുണ്ഡലങ്ങളെപ്പോലെ അടർത്തിമാറ്റിയാൽ ചോര പൊടിയുന്നവയാണ് ധ്വനികാവ്യത്തിലെ അല ങ്കാരങ്ങൾ എന്നർഥം. *അലങ്കാരസർവസ്വം, രസഗംഗാധരം* മുതലായ മറ്റു പ്രമുഖസംസ്കൃതസാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ നൽകുന്ന അലങ്കാരവീ ക്ഷണവും ഇതുതന്നെയത്രേ. പ്രഭാവർമയുടെ *ശ്യാമമാധവ*ത്തിൽനിന്ന് ഈ അലങ്കാരങ്ങൾക്ക് ഉദാഹരണം കണ്ടെത്താം.

## 1. രസവത്

മേഘം നിന്റെ മനസ്സ്; വാർന്നു പടരും കാളിന്ദി നിൻ കണ്ണുനീർ;
വ്യോമം നിന്റെ ഹൃദന്തം; ഈറയിളകും നാദങ്ങൾ നിൻ ഗദ്ഗദം;
താരം താവകസ്വപ്നം; ഇന്ദുകല നിൻ നേർത്തുള്ള രൂപം; മഹാ–
കാലം നിന്നുടെ വാഴ്‌വ്; നീലമയിലേ നീ രാധതൻ സങ്കടം!

(രാധാമാധവം)

കാളിന്ദിക്കരയിലെ പൂനിലാവത്തെ ആ വൃന്ദാവനരംഗത്തെ അനന്തമായ കാലത്തിന്റെ വിശാലമായ പശ്ചാത്തലത്തിൽ രാധാസമാഗമകേളികളെ അനുസ്മരിപ്പിക്കുന്ന വിപ്രലംഭശൃംഗാരരസം ഇവിടെ വ്യംഗ്യരൂപത്തിൽ ആവിഷ്കൃതമാണെങ്കിലും മേഘത്തെ രാധയുടെ മനസ്സായും കാളിന്ദിയെ അവളുടെ കണ്ണുനീരായും ആകാശത്തെ (അവളുടെ) ഹൃദയമായും ഈറയിളകുന്ന നാദങ്ങളെ അവളുടെ ഗദ്ഗദമായും താരത്തെ അവളുടെ സ്വപ്നമായും ഇന്ദുകലയെ അവളുടെ നേർത്ത രൂപമായും കാലത്തെ അവളുടെ ജീവിതമായും നീലമയിലിനെ



അവളുടെ സങ്കടമായും രൂപണം ചെയ്യുന്ന ഈ ശ്ലോകത്തിലെ വാച്യമായ രൂപകപരമ്പര ആ വ്യംഗ്യ ത്തെയും അതിശയിച്ചുനിൽക്കുന്നു. അതിനാൽ ഗുണീഭൂതവ്യംഗ്യ രൂപമായ രസവദലങ്കാരം. രാധയുടെ വിരഹവിപ്രലംഭവും തന്നെ ഏറ്റവുമധികം സ്നേഹിച്ച അവളോട് താൻ ഒട്ടും നീതി കാണിച്ചില്ലെന്ന കൃഷ്ണന്റെ പശ്ചാത്താപബോധവും വ്യഞ്ജിക്കുന്നു.

## 2. ദീപകം

അതു നിൻ പാദമെന്നിപ്പോൾ അറിഞ്ഞു മധുസൂദന!
തിരികെപ്പോന്നിടാ ശാപം; ശരവും; നീ പൊറുക്കുക.

(ദ്വാരകാവർത്തം)

കൃഷ്ണനെ അമ്പെയ്ത വേടൻ, കൃഷ്ണമൃഗമാണെന്നു തെറ്റിദ്ധരിച്ച് കാലിൽ അമ്പെയ്തുപോയതാണെന്നു കുറ്റസമ്മതം നടത്തുന്നു. പക്ഷേ, ഇനി ഒന്നും ചെയ്യാൻ പറ്റില്ല. ചെയ്തതു ചെയ്തു. ശാപവും ശരവും തിരികെ പോരുകയില്ലല്ലോ. ശപിച്ചതു ശപിച്ചതുതന്നെ; ശരമെയ്തത് എയ്തതുതന്നെ. തിരികെപ്പോന്നിടാ എന്ന ഏകക്രിയയിൽ ശാപം, ശരം എന്നീ രണ്ടു നാമങ്ങൾ അന്വയിക്കയാൽ ദീപകം. വേടന്റെ പശ്ചാത്താപബോധം വ്യംഗ്യം.

ഒടുവിൽ ദ്വാരകേ, നിന്നെ പ്രളയാബ്ധി ഗ്രസിക്കയായ്;
ജഗദ്ഭക്ഷകനാം കാലസർപ്പം ശ്രീകൃഷ്ണ! നിന്നെയും.

(ദ്വാരകാവർത്തം)

കൃഷ്ണന്റെ രാജധാനിയായ ദ്വാരക, ദ്വാരകാനാഥനായ ശ്രീകൃഷ്ണൻ എന്നീ രണ്ടെണ്ണം, ഗ്രസിക്കയായ് എന്ന ഏകക്രിയയിൽ അന്വയിക്കപ്പെടുന്ന തിനാൽ ദീപകം. ദ്വാരകയെ പ്രളയാബ്ധിയാണ് ഗ്രസിക്കുന്നതെങ്കിൽ ശ്രീകൃഷ്ണനെ ജഗദ്ഭക്ഷകനായ കാലസർപ്പമാണ് ഗ്രസിക്കുന്നതെന്നു മാത്രം. ഭരണസിരാകേന്ദ്രം എത്ര ശക്തമായാലും ഭരണകർത്താവ് എത്ര അനശ്വരപ്രതീതിജനകനായാലും, അതിനും അദ്ദേഹത്തിനും, പ്രളയത്തിനും കാലത്തിനും മുൻപിൽ വഴങ്ങുകയേ നിവൃത്തിയുള്ളൂ എന്നു ധ്വനിക്കുന്നു.

അതു നേരെങ്കിലെ,ന്താരും അറിയാതുള്ളതൊന്നു താൻ.
കാറ്റിന്നു ചെല്ലുവാനാവാത്തിടമില്ല; മനസ്സിനും. (രാധാമാധവം)

കൃഷ്ണന്റെ സ്നേഹം കാറ്റിനെപ്പോലെയാണ്. അതിന് എത്താനാ വാത്ത സ്ഥലമില്ല. മനസ്സും അങ്ങനെത്തന്നെ. അതിനും എവിടെയും ചെല്ലാം. രാധയോടുള്ള മാധവന്റെ പ്രേമം ഇതുപോലെയാണെന്നു താല്പര്യം. ചെല്ലുവാനാവാത്തിടമില്ല എന്ന ഏകക്രിയയിൽ കാറ്റ്, മനസ്സ് എന്നീ രണ്ടു നാമങ്ങളുടെ അന്വയം. കാറ്റും മനസ്സും ഒരുപോലെ – സർവവ്യാപിയാണ്, ഒപ്പം ചഞ്ചലവും എന്നു വ്യംഗ്യം.

3. രൂപകം

ചേതോദർപ്പണം! ഇങ്ങു മേഘമയിലിൻ നീലത്തഴച്ഛായ തൻ
ശ്രീതാവുന്ന വിധം തെളിഞ്ഞു ഹരി നിൻ ശോകാവിലം മാനസം!
(കൃഷ്ണായനം)

ചേതസ്സിനെ ദർപ്പണമായും മേഘത്തെ മയിലായും രൂപണം ചെയ്തിരിക്കുന്നു. മാനസ(മനസ്സ്)മാകുന്ന മാനസം (മാനസസരസ്സ്) എന്നും വേണമെങ്കിൽ ഒരു രൂപകം കൂടി കല്പിക്കാം. ഇവിടെ വലിയ പ്രസക്തി യില്ലെന്നു മാത്രം. കൃഷ്ണൻ മരണത്തിനു തൊട്ടുമുമ്പ് കഴിഞ്ഞ കാലത്തെ യും വ്യക്തികളെയും സംഭവങ്ങളെയും പറ്റി ഒരു തരം ദുരന്തച്ഛായയോടെ ചിന്തിക്കുന്നതായി ചിത്രീകരിക്കുന്ന *ശ്യമമാധവ*മെന്ന കാവ്യത്തിന് സമുചി തം തന്നെ അതിനു പശ്ചാത്തലമൊരുക്കുന്ന ഈ രൂപകമാല കലർന്ന ആരംഭം.

ശോകക്കാർമുകിലെപ്പിളർത്തി വളർമിന്നൽക്കൊത്തു വെട്ടം പകർ–
ന്നേകും നിൻമുഖമെന്നു കേട്ടു; ഹരി ഞാൻ കണ്ടീലയിന്നോളവും!
(കൃഷ്ണായനം)

ശോകവും കാർമുകിലും തമ്മിൽ അഭേദം കല്പിക്കുന്നു. ദുഃഖിനിവാര കനും പ്രസാദദായകനുമാണ് കൃഷ്ണനെന്നു വ്യഞ്ജിക്കുന്നു രൂപകത്തി ലൂടെ. ഈ ആശയം പൂർവപക്ഷസമാനമായാണ് ഇവിടെ അവതരിപ്പിച്ചതെ ന്നു കാണുക.

സത്യമന്നേ പറഞ്ഞിട്ടുണ്ടായിരുന്നെങ്കിലക്ഷണം
അഴിയും ശക്തിബന്ധങ്ങൾ; ഒഴിയും യുദ്ധമേഘവും. (കർണ്ണാതപം)

യുദ്ധത്തെ മേഘമായി രൂപണം ചെയ്യുന്നു. കർണൻ കുന്തിക്ക് സൂര്യ നിൽ ജനിച്ച പുത്രനാണെന്ന തനിക്കറിയാമായിരുന്ന സത്യം ആദ്യമേ വെളിപ്പെടുത്തിയിരുന്നുവെങ്കിൽ മഹാഭാരതയുദ്ധമേ ഒഴിവാക്കാമായിരുന്നു എന്ന കൃഷ്ണന്റെ പശ്ചാത്താപബോധം വ്യംഗ്യം.

പെയ്തുവെന്നാകിലില്ലാ താൻ ബാക്കിയെന്നറിയുമ്പൊഴും
പെയ്തു മണ്ണു കുളിർപ്പിക്കും മേഘമായ് നിന്നലിഞ്ഞവൻ!
(കർണ്ണാതപം)

കർണനോട് താൻ നീതികാണിച്ചില്ലെന്ന് കൃഷ്ണൻ ആസന്നമരണ ചിന്തകളിൽ പശ്ചാത്തപിക്കുന്നു. കർണന്റെ മഹത്ത്വത്തെ ഒളിപ്പിച്ചുവെക്കുക യാണ് താൻ ചെയ്തത്. കർണനും മേഘവും തമ്മിൽ അഭേദം കല്പിക്കുക യാണിവിടെ. മഴ പെയ്താൽ താൻ പിന്നെ ബാക്കിയില്ലെന്നു മേഘത്തിന്ന റിയാം. എന്നിട്ടും അദ്ദേഹം പെയ്ത് മണ്ണു കുളിർപ്പിക്കുന്ന മേഘമായി അലി ഞ്ഞു! താൻ മരിക്കുമെന്നറിഞ്ഞുകൊണ്ടാണ് സഹജമായ കവചകുണ്ഡല ങ്ങൾ ബ്രാഹ്മണവേഷധാരിയായി തന്നെ സമീപിച്ച ദേവേന്ദ്രന് അദ്ദേഹം ദാനം ചെയ്തത്. കർണന്റെ ദാനമാഹാത്മ്യവും പരാർഥൈകസ്വാർഥതയും



ധ്വനിക്കുന്നു.

നേർത്തുനേർത്തെത്തിടും ധൂമം മേഘമായിക്കനത്തുവോ?
അതിന്നു പടരാൻ കൃഷ്ണഹൃദയം വ്യോമമായിതോ? (കർണ്ണാതപം)

മരണടുത്തപ്പോഴത്തെ കൃഷ്ണന്റെ ചിന്ത ചെയ്തുപോയ കാര്യങ്ങളി ലുള്ള പ്രായശ്ചിത്തമായി തപിക്കുകയാണ്. നേർത്തുനേർത്തെത്തുന്ന പുക മേഘമായി കനക്കുന്നതായും ആ മേഘം പടരാനുള്ള ആകാശമായി തന്റെ ഹൃദയം മാറുന്നതായും കൃഷ്ണനു തോന്നുന്നു. ധൂമത്തെ മേഘമായും കൃഷ്ണഹൃദയത്തെ ആകാശമായും രൂപണം ചെയ്തിരിക്കുന്നു. തന്റെ ഹൃദയത്തെ കർണമാഹാത്മ്യം തെളിഞ്ഞുകാണുന്ന ആകാശമായി കല്പിക്കുകയാണിവിടെ. താൻ കർണന്റെ മഹത്ത്വത്തെ എന്നും കുറച്ചു കാട്ടാൻ ശ്രമിച്ചുവെന്ന പശ്ചാത്താപം വ്യംഗ്യം.

വാനിൽ കാർമുകിലിൻ കരാളനയനം പെയ്യും തമസ്സാണ്; ഭൂ–
ലോകത്തേരകയുദ്ധമുഗ്രപടഹം താക്കും മുഴക്കങ്ങളും!
(ധർമ്മസംഗരം)

കാർമുകിലിനെ കരാളനയനം പെയ്യുന്ന തമസ്സായും, ഭൂലോകത്തെ തേരകമായും രൂപണം ചെയ്യുന്നു. വാനും പാരും, രണ്ടും, ശോകാവിലമെന്നു വ്യംഗ്യം. ജയദ്രഥനോട് താൻ തെറ്റ് ചെയ്തുവെന്ന ബോധം കൃഷ്ണന്ന് ഉണ്ടാവുന്നതിന്റെ പശ്ചാത്തലമൊരുക്കുകയാണ് ഈ ശ്ലോകാർധം.

ഒരുമിച്ചീല വാഴ്‌വിൽനാമെങ്കിലും കൃഷ്ണനീ മനം
അറിയുന്നെന്ന സങ്കല്പലോകമല്ലീ ചമച്ചു നീ!
അതിൽ നട്ടുനനച്ചേ നീ വളർത്തും പുഷ്പവാടിയിൽ
കനൽക്കാറ്റായി വന്നെന്നോ എന്റെ വാക്കിൻ നിദാഘവും?
(രാധാമാധവം)

വിവാഹബന്ധം മുഖേന രാധാകൃഷ്ണന്മാർ ജീവിതത്തിൽ ഒരുമിച്ചില്ലെ ങ്കിലും കൃഷ്ണൻ തന്റെ പ്രേമപൂർണമായ മനസ്സ് അറിയുമെന്ന സങ്കല്പ ലോകമാണ് അവൾ സൃഷ്ടിച്ചത്. ആ സങ്കല്പലോകത്തിൽ അവൾ നട്ടുനനച്ചുവളർത്തിയ പൂന്തോട്ടത്തിൽ കൃഷ്ണൻ കനൽക്കാറ്റായാണോ കടന്നുവന്നത്? കൃഷ്ണന്റെ വാക്കിൽ ചുടുവേനൽക്കാലമാണോ അനുഭവ പ്പെട്ടത്? കൃഷ്ണൻ അവസാനം രാധയോട് ഒരു യാത്രാമൊഴിപോലും പറയാ തെയാണല്ലോ എന്നെന്നേക്കമായി പിരിഞ്ഞുപോയത്! ഇവിടെ കൃഷ്ണനു മായി ഒരുമിച്ചു ജീവിക്കുന്നതായി രാധ സങ്കല്പലോകത്തിൽ പടുത്തുയർ ത്തിയ പുഷ്പവാടിയിലേക്ക് വന്ന കനൽക്കാറ്റായി (ആസന്നമരണനായി രാധയെ പശ്ചാത്താപപൂർവം മുന്നിൽ വന്നതായി കാണുന്ന) കൃഷ്ണനെ യും ഗ്രീഷ്മർത്തുവായി (ചെയ്തുപോയ തെറ്റെല്ലാം പൊറുക്കണമെന്ന) കൃഷ്ണന്റെ വാക്കിനെയും കല്പിച്ചിരിക്കുന്നു. തന്നോട് ക്ഷമിക്കാൻ രാധ തയ്യാറാകുന്നില്ലെന്ന കൃഷ്ണന്റെ ദുഃഖസന്തപ്തമായ തോന്നൽ വ്യംഗ്യമായി

പ്രകാശിക്കുന്നു.

ആരെയോ തിരയും മട്ടങ്ങിഴയുന്നുണ്ടു കണ്ണുകൾ;
പളുങ്കുജലപാത്രത്തിൽ പുളയും കരിനാഗമായ്! (ആരണ്യകൃഷ്ണൻ)

കൃഷ്ണന്റെ ആസന്നമരണചിന്തകളിൽ ഒരു നിമിഷത്തിൽ, ഏതാണ്ട് ഭ്രാന്തനെപ്പോലെയായിത്തീർന്ന തന്റെ മുമ്പിൽ, അച്ഛനെ ചതിച്ചുകൊന്നതിൽ ധൃഷ്ടദ്യുമ്നനോടും അതിനു പേരിപ്പിച്ചതിൽ പാണ്ഡവരോട് പൊതുവിലും കൃഷ്ണനോട് വിശേഷിച്ചും പ്രതികാരം ചെയ്യാനായി ഭ്രാന്തനെപ്പോലെ അലഞ്ഞുനടക്കുന്ന അശ്വത്ഥാമാവിനെ കാണുന്നതായി തോന്നുന്നതാണ് സന്ദർഭം. ആരെയോ അന്വേഷിക്കുന്ന മട്ടിൽ ഇഴയുന്ന അശ്വത്ഥാമാവിന്റെ കണ്ണുകൾക്കും പളുങ്കുജലപാത്രത്തിൽ പുളയുന്ന കരിനാഗത്തിനും തമ്മിൽ അഭേദം കല്പിച്ചിരിക്കയാൽ രൂപകം. ഗുരുപുത്രന്റെ പ്രതികാരവിഷാധിക്യം വ്യംഗ്യം.

എല്ലാ വേനലിലും കുളിർമ പകരും നീർത്തുള്ളിയായ്, നെഞ്ചകം
തിങ്ങും വേദനയങ്ങുഴിഞ്ഞുകളയും സ്നേഹാർദ്രസുസ്പർശമായ്
എന്നും തന്നെയൊരാളെ മാത്രമകമേ ചിന്തിച്ചു ശീതാംശുവായ്–
ത്തന്നേ നിന്നുറയുന്നതുണ്ടൊരു മനസ്സെന്നോർത്തതില്ലേറെയായ്!
(ഛായാകൃഷ്ണൻ)

കൃഷ്ണൻ രുഗ്മിണിയുടെ മനസ്സിനെ, എല്ലാ വേനലിലും കുളിർമ പകരുന്ന നീർത്തുള്ളിയായും നെഞ്ചകം തിങ്ങുന്ന വേദന ഉഴിഞ്ഞുകളയുന്ന സ്നേഹാർദ്രസുസ്പർശമായും എന്നും തന്നെയൊരാളെ മാത്രം മനസാ ചിന്തിച്ചു തന്നത്താൻ നിന്നുറയുന്ന ശീതാംശുവായും രൂപണം ചെയ്യുന്നു. കൊടും വെയിൽ വരുമ്പോഴെല്ലാം ആശ്വാസം പകരുന്ന നീർത്തുള്ളിയെപ്പോലെ, ദുഃഖം വരുമ്പോഴെല്ലാം തന്നെ അവൾ ആശ്വസിപ്പിക്കും. അവളുടെ സ്നേഹാർദ്രമായ നല്ല സ്പർശം തന്റെ ഏതു ദുഃഖത്തെയും ശമിപ്പിക്കും. പ്രിയതമനായ തന്നെപ്പറ്റി മാത്രം ചിന്തിച്ച് സ്വയം നിന്നുറയുന്ന ഒരു ശീതരശ്മിയാണവൾ. ആ ചിന്ത കൃഷ്ണനെ ഒട്ടുമേ ബാധിക്കുകയില്ല. രുഗ്മിണിയുടെ നിസ്വാർഥപ്രേമം വ്യഞ്ജിക്കുന്നു.

## 4. അപ്രസ്തുതപ്രശംസ

ചീറിപ്പറക്കമൊരു കാറ്റിനു നേർക്കു നിൽക്കാൻ
താരിൽത്തുടിക്കുമൊരു മഞ്ഞുകണത്തിനാമോ?
കാറ്റെത്തുമെന്നറിയുമാരു വൃഥാ നടത്തും
കാറ്റിന്നു മുന്നമതു വീഴ്ത്തുവതിൻ പ്രയത്നം! (വിഷാദപർവം)

ചീറിപ്പറക്കുന്ന കാറ്റിനു നേരെ നിൽക്കാൻ പൂവിൽ തുടിക്കുന്ന ഒരു മഞ്ഞുതുള്ളിക്കു സാധ്യമല്ല. കാറ്റ് വന്നെത്തുമെന്ന് അറിയുന്ന ആരും അതിനു മുന്നേ അതിനെ വീഴ്ത്താൻ ശ്രമിക്കില്ല – ഇത് കൃഷ്ണന്റെ വിചാരമാണ്.



കാറ്റിനെയും മഞ്ഞുതുള്ളിയെയും പറ്റിയുള്ള ഈ അപ്രസ്തുതമായ പ്രസ്താവന, വിധിക്കും കാലത്തിനും വിധേയമായ പലതിനെയും നിയന്ത്രിക്കാൻ കഴിവുണ്ടെന്നു കരുതി പല സംഭവങ്ങളിലും ഇടപെട്ട് വിജയം വരിച്ചുവെന്നു തോന്നിയ കൃഷ്ണന്റെ ആത്യന്തികമായ പരാജയമെന്ന പ്രസ്തുതമായ ആശയത്തെ പ്രകാശിപ്പിക്കുന്നു.

ഉദിച്ചതില്ല സൂര്യന്റെ കിരണംപോലെ സത്യവും!
ഉദിച്ചിരുന്നുവെന്നാകിൽ രാവു മാഞ്ഞേനെയപ്പൊഴേ. (കർണ്ണാതപം)

സൂര്യരശ്മിയെപ്പോലെ സത്യവും ഉദിച്ചതേയില്ല; ഉദിച്ചിരുന്നെങ്കിൽ അപ്പൊഴേ രാത്രി ഇല്ലാതാവുമായിരുന്നു എന്ന അപസ്തുതപ്രസ്താവനയിലൂടെ, കർണൻ സൂര്യപുത്രനും കൗന്തേയനുമാണെന്ന തനിക്കറിയാമായിരുന്ന സത്യം ആദ്യമേ വെളിപ്പെടുത്തിയിരുന്നെങ്കിൽ മഹാഭാരതയുദ്ധമേ ഉണ്ടാവുമായിരുന്നില്ലെന്ന കൃഷ്ണന്റെ പ്രസ്തുതമായ വിചാരത്തെ വെളിപ്പെടുത്തുന്നു. കർണന്റെ മഹത്ത്വത്തെ എന്നും ഇടിച്ചു കാട്ടാൻ ശ്രമിച്ചതിലുള്ള കൃഷ്ണന്റെ കഠിനമായ പശ്ചാത്താപം വ്യംഗ്യം.

വന്മരം വെട്ടിവീഴ്ത്തുമ്പോൾ കിളിക്കൂടും തകർന്നിടാം;
ഉദ്ദിഷ്ടമായിരുന്നില്ലതെന്നു വാദിപ്പതെങ്ങനെ? (അനുഗീത)

വന്മരം വെട്ടിവീഴ്ത്തുമ്പോൾ അതിന്റെ മേലുള്ള കിളിക്കൂടും തകർന്നുപോയേക്കാം; അത് നാം ഉദ്ദേശിച്ചിരുന്നതല്ലെന്നു വാദിച്ചിട്ട് കാര്യമില്ല എന്ന അപ്രസ്തുതോക്തി, യുദ്ധത്തിൽ പലരും കൊല്ലപ്പെടും; അക്കൂട്ടത്തിൽ നമുക്കു പ്രിയപ്പെട്ടവരും വേണ്ടപ്പെട്ടവരും മാത്രം മരിക്കാതിരിക്കണമെന്നാശിച്ചിട്ട് പ്രയോജനമില്ല എന്ന പ്രസ്തുതമായ ആശയത്തെ പ്രകാശിപ്പിക്കുന്നു. താൻ വിചാരിച്ചിരുന്നെങ്കിൽ യുദ്ധം ഒഴിവാക്കാമായിരുന്നുവെന്നും അങ്ങനെ ചെയ്യാതിരുന്നത് തന്റെ ജീവിതത്തിലെ ഒരു വൻതെറ്റായിപ്പോയെന്നുമുള്ള കൃഷ്ണന്റെ പശ്ചാത്താപം ധ്വനി.

ഏതു താരക വിട്ടിങ്ങു വന്നിതെന്നു നിനച്ചിടാ–
തേതു പുഷ്പവുമേറ്റുന്നൂ നെഞ്ചിലായേതു രശ്മിയും!
ഏതു ശൈലതടം വിട്ടു പോന്നുവെന്നേതുമോർത്തിടാ–
തേതു നീർച്ചാലിനും നേർക്കു കരം നീട്ടുന്നു സാഗരം! (രാധാമാധവം)

ഏതു നക്ഷത്രത്തിൽനിന്നാണ് വരുന്നതെന്നു നോക്കാതെ ഏതു പൂവും ഏതു രശ്മിയെയും നെഞ്ചിലേറ്റുന്നു. ഏതു പർവതത്തിൽനിന്നാണ് ഉറന്നു വരുന്നതെന്നോർക്കാതെ ഏതു നീർച്ചാലിനെയും സമുദ്രം കൈവരിക്കുന്നു. പൂവിനെയും സമുദ്രത്തെയും കുറിച്ചുള്ള ഈ അപ്രസ്തുത വചനങ്ങളിലൂടെ, ആരു സ്നേഹിച്ചാലും അതേറ്റുവാങ്ങുന്നതാണ് കൃഷ്ണന്റെ സ്വഭാവമെന്ന പ്രസ്തുതം ദ്യോതിപ്പിക്കുന്നു. രാധയുടെ നിഷ്കളങ്കവും നിരുപാധികവും തന്നിൽ മാത്രം സമർപ്പിതവുമായ സ്നേഹം വ്യതിരിക്തമായി കാണാൻ തനിക്ക് സാധിക്കാത്തത് ഈ പ്രകൃതം കൊണ്ടാണെന്ന് കൃഷ്ണൻ

കുറ്റബോധത്തോടെ വിചാരിക്കുന്നു.

മുറിപ്പെട്ട മുളന്തണ്ടും മുറിവേറ്റ ഹൃദന്തവും
മൂളുമീ ശോകരാഗങ്ങൾ നിത്യം; എൻ ജീവനാണതിൽ! (രാധാമാധവം)

രാധയെപ്പറ്റിയുള്ള പശ്ചാത്താപബോധം തന്നിൽ എന്നെന്നും നിലനിൽക്കുമെന്ന പ്രസ്തുതമായ ആശയത്തെ വ്യഞ്ജിപ്പിക്കുകയാണ്, മുറിപ്പെട്ട മുളന്തണ്ടും മുറിവേറ്റ ഹൃദയവും ഈ ശോകരാഗങ്ങൾ എപ്പോഴും മൂളിക്കൊണ്ടിരിക്കും എന്ന മേൽച്ചേർത്ത അപ്രസ്തുതപ്രസ്താവനയിലൂടെ കവി.

ദിവി താരസഹസ്രം പൊൽക്കതിരേറ്റിയുലാവിലും
അവ സംഘാതമായൊന്നുചേർന്നു നിൽക്കുന്നതാകിലും
അരുതശ്ശോഭകൾക്കേതും സൂര്യദീപ്തി കെടുത്തുവാൻ.
അറിയാ,മർക്കനായ്ത്തീരാൻ താരകങ്ങൾക്കസാധ്യമാം!
(ആരണ്യകൃഷ്ണൻ)

ആകാശത്തിൽ ആയിരം നക്ഷത്രങ്ങൾ സ്വർണരശ്മികൾ ചൊരിഞ്ഞു നിന്നാലും അവ കൂട്ടമായി ഒന്നിച്ചുനിന്നാലും ആ പ്രകാശത്തിനൊന്നും സൂര്യ പ്രകാശത്തെ നിഷ്പ്രഭമാക്കാൻ കഴിയുകയില്ല. അതായത്, നക്ഷത്രങ്ങൾക്ക് സൂര്യനാവ്ൻ സാധ്യമല്ല. ഈ അപ്രസ്തുതപ്രസ്താവന കൊണ്ട്, ലോക ത്തിൽ എത്ര ആളുകളുണ്ടായാലും കൃഷ്ണനു തുല്യമാവില്ല എന്ന പ്രസ്തു തമായ കൃഷ്ണന്റെ അനിതരസാധാരണമായ മഹത്ത്വം വ്യഞ്ജിപ്പിക്കുന്നു.

### 5. പര്യായോക്തം

ഇല്ലാ പൗരുഷമറ്റപോൽ വഴുതുമഗ്ഗാണ്ഡീവമോടർജുനൻ
വല്ലായ്മയ്ക്കടിപെട്ട നേര,മമൃതം പെയ്തോരു നിൻരൂപവും!
(കൃഷ്ണായനം)

അർജുനന് ഗീത ഉപദേശിച്ച കൃഷ്ണന്റെ രൂപം എന്ന് വ്യംഗ്യഭംഗിയിൽ പറഞ്ഞതിനാൽ പര്യായോക്തം. ഏതവശനെയും വാങ്മൃത്യുഞ്ജയത്വം കൊണ്ട് അമരനാക്കാനുള്ള കൃഷ്ണന്റെ സമാശ്വാസദായകശേഷിയും മാഹാത്മ്യവും ധ്വനിപ്പിക്കപ്പെടുന്നു.

ഈ ആശയംതന്നെയാണ് മറ്റു വാക്കുകളിൽ പര്യായോക്തഭംഗിയിൽ മറ്റൊരിടത്ത് കവി പ്രസ്താവിക്കുന്നത്:

സംഗ്രാമഭൂവിൽ പരാങ്മുഖനായ്ത്തന്നെ
നിന്നതാണർജ്ജുനൻ; എങ്കിലും വാക്കിന്റെ
തീർഥം തളിച്ചുണർത്തീ; കൊടുങ്കാറ്റിന്റെ
വേഗവും വീറുമവനിലാളിച്ചു ഞാൻ! (ധർമ്മസാഗരം)



### 6. വ്യാജസ്തുതി

വിജയം മൃതിയിൽപ്പോലും സ്വാസ്ഥ്യമേകാത്ത സൗഭഗം;

തോൽവിയോ ശാന്തി; യാത്മാവിൽ സുഖം ചേർക്കുന്നതാം ലയം!
(കർണാതപം)

ജയ–പരാജയങ്ങളെപ്പറ്റി സാമാന്യധാരണയുടെ നേർ വിപരീതമാണ് ഇവിടെ അവതരിപ്പിക്കുന്ന സങ്കല്പം: വിജയം മരണത്തിലും അസ്വസ്ഥത യുളവാക്കുന്ന സൗന്ദര്യമാണെങ്കിൽ തോൽവി സമാധാനം തരുന്നു; ആത്മാ വിൽ സുഖം ചേർക്കുന്ന ലയമത്രേ അത്. ജയം തോൽവിയും തോൽവി ജയവുമെന്ന ഈ നിരീക്ഷണത്തെ ഒരു തരത്തിൽ വ്യാജസ്തുതിക്ക് ഉദാഹ രണമാക്കാം. കർണന്റെ തോൽവികൾ, തോൽവികളായിരുന്നില്ല; വിജയമായിരുന്നുവെന്നു ധ്വനി.

വ്യാജസ്തിയുടെ ഈ പുതിയ നിർവചനമനുസരിച്ച് മറ്റൊരുദാഹരണ മാണ് താഴെ ചേർക്കുന്ന വരികൾ:

എത്രകാലം ശരകൂടമധ്യത്തിലാ
മൃത്യുമുഹൂർത്തമണയുന്നതിന്നു കാ–
ത്തന്നു കിടന്നൂ പിതാമഹൻ, ശോണിത–
സ്നാതനായ്, യാതനതൻ പരകോടിയിൽ!
അന്നുത്തരായണം വന്നെത്തുവാൻ കാത്ത–
തെന്നേ പറഞ്ഞൂ പലരും; ആർക്കാകുമീ
മൃത്യുവെ,യല്പനേരത്തേക്കകറ്റുവാൻ,
അല്ലെങ്കിലൊന്നു വിളിച്ചടുപ്പിക്കുവാൻ? (ധർമസംഗരം)

ഭീഷ്മപിതാമഹൻ സ്വച്ഛന്ദമൃത്യുവാണെന്ന പൊതുധാരണയ്ക്കു വിരുദ്ധമാണീ നിരീക്ഷണം: മരണം വരെ ശരശയ്യയിൽ കിടക്കുകയായിരുന്നു പിതാമഹൻ. ഉത്തരായണം വരാൻ കാത്തുവെന്നൊക്കെ വെറുതെ പറഞ്ഞ താണ്. മരണത്തെ അല്പനേരത്തേക്കുപോലും അകറ്റിനിർത്താനോ അല്പ മെങ്കിലും നേരത്തെയാക്കാനോ ആർക്കും കഴിയുകയില്ല. ഈ 'ഭീഷ്മനിന്ദ' അദ്ദേഹത്തെക്കുറിച്ച് അന്യഥാ നിലവിലുള്ള ബഹുമാനത്തിന് ഇടിച്ചിലൊ ന്നും തട്ടിക്കുന്നില്ല. ദുരന്തനായകനായ കൃഷ്ണന്റെ പശ്ചാത്താപ ബോധത്തിൽനിന്നുദിക്കുന്ന ഭീഷ്മൻ സ്വച്ഛന്ദമൃത്യുവാണെന്ന സങ്കല്പത്തി ന്റെ പുനർവിചിന്തനം മാത്രമാണിത്. മഹാന്മാരെക്കുറിച്ചുള്ള പ്രശംസകളെ അക്ഷരാർഥത്തിലെടുക്കേണ്ടെന്നു ധ്വനി.

### 7. ഉൽപ്രേക്ഷ

കനിവിൻ നിഴലിന്നായ് നീ ആരിൽ കണ്ണുകൾ ചായ്ച്ചുവോ
ആയവർ കൈവെടിഞ്ഞപ്പോൾ സൂര്യനേയുറ്റുനോക്കി നീ!

ഒരു കാർമേഘപത്രത്തിൻ പിന്നിലായ് സൂര്യനക്ഷണം
മറഞ്ഞുനിന്നുവോ; പുത്രവ്യഥയാൽ മങ്ങിമാഞ്ഞുവോ! (കർണാതപം)

കർണന്റെ മഹത്ത്വം കുറച്ചുകാട്ടിയതിൽ പശ്ചാത്തപിച്ചുകൊണ്ടുള്ള കൃഷ്ണന്റെ ആസന്നമരണചിന്തകളിൽ കർണന്റെ ജീവിതമുഹൂർത്തങ്ങൾ മിന്നിമറയുന്നു. കളരിത്തട്ടിൽ കർണനനും അർജുനനും തമ്മിലുള്ള ദ്വന്ദ്വയുദ്ധം തുടങ്ങുകയാണ്. കർണൻ, കുലമേതെന്ന ചോദ്യത്തിന്റെ കൂരമ്പേറ്റ് പുള ഞ്ഞു. ആരും ദയ കാട്ടാൻ മുതിർന്നില്ല. എല്ലാവരും കൈവെടിഞ്ഞ കർണൻ സൂര്യനെ ഉറ്റുനോക്കി. ആ ക്ഷണത്തിൽ സൂര്യൻ ഒരു കാർമേഘത്തിനുള്ളിൽ മറഞ്ഞുവോ എന്നും പുത്രനേറ്റ ദുഖത്താൽ അച്ഛന് മങ്ങലേറ്റുവോ എന്നും കവി ബലമായി സംശയിക്കുന്നതിനാൽ ഉൽപ്രേക്ഷ. കർണൻ സൂര്യന് കുന്തിയിൽ പിറന്നവനാണെന്നും അർജുനന് തുല്യനോ മേലെയോ ആണെ ന്ന സത്യം അറിയാമായിരുന്നിട്ടും അതു വെളിപ്പെടുത്തിയില്ലല്ലോ എന്നുമുള്ള കൃഷ്ണന്റെ പശ്ചാത്താപാതിശയം വ്യംഗ്യം.

മിന്നും രത്നകിരീടമഗ്നിസദൃശം പൊള്ളുന്നിതാ പാതയിൽ
പെയ്യും പൂവുകളൊക്കെയും ശിലകളായ് കാലിൽത്തറയ്ക്കുന്നിതാ!
പട്ടാൽ നെയ്ത വരാംഗവസ്ത്രമെരിയും തീജ്വാലയാവുന്നിതാ
കഷ്ടം! ധർമ്മജനെന്ന കീർത്തി വിഷമായ് നെഞ്ചിൽ കലങ്ങുന്നിതാ!
(ധർമ്മദുഃഖം)

കൃഷ്ണൻ ധർമപുത്രനെപ്പറ്റി വിചാരിക്കുന്നു. ഭാരതയുദ്ധത്തിൽ തന്റെ സഹായത്തോടെ വിജയശ്രീലാളിതനായി ചക്രവർത്തിപദം അലങ്കരിക്കുന്ന ധർമപുത്രന്, തന്റെ അഗ്നിസദൃശമായ രത്നകിരീടം കൊണ്ട് തല പൊള്ളുന്നതായും പാതയിൽ ചൊരിയപ്പെടുന്ന പൂക്കൾ ശിലകളായി കാലിൽ തറക്കുന്നതായും പട്ടുകൊണ്ടുള്ള ശ്രേഷ്ഠമായ അംഗവസ്ത്രം തീജ്വാല യാവുന്നതായും ധർമപുത്രനെന്ന കീർത്തി വിഷമായി നെഞ്ചിൽ കലങ്ങുന്ന തായും തോന്നുന്നതായി സങ്കല്പിക്കയാൽ ഉൽപ്രേക്ഷ. ഗുരുജനങ്ങളെ യും ബന്ധുമിത്രാദികളെയുമെല്ലാം കൊന്ന് നേടിയ വിജയവും സുഖഭോഗ ങ്ങളും പരാജയവും അസുഖപ്രദങ്ങളുമായിട്ടാണ് ധർമപുത്രന് അനുഭവ പ്പെടുന്നതെ സത്യം വ്യംഗ്യമായി പ്രകാശിക്കുന്നു.

## 8. അതിശയോക്തി

ഒന്നോർക്കിലായതിനുകാരണമേറെയുണ്ടാം
എന്നാകിലും മനമിതിന്നൊരു ശാന്തിയില്ല.
പൊയ്പ്പോയ കാലമുയിരാർന്നു തിരിച്ചുവന്നാ–
ലിപ്പോലെയായിടുകയില്ലതിലൂടെ യാത്ര! (വിഷാദപർവം)

പോയ കാലം തിരിച്ചുവരിക എന്നത് അതിശയോക്തിപരം. തന്റെ പൂർവകാലാനുഭവങ്ങൾ കുറേക്കൂടി പരിശുദ്ധവും സമാധാനപൂർണവും



അങ്ങനെ കൂടുതൽ ലോകോപകാരപ്രദവുമാക്കാമായിരുന്നു എന്ന കൃഷ്ണ ന്റെ പശ്ചാത്താപഭരിതമായ ആഗ്രഹചിന്ത വ്യംഗ്യം.

## 9. ഉപമ

ധൂപപാത്രത്തിൽനിന്നെങ്ങും കാരകിൽപ്പുകയെന്നപോൽ
ഉത്തപ്തഹൃത്തിൽനിന്നാവാമുയർന്നൂ ദഗ്ധചിന്തകൾ. (കർണ്ണാതപം)

കൃഷ്ണന്റെ ആസന്നമരണചിന്തകളിൽ കർണൻ കടന്നുവരുന്നു. പാണ്ഡവപക്ഷപാതിത്വംകൊണ്ട് അദ്ദേഹത്തിന്റെ മഹത്ത്വം കുറച്ചുകാട്ടുന്ന തിൽ എപ്പോഴും അമിതതാല്പര്യം കാട്ടിയിരുന്ന താൻ അതിൽ പശ്ചാത്തപി ക്കുന്നുണ്ടെന്ന് അദ്ദേഹത്തോട് തുറന്നുപറയുന്ന കൃഷ്ണന്റെ തൊട്ടടുത്തു നിൽക്കയാണ് കർണൻ. അപ്പോൾ, ധൂപപാത്രത്തിൽനിന്ന് എങ്ങും പരക്കുന്ന കാരകിൽപ്പുക പോലെ സന്തപ്തമായ കർണഹൃദയത്തിൽനിന്ന് കത്തിയെ രിയുന്ന ചിന്തകൾ ഉയർന്നുപൊങ്ങി. കർണന്റെ ദഗ്ധചിന്തകളെ ധൂപപാത്ര ത്തിൽനിന്നുയരുന്ന കാരകിൽപ്പുകയോടാണുപമിച്ചിരിക്കുന്നത്. ആ ചിന്തകളുടെ തെളിമയും വിശുദ്ധിയും വ്യംഗ്യം. തുടർന്നുവരുന്ന ശ്ലോക ത്തിൽ 'കർണന്റെയുള്ളിലാളുന്നുവെന്നു തോന്നുന്ന വാക്കുകൾ' കൃഷ്ണൻ ഏറ്റുവാങ്ങിയത് 'മന്ത്രസന്നിഭ'മാണെ പ്രയോഗം ഈ വ്യംഗ്യത്തിന് ഉപോൽബലകം.

വെള്ളം ജീവസുധാമയം! ശരിയതെന്നാലും വിഷം വായുവിൽ
തങ്ങുംനേരമടച്ചുവെക്കുമതു നാമപ്പോലെ നിൻ വാക്കുകൾ
നെഞ്ചിൽ പ്രാഭവമേറ്റിടുന്ന വിധമാവേശോജ്ജ്വലത്താകെ,യ–
ന്നെന്തേ ചിന്തകളാലെതിർത്തു തടയാനായീലെനിക്കേതുമേ!
(ധർമ്മദുഃഖം)

കൃഷ്ണന്റെ ആവേശോജ്ജ്വലമായ വാക്കുകളെ, ജീവസുധാമയമാണ് വെള്ളമെങ്കിലും വായുവിൽ വിഷം കലരുമ്പോൾ അടച്ചുവെക്കുന്നതുപോലെ, സ്വന്തം ചിന്തകൾകൊണ്ട് എതിർത്ത് തടയേണ്ടതായിരുന്നുവെന്ന് ഇപ്പോൾ ധർമപുത്രന് തോന്നുന്നു. എങ്കിൽ സർവനാശകമായ യുദ്ധത്തെ ഒഴിവാക്കാ മായിരുന്നു. ഇവിടത്തെ ഉപമ കൃഷ്ണനെ അന്ധമായി പിന്തുടർന്നതിൽ ധർമപുത്രനുള്ള പശ്ചാത്താപം ധ്വനിപ്പിക്കുന്നു.

മേഘതീർഥത്തിനായ് കാക്കും ചാതകപ്പക്ഷിയെന്നപോൽ
കൃഷ്ണനിൽനിന്നുമിറ്റുന്ന സ്നേഹത്തിന്നായ് തപിച്ചവൾ!
(രാധികാദണ്ഡകം)

കൃഷ്ണനെ ഏറ്റവുമധികം സ്നേഹിച്ച രാധയ്ക്ക് തിരിച്ചങ്ങോട്ട് മിക്കവാറും അവഗണനയാണ് കിട്ടിയത്. ഇതിൽ അന്ത്യകാലത്ത് പശ്ചാത്തപിച്ചുകൊണ്ട് രാധയെക്കുറിച്ച് ഓർക്കകയാണ് കൃഷ്ണൻ. ഉപമ, കൃഷ്ണനിൽനിന്ന് സ്വാഭാവികമായി കിട്ടുന്ന സ്നേഹമാണ് രാധിക പ്രതീ

ക്ഷിച്ചതെന്ന് ദ്യോതിപ്പിക്കുന്നു.

കാറ്റിന്നു രൂപമില്ലല്ലോ നിറവും; അതുകൊണ്ടുതാൻ
കാറ്റിനെക്കാണ്മതില്ലാരും; സ്നേഹമക്കാറ്റിനൊപ്പമാം! (രാധാമാധവം)

കാറ്റിന്നു നിറവും രൂപവുമില്ല. അതുകൊണ്ടുതന്നെ കാറ്റിനെ ആരും കാണുന്നുമില്ല. ആ കാറ്റുപോലെയാണ് സ്നേഹം. കൃഷ്ണൻ പറയുന്നത് തന്റെ സ്നേഹവും കാറ്റുപോലെയാണെന്നത്രേ. കാണാത്തതുകൊണ്ട് അതില്ലെന്ന് രാധ നിശ്ചയിച്ചുവെന്നാണ് കൃഷ്ണന്റെ തീർപ്പ്. ഈ ഉപമ, പിന്നീട് കൃഷ്ണൻ സൂചിപ്പിക്കുന്നതുപോലെ, കാറ്റിന്റെ ഗതി അതിന് നിശ്ചയിക്കാനവാത്തതുപോലെ, രാധയുടെ നേർക്കുള്ള സ്നേഹത്തിന്റെ ഗതിയും തനിക്ക് നിശ്ചയിക്കാൻ സാധിച്ചില്ലെന്നു കൃഷ്ണൻ വിചാരിക്കുന്നു വെന്നു വ്യഞ്ജിപ്പിക്കുന്നു.

എരിയും ഹോമകുണ്ഡംപോലായിരുന്നന്നു മാനസം
തെളിയാനണയാനും വയ്യെന്ന സന്ദിഗ്ധസംഭ്രമം! (രാധാമാധവം)

ഉപമ ആ സ്നേഹത്തിന്റെ വിശുദ്ധി ധ്വനിപ്പിക്കുന്നു.

പാടിത്തീർന്നൊരു നേരവും തുടരുവാനാശിച്ച പാട്ടെന്ന പോൽ,
വാടിക്കൂമ്പിയ നേരവും വിടരുവാൻ മോഹിച്ച മൊട്ടെന്ന പോൽ,
കാറ്റിൽ പാളിയ നേരവും തുടരെയാളാൻ കാത്ത തീയെന്നപോൽ,
സീതത്താലി മരത്തെയെന്ന വിധമീ വാഴ്വെപ്പുണർന്നാവു നീ.
(രാധാമാധവം)

രാധയുടെ ജീവിതം ഇങ്ങനെയൊക്കെയാകട്ടെ എന്നു കൃഷ്ണൻ ആശംസിക്കുന്നു. എങ്ങനെ? പാടിത്തീർന്നതിനുശേഷവും തുടരുവാൻ ആശിച്ച പാട്ടുപോലെ, വാടിക്കൂമ്പിയതിനുശേഷവും വിടരുവാൻ മോഹിച്ച മൊട്ടുപോലെ, കാറ്റിൽ പാളിയതിനുശേഷവും തുടരെ ആളാൻ കാത്ത തീ പോലെ, സീതത്താലി മരത്തെയെന്ന പോലെ. ഇനിയൊരു ജന്മം കൂടി ഉണ്ടാവട്ടെ എന്നും അതിൽ രാധയുമായി വീണ്ടും സമാഗമിക്കാൻ ഇടയാവട്ടെ എന്നും കൃഷ്ണൻ ആശിക്കുന്നുവെന്ന് ഈ ഉപമകളുടെ ധ്വനി.

സൗരയൂഥത്തിനെന്നാളും സൂര്യതാരകമൊന്നുതാൻ!
അതുപോലല്ലി കാലത്തിന്നെന്നും കൃഷ്ണനിതൊന്നുതാൻ!
(ആരണ്യകൃഷ്ണൻ)

ലോകത്തിൽ ഒരു കൃഷ്ണനേ ഉള്ളൂ എന്നും ആ കൃഷ്ണൻ അനശ്വര നാണെന്നും മറ്റാർക്കും ആ പദം നേടാൻ സാധ്യമല്ലെന്നും ഉപമ വ്യഞ്ജി പ്പിക്കുന്നു.

കൂമ്പിനിൽക്കുന്നൊരാമ്പൽപ്പൂമൊട്ടു ചന്ദ്രിക കൈകളാൽ
തഴുകീടുന്ന നേരത്തങ്ങിതൾ നീർത്തുന്നപോലവേ
പ്രണവം ശംഖു വിട്ടെങ്ങും പടർന്നീടുന്നപോലവേ
ജലവീചികൾ തീരത്തെത്തിരഞ്ഞീടുന്നപോലവേ



അവരോരോ വഴിക്കായിട്ടലയുന്നതു കാണ്മിതാ
അപ്പോഴും മൂലകന്ദം തൻ തപസ്സു തുടരുന്നിതാ! (ആരണ്യകൃഷ്ണൻ)

കൂമ്പിനിൽക്കുന്ന ആമ്പൽപ്പൂമൊട്ടിനെ നിലാവ് കൈകൊണ്ട് തഴുകവേ ഇതൾ വിടർത്തുന്നപോലെ, പ്രണവനാദം ശംഖു വിട്ട് എങ്ങും പടരുന്ന പോലെ, വെള്ളത്തിരമാലകൾ കരയെ തിരയുന്നപോലെ, ആ നാലു കൃഷ്ണ ന്മാർ ഓരോ വഴിക്ക് അലയുന്നു. ആദ്യത്തെ ഉപമ അവരുടെ അലച്ചിലിന്റെ സ്വാഭാവികത്വവും രണ്ടാമത്തേത് അവരുടെ ഉദ്ദേശ്യവിശുദ്ധിയും അടുത്തത് അന്വേഷണത്വരയും ദ്യോതിപ്പിക്കുന്നു.

എയ്തയച്ചുള്ള ബാണം പോൽ ഞാണയഞ്ഞുള്ള തേരു പോൽ
വേരു പൊട്ടിയ വൃക്ഷം പോൽ ലക്ഷ്യം തേടിക്കുതിക്കയായ്.
(ജ്ഞാനകൃഷ്ണൻ)

കൃഷ്ണൻ ധർമപുത്രനെ കാണാൻ പോവുകയാണ്: എയ്തയച്ച ശരം പോലെ, ഞാണയഞ്ഞ തേരു പോലെ, വേരു പൊട്ടിയ വൃക്ഷം പോലെ, നേരെ പോകുന്നു. ആദ്യത്തെ ഉപമ കൊണ്ട് യാത്രയുടെ ലക്ഷ്യൈകാഗ്രത യെയും രണ്ടാമത്തെ ഉപമകൊണ്ട് തനിക്കുതന്നെയുള്ള നിയന്ത്രണ മില്ലായ്മയെയും ഒടുവിലത്തെ ഉപമകൊണ്ട്, തന്റെ തകർച്ച നിമിത്തം ഇനി യൊന്നും ആലോചിക്കാനില്ലെന്നുള്ള ഭാവത്തെയും പ്രാധാന്യേന വ്യഞ്ജിപ്പിക്കുന്നു. ധർമപുത്രനെക്കണ്ട് തന്റെ ഹൃദയം വെളിപ്പെടുത്തിയേ തീരൂ എന്ന കൃഷ്ണന്റെ ഉൽക്കണ്ഠാതിശയവും ഔത്സുക്യാധിക്യവും ധ്വനി.

അവർക്കു നടുവിൽ നിന്നു പൂനിലാവിന്റെ പുത്രിയെ–
പ്പോലെ, മിന്നലിനാലാരോ തീർത്ത ശില്പം കണക്കെയും!
(ഛായാകൃഷ്ണൻ)

കൃഷ്ണൻ രുഗ്മിണിയെ ഓർമിക്കുന്നു: ആദ്യം ദ്വാരകയിലേക്കു വന്ന സന്ദർഭത്തിൽ കൗതുകം പൂണ്ട പുരവാസികളുടെ നടുവിൽ അവൾ നിൽക്കു ന്ന ചിത്രം. പൂനിലാവിന്റെ പുത്രിയെപ്പോലെയും മിന്നൽകൊണ്ട് തീർത്ത ശില്പം പോലെയുമായിരുന്നു അവൾ. ആദ്യത്തെ ഉപമ അവളുടെ പരിശുദ്ധി യും രണ്ടാമത്തേത് അസാമാന്യമായ സൗന്ദര്യവും ദ്യോതിപ്പിക്കുന്നു.

## 10. ശ്ലേഷം

ഇരുളിൽപ്പെട്ടിതെൻ കണ്ണും മനവും നേരിലച്യുത!
അറിയാതെയ്തുപോയ് കൃഷ്ണമൃഗമെന്നേ നിനയ്ക്കയാൽ!
(ദ്വാരകാവർത്തം)

ഈ ശ്ലോകത്തിലെ കൃഷ്ണമൃഗപദത്തെ ഒരു സമസ്തപദമായും രണ്ടു വ്യസ്തപദങ്ങളായും വ്യാഖ്യാനിക്കാം – കൃഷ്ണമൃഗം എന്നും. കൃഷ്ണ മൃഗം എന്നും. രണ്ടാമത്തെ വ്യാഖ്യാനത്തിൽ കൃഷ്ണ എന്ന് സംബോധന. അപ്പോൾ ശ്ലോകത്തിലെ രണ്ടു സംബോധനകൾ (അച്യുത,

കൃഷ്ണ) വേടന്റെ വേവലാതിയുടെ ആധിക്യത്തെ സൂചിപ്പിക്കുന്നതായി കാണണം. മൃഗം – മാൻ. ആദ്യത്തെ വ്യാഖ്യാനത്തിൽ, കൃഷ്ണമൃഗം – കൃഷ്ണമാൻ. രണ്ടാമത്തെ വ്യാഖ്യാനമനുസരിച്ച് ഇവിടെ ശ്ലേഷമുണ്ട്. *ശ്യാമമാധവ*ത്തിലെ കൃഷ്ണൻ ദുരന്തനായകനായി സങ്കല്പിക്കപ്പെട്ടിരിക്കയാൽ, വേടൻ കൃഷ്ണനെ മൃഗമെന്നു നിനച്ചാലും അത് വസ്തുതയാകും. മൃഗീയം എന്നു വിശേഷിപ്പിക്കപ്പെടാവുന്ന ക്രൂരകൃത്യങ്ങൾക്കാണല്ലോ കൃഷ്ണൻ പലപ്പോഴും ചുക്കാൻ പിടിച്ചിരുന്നത്! പക്ഷേ, ഈ ആശയം വേടൻ ഉദ്ദേശി ച്ചിരിക്കാനിടയില്ല.

പാർഥന്നായരുളിപ്പകർന്നതഖിലം ഗീതാവിഹായസ്സു തൻ
തീർഥം! പാരിലഭിജ്ഞരാകെയതിനെക്കീർത്തിപ്പിതേ നിത്യവും!
എന്നാൽ ഗീത നനച്ച മണ്ണിലൊരുനാളെങ്ങാനുമേതെങ്കിലും
സന്താപത്തിനു ശാന്തിയേകുമൊരു കൂമ്പെങ്ങാൻ പൊടിപ്പാർന്നുവോ?
(അനുഗീത)

ഇവിടത്തെ സന്താപശബ്ദത്തിനു കഠിനമായ ദുഃഖമെന്നും ഭയങ്കരമായ ചൂടെന്നും അർഥദ്വയം. ഗീതയെപ്പറ്റി കൃഷ്ണന്റെ അന്തിമവിലയിരുത്തലനുസരിച്ച് അത് ലോകോപകാരപ്രദമല്ലല്ലോ.

മകന്നു നേർക്കു നീണ്ടെത്താനരുതാത്തൊരു കൈവിരൽ
സ്പർശദാഹാർത്തമായെങ്ങോ കനലായ് നിന്നെരിഞ്ഞുവോ?
(കർണാതപം)

അരങ്ങേറ്റസമയത്ത് അർജുനനും കർണനും തമ്മിൽ ദ്വന്ദ്വയുദ്ധം തുടങ്ങാനിരിക്കേ കുലമേതെന്നു പറയാനാവാതെ കർണൻ കുഴങ്ങവേ, തന്റെ പുത്രനായിട്ടും അവനെ സഹായിക്കാനാവാതെ വിഷമിക്കുന്ന സൂര്യന്റെ അവസ്ഥ വിവരിക്കുന്നതാണീ ഭാഗം. സ്പർശദാഹാർത്തം എന്ന സമസ്തപദത്തിലെ ദാഹം ശ്ലിഷ്ടം. സ്പർശത്തിനുള്ള ദാഹം കൊണ്ട് ആർത്തം (തൊടാനുള്ള ആഗ്രഹം കൊണ്ട് ദുഃഖിതം; സ്പർശദാഹം കൊണ്ട് ആർത്തം (തൊട്ട പൊള്ളൽകൊണ്ട് ദുഃഖിതം) – ഇങ്ങനെ ദാഹത്തിന് ആഗ്രഹം എന്നും പൊള്ളൽ എന്നും രണ്ടർഥം. 'കനലായ് നിന്നെരിഞ്ഞുവോ?' എന്ന തുടർന്നുള്ള ഭാഗം ഈ ശ്ലേഷം കവി ഉദ്ദേശിച്ചതു തന്നെയെന്ന് കാണിക്കുന്നു.

## 11. വ്യതിരേകം

മേഘം തിങ്ങും വിഹായസ്സൊരുകുറിയിരുളുന്നേരമെങ്ങോ മറഞ്ഞേ
പോകും സൂര്യസ്വരൂപം ഞൊടിയിട കഴിയുന്നാകിലോ വീണ്ടുമെത്തും;
എന്നാൽ ശോകാന്ധകാരം തുടരെ നിബിഡമായ് തിങ്ങിവിങ്ങും മനസ്സി–
ന്നെന്നുണ്ടാം സൗഖ്യസൂര്യപ്രഭയുടെ കിരണസ്പർശമേൽക്കാൻ നിയോഗം? (അനുഗീത)



മേഘനിബിഡമായ ആകാശം അസ്തമയത്തോടെ ഇല്ലാതാകും. സൂര്യൻ വീണ്ടു ഉദിച്ചുയരും. ഈ രണ്ടിൽനിന്നും വ്യതിരിക്തമാണ് ശോകാന്ധകാരനിബിഡമായ മനസ്സിന്റെ സ്ഥിതി. അവിടെ സൗഖ്യസൂര്യകിരണസ്പർശം എന്നുണ്ടാവുമെന്നു പറയാനാവില്ല. കൃഷ്ണന്റെ ആസന്നമരണചിന്തകളുടെ, വിശേഷിച്ച് ഈ വരികളോടെ ആരംഭിക്കുന്ന, ഭഗവദ്ഗീത വ്യർഥമായിരുന്നുവെന്ന ആശയമുൾക്കൊള്ളുന്ന അനുഗീത എന്ന സർഗത്തിന്റെ, ദുരന്തശോകച്ഛായാതിശയം വ്യംഗ്യം.

ചേറിൽപ്പൂത്തുവിരിഞ്ഞതില്ലൊരു നറും ചെന്താമരപ്പൂ,വിരുൾ–
ക്കാറിൽക്കത്തി വിളങ്ങിയില്ലെവിടെയും മിന്നൽപ്പിണർ, കണ്ണുനീ–
രാഴം വിട്ടു വിടർന്നതില്ലൊരു തെളിപ്പൂപ്പുഞ്ചിരിത്തെല്ലു,മീ
ഭൂവിൽ വീണുതകർന്നുപോമുടലുവിട്ടാ ജീവനിശ്വാസവും!
(ധർമ്മദുഃഖം)

വിജയമെന്നു വിചാരിച്ചിരുന്ന യുദ്ധം കനത്ത തോൽവിയായിരുന്നുവെന്നും ഇങ്ങനെ കിട്ടിയ രാജ്യം ആവശ്യമില്ലായിരുന്നുവെന്നും ധർമപുത്രൻ മടുപ്പോടെ കൃഷ്ണനോട് വെളിപ്പെടുത്തുന്ന സന്ദർഭത്തിൽ വരുന്നതാണീ ശ്ലോകം. സാധാരണ ഒരു രാജ്യത്തെ ചേറിൽ ചെന്താമര പൂത്തു വിരിയാറുണ്ട്; കാറിൽ മിന്നൽപ്പിണർ കത്തിവിളങ്ങാറുണ്ട്; കണ്ണീർ പോയി പൂപ്പുഞ്ചിരി വിടരാറുണ്ട്. ഇതൊന്നും യുദ്ധത്തിലൂടെ നേടിയ ഈ രാജ്യത്തിൽ കാണാനില്ല എന്നു വ്യതിരേകം. ധർമപുത്രന്റെ നൈരാശ്യാതിശയം ധ്വനി.

മനസ്സു തൊട്ടുനിൽക്കുന്ന തന്റെയാങ്ങള തോൽക്കുവാൻ
മനസ്സു നൊന്തു പ്രാർഥിച്ച പെങ്ങളാണവളോർക്കുകിൽ!
(ഛായാകൃഷ്ണൻ)

സഹോദരനായ രുഗ്മിയും ഭർത്താവായ കൃഷ്ണനും തമ്മിലുണ്ടായ പോരിൽ സഹോദരൻ തോൽക്കണേ എന്നു പ്രാർഥിച്ച രുഗ്മിണിയെ ഓർക്കുകയാണ് കൃഷ്ണൻ അന്ത്യവേളയിൽ. മറ്റു പെങ്ങന്മാരിൽനിന്ന് രുഗ്മിണി ഇവിടെ വേറിട്ടുനിൽക്കുന്നു. രുഗ്മിണിക്ക് കൃഷ്ണനോടുള്ള അനിതരസാധാരണമായ പ്രേമാധിക്യം വ്യംഗ്യം. അങ്ങനെയുള്ള അവളോട് താൻ തിരിച്ചങ്ങോട്ട് വേണ്ടതുപോലൊന്നും ചെയ്തില്ലല്ലോ എന്ന കൃഷ്ണന്റെ അതിയായ പശ്ചാത്താപവും ദ്യോതിക്കുന്നു.

## 12. വിരോധം

മിന്നും വർണതരംഗമേഴുമൊരുമിച്ചൊന്നാകവേ കൺകളിൽ
തിങ്ങുന്നൂ ധവളാഭ; കാണ്മതഖിലം കാണാവതല്ലാതെയായ്!
പൊങ്ങും നാദതരംഗമേഴുമൊഴുകിത്തീരുന്നു; മൗനം സദാ
വിങ്ങുന്നൂ മൃതിപോലെ, കേൾവിയഖിലം കേൾക്കാവതല്ലാതെയായ്!
(ദ്വാരകാവർത്തം)

കാണുന്നതൊന്നും കാണാതിരിക്കുകയും കേൾക്കുന്നതൊന്നും കേൾക്കാതിരിക്കുകയും ചെയ്യുന്നുവെന്നു വർണിച്ചതിൽ വിരോധം. ഏഴു നിറങ്ങളും ഒരുമിച്ച് കണ്ണിൽ വെണ്മ നിറയുന്നതുകൊണ്ട് എന്നത് ആദ്യത്തെ വിരോധത്തിനു പരിഹാരം; രണ്ടാമത്തേതിനാകട്ടെ, ഏഴു നാദങ്ങളും ഒഴുകി ത്തീർന്നതിനാൽ മൗനം വിങ്ങുന്നതുകൊണ്ടെന്നും. തന്റെ മരണത്തോടെ ദ്വാരക കടലിലാണ്ടുവെന്നും ദ്വാരകാവാസികൾ ഒഴിഞ്ഞുപോയെന്നും യദുവംശമാകെ തമ്മിൽത്തച്ചു നശിച്ചുവെന്നും അറിയുമ്പോഴത്തെ കൃഷ്ണ ന്റെ ഭൗതികവും മാനസികവുമായ ദുരവസ്ഥ വ്യഞ്ജിക്കുന്നു.

നിശ്ശബ്ദനായ്ത്തന്നെ നിൽക്കുന്നുവെങ്കിലും
ശബ്ദായമാനമാണാ മൗനമിപ്പൊഴും.
കൺകളടച്ചുതാൻ നിൽക്കുന്നുവെങ്കിലും
കത്തുന്ന കാഴ്ച്ചയാണാ നെഞ്ചിലിപ്പൊഴും. (ധർമ്മസംഗരം)

തന്റെ ചതിപ്രയോഗത്തിലൂടെ കൊല്ലപ്പെട്ട ധീരനായ ജയദ്രഥൻ കൃഷ്ണന്റെ ആസന്നമരണചിന്തകളിൽ പ്രത്യക്ഷപ്പെടുന്നു. ജയദ്രഥൻ ഒന്നും മിണ്ടുന്നില്ല. പക്ഷേ ആ മൗനം ശബ്ദായമാനമാണ്. അദ്ദേഹം കണ്ണട ച്ച് നിൽക്കയാണെങ്കിലും ആ മനസ്സ് നിറയെ കത്തിപ്പടരുന്ന കാഴ്ച്ചയാണ്. ശബ്ദത്തിന്റെയും കാഴ്ച്ചയുടെയുമായ ഈ രണ്ടു വിവരണങ്ങളും വിരോധ യുക്തം. കൃഷ്ണനോടുള്ള പക കലർന്ന ജയദ്രഥന്റെ അന്തഃസംഘർഷം വ്യംഗ്യം. അന്ത്യനിമിഷത്തിലെ കൃഷ്ണന്റെ പശ്ചാത്താപവും.

## 13. ദൃഷ്ടാന്തം

വെറുപ്പാകെ വെറുപ്പാലേ മായ്ക്കുവാനാവതെങ്ങനെ?
ചോരയാൽ ചോരതൻ പാടു തുടയ്ക്കാനാർക്കു സാധ്യമാം?
(അനുഗീത)

ഭഗവദ്ഗീതയുടെ സന്ദേശം വെറുപ്പിന്റേതും ചോരയുടേതുമാണെന്നും സമാധാനത്തിന്റേതല്ലെന്നും കൃഷ്ണൻ അന്ത്യനിമിഷത്തിൽ തിരിച്ചറിയുന്നു എന്നു വ്യഞ്ജിക്കുന്നു.

ഏതു താരക വിട്ടിങ്ങു വന്നുവെന്നു നിനച്ചിടാ–
തേതു പുഷ്പവുമേറ്റുന്നൂ നെഞ്ചിലായേതു രശ്മിയും.
ഏതു ശൈലതടം വിട്ടു പോന്നുവെന്നതുമോർത്തിടാ–
തേതു നീർച്ചാലിനും നേർക്കു കരം നീട്ടുന്നു സാഗരം. (രാധാമാധവം)

ഈ പൂവിന്റെയും സാഗരത്തിന്റെയും ഉദാരസ്വഭാവമാണ് കൃഷ്ണനും. അതുകൊണ്ട് അദ്ദേഹം തന്നെ സ്നേഹിച്ചവരെയെല്ലാം സ്നേഹിച്ചു. പക്ഷേ, തന്നെ ഏറ്റവുമധികം സ്നേഹിച്ച രാധയെ ആ വിധത്തിൽ മനസ്സിലാക്കാ നോ തിരിച്ചങ്ങോട്ട് അർഹമായ പരിഗണന കൊടുക്കാനോ സാധിച്ചില്ലെന്ന പശ്ചാത്താപം ധ്വനിക്കുന്നു.



കൃഷ്ണനെ സ്വന്തമായ് മാറ്റാൻ എത്രയെത്ര മനസ്സുകൾ!
കൃഷ്ണന്നു സ്വന്തമായ് മാറ്റാനില്ലയേതു മനസ്സുമേ!
സർവവും സാഗരത്തിൽത്താൻ ചെന്നു ചേരുന്നു നിത്യവും
സാഗരം തേടിയെത്തുന്നീലൊന്നിനേയുമൊരിക്കലും.
(ഛായാകൃഷ്ണൻ)

കൃഷ്ണന്റെ സർവാതിശായിത്വവും അസാധാരാണത്വവും വ്യംഗ്യം.

## 14. അർഥാന്തരന്യാസം

അംഗരാജ്യാധിപൻ നീയെന്നക്ഷണത്തിൽ സുയോധനൻ
നിന്നെ വാഴിച്ചു; നീ കാത്തുവെച്ചിതാ സ്നേഹമെന്നുമേ.
അപമാനത്തിൽനിന്നുള്ള ത്രാണമെത്ര മഹത്തരം.
മൃത്യുവക്ത്രത്തിൽനിന്നുള്ള രക്ഷയും മീതെയായിടാ. (കർണാതപം)

കളരിത്തട്ടിൽ അരങ്ങേറ്റസന്ദർഭത്തിൽ കർണൻ കുലമേതെന്ന ചോദ്യത്തിൻ കൂരമ്പേറ്റു പുളയവേ, നടന്ന സംഭവമാണിവിടെ പ്രതിപാദിക്കു ന്നത്. തന്നെ അംഗരാജാവായി അഭിഷേചിച്ച് തന്റെ മാനം സംരക്ഷിച്ച സുയോധനനോട് കർണൻ സ്നേഹവും കൃതജ്ഞതയും മരണം വരെ കാത്തുസൂക്ഷിച്ചു. ഇതിനെ സമർഥിക്കുകയാണ് രണ്ടാമത്തെ പദ്യംകൊണ്ട് കവി ചെയ്യുന്നത്. അപമാനത്തിൽനിന്നുള്ള രക്ഷണം മഹത്തരമാണ്. മരണത്തിന്റെ വായിൽനിന്നുള്ള രക്ഷ പോലും അതിനോടൊപ്പമെത്തില്ല.

## 15. ആക്ഷേപം

കാണ്മതെങ്ങനെ? നേരേ ഞാൻ നില്പതെങ്ങനെ? ആകയാൽ
കാണുവാനുള്ള മോഹത്തെ കരളിൽത്താൻ ഞെരിച്ചു ഞാൻ.
(രാധാമാധവം)

തന്നെ ഏറ്റവുമധികം സ്നേഹിച്ച രാധയോട് യാത്രപോലും പറയാതെ യാണ് കൃഷ്ണൻ മഥുരയിലേക്കു പോയത്. അതുപോലെ അവളുടെ മനസ്സിനെയും താൻ വേണ്ടപോലെ മനസ്സിലാക്കിയില്ല. അതുകൊണ്ട്, അവളെ കാണുന്നതെങ്ങനെ? കണ്ടാൽത്തന്നെ നേരെ നോക്കിനിൽക്കുന്ന തെങ്ങനെ? ഇപ്രകാരം ഇതികർത്തവ്യതാമൂഢനായ കൃഷ്ണൻ അവളെ കാണാനുള്ള മോഹത്തെ കരളിൽത്തന്നെ ഞെരിച്ചു കൊന്നു! തന്റെ എല്ലാ മെല്ലാമെന്ന് ഒടുവിൽ തിരിച്ചറിയുന്ന രാധയോട് കൃഷ്ണനുള്ള പ്രേമാതി ശയം, ഒപ്പം വേണ്ടസമയത്ത് വേണ്ടപോലെ ചെയ്തില്ലെന്ന പശ്ചാത്താപാ ധിക്യവും, വ്യംഗ്യം. ഇവിടെ ആക്ഷേപാലങ്കാരത്തിന്റെ, പറയാനാഗ്രഹിച്ച തെല്ലാം പറഞ്ഞുതീർത്തില്ല എന്ന ചിന്തയുടെ, ചാരുത ദർശിക്കാം.

## 16. വിഭാവന

ഏതുനേരവും എങ്ങുള്ള ഹൃത്തടത്തിലുമെത്തുവാൻ
കഴിവുണ്ടെങ്കിലും നിൻനേരുദിപ്പിച്ചീലൊരാളിലും! (കർണ്ണാതപം)

കർണൻ സൂര്യന് കുന്തിയിലുണ്ടായ ആദ്യപുത്രനാണെന്നും പിന്നീടാണ് ധർമരാജാവിനും വായുവിനും ഇന്ദ്രനും അവളിൽ യുധിഷ്ഠിരനും ഭീമ നും അർജുനനും ഉണ്ടായതെന്നും കൃഷ്ണന് നന്നായറിയാമെങ്കിലും പാണ്ഡവപക്ഷപാതം കൊണ്ട് കർണൻ സൂര്യപുത്രനും കൗന്തേയനുമാണെന്ന സത്യം ആരോടും പറയാതിരിക്കുകയായിരുന്നു. പകരം സൂതപുത്രനെന്നധിക്ഷേപിച്ച് കർണമഹത്ത്വം കുറച്ചുകാട്ടാൻ കൃഷ്ണൻ അവസരം കിട്ടുമ്പോഴൊക്കെ ശ്രമിക്കുകയും ചെയ്തു. കർണനോട് താൻ തെറ്റു ചെയ്തുവെന്ന അന്ത്യനിമിഷങ്ങളിലെ ഈ തിരിച്ചറിവ് അദ്ദേഹത്തിന്റെ കടുത്ത പശ്ചാത്താപത്തെ വ്യഞ്ജിപ്പിക്കുന്നു. വിശേഷോക്തി, അസംഗതി എന്നീ അലങ്കാരങ്ങളെ കുന്തകൻ പ്രത്യേകമായി പരിഗണിക്കുന്നില്ല. കാരണമില്ലാതെ കാര്യമുണ്ടാവുന്നതിനെയും കാരണമുണ്ടായിട്ടും കാര്യമുണ്ടാവാത്തതിനെയും വിഭാവനയായി പരിഗണിക്കാമെന്നാണ് കുന്തകമതമെന്നു വിചാരിക്കാം.

## 17. സസന്ദേഹം

അച്ഛനാരാണു കണ്ണാലേ കാൺകവയ്യാത്ത സൂര്യനോ?
കൺമുമ്പിൽനിന്നു മായാത്ത തേർതെളിക്കുന്ന വൃദ്ധനോ?
(കർണ്ണാതപം)

കർണനെപ്പോലെ ആരുമുണ്ടാവില്ല. അദ്ദേഹത്തിന്റെ അച്ഛൻ കണ്ണാൽ കാണാൻ വയ്യാത്ത സൂര്യനോ, അതോ എല്ലാവരും കാൺകെ സൂതവൃത്തി ചെയ്യുന്ന അധിരഥനോ എന്ന് ഇവിടെ സംശയം പ്രകടിപ്പിച്ചിരിക്കുന്നു. സൂര്യപുത്രനായിട്ടും സൂതപുത്രനാണ് താനെന്ന് അപമാനിക്കപ്പെടുന്ന കർണന്റെ അവസ്ഥാദൈന്യം വ്യംഗ്യം.

ഇതുതന്നെയാണ് അമ്മയുടെ കാര്യത്തിലും:
അമ്മയാരാണു സത്യത്തിൽ വളർത്തും രാധതന്നെയോ?
നിഴലൊത്തങ്ങിരുട്ടിൽത്താനൊളിക്കും കുന്തിതന്നെയോ?
(കർണ്ണാതപം)

വ്യംഗ്യം മുൻപത്തേതുതന്നെ.
കാണരുതേയിനിമേലെന്നു പ്രാർഥിച്ച
രൂപമോരോന്നുമിങ്ങെന്തെത്തിനിൽക്കുവാൻ?
ഒക്കെയും തോന്നലാം; മൃത്യുവിൻമുന്നമാ–
യെത്തുന്ന സംഭ്രാന്തിതന്നെയാം; നേരുമാം! (ധർമ്മസംഗരം)

മരണത്തിനു തൊട്ടു മുൻപ് കഴിഞ്ഞ ജീവിതത്തിലേക്ക് തിരിഞ്ഞു



നോക്കുമ്പോൾ, തന്റെ ചതിപ്രയോഗത്തിലൂടെ കൊല്ലപ്പെട്ടവരും ആനുകൂല്യം നേടിയവരും മറ്റു പ്രിയപ്പെട്ടവരുമെല്ലാം തന്നെ കാണുന്നതായി കൃഷ്ണന് തോന്നുന്നു. വിജയമെന്നു വിലയിരുത്തിയതെല്ലാം പരാജയമായിരുന്നുവെന്ന് അപ്പോഴാണ് തിരിച്ചറിയുന്നത്. അക്കൂട്ടത്തിൽ താൻ ചതിച്ചു കൊല്ലിച്ച വീരനായ ജയദ്രഥൻ വരുന്നു. ഒട്ടും പ്രതീക്ഷിച്ചതല്ല ഇത്. ഇത് തോന്നലാണോ മരണത്തിനു മുൻപുള്ള വിഭ്രാന്തിയാണോ സത്യംതന്നെയാണോ എന്ന് കൃഷ്ണൻ സന്ദേഹിക്കുന്നു. കൃഷ്ണന്റെ അതിയായ പശ്ചാത്താപബോധം ധ്വനി.

## 18. അപഹ്നുതി

കൊടുങ്കാറ്റിന്നു നേർ നിൽക്കാനരുതാത്തവർ പാണ്ഡവർ!
അവർക്കു നേർവഴിക്കാമോ നിന്നെപ്പോരിൽത്തടുക്കുവാൻ?
അറിയാം; അതിനാലല്ലോ ച്യുതനായ്ത്തീർന്നിതച്യുതൻ!
വീഴ്ത്തിനേൻ ചതിയിൽ; ജിഷ്ണുവല്ല, കൊന്നതു കൃഷ്ണനാം!
(കർണ്ണാതപം)

രണ്ടാം ശ്ലോകാർധം ഉദാഹരണം. കർണനെ ചതിയിൽ വീഴ്ത്തിയത് താനാണെന്ന് കൃഷ്ണൻ കുറ്റസമ്മതം ചെയ്യുന്നു. കർണനെ കൊന്നത് ജയശീലനായ ജിഷ്ണു (അർജുനൻ) വാണ് എന്ന വസ്തുത മറച്ചുവെച്ച് (നിഷേധിച്ച്) കൃഷ്ണനാണ് കൊന്നത് എന്ന് പറഞ്ഞിരിക്കയാൽ അപഹ്നുതി. യുദ്ധധർമത്തിനു വിരുദ്ധമാണ് ചെയ്യുന്നതെന്ന് കർണൻ ചൂണ്ടിക്കാട്ടുകയും അർജുനൻ അത് ശരിവെക്കുകയും ചെയ്തതാണ്. കൃഷ്ണനാണ് അതിനെ അവഗണിച്ചുകൊണ്ട് അപ്പോൾത്തന്നെ കർണനെ കൊല്ലാൻ അർജുനന് അനുജ്ഞ നൽകിയത്. ആ നിലയ്ക്ക് താനാണ് കൃഷ്ണനെ കൊന്നതെന്ന് കൃഷ്ണൻ പറയുന്നു. കൃഷ്ണന്റെ പശ്ചാത്താപം വ്യംഗ്യം.

യുദ്ധമൊഴിവാക്കുവാനല്ല, യുദ്ധത്തി–
നെത്രയുമാക്കമേറ്റീടുവാനുള്ളോരു
മാർഗമായ് ദൂതിനെ മാറ്റിനേൻ, ആയതി–
ന്നേതുമേ കാണ്മീല മറ്റൊരു കാരണം! (മാതൃവാക്യം)

ഭഗവദ്ദൂത് ഭാരതയുദ്ധം ഒഴിവാക്കാൻവേണ്ടി കൃഷ്ണൻ ചെയ്തതെന്നാണ് പൊതുധാരണ. അത് ശരിയല്ലെന്നും യുദ്ധം ഒഴിവാക്കാനല്ല, അതിന് ആക്കം കൂട്ടാനാണ് തന്റെ ദൗത്യമെന്നും കൃഷ്ണൻ ഇവിടെ സമ്മതിച്ചിരിക്കുന്നു. വേണമെങ്കിൽ മറിച്ചാവാമായിരുന്നു; യുദ്ധം താൻ കരുതിക്കൂട്ടി വരുത്തിവെച്ചതാണ് എന്ന കൃഷ്ണന്റെ പശ്ചാത്താപാതിശയം ധ്വനി.

കൃഷ്ണൻ കാർവർണനല്ലെന്നതറിഞ്ഞോൾ രാധ മാത്രമാം
തങ്കത്തിങ്കൾത്തിടമ്പത്രേ കൃഷ്ണനെന്നേ നിനച്ചവൾ!
(രാധികാദണ്ഡകം)

കൃഷ്ണനെ ഏറ്റവുമധികം സ്നേഹിച്ചവളാണ് രാധ. അവൻ കാർവർണനല്ല, തങ്കത്തിങ്കൾത്തിടമ്പാണ് എന്നത്രേ അവൾ വിചാരിക്കുന്നത്. കൃഷ്ണന്റെ സൗന്ദര്യത്തെപ്പറ്റി അവൾക്കുള്ള അസാമാന്യമായ മതിപ്പ് വ്യഞ്ജിക്കുന്നു.

## 19. സംസൃഷ്ടി

കളരിത്തട്ടിലാ ശീർഷം കുനിഞ്ഞേ നിന്നതായി ഞാൻ
അറിഞ്ഞൂ; പലരും നിന്നെ കൈയൊഴിഞ്ഞെന്ന സത്യവും!
ശിശിരക്കുളിരിൽ ചൂടു പകരും തീക്കനൽക്കണം
പൊള്ളും കൈവെള്ള,യെന്നാകെക്കുടഞ്ഞുകളയുന്നപോൽ!
(കർണ്ണാതപം)

ആദ്യത്തെ പദ്യത്തിലെ ദീപകം, രണ്ടാമത്തേതിലെ ഉപമ എന്നിവയുടെ സംസൃഷ്ടി. ആ രണ്ടലങ്കാരങ്ങളും അന്യോന്യം നിരപേക്ഷമാണല്ലോ. കർണൻ സൂര്യപുത്രനാണെന്ന സത്യം അറിഞ്ഞ കൃഷ്ണനെപ്പോലുള്ളവർ ആ സത്യം മനഃപൂർവം വെളിപ്പെടുത്തിയില്ല. മറ്റുള്ളവർക്ക് സത്യം അറിയാമായിരുന്നില്ല. ഏതായാലും കർണൻ അനർഹമായി അപമാനിതനാവുകയായിരുന്നുവെന്നു വ്യംഗ്യം. അതിന് താനും പ്രധാനകാരണക്കാരനായിരുന്നല്ലോ എന്ന കൃഷ്ണന്റെ പശ്ചാത്താപാധിക്യവും ധ്വനിക്കുന്നു.

കാറ്റിനൊത്തു ചലിക്കും പായ്ക്കപ്പലായിട്ടലഞ്ഞു നീ;
പാവയെപ്പോലെയെൻ ചിന്തയ്ക്കൊത്തുമാത്രം ചലിച്ചു നീ!
(അനുഗീത)

യുദ്ധത്തിന് അർജുനനെ ഉത്തേജിപ്പിക്കുകയായിരുന്നു ഗീത ഉപദേശിക്കുമ്പോൾ കൃഷ്ണന്റെ ലക്ഷ്യം. അവൻ താൻ പറഞ്ഞതെന്തും അനസരിക്കും എന്ന് കൃഷ്ണനറിയാം. അതുതന്നെയാണ് സംഭവിച്ചതും. രൂപകവും ഉപമയും തമ്മിൽ സംസൃഷ്ടി. പരമാർഥത്തിൽ ഗീത നിഷ്പ്രയോജനമായിരുന്നു എന്ന കൃഷ്ണന്റെ അന്തിമമായ വിലയിരുത്തലിന്റെ സ്ഫുരണം ഇവിടെ നിഴലിക്കുന്നു.

പാഴായ് ഭാരതയുദ്ധമെന്ന വെളിവിൻ സൂര്യാതപത്തിൽ പിട–
ഞ്ഞേകാന്തത്തിലിരുട്ടിനൊത്തു വരുമാ നിശ്ശൂന്യമാം മാത്രയെ
കാലത്തിന്റെയനന്തമായ സമയപ്രാലേയശൈലത്തിലൂ–
ടൂറും മഞ്ഞുകണം കണക്കു വരവേൽക്കാൻ കാത്തുപാസിക്കവേ
(ധർമ്മദുഃഖം)

രൂപകം, ഉപമകൾ എന്നിവയുടെ സംസൃഷ്ടി. അരണ്യവാസമായിരുന്നു രാജ്യത്തേക്കാൾ ശ്രേഷ്ഠം എന്നു പറഞ്ഞ് ധർമപുത്രൻ ചെങ്കോലും കിരീട വും രക്തമൊലിക്കുന്ന തന്റെ കാൽക്കൽ സമർപ്പിച്ചപ്പോഴത്തെ കൃഷ്ണന്റെ ചിന്തയും മരണത്തെ കാത്തുകൊണ്ടുള്ള ഇരിപ്പും. ധർമദുഃഖത്താൽ ഉത്തേ



ജിപ്പിക്കപ്പെട്ട കൃഷ്ണന്റെ പശ്ചാത്താപാതിശയം വ്യംഗ്യം.

## 20. സങ്കരം

ശിശുവെപ്പോലെയാണെന്നും കാലം! ആയതിനുള്ളതാം
കളിപ്പാട്ടങ്ങൾ താനല്ലീ മർത്ത്യരും ജീവിതങ്ങളും! (കർണ്ണാതപം)

ഇവിടത്തെ ഉപമ, രൂപകം എന്നീ അലങ്കാരങ്ങൾ പരസ്പരസാപേക്ഷമാകയാൽ സങ്കരം. കർണന്റെ ജീവിതത്തെ മുൻനിർത്തി കാലം ശിശുവെപ്പോലെയാണെന്നും മനുഷ്യരും അവരുടെ ജീവിതങ്ങളും കാലത്തിന്റെ കൈയിലെ കളിപ്പാട്ടങ്ങളാണെന്നും കൃഷ്ണൻ അന്ത്യനിമിഷ ത്തിൽ നൈരാശ്യപൂർവം ചിന്തിക്കുന്നതാണിത്. കൃഷ്ണന്റെ പശ്ചാത്താപവും അതിന്റെ ഭാഗമായ ദാർശനികചിന്തയും വ്യഞ്ജിക്കുന്നു.

ഒറ്റ രാവാലെ ദുഃഖത്തിൻ ചിതയിൽനിന്നു നീറി നീ;
പിന്നെയെന്നാളുമേ കുറ്റബോധത്തിൽ തീയിൽ നീറി ഞാൻ.
(രാധാമാധവം)

രണ്ടു രൂപകങ്ങളും വ്യതിരേകവും തമ്മിൽ സങ്കരം. ദീർഘകാലത്തെ സമാഗമകേളികൾക്കുശേഷം കൃഷ്ണൻ രാധയെ തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ അകന്നു പോയി. അതേക്കുറിച്ചുള്ള പശ്ചാത്താപബോധത്തോടെ കൃഷ്ണൻ ചിന്തിക്കുന്നതാണിത്. ഒരൊറ്റ രാവുകൊണ്ട് ദുഃഖത്തിന്റെ ചിതയിൽ നീറിക്കഴിയുകയാണവൾ. താനാകട്ടെ പിന്നെ എപ്പോഴും കുറ്റബോധത്തിന്റെ തീയിൽ നീറുകയാണ്. രാധാകൃഷ്ണന്മാരുടെ നിരതിശയമായ പരസ്പരപ്രണയം ധ്വനി.

കെടുതാം രണസൂര്യനസ്തമിച്ച–
ങ്ങിരുളുന്നേരമണഞ്ഞൊരമ്മയിൽനി–
ന്നിരുളെന്നതുപോലെ വന്ന ശാപ–
ക്കടുകാകോളമതേറ്റുകൊണ്ടതില്ലേ? (ശ്യാമമാധവം)

രൂപകം, ഉപമ, രൂപകം എന്നിവയുടെ സങ്കരം. യുദ്ധമാകുന്ന സൂര്യൻ അസ്തമിച്ച് ഇരുട്ടു പരക്കുമ്പോൾ അരികിലേക്കു വരുന്ന അമ്മ ഗാന്ധാരിയിൽനിന്ന് ഇരുട്ടെന്നപോലെ അതാ, ശാപം! അതോ, ഭയങ്കരമായ വിഷംതന്നെ! തന്റെ ജീവിതം മുഴുവൻ ഒരു ദുരന്തനാടകം തന്നെയാണെന്ന് കൃഷ്ണൻ അവസാനനിമിഷം തിരിച്ചറിയുന്നു. അദ്ദേഹത്തിന്റെ അഗാധമായ പശ്ചാത്താപം വ്യംഗ്യം.

# കാവ്യബിംബങ്ങൾ

ആധുനികകവിതകളിൽ പൊതുവിൽ പഴയ മട്ടിലുള്ള ഇത്തരം അലങ്കാരങ്ങൾ കാണുക പ്രയാസമാണ്. പ്രഭാവർമയുടെ ഈ കാവ്യത്തിൽ അവയുമുണ്ടെന്നു കാണിച്ചുവെന്നേ ഉള്ളൂ. കാവ്യബിംബങ്ങൾക്കാണ് ഇത്ത

രം കാവ്യങ്ങളിൽ മുഖ്യസ്ഥാനം. അവയും വാക്യവക്രതയ്ക്ക് ഉദാഹരണങ്ങൾതന്നെ. *ശ്യാമമാധവ*ത്തിലെ കാവ്യബിംബങ്ങളെക്കുറിച്ചുള്ളൊരു പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

1. ഒക്കെയും കാൺകയാൽ കൃഷ്ണ! നിന്റെ കൺകൾ നിറഞ്ഞുവോ?
അല്ലെങ്കിൽ, ഉൾക്കനൽച്ചൂടാൽ കണ്ണുനീരും വരണ്ടുവോ?
(ദ്വാരകാവർത്തം)

ദ്വാരകാനാശവും തുടർന്നുള്ള യദുവംശനാശവുമൊക്കെയായപ്പോൾ കൃഷ്ണന്റെ കണ്ണുകൾ നിറഞ്ഞുവോ എന്ന് ആദ്യം സംശയിച്ച കവിക്ക് തുടർന്നുണ്ടാവുന്ന സംശയം അദ്ദേഹത്തിന്റെ കണ്ണുനീരേ വറ്റിപ്പോയോ എന്നാണ്. ദുഃഖത്തിന്റെ ഉൾക്കനൽച്ചൂടുകൊണ്ട് വറ്റിപ്പോയ കണ്ണുനീർ!

ദ്വാരകാനാശവും തുടർന്നുള്ള യദുവംശനാശവുമൊക്കെയായപ്പോൾ ശോകാവിഷ്ടനായ കൃഷ്ണന്റെ കണ്ണുകൾ നിറഞ്ഞുവോ എന്ന് കവി ആദ്യം സംശയിക്കുന്നു. തുടർന്ന് കണ്ണീർ വറ്റിപ്പോയോ എന്നായി സംശയം. ദുഃഖത്തിന്റെ ഉൾക്കനൽച്ചൂടുകൊണ്ട് കണ്ണുനീർ വറ്റിപ്പോയോ? ഉള്ളിലെ ദുഃഖക്കനലിന്റെ ചൂട് അത്രയേറെയുണ്ടെന്നു ഭാവം.

2. മിന്നും വർണതരംഗമേഴുമൊരുമിച്ചൊന്നാകവേ കൺകളിൽ
തിങ്ങുന്നൂ ധവളാഭ; കാണ്മതഖിലം കാണാവതല്ലാതെയായ്!
പൊങ്ങും നാദതരംഗമേഴുമൊഴുകിത്തീരുന്നു; മൗനം സദാ
വിങ്ങുന്നൂ മൃതിപോലെ; കേൾവിയഖിലം കേൾക്കാവതല്ലാതെയായ്!
(ദ്വാരകാവർത്തം)

മുൻപത്തെ അതേ സന്ദർഭം. കൃഷ്ണന്റെ മരണത്തിനു തൊട്ടു മുൻപ് അനുഭവപ്പെടുന്ന, ഏഴു നാദതരംഗങ്ങളും ഒഴുകിത്തീരുമ്പോൾ സദാ മൃതിപോലെ വിങ്ങുന്ന മൗനത്തിന്റെ മനോഹരമായ കാവ്യചിത്രം.

3. ഒന്നും ചോദിച്ചതില്ലില്ലൊരുകുറിയൊരു വാക്കും തിരിച്ചോതിയില്ലാ;
ഒന്നും സ്ഥാപിക്കുവാനായ് ഇരുവരവരിലാരും ശ്രമം ചെയ്തുമില്ലാ;
എന്നാലാരാരുമോരാതവനിലൊരു കനൽച്ചെമ്പിൽനിന്നെന്നവണ്ണം
തള്ളിത്തൂവുന്ന കണ്ണീർ തുടരെയൊഴുകിയോ കർണ, നിൻനേർക്ക മന്ദം. (കർണാതപം)

ആസന്നമരണനായ തന്റെ മുൻപിൽ കർണൻ വന്നുനിൽക്കുന്നതായി കൃഷ്ണനു തോന്നുന്നു. കർണന്റെ മഹത്ത്വം താൻ ഒരിക്കലും അംഗീകരിച്ചില്ലെന്നു മാത്രമല്ല, അദ്ദേഹം കുന്തിയിൽ സൂര്യനു പിറന്ന പുത്രനാണെന്ന സത്യം അറിയാമായിരുന്നിട്ടും അത് വെളിപ്പെടുത്താതെ ആകാവുന്നിടത്തൊക്കെ കർണൻ സൂതപുത്രനാണെന്നു പറഞ്ഞധിക്ഷേപിച്ചതിലുള്ള പശ്ചാത്താപം ഇപ്പോഴിതാ, കണ്ണീരായി പ്രവഹിക്കുകയാണ്. കർണന്റെ നേർക്ക് കൃഷ്ണനിൽനിന്ന് ഒരു കനൽച്ചെമ്പിൽ നിന്നെന്നവണ്ണം



തള്ളിത്തൂവി തുടരെ ഒഴുകുകയാണ് കണ്ണീർ. കൃഷ്ണന്റെ മനസ്സ് ഒരു ദുഃഖക്കനൽച്ചെമ്പാണ്. അത് നിറഞ്ഞുകവിഞ്ഞിരിക്കുന്നു. ഇതാ, കുറേശ്ശയായി, എന്നാൽ, നിരന്തരമായി, അതിൽനിന്ന് കണ്ണുനീർ പുറത്തേക്കൊഴുകുകയാണ്!

4. പാർഥനെ ദ്വന്ദ്വയുദ്ധത്തിൽ നേർക്കാനോങ്ങിയ വേളയിൽ
കുലമേതെന്ന ചോദ്യത്തിൻകൂരമ്പേറ്റു പുളഞ്ഞു നീ. (കർണ്ണാതപം)

അരങ്ങേറ്റത്തിന്റെ ആദ്യസന്ദർഭത്തിൽത്തന്നെ കുലമേതെന്ന ചോദ്യത്തിന്റെ കൂരമ്പേറ്റു പുളയുന്ന കർണന്റെ ഈ ചിത്രം അന്ത്യനിമിഷത്തിൽപ്പോലും കൃഷ്ണചിന്തയിൽനിന്നു മാഞ്ഞുപോകുന്നില്ല.

5. വാക്കിനാൽ മാത്രമല്ലൊറ്റിക്കൊടുക്കാവതു വാളിലും
മൂർച്ചയേറുന്നതാം മൗനത്താലുമാണതു നിർണയം! (കർണാതപം)

കർണനെക്കുറിച്ചുള്ള സത്യമറിയാവുന്ന കൃഷ്ണൻ ആ സത്യം ആവശ്യമായേടത്തൊന്നും, സന്ദർഭമുണ്ടായിട്ടും, വെളിപ്പെടുത്തിയില്ല. മൗനം ഭജിക്കുകയാണുണ്ടായത്. വാക്കുകൊണ്ടല്ല കൃഷ്ണൻ കർണനെ ഒറ്റിക്കൊടുത്തത്; വാളിനേക്കാൾ മൂർച്ചയേറുന്ന മൗനം കൊണ്ടാണ്! അചുംബിതമായ ഈ കാവ്യബിംബം കൃഷ്ണന്റെ ചതിക്കുനേരെ തുളഞ്ഞുകയറുന്നതുമാതിരി തോന്നും.

6. പെയ്തുവെന്നാകിലില്ലാ താൻ ബാക്കിയെന്നറിയുമ്പൊഴും
പെയ്തു മണ്ണു കുളിർപ്പിക്കും മേഘമായ് നിന്നലിഞ്ഞവൻ!

*   *   *

പകരം കൈവരാൻ മൃത്യു മാത്രമെന്നറിയുമ്പൊഴും
സ്വയം കത്തിയെരിഞ്ഞെങ്ങും വെളിച്ചം നീർത്തിനിന്നവൻ!
(കർണാതപം)

ത്യാഗിയും ദാനശീലനുമായ കർണനെപ്പറ്റിയുള്ള മനോഹരമായ രണ്ടു കാവ്യബിംബങ്ങൾ. മേഘവും മെഴുകുതിരിയും. പെയ്താൽ താൻ ബാക്കിയില്ലെന്നറിയുമ്പോഴും പെയ്തു മണ്ണു കുളിർപ്പിക്കുന്ന, സ്വയം അലിഞ്ഞുതീരുന്ന, മേഘമാണ് കർണൻ! പകരം മരണം മാത്രമാണ് കിട്ടുക എന്നറിയുമ്പോഴും സ്വയം കത്തിയെരിഞ്ഞ് സർവത്ര വെളിച്ചം ചൊരിഞ്ഞവനാണ് കർണൻ! ഇത്ര അസാധാരണനായൊരു മഹാത്മാവിനെയാണ്, കണ്ടേടത്തൊക്കെ വെച്ച് അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്തത് എന്നതിൽ കൃഷ്ണന്റെ അന്തിമനിമിഷങ്ങളിലെ പശ്ചാത്താപാധിക്യം വ്യംഗ്യം.

7. സ്മൃതിതൻ നേർത്ത വസ്ത്രങ്ങൾ അഴിച്ചേവെച്ചു നഗ്നമാം
മനസ്സുമായി നീങ്ങുന്നൂ വെളിച്ചത്തിന്നുമക്കരെ! (കർണാതപം)

പശ്ചാത്താപാർദ്രനായ ആ കൃഷ്ണന്റെ ദയനീയമായ ചിത്രമാണ് കവി ഈ ബിംബത്തിലൂടെ വരച്ചിരിക്കുന്നത്. ഓർമയുടെ നേരിയ വസ്ത്രങ്ങളഴി

¨ുവെച്ച് നഗ്നമായ മനസ്സുമായി വെളിച്ചത്തിന്നുമക്കരെ നടന്നുനീങ്ങുന്ന കൃഷ്ണന്റെ ചിത്രം!

8. കോടക്കാർമഞ്ഞുപോലെൻ നിനവിലുളവതെന്താവും? അവ്യാകൃതം താൻ
മൂടിക്കാണുന്ന ഭൂതപ്രകൃതിയിതു തമഃകൃത്സ്നമായ്ത്താനിരിപ്പൂ.
പാരം ഘോരാന്ധകാരം ഭയകരമഖിലം സംഗരാന്ത്യത്തിലങ്ക–
ച്ചോരപ്പാടത്തെയാന്ധ്യത്തിരകളതു കടന്നെത്തി ഗാന്ധാരി നിൽപ്പൂ!
(മാതൃവാക്യം)

അന്ത്യനിമിഷത്തിൽ മുൻപിലെത്തിനിൽക്കുന്ന, തന്റെ നൂറു മക്കളെയും അഭിവന്ദ്യരായ ഗുരുഭൂതന്മാരെയും മറ്റു വേണ്ടപ്പെട്ടവരെയുമെല്ലാം കൊല്ലിച്ച കൃഷ്ണനെ ശപിച്ച ധർമബോധത്തിന്റെ സത്യപ്രകാശം പരത്തിയ, ഗാന്ധാരിയുടെ മായാത്ത കാവ്യബിംബം! ഏറെ ഭീഷണമായ ഇരുൾ മൂടിയതും ഭയാനകവുമായ മഹാഭാരതയുദ്ധാവസാനത്തിൽ പോർക്കളത്തിലെ ചോരപ്പാടത്തെ അന്ധകാരവീചികൾ കടന്നെത്തി നിൽക്കുന്ന ഗാന്ധാരി!

9. മങ്ങിക്കത്തും ചെരാതിൻ മിഴികളിരുളു വന്നിങ്ങു പൊത്തുന്ന നേരം
വിങ്ങിത്തേങ്ങുന്ന ഹൃത്തോടരികെയണവതിന്നമ്മതാനെന്നവണ്ണം
തന്നേ വന്ദിച്ചു കൃഷ്ണൻ സവിധമണകയായ്. (മാതൃവാക്യം)

ആസന്നമൃത്യുവായി പശ്ചാത്താപഭരിതനായി നിൽക്കുന്ന കൃഷ്ണന് ഏറ്റവും വലിയൊരനുഗ്രഹമാണ് ഈ അമ്മയുടെ കൊടിയ ശാപം!

10. ദൂതിന്നു പോകുമ്പൊഴേ വിജയിക്കരു
താ ദൗത്യമെന്നു മനസ്സിന്റെ നേർത്തുള്ള
നീലത്തിരശ്ശീല നീക്കി,യേകാന്തത്തി
ലാരോ പറഞ്ഞു; അതേ പിന്തുടർന്നു ഞാൻ! (മാതൃവാക്യം)

യുദ്ധം കൃഷ്ണനുണ്ടാക്കിയതാണ്; അതൊഴിവാക്കാൻ അദ്ദേഹം വിചാരിച്ചാൽ കഴിയുമായിരുന്നു. വിചരിക്കാഞ്ഞിട്ടാണ്. ഇതു ചൂണ്ടിക്കാട്ടിയ ഗാന്ധാരി, പ്രതികാരമൂർത്തിയായ മറ്റൊരമ്മയാണ് (അവൾ പക്ഷേ തന്റെ 'രഹസ്യകാമുകി'യാണ്– ദ്രൗപദി!) അതിനു കാരണക്കാരിയെന്നു മനസ്സിലാക്കിയോ ആവോ! ദൂതിന്നു പോകുമ്പൊഴേ, മനസ്സിന്റെ നേരിയ നീലത്തിരശ്ശീല നീക്കി ഏകാന്തത്തിൽ 'ആ ദൗത്യം വിജയിക്കരുത്' എന്നു പറഞ്ഞ ആ 'ആരോ' – ഒന്നാന്തരമൊരു കാവ്യബിംബം!

11. നേടീ രാജ്യമിതെന്നുതന്നെ പലരും ചൊല്ലാ,മതിൽ തോർന്നുണ–
ങ്ങീടില്ലേതൊരു കാലവും ചുടുനിണച്ചാലെന്നറിഞ്ഞോനിവൻ!
പൂക്കില്ലിങ്ങു നിലാവു; മാരി തുടരെപ്പെയ്താകിലും മണ്ണിതിൻ
നീറും തീക്കനലാറുകില്ല; ചുടലച്ചെങ്കോലെനിക്കെന്തിനായ്?
(ധർമ്മദുഃഖം)



യുദ്ധത്തിൽ ജയിച്ചിട്ടും തോറ്റ ധർമപുത്രന്റെ തീരാദുഃഖം! യുദ്ധം കൊണ്ടു നേടിയ വിജയത്തിൽ, അങ്ങനെ കിട്ടിയ രാജ്യത്തിൽ, ആ യുദ്ധക്കളത്തിലെ ചുടുനിണച്ചാൽ ഒരിക്കലും തോർന്നണങ്ങുകയില്ല എന്ന ഇവിടത്തെ കാവ്യബിംബം ശ്രദ്ധേയം.

12. ശരന്മല്ലിക പൂത്തോരു നാളിലേകാന്തരാത്രിയിൽ
പോയ്വരാമെന്നുപോലും ചൊല്ലാതെ പോന്നവനല്ലി ഞാൻ!
(രാധാമാധവം)

രാധാമാധവരഹസ്യകേളികളുടെ ഉദ്ദീപനവിഭാവം ഇതാ, ഇവിടെ മനോഹരമായൊരു കാവ്യബിംബമായി അവതരിച്ചിരിക്കുന്നു: മുല്ല പൂത്തുലഞ്ഞ ഏകാന്തമായ ആ ശാരദരാത്രി! പൂനിലാവിന്റെ പോലും ആവശ്യമില്ലാത്ത മട്ടിൽ പൂത്തുലഞ്ഞുവിലസുന്ന ശാരദമല്ലിക! ആ കൂടിച്ചേരലിനുശേഷം രാധാമാധവന്മാർ തമ്മിൽ കണ്ടിട്ടില്ല! അങ്ങനെ അവസാനത്തേതായി മാറിയ ആ സമാഗമത്തിന്റെ പോലും അന്ത്യത്തിൽ ഒരു യാത്രാമൊഴിയെങ്കിലും കൃഷ്ണന്റെ നാവിൽനിന്നു പൊങ്ങിയില്ല! പിന്നീട് മരണം വരെ, ഒരുവേള, മരണശേഷവും, അതിലുള്ള പശ്ചാത്താപം നിലനിന്നു; നിൽക്കുന്നു! കാരണം,

13. പടർന്നുനിന്നിടും വിദ്യുല്ലതയെക്കനിവെന്നിയേ
അടർത്തിമാറ്റിടും മേഘം കണക്കേ പോന്നതല്ലി ഞാൻ!
(രാധാമാധവം)

മേഘത്തിൽ പടർന്നുനിൽക്കുന്ന വിദ്യുല്ലത! എന്തൊരു സ്വാഭാവിക നിത്യപ്രണയസമാഗമം! അന്ത്യശ്വാസംവരെ നിലനിൽക്കേണ്ട ആ വേഴ്ച്ചയെയല്ലേ താൻ നിർദയം, ഒരു മുന്നറിയിപ്പുപോലുമില്ലാതെ, അടർത്തിമാറ്റിയത്! അതിലുള്ള പശ്ചാത്താപം പിന്നെ മാറുന്നതെങ്ങനെ?

ഈ സംഭവത്തിലുള്ള ദുഃഖാതിശയം രാധയ്ക്കെങ്ങനെ മറക്കാനാവും? രണ്ടു കാവ്യചിത്രങ്ങളിലൂടെയാണ് അത് തെളിഞ്ഞുവരുന്നത്:

14. അകമേ ചോര പൊട്ടുന്ന നൊമ്പരത്തോടെയെങ്കിലും
ശിലയെപ്പോലെ നീ രാവിൻ പ്രളയത്തിൽ മറഞ്ഞുവോ?
ജന്മദൈർഘ്യത്തിലങ്ങോളം നീറിനിൽക്കേണ്ടതാം കനൽ
ഒറ്റമാത്രയിലാത്മാവും ദഹിക്കുമ്പോൾ വിഴുങ്ങിയോ? (രാധാമാധവം)

ഉള്ളിൽ ചോര പൊട്ടുന്ന ദുഃഖമുണ്ടെങ്കിലും അതവൾ ഒട്ടും പുറമെ കാണിച്ചില്ല. പാറയെപ്പോലെ! അവൾ ആ ദുഃഖാധിക്യം ഉള്ളിലൊതുക്കി ആ രാവിന്റെ പ്രളയത്തിലങ്ങ് മറഞ്ഞിരിക്കാം. അഥവാ, നീണ്ട ജീവിതയാത്രയിൽ ഉടനീളം നിലനിൽക്കേണ്ട അതിനെ ഒറ്റനിമിഷത്തിൽ ആത്മാവുപോലും ദഹിക്കുമാറ് വിഴുങ്ങിയിരിക്കാം!

15. അതിനാലർഥമപ്പാടേ ചോർന്നുപോയുള്ള വാക്കിലെൻ–
മനം വീണ്ടും നിറച്ചേ ഞാൻ തരുന്നൂ; നീയിതേൽക്കുക!

അർഥം പാടേ ചോർന്നുപോയ വാക്കിൽ വീണ്ടും തന്റെ മനം നിറച്ച് തിരികെ രാധയ്ക്കു നൽകുന്ന കണ്ണൻ – രാധയോട് ഇത്ര അനീതി കാട്ടിയ അദ്ദേഹത്തിന് അതേ ഇനി ചെയ്യാനുള്ളൂ.

16. ആരെയോ തിരയും മട്ടങ്ങിഴയുന്നുണ്ടു കണ്ണുകൾ
പളുങ്കുജലപാത്രത്തിൽ പുളയും കരിനാഗമായ്! (ആരണ്യകൃഷ്ണൻ)

യുദ്ധത്തിലെ തന്റെ ചതിപ്രയോഗങ്ങൾ മൂലം പ്രതികാരമൂർത്തിയായി ഭ്രാന്തനെപ്പോലെ കാട്ടിലൂടെ അലഞ്ഞുനടക്കുന്ന അശ്വത്ഥാമാവിനെ മറ്റൊരു ഭ്രാന്തനെപ്പോലെയായിത്തീർന്ന കൃഷ്ണൻ കാണുന്നു. അശ്വത്ഥാമാവിന്റെ കണ്ണുകൾ ആരെയോ അന്വേഷിക്കുന്നതുപോലെ, പളുങ്കുജലപാത്രത്തിൽ പുളയുന്ന കരിനാഗമായി, എങ്ങും ഇഴയുകയാണ്. പേടിപ്പിക്കുന്ന ഒരു കാവ്യബിംബം!

17. ഇരുട്ടിലെങ്ങുനിന്നോ പാഞ്ഞണയും കടവാവലായ്
വന്നു കീറുന്നുവോ ദൂരസ്മൃതി ചിന്താശതങ്ങളെ! (ആരണ്യകൃഷ്ണൻ)

ഇരുട്ടിൽ എങ്ങുനിന്നോ പാഞ്ഞണയുന്ന കടവാവലായി ചിന്താശതങ്ങളെ കീറുന്ന ദൂരസ്മൃതി എന്ന ബിംബം മനോഹരംതന്നെ.

18. സഹസ്രശിഖരം നീർത്തും മനസ്സിൽ ചാഞ്ഞുറങ്ങിടും
കറുത്ത പക്ഷികൾ ഞെട്ടിക്കരഞ്ഞു ചിതറുന്നിതാ!
(ആരണ്യകൃഷ്ണൻ)

ആയിരം കൊമ്പുകൾ നിവർത്തിനിൽക്കുന്ന മനോവൃക്ഷത്തിൽ സ്വൈരമായി ചാഞ്ഞുറങ്ങുകയായിരുന്ന, ഇപ്പോൾ ഞെട്ടിക്കരഞ്ഞുചിതറുന്ന, കറുത്ത പക്ഷികൾ! ഭീമകാന്തമായ, അവ്യക്തമധുരമായ, ഒരു കാവ്യബിംബം!

19. പുതുനീഹാരനീരത്താൽ കുളിച്ചുള്ള കടമ്പുകൾ
അവനെക്കാൺകെയെന്താവാം ഇതൾപ്പോളകൾ പൂട്ടുവാൻ?
(ജ്ഞാനകൃഷ്ണൻ)

പുതുമഞ്ഞുവെള്ളത്തിൽ കുളിച്ച, കൃഷ്ണനെ കാൺകെ ഇതൾപ്പോളകൾ പൂട്ടുന്ന, കടമ്പുകൾ. മുൻപാണെങ്കിൽ അവ അദ്ദേഹത്തെ വാരിപ്പുണരുമായിരുന്നു! ഇപ്പോഴെന്താ, പശ്ചാത്താപം കൊണ്ട് ഭ്രാന്ത് പിടിച്ചലഞ്ഞുനടക്കുന്ന കൃഷ്ണനു ചുറ്റും ഭീതിയുടെ ഒരന്തരീക്ഷമുണ്ടോ?

## ദർശനദീപ്തികൾ

*ശ്യാമമാധവ*ത്തിന്റെ ദാർശനികഗൗരവം വർധിപ്പിക്കുന്ന ഒരു പ്രധാനസവിശേഷത, ഇതിഹാസകാവ്യങ്ങളുടെ, വിശേഷിച്ച് *മഹാഭാരത*ത്തിന്റെ, മൂല്യം പതിന്മടങ്ങാക്കുന്നതിനു സഹായകമായി വിലയിരുത്തിപ്പോ



രുന്നതുപോലുള്ളചിന്താതത്ത്വങ്ങളും ജീവിതസത്യങ്ങളും ഇക്കാവ്യത്തിലുടനീളം കാണാമെന്നുള്ളതാണ്. അതിനാൽ ആ സൂക്തങ്ങളെക്കുറിച്ചുള്ളൊരു വിശകലനം ഇത്തരമൊരു പഠനത്തിൽ ഒഴിവാക്കാനാവാത്തതാണെന്നു തോന്നുന്നു. അതിനാണ് ഇവിടെ മുതിരുന്നത്.

കാലിൽ വേടന്റെ അമ്പേറ്റപ്പോൾ കൃഷ്ണൻ ചിന്തിക്കുകയാണ്:

ജന്മാന്തരത്തിലറിയാതെ കൊടുത്തതെല്ലാം
ഇന്നിങ്ങു സൂക്ഷ്മതരഭാവമൊടെത്തിയെന്നോ?
ബാലിക്കു നേർക്കൊളിവിലന്നു തൊടുത്ത ബാണം
കാലം കടന്നു പകയോടെ തിരിച്ചുവന്നോ? (ദ്വാരകാവർത്തം)

ജന്മാന്തരപുണ്യപാപങ്ങളെപ്പറ്റിയുള്ള ചിന്ത അവതാരപുരുഷനായ കൃഷ്ണന് സ്വാഭാവികമായിരിക്കുമല്ലോ. ത്രേതായുഗത്തിൽ രാമാവതാരകാലത്ത് ബാലിയെ ഒളിയമ്പെയ്തു കൊന്നത് അന്നു ന്യായീകരിച്ചിരുന്നുവെങ്കിലും അത് തെറ്റായിരുന്നുവെന്ന് തന്റെ ഉപബോധമനസ്സിന് അന്നേ തോന്നിയിരുന്നു. ദ്വാപരയുഗത്തിൽ കൃഷ്ണാവതാരകാലത്ത്, വിശേഷിച്ച് ഈ മരണത്തിനുതൊട്ടുമുൻപുള്ള പശ്ചാത്താപവിവശമായ സന്ദർഭത്തിൽ ആ തോന്നൽ ഒന്നുകൂടി സ്ഥിരീകരിക്കപ്പെട്ടു. ആ മുജ്ജന്മകർമത്തിന്റെ ഫലമാവാം ഇത്.

കൃഷ്ണൻ തന്റെ ദുഃഖപരമ്പരയെപ്പറ്റി വിചാരിക്കുമ്പോഴും അദ്ദേഹം ആനന്ദരൂപനെന്നാണ് ആളുകൾ വാഴ്ത്തുന്നത്. അതുമായി ബന്ധപ്പെട്ട കൃഷ്ണചിന്ത:

അപ്പൊഴും നിന്നെയാനന്ദരൂപനെന്നെന്തു വാഴ്ത്തുവാൻ?
കാണ്മതെ,ന്തായതിൻഭാവം കാണ്മവർ നിർണയിക്കയോ?
ആനന്ദമയമെന്നാർക്കു കരുതാം ജീവിതത്തിനെ?
ആനന്ദപൂർണമാം വാഴ്‌വു താങ്ങുവാനാർക്കു സാധ്യമാം?
വേണ്ടതാനന്ദമെന്നാകിൽ അതാണാരായ്‌വതെപ്പൊഴും.
കാണ്മതാനന്ദമെന്നാവാം തോന്ന,ലന്നേരമൊക്കെയും!
അഥവാ, കണ്ടു കണ്ണീരെന്നാ,ലതാനന്ദബാഷ്പമാം!
പുളയും നൊമ്പരം കണ്ടാൽ പുളകോദ്ഗമമെന്നുമാം!
വെളിച്ചമസ്തമിക്കുമ്പോൾ കയർ പാമ്പെന്നു തോന്നിടാം.
പകലുഗ്രമെരിഞ്ഞിട്ടും മനം പാമ്പിങ്കൽ നിൽക്കിലോ?
(ദ്വാരകാവർത്തം)

കാണപ്പെടുന്നതിന്റെ ഭാവം കാണുന്നവർ നിശ്ചയിക്കുകയാണോ? കൃഷ്ണൻ ദുഃഖഭരിതനാണെന്ന് കൃഷ്ണനല്ലേ അറിയാവൂ! ജീവിതം ആനന്ദമയമാണെന്ന് ആർക്കും പറയാൻ കഴിയില്ല. ഇനി അഥവാ അങ്ങനെയാണെങ്കിൽ ആനന്ദമയമായ അത്തരമൊരു ജീവിതത്തെ ആർക്കു

താങ്ങാനാവും? ആനന്ദം വേണ്ടവർ അതിനെയാണ് അന്വേഷിക്കുന്നത്. അപ്പോഴൊക്കെ തങ്ങൾ കാണുന്നത് ആനന്ദമെന്ന് അവർക്കു തോന്നും. അഥവാ, കണ്ണീർ കണ്ടാൽ അത് ആനന്ദബാഷ്പമെന്നു പറയും. പുളയുന്ന നൊമ്പരം കണ്ടാൽ പുളകോൽഗമമെന്നാവും വ്യാഖ്യാനം! കയർ കണ്ട് പാമ്പാണെന്നു ചിലർക്കു തോന്നാറുണ്ട്. വെളിച്ചം കുറയുമ്പോഴാണ് ആ തോന്നൽ ഉണ്ടാവുക. ഉഗ്രമായ പകൽവെളിച്ചത്തിലും മനസ്സ് പാമ്പിൽ ത്തന്നെ നിൽക്കുകയാണെങ്കിൽ അത് അസാധാരണമത്രേ! കൃഷ്ണന്റെ അവസ്ഥ ഇപ്പോൾ അതാണ്.

കൃഷ്ണൻ ഇപ്പോൾ തന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ തോന്നുകയാണ്:

എന്നൊക്കെയോ വഴി പിഴച്ചു; മിതോഷ്ണശൈത്യം
നന്നായ് പുലർത്തി മരുവേണ്ട മനസ്സു സത്യം
കൊള്ളേണ്ട നേരമതു വിട്ടു ചിലപ്പൊഴെല്ലാ–
മെങ്ങൊക്കെയോ നിഴലു തേടിയലഞ്ഞു കഷ്ടം! (വിഷാദപർവം)

പലപ്പോഴും വഴി തെറ്റി. സമശീതോഷ്ണാവസ്ഥ പുലർത്തേണ്ട മനസ്സ് സത്യം സ്വീകരിക്കേണ്ടപ്പോൾ അത് ചെയ്തില്ല. ചിലപ്പോഴെല്ലാം നിഴൽ തേടിയലഞ്ഞു. വസ്തുവിനു പകരം നിഴൽ തേടിയതിന്റെ ഫലമാണ് ഈ ദുഃഖം തിന്നൽ!

കൃഷ്ണൻ തുടരുന്നു:

ഒന്നോർക്കിലായതിനു കാരണമേറെയുണ്ടാം
എന്നാകിലും മനമിതിന്നൊരു ശാന്തിയില്ലാ.
പൊയ്പ്പോയ കാലമുയിരാർന്നു തിരിച്ചുവന്നാ–
ലിപ്പോലെയായിടുകയില്ലതിലൂടെ യാത്ര!
നേരാണു, വൃക്ഷശിഖരങ്ങളിലെങ്ങുനിന്നോ
ദൂരങ്ങൾ താണ്ടിയണയും പല പക്ഷിവൃന്ദം
ഏതാനുമല്പമിട,യങ്ങതിലൊത്തുകൂടും;
താനേ പറന്നകലു,മങ്ങനെയേ നരന്നും!
ജീർണിച്ച വസ്ത്രമതു വിട്ടു നവത്വശോഭാ–
പൂർണങ്ങളാം വസനങ്ങളിങ്ങണിയുന്നപോലെ
കേടറ്റ ദേഹമിതു വിട്ടു വരിപ്പു പുത്തൻ–
ദേഹത്തെയെന്നതൊരു ദർശനസത്യമാവാം.
ചിന്തിക്കിലാരുയിരിതാരു ഹനിക്കും, ഇന്നീ
ചിന്തയ്ക്കുമിങ്ങു വെളിവിങ്കലൊരർഥമില്ലാ.
നന്നായ് നിനയ്ക്കിൽ, ഉടൽ വീണടിയുമ്പൊളേതു–
മുണ്ടാകയി,ല്ലുയിരിനന്ത്യമതെന്നൊരർഥം!
എന്നാലിതിന്നപരസത്യവശം മനസ്സി–



ലന്നൊന്നുമേ തിരിതെളിച്ചു പുലർന്നതില്ലാ.
ഇല്ലാ ശരീരമതിനത്ര ഗുരുത്വസാര–
മെന്നാ,ലതിന്റെ ഹനനത്തിലുമർഥമില്ലാ! (വിഷാദപർവം)

അങ്ങനെ ചിന്തിക്കുന്നതിന് പല കാരണങ്ങളുണ്ടാവാം. പക്ഷേ, അതുകൊണ്ടൊന്നും മനഃശാന്തി കിട്ടില്ലല്ലോ. ഏതായാലും, പോയ കാലം ഇനി തിരിച്ചുവന്നാൽ പിന്നത്തെ ജീവിതയാത്ര ഇതുപോലെയായിരിക്കില്ല. അല്ലെങ്കിൽ ഈ ജീവിതത്തിനെന്തർഥം?

"പക്ഷികളൊക്കെപ്പലവഴി വന്നൊരു
വൃക്ഷത്തെയാശ്രയിച്ചൊട്ടുനേരം വസി–
ച്ചൊക്കെയോരോവഴി പിന്നെപ്പറന്നുപോം
ദുഃഖിക്കുമാറില്ലതിന്നവരാരുമേ" (*മഹാഭാരതം കിളിപ്പാട്ട്*, സ്ത്രീപർവം)
എന്നും
"ജീർണവസ്ത്രം കളഞ്ഞമ്പോടു മാനുഷർ
പൂർണശോഭം നവവസ്ത്രം ധരിച്ചിടും.
ജീർണദേഹം കളഞ്ഞവ്വണ്ണം ദേഹികൾ
പൂർണശോഭം നവദേഹങ്ങൾ കൊള്ളുന്നു" (*മഹാഭാരതം കിളിപ്പാട്ട്*, സ്ത്രീപർവം)

എന്നുമുള്ള എഴുത്തച്ഛന്റെ വരികൾ ഔചിത്യപൂർവം പ്രഭാവർമ ഇവിടെ ഓർമിപ്പിച്ചിരിക്കുന്നു. ആരാണ് ജീവൻ? ആർക്ക് അതിനെ ഹനിക്കാനാവും? ഇതിനൊന്നും ഒരർഥവുമില്ല. ശരീരം പോയാൽ ഒന്നും അവശേഷിക്കുന്നില്ല. അതായത്. ശരീരാവയവങ്ങളുടെ പ്രത്യേകമായ ഘടന അതിനു ജീവനരുളുന്നു; ആ ഘടന ശിഥിലമാവുമ്പോൾ ജീവനില്ലാതാകുന്നു. അതുതന്നെയാണ് മരണം. ചാർവാകന്മാരുടെ 'ദേഹാത്മവാദ'ത്തിന് ഇവിടെ കവി ആർക്കും പൊതുവിൽ ബോധ്യമാകുന്ന ഒരു വ്യാഖ്യാനം നൽകിയിരിക്കുന്നു. ഇത് സത്യത്തിന്റെ ഒരു വശം. മറ്റേ വശം അന്നൊന്നും മനസ്സിലായില്ലെന്ന് കൃഷ്ണൻ തുറന്നു സമ്മതിക്കുന്നു. ശരീരത്തിന് അത്രമാത്രം ഗൗരവസാരമില്ല; അതുകൊണ്ട്, അതിന്റെ വധവും അർഥശൂന്യമത്രേ.

കൃഷ്ണന്റെ തുടർന്നുള്ള ചിന്ത:

ചീറിപ്പറക്കുമൊരു കാറ്റിനു നേർക്കു നിൽക്കാൻ
താരിൽ തുടിക്കുമൊരു മഞ്ഞുകണത്തിനാമോ?
കാറ്റെത്തുമെന്നറിയുമാരു വൃഥാ നടത്തും
കാറ്റിന്നു മുന്നമതു വീഴ്ത്തുവതിൻ പ്രയത്നം! (വിഷാദപർവം)

ചീറ്റിവരുന്ന ഒരു കാറ്റിനോട് ഏറ്റുമുട്ടാൻ പൂവിൽ തുടിക്കുന്ന ഒരു മഞ്ഞുതുള്ളിക്കാവില്ല. കാറ്റു വരുമെന്ന് അറിയുന്നവൻ അതിനു മുന്നേ അതിനെ വീഴ്ത്താൻ പ്രയത്നിക്കുന്നതുകൊണ്ട് വല്ല കാര്യവുമുണ്ടോ?

ഇതിന്റെ മറുവശം:

നിസ്സാരമായ് കരുതുമേതിനെ,യെന്തി,നേതാൾ
ഇല്ലാതെയാക്കുവതിനെങ്ങു പരിശ്രമിക്കും?
വ്യർഥങ്ങളായവയെയേറ്റു നടത്തുവാനോ
കഷ്ടം! കളഞ്ഞു നിജജന്മമതിന്റെയർഥം? (വിഷാദപർവം)

നിസ്സാരമായ ഒന്നിനെ എതിർക്കാനോ ഇല്ലാതാക്കാനോ ആരെങ്കിലും ശ്രമിക്കുമോ? അതുകൊണ്ടും കാര്യമില്ല. വ്യർഥങ്ങളായ ഇത്തരം കാര്യങ്ങൾക്കുവേണ്ടി തന്റെ ജന്മം മുഴുവൻ കളഞ്ഞുവെന്ന ചിന്തയാണ് ഇപ്പോൾ കൃഷ്ണനെ ഭരിക്കുന്നത്!

ഇന്നീ വെളിച്ചമകമേതെളിയുന്നു; ജീവൻ
മങ്ങിക്കെടുന്നതറിയുന്നതിനൊട്ടു മുന്നം;
ഇല്ലാ തിരുത്തുവതിനിങ്ങൊരു മാത്ര പോലും;
ചൊല്ലാവതല്ലിതു വരുത്തിടുമാത്മദുഃഖം! (വിഷാദപർവം)

ഇപ്പോൾ, ജീവൻ മങ്ങിക്കെടുന്നതിനു തൊട്ടുമുൻപ്, ഇതെല്ലാം വ്യക്തമായി മനസ്സിലാവുന്നുണ്ട്. എല്ലാം തിരുത്താമെന്നുവെച്ചാൽ, അതിന്നൊന്നും ഒരു മാത്ര പോലും ബാക്കിയില്ല. ഇതെല്ലാം ആലോചിക്കുമ്പോഴുള്ള ആത്മദുഃഖം അനിർവചനീയം!

കൃഷ്ണൻ കർണനെക്കുറിച്ച് പശ്ചാത്താപത്തോടെ ചിന്തിക്കുന്നു. അച്ഛനാരെന്നറിയാത്തവർ ധാരാളമുണ്ടാവാം. അമ്മയാരെന്നറിയാത്തവരും അങ്ങനെത്തന്നെ. പക്ഷേ, അച്ഛനും അമ്മയും, രണ്ടുപേരും, ആരെന്നറിയാത്തവർ, അങ്ങനെ 'സന്ദേഹത്തിന്റെ പുത്ര'നായി കർണനേ ഉണ്ടാവൂ എന്ന് കൃഷ്ണൻ ആലോചിക്കുന്നു. തുടർന്നുള്ള ചിന്ത:

നമ്മളാരെന്നതിന്നുണ്ടാം പലർക്കു പലയുത്തരം;
നമുക്കു നമ്മളാരെന്നതറിയാത്തതു ദൈന്യമാം. (കർണാതപം)

നാമാരെന്നതിന് പലർക്ക് പല ഉത്തരങ്ങളുണ്ടാവാം. എന്നാൽ, നമുക്ക് നാമാരെന്നുതന്നെ അറിയില്ലെന്നു വന്നാലോ? അത് പരമദൈന്യംതന്നെ!

കർണൻ സൂര്യപുത്രനാണ്, കുന്തീപുത്രനാണ്, എന്നറിഞ്ഞിട്ടും അത് ബന്ധപ്പെട്ടവരിൽനിന്നെല്ലാം ഒളിപ്പിച്ചുവെച്ച കൃഷ്ണൻ, കർണനും പ്രതിയോഗിയായ അർജുനനും ചൂണ്ടിക്കാട്ടിയ യുദ്ധധർമം തെറ്റിച്ചുപോലും, കർണനെ കൊല്ലാൻ അർജുനനെ പ്രേരിപ്പിച്ചു. കർണനെ നിസ്തേജനാക്കാൻ സൂതപുത്രനെന്ന് വിളിച്ചധിക്ഷേപിക്കയും ചെയ്തു. അതേക്കുറിച്ച് കൃഷ്ണൻ പശ്ചാത്തപിക്കുന്നു:

തിളപ്പിക്കാനു,മപ്പോലെ തണുപ്പിക്കാനുമീവിധം
കഴിയുന്ന മനസ്സല്ലീ ഭാരം! ഓർക്കുകിലെപ്പൊഴും! (കർണാതപം)

ഇങ്ങനെ തിളപ്പിക്കാനും തണുപ്പിക്കാനും ഒരുപോലെ കഴിയുന്നത് കേമമായിട്ടാണ് അന്ന് അഭിമാനിച്ചത്. ഇന്നാകട്ടെ, അത് ഒരിക്കലും ഒഴിയാത്ത



ഭാരമായിത്തീർന്നിരിക്കുന്നു!

കർണന്റെ മഹത്ത്വം കുറച്ചുകാട്ടാൻ ശ്രമിച്ചതിന്റെ ഫലം തന്റെ മഹത്ത്വം കുറയുകയാണെന്ന് കൃഷ്ണൻ ഒടുവിൽ തിരിച്ചറിയുന്നു. അതേപ്പറ്റി:

ജീവിതം കൊണ്ടു ചെയ്യുന്നൂ പല കാര്യങ്ങൾ; ഓർക്കുകിൽ
കർമങ്ങൾതന്നെയാണല്ലീ വാഴ്‌വിന്നു വഴി തീർപ്പതും! (കർണാതപം)

ജീവിതത്തിൽ അപ്പപ്പോൾ ശരിയെന്നു തോന്നുന്ന കാര്യങ്ങൾ ചെയ്യുന്നു. കർമങ്ങൾതന്നെയല്ലേ ജീവിതത്തിന്റെ വഴി തീരുമാനിക്കുന്നതും?

ഈ ചിന്തയുടെ തുടർച്ച:

അറിയാം; ചതുരംഗത്തിൻ കരുക്കൾ മാത്രമല്ലി നാം?
നേരവും നീക്കവും നമ്മൾക്കാവുമോ നിർണയിക്കുവാൻ?
(കർണാതപം)

ചതുരംഗത്തിന്റെ കരുക്കൾ മാത്രമാണ് നാം. നേരവും നീക്കവും നിശ്ചയിക്കുന്നത് നാമല്ല എന്നാണ് കൃഷ്ണൻ വിചാരിക്കുന്നത്.

തുടർന്നുള്ള ചിന്ത:

ജയവും തോൽവിയും ഭിന്നപ്രതീതികളസംശയം!
പോരിലെന്തു ജയിക്കുന്നു കാലത്തിന്നിച്ഛയെന്നിയേ.
വിജയം മൃതിയിൽപ്പോലും സ്വാസ്ഥ്യമേകാത്ത സൗഭഗം;
തോൽവിയോ ശാന്തി; യാത്മാവിൽ സുഖം ചേർക്കുന്നതാം ലയം!
(കർണാതപം)

ജയവും തോൽവിയും വ്യത്യസ്തമായ തോന്നലുകളാണ് തീർച്ചയായും നമ്മിലുളവാക്കുന്നത്. വാസ്തവത്തിൽ, യുദ്ധത്തിൽ കാലത്തിന്റെ ഇച്ഛയല്ലാതെ മറ്റെന്താണ് ജയിക്കുന്നത്? വിജയം മരണത്തിൽപ്പോലും സമാധാനം തരാത്ത സൗന്ദര്യമാണ്. തോൽവിയാകട്ടെ, സമാധാനമാകുന്നു. അത് ആത്മാവിൽ സുഖം ചേർക്കുന്നു. പതിവുധാരണയ്ക്ക് നേർവിപരീതം!

കൃഷ്ണൻ തുടർന്നു ചിന്തിക്കുന്നു:

ശിശുവെപ്പോലെയാണെന്നും കാലം! ആയതിനുള്ളതാം
കളിപ്പാട്ടങ്ങൾ താനല്ലീ മർത്ത്യരും ജീവിതങ്ങളും!
പള്ളികൊള്ളുന്ന കാലത്തിന്നുള്ളിൽ കതിരിടുന്നതാം
സ്വപ്നമല്ലാതെ മറ്റെന്തീ ഭൂമിയും കർമബന്ധവും? (കർണാതപം)

കാലം ഒരു ശിശുവെപ്പോലെയാണ്. അതിനുള്ള കളിക്കോപ്പുകളാണ് മനുഷ്യരും ജീവിതങ്ങളും. ഉറങ്ങുന്ന കാലത്തിന്റെ മനസ്സിൽ കതിരിടുന്ന സ്വപ്നമല്ലാതെ മറ്റെന്താണ് ഈ ഭൂമിയും കർമബന്ധവും? എല്ലാം കാലാധീനം എന്നത്രേ കൃഷ്ണചിന്ത.

പോയ കാര്യങ്ങളെച്ചൊല്ലി വേദനിക്കുന്നതെന്തിനായ്?
പോയ കാര്യങ്ങളെ കുറ്റപ്പെടുത്തുന്നതുമെന്തിനായ്? (കർണാതപം)

അതുകൊണ്ടുതന്നെ, കഴിഞ്ഞ കാര്യങ്ങളെക്കുറിച്ച് ദുഃഖിക്കുന്നതിനും കഴിഞ്ഞുപോയ കാര്യങ്ങളെ കുറ്റപ്പെടുത്തുന്നതിനും അർഥമില്ല.

കർണനെക്കുറിച്ചുള്ള കൃഷ്ണന്റെ പശ്ചാത്താപചിന്തയുടെ സമാപനം:

മുൻപിലെത്തുന്ന ലോകത്തെത്തന്നെയേ കാണ്മു കണ്ണുകൾ.
കണ്ണടച്ചാകിലുൾക്കണ്ണിൽ നിറയും മൂന്നു ലോകവും! (കർണാതപം)

കണ്ണുതുറന്നു നോക്കുമ്പോൾ കാണുന്നത് മുൻപിലുള്ള ലോകം മാത്രം. കണ്ണടച്ചാലോ, ഉൾക്കണ്ണിൽ മൂവുലകും ദർശിക്കാം.

ജയദ്രഥനെ ചതിപ്രയോഗത്തിലൂടെ കൊല്ലിച്ചതിൽ കൃഷ്ണന്റെ പശ്ചാത്താപവുമായി ബന്ധപ്പെട്ട ചിന്ത:

കാലം കനിഞ്ഞുതരുന്ന നിമിഷങ്ങ–
ളോരോന്നുമോരോ ദുരന്തയുഗങ്ങളാം.
ആയതിൻ ദൈർഘ്യം കുറക്കാനെളുതല്ല
സാധ്യ,മായുസ്സു സ്വയം കുറയ്ക്കുന്നതാം! (ധർമസംഗരം)

കാലം കനിഞ്ഞുതരുന്ന ഓരോ നിമിഷവും ഓരോ ദുരന്തയുഗമാകുന്നു. അതിന്റെ ദൈർഘ്യം കുറയ്ക്കുക എളുപ്പമല്ല. ആയുസ്സ് കുറയ്ക്കുക – അതേ സാധ്യമായുള്ളൂ.

ഭീഷ്മൻ സ്വച്ഛന്ദമൃത്യവാണല്ലോ എന്നാണെങ്കിൽ,
അന്നുത്തരായണം വന്നെത്തുവാൻ കാത്ത–
തെന്നേ പറഞ്ഞൂ പലരും; ആർക്കാകുമീ
മൃത്യുവെയല്പനേരത്തേക്കകറ്റുവാൻ,
അല്ലെങ്കി,ലൊന്നു വിളിച്ചടുപ്പിക്കുവാൻ? (ധർമസംഗരം)

അതൊക്കെ കവിഭാവനയല്ലേ? മരണത്തെ അല്പനേരത്തേക്കെങ്കിലും അകറ്റിനിർത്താനോ അല്പം ഇങ്ങോട്ട് അടുപ്പിക്കാനോ ആർക്കും കഴിയില്ല. അപ്പോൾപ്പിന്നെ ഭീഷ്മനെപ്പറ്റി പലരും പറയുന്നത് മുഖവിലയ്ക്കെടുക്കേണ്ടെന്നാണ് കൃഷ്ണന്റെ അഭിപ്രായമെന്നു വിചാരിക്കണം.

ജയദ്രഥനെ വധിക്കുന്നതിനു കാരണമായി ചൂണ്ടിക്കാണിച്ച സംഭവങ്ങളെല്ലാം കൗരവപക്ഷത്തുനിന്നെന്നപോലെ പാണ്ഡവപക്ഷത്തു നിന്നും ഉണ്ടായിട്ടുണ്ട്. അവയിൽ കൗരവപക്ഷത്തുനിന്നുണ്ടായ സംഭവങ്ങളെ ധർമലംഘനങ്ങളെന്നു വിധിച്ച കൃഷ്ണൻ അതേ മാനദണ്ഡം എല്ലാറ്റിനും ബാധകമാക്കുന്നില്ല. അതേക്കുറിച്ച്:

തീയിൽ ദഹിക്കാത്ത, നീരിൽ ലയിക്കാത്ത,
വായുവിന്നേതുമുണക്കുവാനാവാത്ത,
ജീവൻ! അതിന്നും തരാതരഭേദമോ?
വാക്കിനെപ്പാടേ തിരുത്തുന്നതായ് വന്നു
നീക്കുപോക്കില്ലാത്തതാം കർമബന്ധനം! (ധർമസംഗരം)

ആദ്യവരികളിൽ വിവരിച്ചതുപോലെ വിലപ്പെട്ട ജീവൻ പാണ്ഡവപക്ഷ



ത്തുള്ളവരുടേതായാലും കൗരവപക്ഷത്തുള്ളവരുടേതായാലും ഒരുപോലെ ത്തന്നെയല്ലേ?

ആരുടെ മുൻപിലും ന്യായവാദങ്ങൾ നടത്തുന്ന കൃഷ്ണൻ ഗാന്ധാരിയുടെ ശാപത്തെ എതിർത്തില്ല. വാക്കിനെ വ്യാഖ്യാനിക്കുമ്പോലിരിക്കും കാര്യങ്ങൾ എന്നു കൃഷ്ണനറിയാം:

വാക്കിനു–
ണ്ടായിരമർഥങ്ങളായതിൽനിന്നു നാം
വേണ്ടതെടുക്കു,മല്ലാത്തവ തള്ളിടും! (മാതൃവാക്യം)

തനിക്ക് ഇതിനുള്ള സാമർഥ്യം അപാരമാണെന്നും അതുതന്നെയാണ് ഇത്രയേറെ തെറ്റുകൾ പറ്റാൻ കാരണമായതെന്നും കൃഷ്ണൻ ചിന്തിക്കുന്നു. അതേക്കുറിച്ചുള്ള അനുഭവപാഠം:

അവ്വിധം വാക്കുകൾ ചേർന്നുവരുന്നതു
തന്നെയാണോർക്കുകിൽ തത്ത്വാർഥസംഹിത!
എന്നാലതൊക്കെയനർഥമായ് മാറുന്ന–
തുണ്ടു വാഴ്‌വിന്നെഴും സന്ദിഗ്ധതകളിൽ. (മാതൃവാക്യം)

ഗീത വീണ്ടും ഉപദേശിക്കണമെന്ന അർജുനന്റെ അപേക്ഷ കൃഷ്ണൻ തള്ളിക്കളഞ്ഞു. അന്ന് ഗീത ഉപദേശിച്ചപ്പോഴും അർജുനൻ അതുൾക്കൊണ്ടല്ല പ്രവർത്തിച്ചത്. താൻ പറഞ്ഞതനുസരിച്ച് ചെയ്തുവെന്നേയുള്ളൂ. കാരണം:

ചിദാകാശമതിൽ കത്തും സ്വത്വത്തിൻ മാർഗതാരകം
കാണുവാനായിടാത്തോനെ നയിക്കാമാർക്കുമെങ്ങുമേ!
(അനുഗീത)

ജ്ഞാനമാകുന്ന ആകാശത്തിൽ തിളങ്ങുന്ന സ്വത്വത്തിന്റെ വഴിനക്ഷത്രം കാണാനാവാത്തവരെ ആർക്കും എവിടെയും നയിക്കാം. അർജുനൻ അത്തരത്തിലൊരാളായതുകൊണ്ടാണ് ഗീതയുടെ പേരിൽ തനിക്ക് അദ്ദേഹത്തെ യുദ്ധം ചെയ്യുന്നതിന് പ്രേരിപ്പിക്കാൻ സാധിച്ചതെന്നു കൃഷ്ണൻ വിശ്വസിക്കുന്നു.

അതുകൊണ്ടാണ് കൃഷ്ണൻ അർജുനനോട് ഇങ്ങനെ പറഞ്ഞത്:

കാറ്റിനൊത്തു ചലിക്കും പായ്ക്കപ്പലായിട്ടലഞ്ഞു നീ
പാവയെപ്പോലെയെൻ ചിന്തയ്ക്കൊത്തു മാത്രം ചലിച്ചു നീ.
പായ കീറിയ പായ്ക്കപ്പൽ വേറെയെന്തൊന്നു ചെയ്തിടാൻ?
ജീവിതത്തിന്റെ യാത്രയ്ക്കുള്ളമരക്കാരനുള്ളിലാം!
അവനെക്കണ്ടതില്ലല്ലോ അവനെക്കേട്ടുമില്ല നീ.
അമരക്കാരനായ് നിൽക്കാൻ എന്നെത്താനാശ്രയിച്ചു നീ!
(അനുഗീത)

കാറ്റിനൊത്തു ചലിക്കുന്ന പായ്ക്കപ്പലായി നീ അലഞ്ഞു. പാവയെപ്പോ

ലെ എന്റെ ചിന്തയ്ക്കൊത്തുമാത്രം നീ ചലിച്ചു. പായ കീറിയ പായ്ക്കപ്പലിന് അതേ ചെയ്യാനാവൂ. ജീവിതയാത്രയുടെ അമരക്കാരൻ ഉള്ളിലാണ്. ആ അമരക്കാരനെ നീ കണ്ടിട്ടും കേട്ടിട്ടുമില്ല. അമരക്കാരനായി നിൽക്കാൻ നീ എന്നെത്തന്നെ ആശ്രയിക്കയാണുണ്ടായത്. കാളിദാസന്റെ ഭാഷയിൽ 'പരപ്രത്യയനേയബുദ്ധിയായ മൂഢൻ' മാത്രമായിരുന്നു അർജുനൻ. ലോകത്തിലെ മിക്കവരും ഇങ്ങനെത്തന്നെ!

ഗീത പല പണ്ഡിതന്മാരാലും പ്രകീർത്തിക്കപ്പെട്ടതാണെങ്കിലും കൃഷ്ണൻ അവസാനം എത്തിച്ചേരുന്ന നിഗമനം അർജുനൻ കൃഷ്ണനോട് ചൊല്ലിയാതാണ് ഗീത എന്നത്രേ. നോക്കുക:

അർജുനൻ കൃഷ്ണനോടന്നു ചൊല്ലിയെ,ന്തതു ഗീതയാം!
"ന കാംക്ഷേ വിജയം കൃഷ്ണ! ന ച രാജ്യം സുഖാനി ച;
കിം നോ രാജ്യേന ഗോവിന്ദ! കിം ഭോഗൈർജീവിതേന വാ?"
(അനുഗീത)

അതായത്: "കൃഷ്ണാ, ഞാൻ (യുദ്ധത്തിൽ) വിജയം ആഗ്രഹിക്കുന്നില്ല. രാജ്യമോ സുഖങ്ങളോ ആഗ്രഹിക്കുന്നില്ല. ഗോവിന്ദാ, നമുക്ക് രാജ്യംകൊണ്ടോ സുഖങ്ങൾകൊണ്ടോ ജീവിതംകൊണ്ടോ എന്തു കാര്യം?" യുദ്ധത്തിൽ അർജുനനെ വീറുപിടിപ്പിക്കാൻവേണ്ടി പാടിയ ഒരു പടപ്പാട്ടു മാത്രമായിരുന്നു പ്രസിദ്ധമായ ഗീത എന്നു ചുരുക്കം.

താൻ തന്നെ വരുത്തിവെച്ച മഹാഭാരതയുദ്ധം ഒഴിവാക്കേണ്ടതായിരുന്നു എന്നാണ് കൃഷ്ണന്റെ അഭിപ്രായം. യുദ്ധത്തിന്റെ കെടുതികൾ കൃഷ്ണന് നല്ലപോലെ അറിയാം. അതാണ് ഈ സൂക്തത്തിന്റെ സാരാംശം:

വന്മരം വെട്ടിവീഴ്ത്തുമ്പോൾ കിളിക്കൂടും തകർന്നിടാം.
ഉദ്ദിഷ്ടമായിരുന്നില്ലതെന്നു വാദിപ്പതെങ്ങനെ? (അനുഗീത)

ഒരു വൻവൃക്ഷം മുറിച്ചുവീഴ്ത്തുമ്പോൾ അതിന്മേലുള്ള കിളിക്കൂടും തകർന്നുപോവാം. അത് ഉദ്ദേശിച്ചിരുന്നില്ലെന്ന് എങ്ങനെ വാദിക്കാം? വൃക്ഷം മുറിക്കാതിരിക്കുകയാണ് വേണ്ടത് എന്നർഥം.

ഇതിന്റെ തുടർച്ചയായ ചിന്ത:

വെറുപ്പാകെ വെറുപ്പാലേ മായ്ക്കുവാനാവതെങ്ങനെ?
ചോരയാൽ ചോരതൻ പാടു തുടയ്ക്കാനാർക്കു സാധ്യമാം!
(അനുഗീത)

വെറുപ്പിനെ വെറുപ്പുകൊണ്ടു മായ്ക്കാനാവില്ല. ചോരകൊണ്ട് ചോരയുടെ പാട് തുടയ്ക്കാൻ ആർക്കും കഴിയുകയില്ല. സംഘർഷഭരിതമായ ഇന്നത്തെ അന്തരീക്ഷത്തിൽ ഏറ്റവും പ്രസക്തമായ ആശയം.

രക്തരൂഷിതമാണ് യുദ്ധമെങ്കിൽ അതിലെ വിജയത്തിനും ഒരർഥവുമില്ല:
രക്തം പുരണ്ട കൈ നീട്ടി വരും വിജയിയെങ്കിലും
അവന്റെ കൈ പിടിക്കുന്നോനെന്തു തോൽവിയിതിൽപ്പരം! (അനുഗീത)



രക്തം പുരണ്ട ആ വിജയിയുടെ കൈ പിടിക്കുന്നവന് ഇതിൽപ്പരം എന്തു തോൽവിയാണ് കിട്ടാനുള്ളത്? വിജയം അഭിനന്ദനീയമല്ലെന്നർഥം. ജയം തോൽവിതന്നെ എന്നു ചുരുക്കം.

ഇതിന്റെ തുടർച്ച:

പൊലിഞ്ഞ ജീവനോരോന്നും അസ്വാസ്ഥ്യത്തിന്നു ബീജമാം.
അറിവീലതു സ്വാസ്ഥ്യത്തിൻ അതിർത്തിക്കിപ്പുറം വരെ. (അനുഗീത)

ഒരു ജീവൻ പൊലിഞ്ഞാൽ അതിനെക്കുറിച്ചുള്ള ചിന്ത പിന്നെ അസ്വാസ്ഥ്യപ്പെടുത്താതിരിക്കില്ല. സ്വാസ്ഥ്യത്തിന്റെ അതിർത്തിക്കിപ്പുറംവരെയാണതെന്ന് നമുക്കറിയില്ല. ജീവനാശം നിരന്തരമായ അസ്വാസ്ഥ്യമുളവാക്കുമെന്നു സാരം.

യുദ്ധത്തിന്റെ കെടുതികൾ ഓരോ തരത്തിൽ വിശദീകരിച്ചതിനുശേഷം മനോജയമാണ് ജയം എന്ന തത്ത്വം വ്യക്തമാക്കുന്നു:

നിജചിത്തത്തെയല്ലീ നാം ജയിച്ചീടേണ്ടതെപ്പൊഴും!
അതു കീഴ്പ്പെടുമെന്നാകിൽ പിന്നെയെന്തിന്നു ദിഗ്ജയം?
മനസ്സു കീഴടക്കീടാമെങ്കിലെല്ലാമധീനമാം;
മനസ്സു കീഴടക്കാത്തോനെങ്ങു ലോകമധീനമാം?
മനസ്സു കീഴടക്കീടാൻ കഴിഞ്ഞെന്നാകിലാരൊരാൾ
അനിത്യമായ ലോകത്തിൻ നേർക്കു പാഴിൽ പുറപ്പെടും?
ഏതു ലോകത്തിനും മീതേയുള്ള ലോകം മനസ്സു താൻ.
സ്വാസ്ഥ്യമായതിനുണ്ടാമോ? അതുതാൻ നികഷോപലം!
വിശ്വമെല്ലാം ജയിച്ചാലും തിരിച്ചെത്തേണ്ടതാമിടം
നമുക്കു മനമാ,ണില്ലാ മനമെന്നാൽ പ്രപഞ്ചവും! (അനുഗീത)

താൻ ഏറ്റവും സ്നേഹിച്ചിരുന്ന രാധയോട് അതുപോലെ അങ്ങോട്ട് പെരുമാറാൻ കഴിഞ്ഞില്ലല്ലോ എന്ന ദുഃഖം കൃഷ്ണനെ അവസാനനിമിഷത്തിൽ വേട്ടയാടുന്നു. തന്നോട് ക്ഷമിക്കണം എന്നു കൃഷ്ണൻ രാധയോട് അപേക്ഷിക്കുന്നതായി വിചാരിക്കുന്നു. അതുമായി ബന്ധപ്പെട്ടു വരുന്ന ഏതാനും സൂക്തങ്ങളാണ് ഇനി:

കതിരായ് കാണ്മതെല്ലാമേ പതിരായ് പിന്നെ മാറിടാം.
കാലമല്ലീ കലർത്തുന്നു വാക്കിലർഥമനർഥവും? (രാധാമാധവം)

ആദ്യം കതിരായി തോന്നുന്നത് പിന്നെ പതിരാണെന്നു വരാം. ഇത് വാക്കിലെ അർഥത്തിനും ചേരും. കാലമാണല്ലോ വാക്കിൽ അർഥവും അനർഥവും കലർത്തുന്നത്.

പ്രിയമുണ്ടാകയില്ലെന്നതറിയാം; കാലമേറിടും
കണക്കു തന്നെയാ ദ്വേഷം കനത്തേതന്നെ വന്നിടാം. (രാധാമാധവം)

കാലം വർധിക്കുന്നതിന്റെ അനുപാതത്തിൽ രാധയ്ക്ക് തന്നോടുല്ള ദ്വേഷവും വർധിക്കുമോ എന്ന് കൃഷ്ണൻ ഭയപ്പെടുന്നു. കാലം പോകെ ദ്വേ

ഷം കുറഞ്ഞുകുറഞ്ഞുവരികയാണ് പതിവെങ്കിലും 'അതിസ്നേഹഃ പാപശങ്കീ' എന്നതുപോലെയാണ് കൃഷ്ണന്റെ ചിന്ത എന്നു തോന്നുന്നു.

അറിഞ്ഞതൊക്കെയും നേരാണെങ്കിലിന്നറിയാത്തതായ്
ചിലതുണ്ടാം പറഞ്ഞാലുമറിയാനരുതാത്തതായ്. (രാധാമാധവം)

പലതും അറിഞ്ഞിട്ടുണ്ട്. അറിഞ്ഞവ നേരുമാണ്. എങ്കിലും അറിയാത്തതായി, പറഞ്ഞാലും അറിയാനാവാത്ത, ചിലതുണ്ടാവും. സർവജ്ഞകല്പനായ കൃഷ്ണനാണിത് പറയുന്നതെങ്കിലും, രാധയോടുള്ള പശ്ചാത്താപബോധത്തിന്റെ പശ്ചാത്തലത്തിലാണ് ഈ വാക്കുകളെങ്കിലും, കൃഷ്ണന്റെയത്രതന്നെ ഔന്നത്യത്തിലെത്താത്തവർക്കും, അത്തരമൊരു പശ്ചാത്തലത്തിലല്ലെങ്കിൽപ്പോലും, ഈ ദർശനം പ്രസക്തമാണ്.

അസമർഥങ്ങളായ്ത്തീരാം വാക്കുകൾ നേർ പകർത്തുവാൻ;
അഥവാ, പകരുന്നാകിൽത്തന്നെയാർ വിശ്വസിക്കുവാൻ?
(രാധാമാധവം)

ഇതു വായിക്കുമ്പോൾ,
"തന്നതില്ല പരനുള്ളു കാട്ടുവാ–
നൊന്നുമേ നരനുപായമീശ്വരൻ;
ഇന്നു ഭാഷയിതപൂർണമിങ്ങഹോ!
വന്നുപോം പിഴയുമമർഥശങ്കയാൽ." എന്ന മഹാകവിവചനത്തെ നാം ഓർത്തേക്കാം. എന്നാൽ, "അഥവാ, പകരുന്നാകിൽത്തന്നെയാർ വിശ്വസിക്കുവാൻ?" എന്ന അനുബന്ധം കൂടുതൽ ചിന്തോദ്ദീപകമായി തോന്നാതിരിക്കില്ല.

കടമായ് ബാക്കിനിൽക്കുന്നൂ സ്നേഹം; എങ്ങനെ,യെന്നു ഞാൻ
തിരിച്ചുനൽകുവാൻ? തീരാക്കടം താനല്ലി ജീവിതം! (രാധാമാധവം)
എന്നും
നഷ്ടം മൃതിയിലില്ലെന്നാൽ മൃതിക്കിപ്പുറമുള്ളിലെ
പ്രണയം നഷ്ടമായീടിൽ അതു സമ്പൂർണനഷ്ടമാം.
പ്രണയാസ്തമയം, ജീവാസ്തമയം – രണ്ടു വേളയായ്
ഇരട്ടമരണത്തിന്നായ് വിധിക്കപ്പെട്ടുപോയിടാം. (രാധാമാധവം)

എന്നുമുള്ള ആശയങ്ങളുടെ അഗാധതലസ്പർശിത അനുഭവവേദ്യ മത്രേ. സ്നേഹം കടമായി ബാക്കിനിൽക്കുക എന്നതേ മനസ്സിനു വിഷമമുണ്ടാക്കും. ആട്ടെ. സാരമില്ല; സന്ദർഭം വന്നാൽ കൊടുത്തുതീർക്കാ മെന്ന് ആശ്വസിക്കാം. ഇവിടെ അതിനും പഴുതില്ല. രാധ എവിടെ എന്നറിയില്ല. കണ്ടിട്ടുവേണ്ടേ കടം തീർക്കാൻ? അഥവാ, ഈ ജീവിതംതന്നെ ഒരു തീരാ ക്കടമല്ലേ? – ഇപ്രകാരം സമാധാനിക്കുകയേ നിവൃത്തിയുള്ളൂ.

മരണത്തിൽ നഷ്ടമില്ല. പക്ഷേ, അതിനപ്പുറം പ്രണയനഷ്ടമായാലോ? അത് സമ്പൂർണനഷ്ടംതന്നെ. പ്രണയാസ്തമയം, ജീവാസ്തമയം – ഇങ്ങനെ



ഇരട്ടമരണത്തിനാവും വിധി!
നിഴൽ വെട്ടത്തിനെന്നാളുമെതിരെന്നറിയുന്നു നാം
അറിയുന്നീല വെട്ടത്തിൻ കനിവീ നിഴലെന്ന നേർ! (രാധാമാധവം)

എന്നും നിഴൽ വെളിച്ചത്തിന്നെതിരാണ് എന്ന സത്യം നമുക്കറിയാം. എന്നാൽ, വെളിച്ചത്തിന്റെ കാരുണ്യമാണീ നിഴലെന്ന സത്യം നാം അറിയുന്നില്ല!

ഇങ്ങനെ സത്യത്തിന് പല അടരുകളുണ്ട് എന്ന് ആരറിയുന്നു? ചിലതുകൊണ്ട് എല്ലാം നിർവചിക്കാൻ എളുപ്പമല്ല. ഈ നിത്യസത്യം ചൂണ്ടിക്കാട്ടുകയാണ്:

അറിവിന്നടരീ മട്ടു പലതെന്നറിയുന്നതാർ?
ചിലതാലെളുതല്ലാർക്കും സകലം നിർവചിക്കുവാൻ. (രാധാമാധവം)

തീനാളം മുകളിലേക്കുമാത്രമേ മിഴി നീട്ടൂ എന്ന് ഒരിക്കൽ രാധ പറഞ്ഞത് കൃഷ്ണൻ കേട്ടില്ലെന്നു ഭാവിച്ചു. മേൽക്കീഴ്ഭേദമില്ലാതെ വെളിച്ചം പകരാനല്ലേ നാളം എപ്പോഴും ജ്വലിക്കുന്നത്? ഈ സത്യം അവൾക്കറിയില്ല! ഇതാണ് കവിവാക്യം:

മേലേക്കല്ലാതെ തീനാളം മിഴി നീട്ടുകയില്ല പോൽ –
ഒരിക്കൽ ചൊല്ലി നീ; കേട്ടില്ലെന്നുതന്നെ നടിച്ചു ഞാൻ.
അറിയുന്നീല നീ മേലും കീഴുമായ് ഭേദമെന്നിയേ
വെളിച്ചം പകരാനല്ലീ ജ്വലിപ്പൂ നാളമെപ്പൊഴും! (രാധാമാധവം)

കാറ്റിനെപ്പോലെയാണ് കൃഷ്ണനെന്നും രാധ വിചാരിച്ചിരിക്കാം. കാറ്റ് എങ്ങോട്ടാണ് പോകുന്നതെന്ന് അതിനുതന്നെ അറിയില്ലല്ലോ. അതു സത്യം. പക്ഷേ, അറിയാത്ത മറ്റൊന്നുണ്ട്. അതേപ്പറ്റി:

കാറ്റിനെപ്പോലെയാണെന്നും കൃഷ്ണനെന്നു നിനച്ചുവോ?
പോവതെങ്ങെന്നു കാറ്റേതും അറിഞ്ഞീടായ്ക കാരണം.
അതു നേരെങ്കി,ലെന്താരും അറിയാതുള്ളതൊന്നുതാൻ.
കാറ്റിന്നു ചെല്ലുവാനാവാത്തിടമില്ല, മനസ്സിനും.
കാറ്റിന്നു രൂപമില്ലല്ലോ നിറവും, അതുകൊണ്ടുതാൻ
കാറ്റിനെക്കാണ്മതില്ലാരും; സ്നേഹമക്കാറ്റിനൊപ്പമാം. (രാധാമാധവം)

കാറ്റിന്നു കടന്നുചെല്ലാനാവാത്ത സ്ഥലമില്ല. മനസ്സിനും അതുപോലെ എല്ലായിടത്തുമെത്താം. കാറ്റിനു രൂപവും നിറവുമില്ല. അതുകൊണ്ടുതന്നെ, അതിനെ ആരും കാണുന്നില്ല. സ്നേഹം ആ കാറ്റിനു തുല്യമാണ്.

കാറ്റിനെപ്പോലെ ചഞ്ചലമായി ഭൂവിൽ മറ്റൊന്നുമില്ല. ആകയാൽ ദുർമലമനസ്കനായ കൃഷ്ണന് രാധയോട് നീതി പുലർത്താൻ കഴിയാ ഞ്ഞതാവാം. ക്ഷമിക്കണമെന്ന് അവളോട് കൃഷ്ണൻ ഏറ്റുപറയുന്നു:

കാറ്റിനെപ്പോലെ ചാഞ്ചല്യം കാട്ടുമെന്തുള്ളു ഭൂമിയിൽ?
അതിനാൽ ദുർബലാത്മാവായ് പോയതാവാം, ക്ഷമിക്കുക!

(രാധാമാധവം)

കാറ്റിനോടുള്ള സാദൃശ്യം തുടരുന്നു:

സ്വന്തമായില്ല കാറ്റിന്നു ഗന്ധമേതുമൊരിക്കലും.

കലർത്തുമതിലീ ലോകം ഗന്ധഭേദങ്ങളെപ്പൊഴും! (രാധാമാധവം)

സ്വന്തമായി ഒരിക്കലും ഗന്ധമില്ലാത്ത കാറ്റിൽ ലോകമാണ് ഗന്ധഭേദങ്ങൾ കലർത്തുന്നത്. കൃഷ്ണനു മാത്രമല്ല, പൊതുപ്രവർത്തനം നടത്തുന്ന ആർക്കും ഇത് ചേരുമെന്നോർക്കുക.

വഴിയും നെയ്ക്കു ഹോമാഗ്നി കെടുത്തലെളുതാവുമോ?

(രാധാമാധവം)

നിറഞ്ഞുവഴിഞ്ഞൊഴുകുന്ന നെയ്യിന് ഹോമാഗ്നി കെടുത്താൻ എളുപ്പമല്ല. മറിച്ച്, അതിനെ ആളിക്കത്തിക്കാനാണ് കഴിയുക.

കനലിന്റെ ശില്പമായാണ് രാധ കണ്ണനെ കാത്തത്. കാരണം,

കളങ്കത്തിന്നു തങ്ങാനാവില്ല തീക്കനലൊന്നിലും. (രാധാമാധവം)

ഒരു തീക്കനലിലും കളങ്കത്തിനു തങ്ങാൻ കഴിയില്ല. അത്രമേൽ നിഷ്കളങ്കനാണ് കൃഷ്ണൻ എന്നു രാധയ്ക്കറിയാം. അങ്ങനെത്തന്നെ തന്റെ പ്രിയതമനെ നിലനിർത്തനാണ് അവൾ ശ്രമിച്ചതും.

പൂവിന്റെയും സമുദ്രത്തിന്റെയും ബിംബങ്ങളുപയോഗിച്ച് മനസ്സിന്റെ സർവവ്യാപിയായ സ്നേഹസ്വഭാവത്തെ വിവരിക്കുന്നു:

ഏതു താരക വിട്ടിങ്ങു വന്നുവെന്നു നിനച്ചിടാ–

തേതു പുഷ്പവുമേറ്റുന്നു നെഞ്ചിലായേതു രശ്മിയും!

ഏതു ശൈലതടം വിട്ടു പോന്നുവെന്നേതുമോർത്തിടാ–

തേതു നീർച്ചാലിനും നേർക്കു കരം നീട്ടുന്നു സാഗരം!

പൂവിന്റെ ധർമമാകുന്നു പൂവിനൊക്കും മനസ്സിനും;

സാഗരത്തിന്റെ ധർമം താൻ സാഗരോപമഹൃത്തിനും! (രാധാമാധവം)

ഏതു നക്ഷത്രത്തിൽനിന്നാണ് വരുന്നതെന്നു നോക്കാതെ ഏതു പൂവും ഏതു രശ്മിയെയും നെഞ്ചിലേറ്റുന്നു. ഏതു മലയിൽനിന്നാണ് വരുന്നതെന്നോർക്കാതെ ഏതു നീരരുവിയെയും സമുദ്രം സ്വാഗതം ചെയ്യുന്നു. ഈ പൂവിന്റെയും സമുദ്രത്തിന്റെയും ധർമമാണ് അവ രണ്ടിനും സദൃശമായ മനസ്സിനുമുള്ളത്. തന്നിലേക്കു വരുന്ന ഏതിനെയും സ്നേഹവായ്പ്പോടെ വരവേൽക്കും.

ഏതു കാര്യവും പുറമെ ആൾക്കാരെ ബോധ്യപ്പെടുത്താൻ സാധിച്ചേക്കും. എന്നാൽ, മനസ്സാക്ഷിക്കുത്ത് ഒഴിവാക്കാനാവില്ല. കവിഭാഷയിൽ, കത്തുന്ന സൂര്യനിൽനിന്നും മാറിനിൽക്കാമിടയ്ക്കിടെ;

കത്തുമുള്ളിലെ സൂര്യന്റെ കണ്ണിൽനിന്നെങ്ങൊളിക്കുവാൻ?

(രാധാമാധവം)

കത്തുന്ന സൂര്യനിൽനിന്ന് ഇടയ്ക്കിടെ മാറിനിൽക്കാം. കത്തുന്ന ഉള്ളിലെ സൂര്യന്റെ കണ്ണിൽനിന്ന് എങ്ങുപോയൊളിക്കാനാണ്?



ആയിരക്കണക്കിൽ ഗോപികമാരുമൊത്ത് ആടിപ്പാടിയെങ്കിലും അതിലൊന്നും കൃഷ്ണസമർപ്പിതജീവിതയും കൃഷ്ണസമർച്ചിതാത്മാവുമായ രാധ ഇല്ലായ്കയാലാവാം ഇപ്രകാരം സംഭവിച്ചത്:

ആയിരം പാട്ടു ഞാൻ ഓടക്കുഴലിൽ പാടിയെങ്കിലും

ഒരു പാട്ടെന്റെ പാട്ടെന്നു ലോകം വേറിട്ടറിഞ്ഞിടാ. (രാധാമാധവം)

കൃഷ്ണൻ തന്റെ ഓടക്കുഴലിൽ ആയിരക്കണക്കിൽ പാട്ടുകൾ പാടി. പക്ഷേ, ഒരു പാട്ടു പോലും കൃഷ്ണന്റെ പാട്ടെന്നു ലോകം തിരിച്ചറിഞ്ഞില്ല!

"ധന്യനാമിടപ്പള്ളീലെഗ്ഗാനഗന്ധർവന്റെ കവിതകൾ പാടി

കന്യമാരുമായെന്നയൽപക്കിൽ കൈയു കൊട്ടിക്കളിച്ചതിൻശേഷം

എന്നുടെയൊച്ച കേട്ടുവോ വേറിട്ടെന്നു പിറ്റേന്നു" ചോദിക്കുന്ന വൈലോപ്പിള്ളിയുടെ നായികയെപ്പോലായി കൃഷ്ണൻ! തന്റെ തനിമ ലോകം തിരിച്ചറിയുന്നില്ലല്ലോ എന്നത് ഏതു വ്യക്തിത്വമുള്ള കവിയും നേരിടുന്ന ഗൗരവപൂർണമായ പ്രശ്നംതന്നെ!

രാധയോട് ചെയ്ത തെറ്റിന് മാപ്പു ചോദിക്കാൻ പോലുമാവാതെ കുഴങ്ങുന്ന കൃഷ്ണന് ഇനി ഒന്നേ നിവൃത്തിയുള്ളൂ:

മുറിപ്പെട്ട മുളന്തണ്ടും മുറിവേറ്റ ഹൃദന്തവും

മൂളുമീ ശോകരാഗങ്ങൾ നിത്യം; എൻ ജീവനാണതിൽ. (രാധാമാധവം)

ഭൂമിയുടെ തടവറക്കെട്ടിൽ അകപ്പെട്ട സൂര്യന് ഒരിക്കലും മുക്തിയില്ല;

ദിക്കെട്ടും പതിയെച്ചുരുങ്ങി,യൊരു മട്ടീ ഭൂമി കാരാഗൃഹ–

ക്കെട്ടായ് മാറുകയായി; സൂര്യനിതിലെന്തീ മട്ടകപ്പെട്ടിടാൻ?

ഒട്ടും മാറുകയില്ല കെട്ടടിയുവോളം കർമചക്രത്തിലാ–

പ്പെട്ടേ മാഴ്കിടുവാൻ നിയുക്തി ശിരസാ പെട്ടാൽ മഹാതാരവും!

(ആരണ്യകൃഷ്ണൻ)

ജീവാവസാനംവരെ കർമചക്രത്തിൽപ്പെട്ട് ഉഴലുക എന്നതാവാം ഏതു മഹാതാരത്തിന്റെയും വിധിയുടെ തലയിലെഴുത്ത്! ആകർഷണശക്തി എന്ന പ്രകൃതിസ്വഭാവത്തിൽനിന്ന് ഏതു ഗ്രഹത്തിന് മോചനം?

വെളിച്ചം നിറഞ്ഞ മുറിയിൽപ്പെട്ടു പരിഭ്രമിച്ച് എങ്ങും പറന്ന് കൽച്ചുമരിൽ തറഞ്ഞും തറയിൽപ്പെട്ടും പിടയ്ക്കുന്ന വവ്വാലിന്റേതിനോടു തുല്യമാണ് നമ്മുടെ ജീവിതവും:

വെട്ടം നിന്നുതിളയ്ക്കുവോരു മുറിയിൽപ്പെട്ടോരു വവ്വാലിനോ–

ടൊക്കും മട്ടു പരിഭ്രമിച്ചുഴറിയെമ്പാടും പറക്കുന്നു നീ.

കഷ്ടം കൽച്ചുവരിൽ തറഞ്ഞു തറയിൽപ്പെട്ടും പിടയ്ക്കുന്നിതേ–

മട്ടിൽ താവകയത്ന,മോർക്കിലിതുതന്നാവർത്തനം ജീവിതം!

(ആരണ്യകൃഷ്ണൻ)

ഇതിന്റെ തുടർച്ച;

ചുറ്റും ജാലകമേറെയുണ്ടറിയുമാ നേരെങ്കിലും കൺകളിൽ
കത്തും വെട്ടമിരുട്ടിനൊക്കു,മതു കാട്ടുന്നില്ല രക്ഷാപഥം!
രക്ഷയ്ക്കായ് കിളിവാതിലെന്നു കരുതിച്ചെല്ലുന്നിടത്തൊക്കെയും
കട്ടിക്കന്മതിലാണിരുട്ടിലഖിലം കാരാഗൃഹംതന്നെയാം!
(ആരണ്യകൃഷ്ണൻ)

ചുറ്റും ഏറെ ജാലകങ്ങളുണ്ട്. എങ്കിലും കണ്ണിൽ കുത്തിക്കയറുന്ന വെളിച്ചം ഇരുട്ടിനു സമാനമായാണ് തോന്നുന്നത്. രക്ഷപ്പെടാനുള്ള വഴി കാട്ടാൻ അതിന് കഴിയുന്നില്ല. രക്ഷപ്പെടാമെന്നുവെച്ച് കിളിവാതിലാണെന്നു കരുതി ചെല്ലുന്നിടത്തൊക്കെ കട്ടിക്കന്മതിലാണ്. ഇരുട്ടിൽ എല്ലാം തടവറ തന്നെ!

നക്ഷത്രങ്ങളും സൂര്യനും പോലെയല്ലേ മറ്റുള്ളവരും കൃഷ്ണനും തമ്മിലുള്ള ബന്ധം?

താരകംതന്നെയാം സൂര്യൻ എന്നതേ സത്യമെങ്കിലും
അറിയാം, അർക്കനായ്ത്തീരാൻ താരകങ്ങൾക്കസാധ്യമാം!
(ആരണ്യകൃഷ്ണൻ)

സൂര്യൻ നക്ഷത്രമാണെങ്കിലും സൂര്യനാവാൻ നക്ഷത്രങ്ങൾക്ക് കഴിയില്ല.

ഇതിന്റെ വിവരണം:

ദിവി താരസഹസ്രം പൊൽക്കതിരേറ്റിയുലാവിലും
അവ സംഘാതമായൊന്നുചേർന്നു നിൽക്കുന്നതാകിലും
അരുതശ്ശോഭകൾക്കേതും സൂര്യദീപ്തി കെടുത്തുവാൻ.
അറിയാ,മർക്കനായ്ത്തീരാൻ താരകങ്ങൾക്കസാധ്യമാം!
(ആരണ്യകൃഷ്ണൻ)

ആകാശത്തിൽ ആയിരക്കണക്കിൽ നക്ഷത്രങ്ങൾ സുവർണശോഭയോടുകൂടി സഞ്ചരിച്ചാലും അവ ഒന്നിച്ചുചേർന്നു കൂട്ടമായി നിന്നാലും സൂര്യപ്രകാശത്തെ വെല്ലാൻ അവയ്ക്കൊന്നുമാവില്ല. നക്ഷത്രങ്ങൾക്ക് സൂര്യനായിത്തീരാൻ സാധ്യമല്ലെന്നു ചുരുക്കം.

അശ്വത്ഥാമാവിനെപ്പറ്റി പറയുമ്പോൾ:

താതരക്ഷ! അതല്ലാതെന്തുള്ളു പുത്രന്നു ധർമമായ്?
അതിന്നു കഴിയാത്തോനെപ്പുത്രനെന്നാരു ചൊല്ലുവാൻ?
(ആരണ്യകൃഷ്ണൻ)

അതുകൊണ്ട് അവന് പാണ്ഡവാദികളോടും സകലതിനും കാരണക്കാരനായ തന്നോടും കുടിപ്പക തോന്നിയതിൽ അദ്ദേഹത്തെ കുറ്റപ്പെടുത്താനാവില്ലെന്ന് കൃഷ്ണൻ.

ഭാരതയുദ്ധാവസരത്തിൽ കൃഷ്ണൻ തിരിച്ചറിഞ്ഞ സത്യം:

അന്നേ നേരിലറിഞ്ഞു ദുർവിധിഹിതത്താൽ കാലമേതാളെയും



അന്ധത്വത്തിലടക്കു,മന്നിരുളു വെട്ടത്തെ ഗ്രസിച്ചേ വരും.
ധർമധർമവിവേചനം ധരണിയിൽ ദുസ്സാധ്യമാക്കുംവിധം
ദുർവാരം വിധി സർവനാശകമതാം കാലം നടത്തും ദൃഢം!
(ജ്ഞാനകൃഷ്ണൻ)

ദുർവിധിയുടെ ഇഷ്ടമനുസരിച്ച് കാലം ആരെയും കുരുടനാക്കും. അന്ന് ഇരുട്ട് വെളിച്ചത്തെ വിഴുങ്ങുകതന്നെ ചെയ്യും. ധർമമേത്, അധർമമേത് എന്ന തിരിച്ചറിവ് ലോകത്തിൽ അസാധ്യമാക്കുമാറ് കാലം തടയാൻ പ്രയാസമാക ത്തക്കവിധത്തിൽ വിധി നടത്തും.

രാജാവിന്റെ അവസ്ഥ:

രാജാവിന്നു വിധിച്ചതാത്മസുഖമെന്നാരേ പറഞ്ഞൂ? പ്രതാ–
പാകാശങ്ങളിലെങ്ങു സൗഖ്യ,മൊരു വാൾ ഗൂഢം നിഴൽപോലെ വ–
ന്നെന്നും പിന്തുടരുന്നകാലം; അറിയാനാർക്കായിടും ധീരത–
യ്ക്കുള്ളിൽ നിന്നുയരുന്ന ഭീതി? അവർ രാജാവായി മാറുംവരെ!
സംഗ്രാമത്തിലൊടുങ്ങിടാം; വിജയിയായ്ത്തീർന്നാകിലോ വൃദ്ധനായ്–
ത്തന്നേ നാടു വെടിഞ്ഞു ദൂരവനവാസത്തിന്നു പോയ് മാഞ്ഞിടാം!
രണ്ടുണ്ടീവിധമിന്നു മാർഗ,മിതിലേതേതിന്നു മേലായ് വരും?
ചിന്തിച്ചാലറിവീല; ചിന്ത വെടിയുന്നെന്നാലുമപ്പോലെ താൻ!
രാജത്വത്തി,നതിന്റെ നീതി കലരാതുള്ളോരു വാഴ്ച്ചയ്ക്കുമായ്
പ്രായശ്ചിത്തമതായ്‌വരാം മരണമല്ലെന്നാകിൽ വന്യാശ്രമം!
കാലത്തിന്റെ രഥം കുതിക്കുമളവിൽ നിമ്നോന്നതങ്ങൾക്കുമു–
ണ്ടാവാം മെല്ലെ സമത്വ,മാരുമറിവീലാ യാത്രയെന്നാകിലും!
(ജ്ഞാനകൃഷ്ണൻ)

രാജാവിന് വിധിച്ചത് ആത്മസുഖമെന്ന് ആര് പറഞ്ഞു? ഒരു വാൾ ഗൂഢമായി നിഴൽപോലെ വന്ന് എങ്ങും പിന്തുടരുമ്പോൾ പ്രതാപാകാശങ്ങളിൽ എവിടെ സുഖം? രാജാവായി മാറുന്നതുവരെ, ധൈര്യത്തിന്നകത്ത് ഉയരുന്ന ഭയം ആർക്കറിയാൻ കഴിയും? ഇത് ആധുനികനായ ഭരണാധികാരിക്കും ചേരുമെന്നു ശ്രദ്ധിക്കുക. രാജാവിനു രണ്ടാണ് വഴി: ഒന്നുകിൽ യുദ്ധത്തിൽ മരിക്കാം. ജയിച്ചാൽ വൃദ്ധനായി നാടു വിട്ട് ദൂരെ വനവാസത്തിനു പോയി ജീവിതം ഒടുക്കാം. ഇതിൽ ഏതെങ്കിലും ഒന്ന് മെച്ചമാണെന്നു പറയാൻ പറ്റുമോ? ആലോചിച്ചാലും ഇല്ലെങ്കിലും പറയാൻ കഴിയില്ല! രാജത്വത്തിനും അതിന്റെ നീതിരഹിതമായ ഭരണത്തിനുമുള്ള പ്രായശ്ചിത്തമാവാം മരണം അല്ലെങ്കിൽ വനവാസം! കാലത്തിന്റെ തേര് കുതിക്കുമ്പോൾ, ആ യാത്ര ആർക്കും അറിയില്ലെങ്കിലും, ഉയർച്ചതാഴ്ച്ചകൾക്കും പതുക്കെ സമത്വം വരാം.

ധൃതരാഷ്ട്രന്റെ അനുഭവം:

ജയവും തോൽവിയും ഭൂവിൽ സമാനം സർവകാലവും.

(ജ്ഞാനകൃഷ്ണൻ)

ജയിച്ചു സിംഹാസനമേറി രാജ്യം
ഭരിച്ചുപോരുന്നവരാകിലെന്ത്?
മരിച്ചു ചെന്തീയിലെരിഞ്ഞു ലോകം
വെടിഞ്ഞുപോകുന്നവരാകിലെന്ത്?
ഇവർക്കു നിത്യം പ്രിയപുത്രരെല്ലാം
സമാനരായ്ത്തീർന്നിതു വാർധകത്തിൽ!
ഇതിന്നുമങ്ങേപ്പുറമേതു സത്യം
തെളിക്കു,മെന്നെങ്ങൊരു ധർമയുദ്ധം? (ജ്ഞാനകൃഷ്ണൻ)

ജയിച്ച് രാജ്യം ഭരിക്കുന്നവരായാലും മരിച്ച് തീയിൽ ദഹിച്ച് ലോകം വെടിഞ്ഞവരായാലും വൃദ്ധരാകുമ്പോൾ ഇവർക്ക് പ്രിയപുത്രരെല്ലാം ഒരുപോലെയാവും. ഇതിനുമപ്പുറത്തുള്ള ഒരു സത്യം എവിടെ, ഏതു ധർമയുദ്ധത്തിനു തെളിച്ചുകാട്ടാനാവും?

യുദ്ധത്തിന്റെ അന്തിമഫലം:

ഒടുക്കമിന്നിങ്ങറിയുന്നു, പോരിൽ
ജയിക്കുവോരില്ല, മരിക്കുവോരും;
ജയിക്കുവോരോർക്കുകയില്ലിതേതും,
മരിക്കുവോർക്കാവുകയില്ലിതോർക്കാൻ! (ജ്ഞാനകൃഷ്ണൻ)

യുദ്ധത്തിൽ ജയിക്കുന്നവരും മരിക്കുന്നവരുമില്ല. ജയിക്കുന്നവർ ഇതോർക്കുകയില്ല; മരിക്കുന്നവർക്ക് ഇത് ഓർക്കാൻ ആവുകയുമില്ല.

ഒടുവിൽ കാട്ടിലേക്കു പോകുന്ന ധൃതരാഷ്ട്രരെ കണ്ടശേഷം കൃഷ്ണൻ തിരിച്ചറിഞ്ഞ സത്യം:

ഇരുട്ടു മൂടും മിഴികൾക്കു കാണാൻ
കഴിഞ്ഞ സത്യങ്ങളിലൊന്നുപോലും
വെളിച്ചമുള്ളോരു മിഴിക്കു കാണാൻ
കഴിഞ്ഞതില്ലെന്നതറിഞ്ഞു കൃഷ്ണൻ.
നിരക്കവേ, ജീവിതപാപമെല്ലാം
തുടർച്ചയായ് കണ്ടുനിറഞ്ഞ കൺകൾ
മറഞ്ഞുനിൽക്കട്ടെയതിങ്കൽനിന്നെ–
ന്നിരുണ്ട കാലം കരുതുന്നപോലെ! (ജ്ഞാനകൃഷ്ണൻ)

ഇരുട്ടു മൂടിയ കണ്ണുകൾക്കു കാണാൻ കഴിഞ്ഞ സത്യങ്ങളിൽ ഒന്നുപോലും വെളിച്ചമുള്ള കണ്ണുകൾക്ക് കാണാൻ കഴിഞ്ഞില്ല. എല്ലാ ജീവിതപാപങ്ങളും നിരക്കെ തുടർച്ചയായി കണ്ട് നിറഞ്ഞ കണ്ണുകൾ ഇനി അതിൽനിന്നു മറഞ്ഞുനിൽക്കട്ടെ എന്ന് ഇരുണ്ട കാലം കരുതുന്നുവോ എന്നു തോന്നും.

പലരും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലാത്ത മറ്റൊരു സത്യം:



വെളിച്ചമുള്ളോരിടമൊക്കെയും പിൻ–
തുടർന്നുപോരുന്ന നിഴൽ, വെളിച്ചം
കെടുന്നതായാൽ, ഇരുളെത്തിയെന്നാൽ,
ഉടൻ വെടിഞ്ഞങ്ങു മറഞ്ഞുപോവും! (ജ്ഞാനകൃഷ്ണൻ)

വെളിച്ചമുള്ളേടത്തെല്ലാം പിന്തുടരുന്ന നിഴൽ വെളിച്ചം കെട്ടാൽ, ഇരുൾ പരന്നാൽ, ഉടനെ മാഞ്ഞുമറഞ്ഞുപോവും.

ഇതിന്റെ മറുവശം:

ഇരുട്ടിലുഴലുന്നേരം കൂട്ടു പോരാത്തതാം നിഴൽ
വെളിച്ചമുതിരുന്നാകിലപ്പൊഴേയൊപ്പമെത്തിടാം. (അനന്തകൃഷ്ണൻ)

ഇരുട്ടിൽ വിഷമിക്കുമ്പോൾ സഹായിക്കാനെത്താത്ത നിഴൽ വെളിച്ചം വന്നാൽ ഉടനെ കൂട്ടിനു വരികയായി.

ശരി, തെറ്റ്; പുണ്യം. പാപം; ധർമം, അധർമം; കർമം, അപകർമം എന്നീ ദ്വന്ദ്വങ്ങളുടെ തിരിച്ചറിവിനെപ്പറ്റി:

ഏത,തൊന്നു ശരി;യേതു തെറ്റിവകൾ ചേർന്നതല്ലി യുഗചേതന!
ഏതു പുണ്യമതുപോലെ പാപമിവ വേർപിരിഞ്ഞെവിടെ ജീവിതം?
ഏതു ധർമ,മതിലേതധർമ;മതുപോലെ കർമ,മപകർമവും
വേർതിരിച്ചുപറയാനൊരാളെവിടെ? ധർമനിർണയമസാധ്യമാം!
(ശ്യാമമാധവം)

തെറ്റ്, ശരി – ഇവ ചേർന്നതല്ലേ യുഗചേതന? പുണ്യവും പാപവും തമ്മിൽ വേർപിരിഞ്ഞൊരു ജീവിതമുണ്ടോ? ഇതുപോലെ ധർമാധർമങ്ങൾ, കർമാപകർമങ്ങൾ – ഇവയും വേർതിരിച്ചു പറയാൻ ആരുമില്ല. ചുരുക്കത്തിൽ ധർമനിശ്ചയം അസാധ്യം!

ഇതുപോലെ സങ്കീർണമായൊരു പ്രശ്നമാണ് വ്യക്തിയും നിയതിയും തമ്മിലുള്ള ബന്ധം നിർണയിക്കുന്നതും:

വ്യക്തി കേവലമൊരായുധം; നിയതിതന്നെയിങ്ങു പടനായകൻ
എന്നതോർത്തു പലതും പൊറുക്കുവതിലുണ്ടു നീതി,യതു സത്യമാം!
വ്യക്തിയാണു നിയതിക്കു സാരഥിയതില്ലയെങ്കി,ലുറമഞ്ഞുപോൽ
നിശ്ചലം സമയചക്രവും! മഹിതസത്യമാണതുമിതേവിധം!
(ശ്യമമാധവം)

വ്യക്തി കേവലം ഒരായുധമാണ്; നിയതിയാണ് പടനായകൻ എന്നോർത്ത് പലതും ക്ഷമിക്കുന്നതിൽ നീതിയുണ്ട്. അത് സത്യം. അതേസമയം, വ്യക്തിയാണ് നിയതിയുടെ തേര് തെളിക്കുന്നത്. അതില്ലെങ്കിൽ ഉറമഞ്ഞുപോലെ കാലചക്രംപോലും നിശ്ചലമാകും. ഇതും അതുപോലെ ശ്രേഷ്ഠമായൊരു സത്യമാകുന്നു.

സത്യം ഒന്ന്, മിഥ്യ പലത്:

സത്യമിങ്ങു പലതായിനിൽക്കുമതിലേതുമാർക്കുമവലംബമാം;

മിഥ്യയിങ്ങു പലതില്ല, രൂപനിറഭേദമില്ലതി,നതേകമാം!
ആകയാലെ ജയമേതു സത്യമൊരുവേള നേടുകിലുമപ്പുറം
നേടിടാതെ തകരുന്നതുണ്ടപരസത്യമെന്നറിവതേ വരം!

(ശ്യാമമാധവം)

ഇവിടെ സത്യം പലതാണ്. അതിൽ ഏതും ആർക്കും അവലംബമാക്കാം. എന്നാൽ മിഥ്യ പലതില്ല. അതിന് രൂപഭേദമോ നിറഭേദമോ ഇല്ല. അത് ഒന്നേ ഉള്ളൂ. അതുകൊണ്ട്, ഒരിക്കൽ ഒരു സത്യം ജയം നേടിയാലും അതിനപ്പുറം, നേടാൻ കഴിയാതെ മറ്റൊരു സത്യം നിൽപ്പുണ്ട് എന്ന് അറിയുന്നതുതന്നെ നല്ലത്!

ഇപ്രകാരം ദർശനദീപ്തങ്ങളായ ഒട്ടേറെ സൂക്തങ്ങൾ *ശ്യാമമാധവ*ത്തിന്റെ ഗൗരവം വർധിപ്പിച്ചിരിക്കുന്നു. അവ ഏറെക്കുറെ എല്ലാം തന്നെ കൃഷ്ണന്റെ മുഖത്തുനിന്ന് നിർഗളിച്ചവയായതുകൊണ്ട് അവയ്ക്ക് ഒരുതരം ആധികാരികത കൈവന്നിട്ടുണ്ട്. അതതു സന്ദർഭങ്ങളോട് ഇണങ്ങിച്ചേർന്നു നിൽക്കുന്നവയാകയാൽ അവ കാവ്യസൗന്ദര്യത്തിന് സാധകമായിത്തന്നെ അനുഭവപ്പെടുകയും ചെയ്യുന്നു.

അലങ്കാരങ്ങൾ, കാവ്യബിംബങ്ങൾ, മഹദ്വചനങ്ങൾ എന്നിവയടങ്ങിയ വാക്യവക്രതയുടെ അടിസ്ഥാനത്തിൽ നിരൂപണം ചെയ്യുമ്പോൾ *ശ്യാമമാധവ*ത്തിന്റെ ശോഭ വർധിക്കുന്നതായിത്തന്നെ അനുഭവപ്പെടും.

★



# 6. പ്രകരണവക്രത

*വക്രോക്തിജീവിതം* നാലാമുന്മേഷത്തിൽ പ്രകരണവക്രതയും പ്രബന്ധവക്രതയും നാനാഭേദപ്രഭേദങ്ങളോടെ വിവരിക്കപ്പെടുന്നു. അനേകവാക്യങ്ങളുടെ സമൂഹമായ സമ്പൂർണകൃതിയുടെ ഒരംശത്തെയാണ് പ്രകരണം എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത്. ഒരു പ്രകരണത്തെ കവി സഹജവും ആഹാര്യവുമായ സൗകുമാര്യമണിയിച്ച് രമണീയമാക്കുമ്പോൾ അത് പ്രകരണവക്രതയ്ക്ക് ഉദാഹരണമായിത്തീരും.

ഈ വിവരണം ഇതിഹാസാദിമൂലകൃതികളിൽനിന്നു വ്യതിയാനം വരുത്തി രചിച്ചിട്ടുള്ള പഴയ മട്ടിലുള്ള കൃതികൾക്കു ചേരുന്നതാണ്. അതിനാൽ മറ്റു തരത്തിലുള്ള ആധുനികകൃതികളെ നിരൂപണം ചെയ്യുമ്പോൾ ഈ വിവരണം പരിഗണിക്കേണ്ടതില്ല. *ശ്യാമമാധവം* *മഹാഭാരതേ*തിഹാസത്തെ അവലംബിച്ചുള്ളതാണെങ്കിലും പഴയ മട്ടിലുള്ള ഖണ്ഡകാവ്യങ്ങളെപ്പോലെ അതിനെ നിരൂപണം ചെയ്യുമ്പോൾ വ്യതിയാനങ്ങൾക്കും മറ്റുമല്ല പ്രാധാന്യം കൊടുക്കേണ്ടതെന്നതിനാൽ കുന്തകപ്രോക്തമായ പ്രകരണവക്രതയുടെ അടിസ്ഥാനത്തിലല്ല ഇവിടെ പ്രകരണവക്രതയെ വിവക്ഷിക്കുന്നതും പ്രസ്തുതകാവ്യത്തിന്റെ നിരൂപണം നടത്തുന്നതും.

പതിനഞ്ച് സർഗങ്ങളായാണ് *ശ്യാമമാധവം* രചിക്കപ്പെട്ടിരിക്കുന്നത്. ഒന്നാം സർഗം കൃഷ്ണായനം. കൃഷ്ണമാർഗം, കൃഷ്ണന്റെ യാത്ര, കൃഷ്ണനെ തേടിയുള്ള യാത്ര എന്നെല്ലാം അർഥം. അവസാനത്തെ അർഥമാണ് ഇവിടെ കൂടുതൽ യോജിക്കുക എന്ന് കവിവാക്യങ്ങളായ ഇതിലെ ഒമ്പതു ശ്ലോകങ്ങൾ വ്യക്തമാക്കുന്നു. ആശയം ഏതാണ്ടിങ്ങനെ പകർത്താം: എന്റെ മനക്കണ്ണാടിയിൽ മേഘമയിലിന്റെ നീലത്തഴച്ഛായയുടെ ശോഭയോലുന്ന നിന്റെ ശോകാവിലമായ മുഖം, അല്ലയോ ഹരേ!, ഇതാ തെളിഞ്ഞുനിൽക്കുന്നു. കറുത്തതും കടുത്ത പച്ചിലമരത്തിന്റേതു പോലിരിക്കുന്നതുമായ ഈ നിറം എന്തേ ഏറെ കനത്തിരിക്കുന്നത്? ഭഗവാനേ! ഗർഭസമാധി തൊട്ട് നീ ഏറ്റുവാങ്ങിയ ദുഃഖങ്ങളാവാം കാരണം! ആനന്ദസമുദ്രമായി നിറഞ്ഞുകവിയുന്ന പൂർണചന്ദ്രനെപ്പോലുള്ള പുഞ്ചിരി താനേ വന്നു തെളിയുന്ന മുഖമാണ് നിന്റേതെന്നാണ് ഇന്നോളം കേട്ടിട്ടുള്ളത്. ദുഃഖമാകുന്ന കാർമേഘത്തെ പിളർത്തി വളർമിന്നൽ പോലുള്ള വെളിച്ചം പകർന്നരുളുന്നതാണ് നിന്റെ മുഖമെന്നും കേട്ടു. ഹരേ! ആ മുഖം ഇന്നോളം ഞാൻ കണ്ടില്ല. അല്ലയോ മുരാരേ! ഹരേ! വെണ്ണ കവർന്നുതിന്നു കളിയാടുന്ന കള്ളത്തമുൾക്കൊള്ളുന്ന നിന്റെ രൂപം പണ്ടും എന്റെ മനസ്സിലില്ല. ഹരേ! ഗോപികമാരുടെ ചേലകളെല്ലാം കവർന്ന നിന്റെ കള്ളക്കണ്ണ്മുനയുടെ കൗതു

കവും എന്നുള്ളിൽ ഇപ്പോഴുമില്ല. ഇരുസേനകൾക്കു നടുവിൽ ധൃതരാഷ്ട്രപുത്രന്മാർ നടുങ്ങുമാറ് കേളികേട്ട പാർഥന്റെ തേര് പുലരിയെപ്പോലെ തെളിക്കുന്ന മുഖവും, പൗരുഷമറ്റപോലെ വഴുതുന്ന ഗാണ്ഡീവത്തോടെ അർജുനൻ വല്ലായ്മയ്ക്കടിപെട്ടപ്പോൾ ഗീതാമൃതം ചൊരിഞ്ഞ നിന്റെ രൂപവും എന്റെ മനസ്സിലില്ല. ആമോദാമൃതസാധകവും കളലസന്മന്ദാക്ഷ മന്ദസ്മിതം ചാലിച്ച മനോഭിരാമമധുരസ്നേഹാർദ്രവുമായ സംഗീതം ഹൃദ്യമായൊഴുകുമ്പോൾ നിന്റെ ഹരികാംബോജി കേൾക്കാൻ, ഹരേ!, ഞാൻ കാളിന്ദിക്കരയിൽ എത്തിയതുമില്ല. അങ്ങ് രാധയോടുകൂടി ഒരു നീലാരണ്യനികുഞ്ജത്തിൽ ഒളിവിൽ പങ്കിട്ട ആ സന്ധ്യയെയും, ആയർപ്പെൺകൊടിമാരോടൊപ്പം കളി യാടിയ സന്ദർഭത്തെയും, പലരും പാടിപ്പാടി രസിക്കാറുണ്ട്. എന്നാൽ എന്റെ സത്യമിതാണ്, അറിഞ്ഞുകൊള്ളുക: ഇതൊന്നും ഞാൻ മനസ്സിൽ കാണു ന്നില്ല! മനോഹരമായ ഓടക്കുഴലൂതി ഗോപസ്ത്രീകളിൽ പ്രേമമുളവാ ക്കുമാറുള്ള ആ ശ്യാമസ്നിഗ്ധമനോജ്ഞരൂപം ഇതുവരെ ഞാൻ ധ്യാനിച്ചിട്ടേയില്ല. പീലിത്തണ്ടു ചുഴറ്റി മേട്ടിൽ ഉടനീളം കാലിമേയ്ച്ചുംകൊണ്ടേ വരുന്ന നീലമേഘസാരമേ! എന്റെ ആലോചനയിൽ നിനക്ക് സ്വല്പംപോലും സ്ഥലം പകുത്തുതന്നില്ല. ദൂരത്ത് ഏതോ ദിക്കിൽ ഒരിടത്ത് മുരളിയെ ചുംബിച്ച് സാരംഗരാഗത്തിന്റെ ഇളംവീചി നീർത്തി നീ ഗൂഢമായി വിളി ക്കുന്നതും ഉടനെ കാറ്റിൽ പൂമ്പൊടിയെന്നോണം, കാന്തന്റെ നേർക്കെന്ന പോലെ, ചഞ്ചലാക്ഷികൾ മത്സരിച്ചു നിന്റെ അരികിലേക്കു വരുന്നതും ഇന്നു വരെ ഞാൻ കണ്ടിട്ടില്ല. എന്നാൽ, കണ്ണടച്ചാൽ, തുളുമ്പുന്ന കണ്ണീർത്തുള്ളി പോലെ തിളങ്ങുന്ന, ഒരു കൃഷ്ണരൂപം എപ്പോഴും ഉള്ളിലുണ്ട് – ഈ വനമഹാഗർഭത്തിൽ ഏകാകിയായി നിൽക്കുന്ന, കാണെക്കാണെ എരിഞ്ഞെരിഞ്ഞു കനലായ്ത്തീരുന്ന ദുഃഖങ്ങളാൽ കാലം തീർത്ത ഒരു കൃഷ്ണൻ.

* * *

*ശ്യാമമാധവം* എന്ന ഖണ്ഡകാവ്യത്തിലേക്കുള്ള പ്രവേശകമായ ഈ സർഗത്തെ ഇതിലെ ആദ്യത്തെ പ്രകരണമായി കണക്കാക്കാം. പുരാണങ്ങളിലെന്നപോലെ *മഹാഭാരത*ത്തിലും പ്രസിദ്ധനായ കൃഷ്ണൻ പ്രസന്നനും പ്രായോഗികബുദ്ധിയും ധർമസംരക്ഷകനും മറ്റുമാണ്. ദുരന്തനായകനായ കൃഷ്ണനെയാണ് *ശ്യാമമാധവ*കർത്താവ് അവതരിപ്പിക്കുന്നത്. മരണത്തിനു തൊട്ടുമുൻപ്, ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അതതുകാലത്ത് വിജയമെന്നു കണ്ടതിൽ മിക്കതും പരാജയമാണെന്നു അദ്ദേഹം തിരിച്ചറിയുന്നു. താൻ ബന്ധപ്പെട്ട മഹാഭാരതകഥാപാത്രങ്ങളിൽ പലരും മുൻപിൽ വന്ന് തങ്ങളോട് കൃഷ്ണൻ നീതി കാട്ടിയില്ലെന്ന പറയുന്നു. ഇത് അദ്ദേഹത്തെ കൂടുതൽ ശോകാവിലനാക്കുന്നു. ദുഃഖഭരിതനായ ഇത്തരമൊരു കൃഷ്ണനെ നായകനായി ഉയർത്തിക്കാട്ടുന്ന ഒരു ഖണ്ഡ



കാവ്യത്തിന് സമുചിതമാണ് കവിയുടെ ഈ അവതരണിക' പുരാണേതിഹാസപ്രസിദ്ധനായ ആനന്ദകൃഷ്ണന്റെ പ്രസന്നമുഖം തന്റെ മനസ്സിൽ ഇല്ല എന്ന് ഉപപാദിക്കുന്ന ശ്ലോകനവകം.

രണ്ടാമത്തെ പ്രകരണം രണ്ടാം സർഗമായ ദ്വാരകാവർത്തം. ദ്വാരകയെക്കുറിച്ചുള്ള വിചാരം, ആലോചന, എന്നർഥം. ദ്വാരക എന്ന അർഥത്തിലും ഈ കാവ്യത്തിൽ പ്രയോഗിച്ചിട്ടുണ്ട്. കൃഷ്ണൻ ഭരിച്ച മഥുരാരാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ദ്വാരക. ഈ പ്രകരണത്തിന്റെ ആശയം ഇതാണ്: എല്ലാം കഴിഞ്ഞു. യുഗധർമ്മപരീക്ഷ തീർന്നു. ഭൂമിയിൽ ചെയ്യാനുള്ള പ്രവൃത്തിയെല്ലാം അവസാനിച്ചു. ചിന്താനിർഭരമായ മനസ്സുമായി അന്ന് യുഗപ്രഭാവനായ കൃഷ്ണൻ കാട്ടിൽ ചെന്ന് തപസ്സിൽ മുഴുകിയിരുന്നു. . . ഏതോ വേടൻ അറിയാതെ തൊടുത്ത അമ്പ് കാലിൽ തുളച്ചുകയറുകയാണ്. കാലിടറുന്നുണ്ടോ? കണ്ണ് ഉഴറുകയാണോ? നിൽക്കുന്ന നില്പിൽ ഒരു ചിത്തഭ്രമച്ചുഴലിയുടെ മധ്യേ കറങ്ങുകയാണോ? വർധിച്ചുവരുന്ന വേദന ഒരു പാമ്പിനെപ്പോലെ ഇഴഞ്ഞെത്തി നെഞ്ചിൽ മുറുകുകയാണോ? പകൽ പോയി ഇരുൾ നിറയുകയാണോ? ജീവിതത്തിൽ ഇന്ന് ഇങ്ങനെ വരുമെന്ന് യദുവംശ നായകൻ ഉള്ളിൽ മുൻപേ അറിഞ്ഞിരുന്നുവോ? ഭഗവാനേ! അങ്ങയുടെ ഉള്ളിലൂടെ എങ്ങും എന്താണ് ഊറുന്നത്? ഓർമയുടെ രക്തമാണോ? വഴികൾ ഇരുളുന്നോ? കണ്ണടഞ്ഞുപോകുന്നുവോ? ഇവിടെ മരണം ശിശിരതുല്യം വരുന്നതിനുമുൻപ് ഓർമകളിൽ കലങ്ങിയൊഴുകുകയാണോ? . . . ജന്മാന്തര ത്തിൽ അറിയാതെ കൊടുത്തതെല്ലാം ഇന്ന് ഇങ്ങ് സൂക്ഷ്മതരമായ ഭാവത്തോടെ എത്തിച്ചേരുകയാണോ? അന്ന് (ത്രേതായുഗത്തിൽ രാമാവതാര കാലത്ത്) ബാലിയുടെ നേർക്ക് ഒളിഞ്ഞെയ്ത അമ്പ് കാലം കടന്ന് (ഈ ദ്വാപരയുഗത്തിൽ കൃഷ്ണാവതാരകാലത്ത്) പകയോടെ തിരിച്ചുവരികയാണോ? . . . പോയ ജന്മങ്ങളുടെ ഊടുവഴിയിലൂടെ അലഞ്ഞ് ഇതാ, അവൻ (വേടൻ) തന്റെ അമ്പിനെ പിൻതുടർന്ന് കൃഷ്ണന്റെ മുൻപിൽ നിൽക്കുകയാണ്. മുറിവിൽ കണ്ണ് തറക്കുമ്പോൾ മുറിവേൽക്കുന്ന മനസ്സുമായി വേടൻ മുറിഞ്ഞുപോകുന്ന വാക്കുകളോടെ ഇപ്രകാരം പറയുന്നു: “അച്യുതാ, എന്റെ കണ്ണും മനവും വാസ്തവത്തിൽ ഇരുളിൽ പെട്ടുപോയി. കൃഷ്ണമൃഗമെന്നു വിചാരിച്ച് ഞാൻ അറിയാതെ എയ്തുപോയതാണ്. മധുസൂദനാ, അതു നിന്റെ കാലാണെന്ന് ഇപ്പോഴാണറിഞ്ഞത്. ശാപവും ശരവും തിരികെ വരില്ലല്ലോ. ഇത് നീ പൊറുക്കുക!” മനനധ്യാനപൂർണമായ മനസ്സോടെ മാധവൻ ഇതു കേൾക്കുന്നു. യോഗനാഥനായ അദ്ദേഹം ജീവിതം ഈ വിധത്തിലാണു തീരുക എന്നറിഞ്ഞിരുന്നു. മങ്ങുന്ന ആത്മപ്രകാശത്താൽ കൃഷ്ണൻ അവനെ തൊട്ടുഴിഞ്ഞുവോ? ഈ സ്പർശം അതീവ ധന്യമെന്നു കരുതി അവൻ പിൻവാങ്ങിനിന്നുവോ? ഏതു കാറ്റിലും ഉലയാതെ ജ്വലിക്കുന്ന നാളമായ കാർവർണൻ ഇമ ചിമ്മാത്ത കണ്ണുകൊണ്ട് എല്ലാം കാണു

ന്നുണ്ട്. അനുയാത്ര ചെയ്തവർ, ബന്ധുക്കൾ, ഭൃത്യർ, സുഹൃത്തുക്കൾ എല്ലാവരും നിഴൽപോലും ബാക്കിവെക്കാതെ ഇതാ, ഇവിടേക്ക് വരികയും പോവുകയും ചെയ്യുന്നു. ദ്വാരകാപുരിയിൽ കേവലന്മാരായ മനുഷ്യർ മുഴുവൻ തമ്മിൽതമ്മിൽ കൊന്ന് വംശവൃക്ഷം മുടിക്കുകയായി! ദ്വാരകേ, നിന്റെ ദ്വാപരപ്രൗഢി എവിടെ പോയി? പ്രളയസമുദ്രത്തിന്റെ അടിയിൽ താണുപോയോ? കൃഷ്ണന്റെ ജീവന്റെ നേർഭാഗമായ ബലരാമൻ ഇട തിങ്ങിയ കാട്ടിൻ നടുവിൽ വഴി കിട്ടാതെ ദുഃഖിക്കുകയാണ്! ഒടുവിൽ ഭൂമിയെ പിന്നിൽ വെടിഞ്ഞുകൊണ്ടുതന്നെ അദ്ദേഹം പോവുകയാണ്. ഇന്ന് ഈ നിഴലാകട്ടെ പൊഴിയാൻ ബാക്കിയായി! കൃഷ്ണൻ ഇത് ഓർക്കുക യാണ്. രത്നാഭരണങ്ങളഴിച്ച് ഭസ്മം പുരട്ടി ഇതാ സപത്നിമാരുടെ നടുവിൽ തന്റെ പ്രിയങ്കരിയായ രുഗ്മിണി നിൽക്കുന്നു! അവൾക്ക് സതിയാവാനാണോ തന്റെ മനസ്സ് ചിത തീർക്കുന്നത്? ജീവിതത്തിലും മരണത്തിലും സഹധർമം തുല്യം തന്നെ. എല്ലാം വെടിഞ്ഞ് സന്ന്യസിക്കാൻ പോവുകയാണ് സർവമംഗലമാരായ ദ്വാരകാനിവാസികൾ. അവസാനം, ദ്വാരകേ, നിന്നെ പ്രളയാബ്ധി വിഴുങ്ങു കയായി. ശ്രീകൃഷ്ണാ, നിന്നെയുമിതാ, സർവഭക്ഷകനായ കാലസർപ്പം വിഴുങ്ങാൻ പോവുകയാണ്. എല്ലാം കണ്ട്, കൃഷ്ണാ! നിന്റെ കണ്ണുകൾ നിറഞ്ഞുവോ? അഥവാ, ഉൾക്കനൽച്ചൂടേറ്റ് നിന്റെ കണ്ണുനീരും വറ്റിപ്പോയോ?

അപ്പോഴും നിന്നെ ആനന്ദസ്വരൂപനെന്ന് വാഴ്ത്തുന്നതിനെന്താണ് കാരണം? കാണുന്നതിന്റെ ഭാവം കാണുന്നവർതന്നെ നിശ്ചയിക്കുകയാണോ? ജീവിതത്തെ ആനന്ദമയമെന്ന് ആർക്ക് കരുതാനാവും? ആനന്ദപൂർണമായ ജീവിതത്തെ ആർക്ക് താങ്ങാൻ കഴിയും? ആനന്ദമാണ് വേണ്ടതെങ്കിൽ അതാണ് എപ്പോഴും അന്വേഷിക്കുക. കാണുന്നത് ആനന്ദമെന്നാവാം അപ്പോഴൊക്കെ തോന്നുക. അഥവാ, കണ്ണീരാണ് കണ്ടതെങ്കിൽ അത് ആനന്ദബാഷ്പമത്രേ! പുളയുന്ന നൊമ്പരം കണ്ടാൽ പുളകോദ്ഗമമെന്നും തോന്നാം. വെളിച്ചം അസ്തമിക്കുമ്പോൾ കയർ പാമ്പാണെന്നു തോന്നാം. ഉഗ്രമായ പകൽ എരിയുമ്പോഴും മനസ്സ് പാമ്പിൽത്തന്നെ നിൽക്കയാണെങ്കിലോ? . . മിന്നുന്ന ഏഴു വർണതരംഗങ്ങളും ഒരുമിച്ച് ഒന്നാകവേ കണ്ണുകളിൽ ധവളശോഭ നിറയുന്നു. കാണുന്നതു മുഴുവൻ കാണാതെയാവുന്നു. ഉയർന്നുവരുന്ന ഏഴു നാദതരംഗങ്ങളും ഒഴുകിത്തീരുന്നു. മരണം പോലെ സദാ മൗനം തിങ്ങുന്നു. കേൾക്കുന്നതൊന്നുംതന്നെ കേൾക്കാതാവുന്നു.

* * *

ഈ രണ്ടാം പ്രകരണത്തിൽ കൃഷ്ണന്റെ മരണകാരണസന്ദർഭവും ദ്വാരകാപുരിയുടെ നാശവും വർണിക്കുന്നു. ആദ്യത്തെ പ്രകരണം മുഴുവൻ കവിയുടെ വാക്യം തന്നെയാണെങ്കിൽ ഇവിടെ കവിയും വേടനും ഭാഗികമായി കൃഷ്ണനും വക്താക്കളാകുന്നു. വേടന്റെ വരവും പശ്ചാത്താപവചനവും കൃഷ്ണന്റെ സമാശ്വാസനവും സന്ദർഭത്തിന് നാടകീയത വർധിപ്പി



ക്കുന്നു. കൃഷ്ണന്റെ ദുഃഖത്തിന്റെ ആഴം കൂട്ടാനേ വേടന്റെ ആഗമനം ഉതകുന്നുള്ളൂ.

മൂന്നാമത്തെ പ്രകരണം മൂന്നാം സർഗമായ വിഷാദപർവം. കൃഷ്ണന്റെ വിഷാദവിചാരഭൂമികതന്നെ. ആശയം ഏതാണ്ടിപ്രകാരം: വാക്കും വില്ല് തൊടുത്തുവിട്ട അമ്പും ഒരുപോലെയാണ്: രണ്ടിനും തിരിച്ചുവരവില്ല. രണ്ടും തറച്ചുകയറും. ഹൃദയതലത്തിൽ ചെന്ന് അത് മുറിച്ചുതറയും. ഇത് പണ്ടേ അറിഞ്ഞതാണ്. അതുകൊണ്ട് ഇതിൽ തരിമ്പും ദുഃഖമില്ല. എങ്കിലും ഓർമകളിലൂടെ അത് നെഞ്ചിലെത്തി പൊട്ടിത്തെറിച്ചുകൊണ്ടേയിരിക്കും!. . . . ആനന്ദമൂർത്തിയാണ് വിഷ്ണു (കൃഷ്ണൻ) എന്ന് മനുഷ്യരെല്ലാം പുകഴ്ത്തു ന്നതായി അറിയുന്നു. ദുഃഖം ശമിപ്പിക്കുന്നതിന് അവർ നിന്നെ എല്ലായ്പ്പോഴും ഭജിക്കുകയും ചെയ്യുന്നു. എന്നാൽ എവിടെ ആർക്ക് അറിയാം, അങ്ങയുടെ ദുഃഖത്തിന്റെ ആഴം! മിതശീതോഷ്ണസ്ഥിതി നന്നായി പുലർത്തേണ്ട മനസ്സ് പലപ്പോഴും വഴിപിഴയ്ക്കുകയുണ്ടായി എന്നതു സത്യമാണ്. കൊള്ളേണ്ട സമയത്ത് അതു ചെയ്യാതെ നിഴൽ തേടി അലയുകയാണുണ്ടായത്! ആലോ ചിച്ചാൽ അതിനു കാരണങ്ങൾ പലതുണ്ടാകാം. എങ്കിലും ഈ മനസ്സിന് ഒരു സമാധാനം കിട്ടുന്നില്ല. പോയ കാലം ഉയിർത്തെഴുന്നേറ്റു തിരിച്ചുവന്നാൽ അതിലൂടെയുള്ള യാത്ര ഇതുപോലെയാവുകയില്ലെന്നു തീർച്ച. മരക്കൊമ്പു കളിലെവിടെ നിന്നോ ദൂരെനിന്നു പാറിവരുന്ന പക്ഷികൾ തെല്ലിട ഇവിടെ ഒത്തുകൂടുകയും താനേ പറന്നകലുകയും ചെയ്യുന്നതുപോലെയാണ് മനുഷ്യ ന്റെ അവസ്ഥയുമെന്നതു സത്യം. പഴകിയ വസ്ത്രങ്ങൾ ഉപേക്ഷിച്ച് മനു ഷ്യർ പുതിയ വസ്ത്രങ്ങൾ അണിയുന്നതുപോലെ, കേടായ ദേഹം വെടിഞ്ഞ് ശരീരികൾ പുത്തൻദേഹം സ്വീകരിക്കുന്നുവെന്നത് ഒരു ദാർശനികസത്യമാവാം. ചിന്തിക്കിൽ ആര് ഉയിര്? ആര് ഇതു ഹനിക്കും? ഇന്ന് ഈ ചിന്തയ്ക്കും യാതൊരർഥവുമില്ല. വേണ്ടപോലെ ആലോചിച്ചാൽ, ശരീരം നശിച്ചാൽ മറ്റൊന്നും ബാക്കിയാവുന്നില്ല, ജീവന്റെ അന്ത്യമാണത് എന്ന ഒരർഥമേ അതിനുള്ളൂ എന്നു മനസ്സിലാകും. എന്നാൽ ഇതിന് ഒരു മറുവശമുണ്ട്. അത് അന്നൊന്നും ഒട്ടും വ്യക്തമായില്ല – ശരീരത്തിന് അത്ര ഗുരുത്വസാരമില്ല. അതിന്റെ വധത്തിലും അർഥമില്ല. ചീറിപ്പറക്കുന്ന ഒരു കാറ്റിനു നേരെ നിൽക്കാൻ പൂവിൽ തുടിക്കുന്ന ഒരു മഞ്ഞുതുള്ളിക്കാവുമോ? കാറ്റ് വന്നെത്തുമെന്ന് അറിയുന്ന ആരാണ് അതിനു മുന്നേ അതിനെ വീഴ്ത്താൻവേണ്ടി പ്രവർത്തിക്കുക? നിസ്സാരമായി കരുതുന്ന ഏതിനെ, എന്തിന്, ഏതാൾ ഇല്ലാതെയാക്കാൻ ശ്രമിക്കും? വ്യർഥമായ അവയെ ഏറ്റുനടത്താനാണോ തന്റെ ജന്മത്തിന്റെ അർഥം കളഞ്ഞത്? കഷ്ടം! ഒരിടത്തും ആരും അറിയാത്ത ഈ ഭാവിസത്യം ഒരു ദിവസം പറഞ്ഞു. അതുകൊണ്ടുമാത്രം ആരൊക്കെ ഇവിടെ വീണുപിടഞ്ഞു മരിച്ചു! ജീവിച്ചവരിൽത്തന്നെ എത്ര പേർ അകമേ അഴലിൽ നീറിപ്പിടഞ്ഞു! ജീവൻ മങ്ങിക്കെടുന്നതിന് അല്പം മുൻ

പായി ഇന്ന് ഈ വെളിച്ചം ഉള്ളിൽ നിറയുന്നു. ഇവിടെ തിരുത്താൻ ഒരു മാത്ര പോലുമില്ല. ഇതു വരുത്തുന്ന ആത്മദുഃഖം പറഞ്ഞറിയിക്കാൻ സാധ്യമല്ല.

*　　　*　　　*

ഈ മൂന്നാം പ്രകരണം *ശ്യാമമാധവ*ത്തിന്റെ അരങ്ങൊരുക്കുന്നു. തന്റെ ജീവിതത്തിൽ പല തെറ്റുകളും അറിഞ്ഞോ അറിയാതെയോ ചെയ്തിട്ടുണ്ടെന്നും ഇനി ഒന്നുകൂടി ഈ ജീവിതയാത്ര സംഭവിക്കുകയാണെങ്കിൽ അത് ഇതുപോലെയാവില്ലെന്നും തെറ്റുകൾ തിരുത്തുമെന്നും കൃഷ്ണൻ വിചാരിക്കുന്നു. *മഹാഭാരത*ത്തിലെത്തന്നെ പ്രസിദ്ധമായ ചില ഉപമകൾ തന്റെ ജീവിതദർശനത്തിന് ഉപോദ്ബലകമെന്ന നിലയിൽ അവതരിപ്പിക്കയും ചെയ്യുന്നു. ഇപ്രകാരം, മരണത്തിനു തൊട്ടുമുൻപുള്ള കൃഷ്ണന്റെ വീണ്ടുവിചാരങ്ങളെയും പശ്ചാത്താപപ്രകടനത്തെയും വിഷയമാക്കുന്ന ഇക്കാവ്യത്തിന് മതിയായ പശ്ചാത്തലമായിത്തീരുന്നു ഈ മൂന്നു സർഗങ്ങൾ.

കർണാതപം (കർണനെക്കുറിച്ചുള്ള ദുഃഖം), ധർമസംഗരം (ജയദ്രഥനെ ചതിപ്രയോഗത്തിലൂടെ കൊല്ലിച്ചതിലുള്ള ധർമാധർമചിന്താസംഘർഷം), മാതൃവാക്യം (ധർമത്തിന്റെ മൂർത്തീഭാവമായ അമ്മ ഗാന്ധരിയുടെ ശാപരൂപമെങ്കിലും അനുഗ്രഹമായ വാക്കുകൾ), അനുഗീത (സാക്ഷാൽ ഗീത ഒഴിവാക്കേണ്ടിയിരുന്ന യുദ്ധത്തെ ഉത്തേജിപ്പിക്കുന്ന ഒരു വ്യർഥശ്രമമായിരുന്നുവെന്നും അവിടെ അർജുനൻ ഉന്നയിച്ച പൂർവപക്ഷങ്ങളായിരുന്നു ശരിയായ ഗീത എന്നുമുള്ള തിരിച്ചറിവ്), ധർമദുഃഖം (വിജയം തോൽവിയാണെന്നു തിരിച്ചറിയുന്ന ധർമപുത്രന്റെ ദുഃഖചിന്ത) എന്നിങ്ങനെ നാലുമുതൽ എട്ടുകൂടിയുള്ള അഞ്ചു സർഗങ്ങളെ അഞ്ചു പ്രകരണങ്ങളായി പരിഗണിക്കാം. ഈ പ്രകരണങ്ങളുടെ പരാവർത്തനം/ ആശയസംഗ്രഹം അടുത്ത പ്രബന്ധവക്രത എന്ന അധ്യായത്തിൽ നൽകുന്നതാണ്.

രാധികാദണ്ഡകം (രാധയുടെ ദുഃഖം), രാധാമാധവം (രാധയോട് തന്റെ പ്രണയാതിശയം വെളിപ്പെടുത്തിക്കൊണ്ട് കൃഷ്ണൻ പറയുന്നത്) എന്നീ ഒമ്പതാമത്തെയും പത്താമത്തെയും സർഗങ്ങൾ വക്തൃഭേദത്തിന്റെ അടിസ്ഥാനത്തിൽ രണ്ടായിക്കാണാമെങ്കിലും രാധാകൃഷ്ണപ്രേമമാണ് രണ്ടിലും പ്രതിപാദ്യമെന്നതുകൊണ്ട് രണ്ടിനെയുംകൂടി ഒരു പ്രകരണമായി കണക്കാക്കാം.

ആരണ്യകൃഷ്ണൻ, ജ്ഞാനകൃഷ്ണൻ, ഛായാകൃഷ്ണൻ, അനന്തകൃഷ്ണൻ എന്നിങ്ങനെ പതിനൊന്നു മുതൽ പതിനാലു കൂടിയുള്ള നാലു സർഗങ്ങളുടെ പേരുമാത്രം കണ്ടാൽ അവയെ ഒറ്റ പ്രകരണമായി കാണാമെന്നു തോന്നാം. എന്നാൽ "ആരണ്യകൃഷ്ണ"നിൽ അശ്വത്ഥാമാവിനെക്കുറിച്ചും "ജ്ഞാനകൃഷ്ണ"നിൽ ധൃതരാഷ്ട്രനെക്കിറിച്ചും "ഛായാകൃ



ഷ്ണ"നിൽ രുഗ്മിണിയെക്കുറിച്ചും "അനന്തകൃഷ്ണ"നിൽ ദ്രൗപദിയെക്കുറിച്ചുമുള്ള കൃഷ്ണന്റെ അന്തിമപുനർവിചിന്തനങ്ങളാകയാൽ അവയെ ഓരോന്നിനെയും ഓരോ പ്രകരണമായിത്തന്നെ പരിഗണിക്കേണ്ടതാണ്.

ഈ പ്രകരണങ്ങളുടെ വിമർശനവും പ്രബന്ധവക്രതാധ്യായത്തിലേക്കു മാറ്റിവെക്കുന്നു. പതിനഞ്ചാംസർഗമായ ശ്യാമമാധവം (കറുത്ത, ദുഃഖപൂർണനായ, മാധവനെ സംബന്ധിച്ച സർഗം) കൃഷ്ണന്റെ ദുരന്ത ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടവും അന്ത്യനിമിഷങ്ങളും വർണിക്കുന്നു. ഇത് അവസാനത്തെ പ്രകരണം.

ഇപ്രകാരം, പതിനഞ്ചു സർഗങ്ങളുള്ള *ശ്യാമമാധവ*മെന്ന ഖണ്ഡകാവ്യത്തിൽ പതിനാലു പ്രകരണങ്ങൾ.

★

# 7. പ്രബന്ധവക്രത

നാടകം, മഹാകാവ്യം, ഖണ്ഡകാവ്യം മുതലായ മുഴുകൃതികളെയാണ് പ്രബന്ധശബ്ദം കൊണ്ട് വിവക്ഷിക്കുന്നത്. പ്രബന്ധവ്യാപിയായ വക്രത പ്രബന്ധവക്രത. പ്രകരണവക്രതയുടെ കാര്യത്തിലെന്നപോലെ പ്രബന്ധ വക്രതയുടെ കാര്യത്തിലും *വക്രോക്തിജീവിത*ത്തിലെ വിവരണം ആധുനികകാവ്യനിരൂപണത്തിൽ ഏറിയകൂറും പസക്തമല്ല. എന്നാൽ അവിടെ വിവരിക്കുന്ന ഏഴു കാര്യങ്ങളിൽ ഗ്രന്ഥനാമരൂപവും നീതിമാർഗോ പദേശരൂപവുമായ വക്രതകളെക്കുറിച്ചുള്ള കാര്യങ്ങൾ ഇന്നും പ്രസക്ത മാകുന്നു. അതിനാൽ *ശ്യാമമാധവ*ത്തിലെ ആ രണ്ടു പ്രബന്ധവക്രതാ ഭേദങ്ങൾ നമുക്കും നിരൂപണത്തിനുപയോഗിക്കാം. നീതിമാർഗോപദേശ രൂപമായ വക്രത എന്നതുകൊണ്ട് കൃതികളുടെ സന്ദേശത്തെയാണ് ഉദ്ദേശിക്കുന്നത്. യുദ്ധത്തിന്റെ കെടുതികളെക്കുറിച്ച് ബോധ്യപ്പെടുത്തി ക്കൊണ്ട് യുദ്ധവിരുദ്ധവും സമാധാനാനുകൂലവുമായ മനോഭാവം സൃഷ്ടിക്കുക, ജീവിതത്തിൽ കൂടെ നിൽക്കുകയോ ബന്ധപ്പെടുകയോ ചെയ്യുന്ന സ്ത്രീകളോട് കൂടുതൽ പരിഗണന കാണിക്കുക എന്നിവയാണ് *ശ്യാമമാധവ*ത്തിന്റെ മുഖ്യസന്ദേശങ്ങൾ എന്നു പറയാം. ഈ ആശയം കഥാപാത്രവിശകലനങ്ങളിലൂടെ കൂടതൽ തെളിഞ്ഞുവരുന്നതാണ്. ആദ്യം ഗ്രന്ഥനാമസംബന്ധമായ വക്രത പരിശോധിക്കാം.

## ഗ്രന്ഥനാമം

*ശ്യാമമാധവം* എന്ന ഈ ഖണ്ഡകാവ്യം കൃഷ്ണന്റെ ആസന്നമരണ ചിന്തകളുടെ സമാഹാരമാണ്. മരണം തൊട്ടുമുന്നിൽ നിൽക്കുമ്പോൾ കൃഷ്ണൻ തന്റെ ജീവിതത്തിലെ താനുമായി ബന്ധപ്പെട്ട വ്യക്തികളെയും സംഭവങ്ങളെയും പറ്റി സ്വയംവിമർശനാത്മകമായി പരിശോധിക്കുകയാണ്. അപ്പോഴാണ് താൻ വിജയമെന്ന് അതതു സന്ദർഭങ്ങളിൽ വിലയിരുത്തിയ പലതും വിജയമായിരുന്നില്ലെന്നു മാത്രമല്ല, വൻപരാജയങ്ങളായിരുന്നുവെന്നു തിരിച്ചറിയുന്നത്. താൻ ധർമവിരുദ്ധമായ മാർഗങ്ങളിലൂടെ തോല്പിച്ച ജയദ്രഥനെപ്പോലുള്ളവരും ജയിപ്പിച്ച അർജുനനെയും ധർമപുത്രനെയും പോലുള്ളവരും ഒരുപോലെ തന്റെ ചെയ്തികളുടെ പേരിൽ കൃഷ്ണനെ വിമർശിക്കുകയാണെന്നു ബോധ്യപ്പെടുന്നു. തന്നെ സ്നേഹിച്ച രാധ, രുഗ്മിണി, ദ്രൗപദി മുതലായ സ്ത്രീകളോടും താൻ വേണ്ടത്ര നീതി കാണിച്ചില്ലെന്ന് കൃഷ്ണൻ തിരിച്ചറിയുന്നു. ആകപ്പാടെ ആലോചിക്കുമ്പോൾ ലോകം പൊതുവിൽ വിലയിരുത്തിയപോലെ ശ്രീമന്മാധവനോ (ഐശ്വര്യ സമ്പന്നനായ കൃഷ്ണൻ), ആനന്ദമാധവനോ (സന്തോഷപൂർണനായ കൃ



ഷ്ണൻ) അല്ല താനെന്നും ശ്യാമമാധവനാണ് (കറുത്ത, ദുഃഖപൂർണ നായ, കൃഷ്ണൻ) താനെന്നും അദ്ദേഹത്തിന് മനസ്സിലാവുന്നു. അപ്രകാരം ഒരു ദുരന്തനായകനായ കൃഷ്ണനെ മുഖ്യകഥാപാത്രമാക്കിയാണ് പ്രഭാവർമ ഈ കാവ്യം രചിച്ചിരിക്കുന്നത്. ശ്യാമമാധവനെ സംബന്ധിച്ച കാവ്യം *ശ്യാമമാധവം*. *മഹാഭാരത*ത്തിലെ പ്രധാനപ്പെട്ട ചില കഥാപാത്രങ്ങളെ അവലംബിച്ച് എഴുതിയ *ശ്യാമമാധവ*ത്തിൽ ആ കഥപാത്രങ്ങളെ, മരണം തൊട്ടു മുൻപിലെത്തിനിൽക്കുന്ന കൃഷ്ണന്റെ ദൃഷ്ടിയിലൂടെയാണ് ആവിഷ്കരി ച്ചിരിക്കുന്നത്. അവയിലോരോരുത്തരെയും *ശ്യാമമാധവ*ത്തിൽ എങ്ങനെ അവതരിപ്പിക്കുന്നുവെന്നു പരിശോധിക്കാം.

## കർണൻ

ആദ്യത്തെ മൂന്നു സർഗങ്ങളുടെ വിശകലനം പ്രകരണവക്രതാ ധ്യായത്തിൽ നാം കണ്ടുവല്ലോ. കർണാതപം എന്ന നാലാമത്തെ പ്രകരണത്തിൽ കർണനെ അവതരിപ്പിക്കുന്നു. അതിന്റെ ഏകദേശ പരാവർത്തനം:

ആസന്നമരണനായ കൃഷ്ണന്റെ മനസ്സ് ധ്യാനസ്ഥമാണ്. എങ്കിലെന്ത്? അതിൽ യുദ്ധക്കളം താണ്ടിപ്പോയി അമരത്വമാർന്നു തെളിയുന്ന രക്താഭിഷി ക്തമായ മുഖം ഉയിർത്തെത്തുകയാണ്. ഇതു കാണേണ്ടെന്ന മട്ടിൽ ഇരുളിൽ കണ്ണടച്ച് ചിന്താബദ്ധനായി അകം പിടഞ്ഞുനിൽക്കുന്ന കർണൻ. കൃഷ്ണൻ കർണനോട് ഒന്നും ചോദിച്ചില്ല. ഒന്നും തിരിച്ച് പറഞ്ഞതുമില്ല. ഒന്നും സ്ഥാപിക്കാൻ ഇരുവരിൽ ആരും ശ്രമിച്ചതുമില്ല. എന്നാൽ ആരു മറിയാതെ ഒരു കനൽച്ചെമ്പിൽനിന്നെന്നപോലെ കൃഷ്ണനിൽ തള്ളിത്തൂവു ന്ന കണ്ണീർ കർണന്റെ നേർക്ക് തുടർച്ചയായി തുരുതുരെ ഒഴുകിയോ എന്നു സംശയം.

കൃഷ്ണൻ പറയുന്നു: "ഞാനിതാ ഒരു കണ്ണാടിയായി നിന്റെ മുൻപിൽ നിൽക്കുന്നു. നിന്നെ നീ അറിയുംവരെ നീ നേർക്കുനേർ നിന്നു നോക്കൂ. നീ സൂര്യപുത്രനാണെന്ന സത്യം ഞാൻ മുൻപേ അറിഞ്ഞുവെങ്കിലും നീ നിന്ദയ്ക്ക് ഇരയായിനിന്ന നേരത്തും ഞാൻ അതു പറഞ്ഞില്ല. അർജുനനെ ദ്വന്ദ്വയുദ്ധത്തിൽ നേരിടാൻ ഒരുങ്ങിയ സന്ദർഭത്തിൽ കുലമേത് എന്ന ചോദ്യ ത്തിന്റെ കൂരമ്പേറ്റു നീ പുളഞ്ഞു. താനാരെന്ന ചോദ്യത്തിന് ഉത്തരം തേടിയി ട്ടല്ലേ, നീ ജീവിതത്തിന്റെ അധ്യായം താളുതാളായി മറിച്ചത്? കളരിത്തട്ടിൽ ആ തല കുനിഞ്ഞുതന്നെ നിൽക്കുന്നതായും പലരും നിന്നെ കൈയൊഴി ഞ്ഞെന്ന സത്യവും ഞാനറിഞ്ഞു. തൊട്ടാൽ കൈവെള്ള പൊള്ളും എന്നു പേടിച്ച് ശിശിരക്കുളിരിൽ ചൂടു പകരുന്ന തീക്കനൽക്കണം കുടഞ്ഞുകളയുന്ന പോലെയായിരുന്നു അത്. അല്ലയോ കുന്തീപുത്രാ, എത്ര പെട്ടെന്നാണ് നിന്റെ ഗുരുവായ കൃപാചാര്യരും വിദുരരും ധൃതരാഷ്ട്രരും നിന്നെ തള്ളിപ്പറഞ്ഞത്!

കനിവിന്റെ നിഴലിനുവേണ്ടി നി നോക്കിയവരെല്ലാം കൈവെടിഞ്ഞ പ്പോൾ നീ സൂര്യനെ ഉറ്റുനോക്കി. ആ ക്ഷണത്തിൽ ഒരു കാർമേഘപത്ര ത്തിന്റെ പിന്നിൽ സൂര്യൻ മറഞ്ഞുനിന്നുവോ? പുത്രവ്യഥയാൽ മങ്ങിമാഞ്ഞു വോ? മകനു നേർക്ക് നീണ്ടെത്താനാവാത്ത കൈവിരൽ സ്പർശദാഹാർത്ത മായി എവിടെയോ കനലായെരിഞ്ഞുവോ? ഊഷ്മളമായ പുത്രവാത്സല്യം അറിയാതെ നീ അലഞ്ഞു. അതിനെ തേടി നീ ശൈത്യത്തിന്റെ മുന തോറും തറഞ്ഞു. ഭൂമിയുടെ മറ്റേ ഭാഗത്ത് അത് വെളിച്ചത്തിൽ കുളിക്കേ, ഇപ്പുറത്ത് ഇരുൾപ്പാതിവൃത്തത്തിലാണ് നീ തിരഞ്ഞത്! തളിർച്ചുണ്ട് നനയ്ക്കേണ്ട മുലപ്പാൽ ഏതു നെഞ്ചിലാണോ നിനയ്ക്കായി ചുരക്കാനാവാതെ ഉറഞ്ഞു പോയത്, ആർദ്രമായ ആ സ്നിഗ്ധമാധുര്യം നുകരാതെ നീ ഉഴന്നു. അതന്വേ ഷിക്കവേ കയ്പ്പും ചവർപ്പുമാണ് നീ അറിഞ്ഞത്! നിനക്കുവേണ്ടി ആ നെഞ്ചം തുളുമ്പിപ്പോന്ന സമയത്തും വരൾത്തൊണ്ടയുമായി ജീവിതത്തിന്റെ മരുക്കാറ്റത്ത് അലയുകയായിരുന്നു നീ. അച്ഛനാരെന്നറിയാതെ ഉഴലുന്നവർ ഇവിടെ ധാരാളമുണ്ട്. അവർക്കും അമ്മയാരെന്നറിയാം. കാർണാ! നീ ഒരാൾ മാത്രമാണ് രണ്ടുമറിയാത്ത പുത്രനായത്! സത്യത്തിൽ താനാരാണെന്ന സന്ദേഹത്തിനു പുത്രനായത്! ആരാണ് അച്ഛൻ? കണ്ണാൽ കാണാനാവാത്ത സൂര്യനോ, അതോ കൺമുൻപിൽനിന്നു മായാത്ത തേരാളിയായ വൃദ്ധനോ? ആരാണ് അമ്മ? സത്യത്തിൽ വളർത്തുന്ന രാധതന്നെയോ, അതോ നിഴലി നെപ്പോലെ ഇരുട്ടത്ത് ഒളിഞ്ഞുനിൽക്കുന്ന കുന്തിതന്നെയാണോ? നിന്റെ പേരെന്ത്? കൗന്തേയനെന്നാവാം. രാധേയനെന്നാവാം, പലർക്ക് പലതാവാം. എന്നാൽ കർണാ, നിനക്ക് നീ ആരാണ്? നമ്മളാരെന്നതിന് പലർക്ക് പല ഉത്തരങ്ങളുണ്ടാവും. നമുക്ക് നമ്മളാരെന്നറിയാത്തത് ദൈന്യം തന്നെ!

ആ ക്ഷണത്തിൽ സുയോധനൻ നിന്നെ അംഗരാജ്യാധിപനായി വാഴിച്ചു. ആ സ്നേഹം നീ എന്നും കാത്തുസൂക്ഷിച്ചു. അപമാനത്തിൽ നിന്നു ള്ള സംരക്ഷണം എത്ര മഹത്തരമാണ്! മരണത്തിന്റെ വായിൽനിന്നുള്ള സംരക്ഷണം പോലും ഇതിലും മീതെയല്ല.

സൂര്യപുത്രനാണ് നീ എന്ന നേര് എന്നിൽ പുകഞ്ഞുനീറി. എങ്കിലും ഞാൻ ആ കനൽ അന്ന് ആരുടെ മുമ്പിലും വെളിപ്പെടുത്തിയില്ല! എപ്പോഴും എവിടെയുള്ള ഹൃത്തടത്തിലും എത്താൻ കഴിവുണ്ടെങ്കിലും നിന്നെക്കുറിച്ചു ള്ള നേര് ആരിലും ഞാൻ ഉദിപ്പിച്ചില്ല! വാക്കിനാൽ മാത്രമല്ല ഒറ്റിക്കൊടു ക്കാവുന്നത്; വാളിനേക്കാൾ മൂർച്ചയുള്ള മൗനത്താലും അതാവുമെന്നു തീർച്ച. അതുകൊണ്ടുമാത്രമാണ് അന്ന് നീ ഏറെ അപമാനിതനായത്! അതുകൊണ്ട്, അതുകൊണ്ടു മാത്രമാണ് വിധി അത്രമേൽ ക്രൂരമായത്!

അന്നേ സത്യം പറഞ്ഞിരുന്നുവെങ്കിൽ ആ ക്ഷണത്തിൽ ശക്തിബന്ധ ങ്ങൾ അഴിയുമായിരുന്നു; യുദ്ധമേഘം ഒഴിയുമായിരുന്നു!

സൂര്യന്റെ കിരണംപോലെ, സത്യവും ഉദിച്ചില്ല. ഉദിച്ചിരുന്നുവെങ്കിൽ



അപ്പൊഴേ രാവ് മായുമായിരുന്നു!

അതിനു തോന്നിയില്ലെന്നത് അപരാധം തന്നെ. അതിന്റെ ഫലം ജീവിത വും കാലവും സകലലോകവാസികളും അറിഞ്ഞു!

ഒടുവിൽ പോർമുഖത്ത് നിന്റെ രഥചക്രങ്ങൾ താഴവേ, ആയുധം വെച്ച് നീ നിന്റെ തേര് ഉയർത്താൻ ശ്രമിക്കവേ, ‘വില്ല് താഴെ വെച്ചവനെ വധിക്കു ന്നത് ധർമ്മമാണോ?’ എന്നു ചോദിച്ച് നീ ധർമവീര്യം ഉണർത്തിയപ്പാൾ, അതുതന്നെയാണ് സത്യം എന്ന് ഏറ്റുപറഞ്ഞുകൊണ്ടുതന്നെ നിന്ന അർജുനൻ നിനക്ക് തേരുയർത്താൻ സമയം അനുവദിച്ചത് ഞാൻ ഓർക്കു ന്നു. അപ്പോൾത്തന്നെ നിന്നിൽ ഏറിവരുന്ന യുദ്ധവീര്യത്തെ കെടുത്താൻ നിന്നെ ഞാൻ നിരങ്കുശമായി സൂതപുത്രൻ എന്നു വിളിച്ചു. ഇപ്രകാരം തിള പ്പിക്കാനും അതുപോലെ തണുപ്പിക്കാനും കഴിയുന്ന മനസ്സല്ലേ, ഓർത്താൽ എപ്പോഴും ഭാരം! ഞാനറിയുന്നു: സത്യം പാടേ അസത്യത്തിന്റെ വിഷാബ്ധി യിൽ അമർത്തിവെച്ച് സ്വാർഥംകൊണ്ട് അധർമ്മത്തെ വരിച്ചവനാണ് ഞാൻ! അതിനുശേഷം അപ്പോൾ നിന്റെ നേർക്ക് അസ്ത്രം തൊടുക്കാൻ ഞാൻ അനുജ്ഞ നൽകി. അർജുനൻ അതപ്പടി അനുസരിക്കുകയും ചെയ്തു. വിവേകവും ധർമവും വെടിഞ്ഞ് അധർമത്തെ വരിക്കയാൽ സംഭവിക്കാൻ പാടില്ലാത്തതാണ് സംഭവിച്ചത് മുഴുവൻ! അതിന്റെ നേർഫലംതന്നെയാണ്, ഏതു ദുരന്തവും എന്റെ മനസ്സിൽ തട്ടുമ്പോൾ, ഈ വിധിയെന്നു ഞാൻ വിചാരിക്കുന്നു.

കർണാ! ഓർത്താൽ നീ മാത്രമാണ് ധർമമൂല്യപരായണൻ; സത്യപഥം വിട്ടുമാറാതെ നടകൊണ്ട ധീരൻ. പെയ്താൽ താൻ ബാക്കിയാവില്ലന്ന് അറി യുമ്പോഴും പെയ്തു മണ്ണു കുളിർപ്പിക്കുന്ന മേഘമായി നിന്നലിഞ്ഞവനാണ് നീ. ആത്മനാശകമായ ദാനം സ്വമേധയാ നിറവേറ്റിയവനാണ് നീ. കവചവും കുണ്ഡലവുമെല്ലാം ത്യജിച്ച് അമ്പേറ്റു വാങ്ങിയവൻ! പകരം കൈവരുന്നത് മരണം മാത്രമാണെന്ന് അറിയുമ്പോഴും സ്വയം കത്തിയെരിഞ്ഞ് എങ്ങും വെളിച്ചം നീർത്തിനിന്നവൻ! പഞ്ചപാണ്ഡവരിൽ പാർഥനൊഴിച്ച് ആരെയും പ്രാണനാശകമായ ആ അമ്പുകൊണ്ട് കൊല്ലുകയില്ലെന്ന് ഉറച്ചുനിന്നവൻ! അപ്രകാരം കുന്തിയോട് സത്യം ചെയ്ത് നീ കൗന്തേയനായി. ഭീമാദികളായ നാലുപേരെ കൊല്ലാൻ മടിച്ചുകൊണ്ടുതന്നെ അവരെ നീ വിട്ടയച്ചു. ഗുരുവിന്റെ സുഷുപ്തിക്കു ഭംഗമേൽക്കാതെ കാക്കാൻ നീ വണ്ടു കുത്തി യതിന്റെ ദുഃഖം സഹിച്ചുനിന്നു. ആ സഹനത്തിനു പകരം കിട്ടിയത് ശാപം! അതും ഗുരുവിന്റെ ദയാവായ്പ്പായി തല കുനിച്ച് നീ സ്വീകരിച്ചു. മൃതി ദുഃഖ മായി ഏറ്റപ്പോഴും ദീപ്തമായ മുഖം തകരുന്ന മഹാദാനം കൊണ്ട് നീ സമ്പൂർണനായി.

കൊടുങ്കാറ്റിനോട് നേരിടാൻ ആവാത്തവരാണ് പാണ്ഡവർ. നേർവഴിക്ക് നിന്നെ പോരിൽ തടുക്കാൻ അവർക്ക് സാധിക്കുമോ? അതുകൊണ്ടാണ്

അച്യുത(നാശമില്ലാത്ത)നായ ഞാൻ ച്യുത(നാശമുള്ളവൻ)നായതെന്ന് (അതുകൊണ്ടാണ് എന്റെ അനശ്വരത്വം ഇല്ലാതായതെന്ന്) എനിക്കറിയാം. നിന്നെ ഞാൻ ചതിയിൽ വീഴ്ത്തി. ജിഷ്ണു(ജയശീലനായ അർജുനൻ) അല്ല, കൃഷ്ണനാണ് നിന്നെ കൊന്നത്! അതിനാൽ ഇപ്പോൾ നിന്നെ നോക്കാൻപോലുമാവാതെ കുഴങ്ങുകയാണ് ഞാൻ. എനിക്കു നഷ്ടമായ മഹിമയാകെ നിന്നിലായി! ഹേ സൂര്യപുത്രാ! ഈ കണ്ണുകൾകൊണ്ട് നിന്റെ നേരെ നോക്കാൻ എനിക്കാവില്ല. അതുകൊണ്ടാവാം, ഈ വിധം കാഴ്ച്ച നേർത്തുനേർത്തു മങ്ങുന്നത്! ജീവിതംകൊണ്ട് ചില കാര്യങ്ങൾ ചെയ്യുന്നു. ആലോചിച്ചാൽ, കർമങ്ങളാണല്ലോ ജീവിതത്തിന് വഴി തീർക്കുന്നത്!"

ഇപ്രകാരം പലതും പറഞ്ഞ് ദുഃഖിക്കുന്ന കൃഷ്ണനെ തൊട്ടുനിൽക്കുകയാണ് കോടിസൂര്യപ്രഭനും ധനുർവേദവിശാരദനുമായ കർണൻ! ധൂപപാത്രത്തിൽനിന്ന് കാരകിൽപ്പുക പോലെ ഉത്തപ്തഹൃത്തിൽ നിന്നാവാം ദഗ്ധചിന്തകളുയർന്നു. കർണന്റെ ഉള്ളിൽനിന്ന് ആളുന്നുവെന്നു തോന്നുന്ന വാക്കുകൾ കൃഷ്ണൻ അപ്പോൾ കേൾക്കുകയായി; മന്ത്രതുല്യം അവ ഏറ്റുവാങ്ങുകയായി!

ചതുരംഗത്തിന്റെ കരുക്കൾമാത്രമല്ലേ നാം എന്ന് അറിയാം. നേരവും നീക്കവും നിർണയിക്കാൻ നമുക്കാവുമോ? ജയവും തോൽവിയും ഭിന്നപ്രതീതികളാണ്; സംശയമില്ല. കാലത്തിന്റെ ആഗ്രഹമല്ലാതെ യുദ്ധത്തിൽ എന്തു ജയം! മരണത്തിൽപ്പോലും സ്വസ്ഥത തരാത്ത സൗന്ദര്യമാണ് വിജയം. തോൽവിയാകട്ടെ സമാധാനമാണ്; ആത്മാവിൽ സുഖം ചേർക്കുന്ന ലയം! കാലം എന്നും ശിശുവെപ്പോലെയാണ്. അതിനുള്ള കളിപ്പാട്ടങ്ങളല്ലേ മനുഷ്യരും ജീവിതങ്ങളും! പള്ളികൊള്ളുന്ന കാലത്തിന്റെ ഉള്ളിൽ കതിരിടുന്ന സ്വപ്നമല്ലാതെ മറ്റെന്താണ് ഈ ഭൂമിയും കർമബന്ധവും? പോയ കാര്യങ്ങളെക്കുറിച്ച് വേദനിക്കുന്നതെന്തിന്? പോയ കാര്യങ്ങളെ കുറ്റപ്പെടുത്തുന്നതുമെന്തിന്?

നേർത്തുനേർത്തെത്തുന്ന പുക മേഘമായി കനത്തുവോ? അതിനു പടരാനുള്ള ആകാശമായിത്തീർന്നുവോ ഈ കൃഷ്ണഹൃദയം? രണ്ടു കണ്ണും അടച്ചാണ് യാദവൻ കർണനെ കാണുന്നത്. കണ്ണിനുള്ളിൽ ഉദിക്കുന്നവനായി. ഇനി കണ്ണു തുറക്കേണ്ടതില്ല! മുൻപിലെത്തുന്ന ലോകത്തെ മാത്രമേ കണ്ണുകൾ കാണുന്നുള്ളൂ. കണ്ണടച്ചാലോ? ഉൾക്കണ്ണിൽ മൂവുലകും നിറയും! മൂന്നു ലോകങ്ങളും മൂന്നു കാലങ്ങളും കണ്ട തൃപ്തിയോടെ കൃഷ്ണൻ അകമേ തഴുതിട്ട കണ്ണുമായി നിന്നു. സ്മൃതിയുടെ നേർത്ത വസ്ത്രങ്ങൾ അഴിച്ചുവെച്ച് നഗ്നമായ മനസ്സുമായി വെളിച്ചത്തിന്നുമക്കരെ നീങ്ങുകയാണ് കൃഷ്ണൻ. കെടുന്ന തിരിയിൽനിന്നു പിരിയുന്ന നാളമെന്നപോലെ കർണൻ പിന്നെയും സൂര്യനിൽ ചെന്നു ചേരുകയാണ്!

*　　*　　*



കർണാതപം എന്ന ഈ സർഗത്തിൽ കർണനെക്കുറിച്ചുള്ള കൃഷ്ണന്റെ പുനർവിചിന്തനമാണ്. പ്രഭാവർമയുടെ കർണനിരൂപണമെന്നും നമുക്കിതിനെ വിലയിരുത്താം.

സുപ്രസിദ്ധനിരൂപകനായ കുട്ടിക്കൃഷ്ണമാരാർ *ഭാരതപര്യടന*ത്തിലൂടെ കർണനെ നിരൂപണം ചെയ്തിട്ടുണ്ട്. *വ്യാസമഹാഭാരത*ത്തിലെ കർണനാണ് അവിടെ നിരൂപണം ചെയ്യപ്പെട്ടത്. പക്ഷേ, *വ്യാസഭാരതം* പരിചയമില്ലാത്ത കേരളീയസഹൃദയർ, എഴുത്തച്ഛന്റെ *മഹാഭാരതം കിളിപ്പാട്ടി*ലൂടെയാണ് കർണനെ മനസ്സിലാക്കിയത്. എഴുത്തച്ഛന്റെ ഉദ്ദേശ്യമേ വ്യാസന്റേതിൽനിന്നു വ്യത്യസ്തമായിരുന്നു. ഭക്തിയും സംസ്കാരപോഷണവും ലക്ഷ്യമായി കണ്ട എഴുത്തച്ഛൻ ശ്രീകൃഷ്ണഭക്തരായ പാണ്ഡവരോട് പക്ഷപാതവും എതിരാളികളായ ദുര്യോധനാദികളോട് വിദ്വേഷവും പുലർത്തി. ആ മുൻധാരണയോടെയാണ് പലരും കർണനെ കണ്ടത്. ആ ചിന്താഗതിയെ പാടേ തിരുത്തുന്നതായിരുന്നു കുട്ടിക്കൃഷ്ണമാരാരുടെ നിരൂപണം. അഞ്ചു പതിറ്റാണ്ടിനുമുൻപുള്ള ആ സ്ഥിതിയല്ല ഇന്ന് മലയാളസാഹിത്യത്തിന്റേത്. ആകയാൽ *ശ്യാമമാധവ*ത്തിലെ ഈ കർണനിരൂപണം അത്ര വലിയൊരു ആശയവിപ്ലവവും ഉണ്ടാക്കിയെന്നു വരില്ല. എന്നാൽ കർണന്റെ മൗലികമായ മഹത്ത്വം ആകാവുന്നത്ര ഇടിച്ചുകാണിക്കാൻ കൃഷ്ണൻ ശ്രമിച്ചുവെന്ന ആശയം, അതുകൊണ്ട് കർണന്റെ മഹിമ കൂടുന്നതിന്റെ അനുപാതത്തിൽ കൃഷ്ണന്റെ മഹിമ കുറയുന്നു എന്ന ആശയം പ്രഭാവർമയാണ് ആദ്യമായി ഇത്ര ശക്തമായി അവതരിപ്പിക്കുന്നതെന്നു തോന്നുന്നു.

തളിർച്ചുണ്ടു നനയ്ക്കേണ്ടും മുലപ്പാലേതു നെഞ്ചിലോ
നിനക്കായിച്ചുരന്നീടാനരുതാതങ്ങുറഞ്ഞുവോ?
ആർദ്രമാ സ്നിഗ്ധമാധുര്യം നുകർന്നീടാതുഴന്നു നീ;
അതിനെത്തേടവേ കയ്പ്പും ചവർപ്പും താനറിഞ്ഞു നീ.
നിനക്കുവേണ്ടിയാ നെഞ്ചം തുളുമ്പിപ്പോന്ന നേരവും
വരൾത്തൊണ്ടയുമായ് വാഴ്വിൻ മരുക്കാറ്റത്തലഞ്ഞു നീ.
(കർണാതപം)

എന്ന മാതൃവാത്സല്യം നിഷേധിക്കപ്പെട്ട കർണന്റെ ചിത്രം കുന്തിക്കു നിഷേധിക്കപ്പെട്ട ആദ്യപുത്രനെ അമ്മിഞ്ഞപ്പാലൂട്ടാനുള്ള അവകാശത്തിലേക്കും ആ മുലപ്പാലൂട്ടലിൽ അമ്മ അനുഭവിക്കുന്ന ആനന്ദത്തിലേക്കും കൂടി വെളിച്ചം വീശുന്നു. രണ്ടാമത്തേത് കുന്തി സ്വയം വരുത്തിവെച്ചതാണെങ്കിലും സമൂഹമാണല്ലോ അതിന് അവരെ പ്രേരിപ്പിച്ചത്! ഭർത്താവില്ലാതെ പിറന്ന മക്കളെ ഭർത്താവിന്റെ വംശാവകാശികളായി അംഗീകരിക്കുക, മാദ്രിക്കു പിറന്ന മക്കളെയും തന്റെ മക്കളായി കണ്ട് വളർത്തുക – ഇതെല്ലാം സമൂഹത്തിന് അംഗീകരിക്കുന്നതിൽ എതിർപ്പില്ലെങ്കിൽ, വിവാഹത്തിനു മുൻപ്, ബന്ധുക്കളറിയാതെ, സൂര്യനു പിറന്ന മകനെ വളർ

ത്തുന്നതിനുമാത്രം സമൂഹം എന്തിനെതിരാകണം? ഈയൊരു കുന്തീചിന്തയിലേക്കും അനുവാചകരെ നയിക്കുന്നതിന് *ശ്യാമമാധവ*ത്തിലെ കർണനിരൂപണം കാരണമാകുന്നുണ്ട്.

അച്ഛനാരെന്നറിഞ്ഞീടാതുഴന്നോരിവിടേറെയാം;
അവർക്കുമമ്മയാരെന്നതറിവല്ലുണ്മതന്നെയാം.
കർണ! നീയൊരുവൻമാത്രം രണ്ടുമോരാത്ത പുത്രനായ്!
നേരിലാരാണു താനെന്ന സന്ദേഹത്തിന്നു പുത്രനായ്! (കർണാതപം)

എന്നിങ്ങനെ കർണനിലൂടെ ഒരു 'സന്ദേഹത്തിന്റെ പുത്ര'നെ ആദ്യമായി അവതരിപ്പിക്കുന്നതും ഈ കവിതന്നെയാവാം.

## ജയദ്രഥൻ

ധർമസംഗരം എന്ന അഞ്ചാം സർഗത്തിന്റെ പരാവർത്തനം ഏതാണ്ട് ഇപ്രകാരം: ആകാശത്ത് കാർമുകിലിന്റെ കരാളനയനം പെയ്യുന്ന തമസ്സ്; ഭൂമിയിൽ തേരിനകത്ത് യുദ്ധം, ഉഗ്രപടഹം താക്കുന്ന മുഴക്കങ്ങൾ! ഏകാന്തത്തിൽ ഒരല്പമാത്ര മരണത്തോട് മുഖാമുഖം നിൽക്കവേ കൃഷ്ണനു നേരെ നിൽക്കുകയാണ് രക്താഭിഷിക്തനും ചഞ്ചലമനസ്കനുമായ ജയദ്രഥൻ. . .

എന്തിനെന്നും എത്ര അകലെ നിന്നെന്നും അറിയില്ല, ഉൾക്കൊള്ളാനാവുന്നതുമില്ല, നേരാണോ നിഴലാണോ എന്നും മനസ്സിലായില്ല. എന്നാൽ പുകപോലൊരു രൂപം നിനവിൽ കാണുന്നപോലെ, കൺകളിൽ ജയദ്രഥൻ തങ്ങു ന്നു. കണ്ണു തുറക്കാനും അടക്കാനും കഴിയുന്നില്ല. . . .

ആരായിരുന്നു ജയദ്രഥൻ? പോരിന്റെ വീറേറ്റു സൂര്യനെപ്പോലെ ഉജ്ജ്വലിച്ചവൻ; നന്ദിഘോഷത്തെ തകർക്കാൻ കുതിക്കുന്ന തേരിനാൽ കുരുക്ഷേത്രത്തെ നടുക്കിയവൻ! ഗാന്ധാരം, പാഞ്ചാലം, ചേദി, ദശാർണം എന്നിവയോരോന്നിന്റെയും പതാക കാത്തവൻ. ആജാനുബാഹുവായ ആ ജയദ്രഥൻ കൺമുന്നിൽ ദുഃഖിതനായി തളർന്നുവന്നു നിൽക്കുകയാണ്. ഇനി കാണരുതേ എന്നു പ്രാർഥിച്ച രൂപമോരോന്നും ഇങ്ങെന്തേ എത്തിനിൽക്കുവാൻ? എല്ലാം തോന്നലാവാം. മരണത്തിനു മുൻപേ എത്തുന്ന സംഭ്രമം തന്നെയാവാം. നേരുമാവാം. നിശ്ശബ്ദനായാണ് നിൽക്കുന്നതെങ്കിലും ആ മൗനം ഇപ്പോഴും ശബ്ദായമാനമാണ്. കണ്ണുകളടച്ചാണ് നിൽക്കുന്നതെങ്കിലും കത്തുന്ന കാഴ്ച്ചയാണ് ഇപ്പോഴും ആ നെഞ്ചിൽ.

ഈ രീതിയിൽ ചിന്തിച്ചുചിന്തിച്ച് മാധവൻ ഉള്ളിലെങ്ങോ പോയൊളിക്കാൻ ശ്രമിക്കയായി. ഉള്ളിലേക്കുള്ളിലേക്ക് ആഴുമ്പൊഴും ഉള്ളിൽ വെളിച്ചത്തിന്റെ തീപ്പൊള്ളലേൽക്കുന്നു. ഒന്നും, ഒന്നും, പറയാനില്ല. നിത്യനിശ്ശൂന്യതയിൽ ലയിക്കാൻ കഴിഞ്ഞാൽ ആശ്വാസമായിരുന്നു! ഒന്നും, ഒന്നും, കാണാനില്ല. ഇരുട്ടിന്റെ കംബളം നീർന്നുവീണെങ്കിൽ വിശ്രാന്തി ലഭിക്കുമായിരുന്നു!



കാലം കനിഞ്ഞുതരുന്ന ഓരോ നിമിഷവും ഓരോ ദുരന്തയുഗമാണ്! അതിന്റെ നീളം കുറക്കാനുമാവില്ല. ആവുന്നത്, ആയുസ്സിന്റെ നീളം കുറക്കുകയാണ്. എന്നാൽ അതിനു ശ്രമിച്ചാലും അതും എന്നു ഫലിക്കുമെന്ന് ഏതും ഉറപ്പില്ല. അമ്പേൽക്കുകയാണെങ്കിൽ അപ്പോൾ മരിക്കാം. അല്ലെങ്കിൽ, ഇതുപോലെ ദയാരഹിതമായി ജീവിതം നീണ്ടുപോകാം.

എത്ര കാലം ശരശയ്യയിൽ ഭീഷ്മപിതാമഹൻ രക്തത്തിൽ കുളിച്ച്, ദുഃഖത്തിന്റെ പരകോടിയിൽ, മരണമുഹൂർത്തം അടുക്കുന്നതും കാത്ത് കിടന്നു! അന്ന് ഉത്തരായണം വരാൻ കാത്തതാണെന്നാണ് പലരും പറഞ്ഞത്. ഈ മരണത്തെ അല്പനേരത്തേക്ക് അകറ്റിനിർത്താനും സ്വല്പം നേരത്തെയാക്കാനും ആർക്കാണ് കഴിയുക? അജ്ഞേയമായ അതിന്റെ ആലക്തികപ്രഭാവൃത്തത്തിലെത്താൻ ഇന്ന് എനിക്ക് ഏറെ ആഗ്രഹമുണ്ട്. എന്നാൽ മരണത്തിനും ജീവിതത്തിനും മേൽ നമുക്ക് ഒരവകാശവുമില്ലെന്നും എനിക്കറിയാം. പിന്നാലെ പാഞ്ഞുചെന്നാൽ അപ്പോൾ എങ്ങോ തെന്നിപ്പറന്നുപോകുന്ന പൂത്തുമ്പിയും പിന്നാലെ നാം ഇല്ലെന്നു വന്നാൽ പിൻവാങ്ങി നമ്മിൽ ഇരുന്നെന്നും വരാം.

ഇപ്രകാരം ഓരോന്നു ചിന്തിച്ച് മാധവൻ ജയദ്രഥനോട് പറഞ്ഞു: "നിന്നോട് ഞാൻ ചെയ്തത് മറാക്കാനാവാത്തതാണെങ്കിലും ഇന്ന് എന്റെ മുന്നിൽ വന്നുനിന്നതെന്തിനാണ്? യുദ്ധത്തിൽ അസ്തമയത്തിന്നു മുന്നമേ നിന്നെ വധിക്കാനാവാതെ അർജുനൻ ഏറെ വിയർത്തുനിന്നപ്പോൾ യുദ്ധധർമം വെടിഞ്ഞ് ഞാൻ തന്ത്രം മെനഞ്ഞു. നീതിശാസ്ത്രങ്ങൾ പൊറുക്കാത്ത തെറ്റാണ് പോർമുഖത്ത് തേരാളിയായി നിന്ന ഞാൻ എല്ലാം മറന്ന് ചെയ്തത്. അതിന്റെ ഫലമായാണ് നിന്റെ ജീവൻ പൊലിഞ്ഞത്! വാക്കു പാലിക്കാനാവാതെ അർജുനൻ പാടേ തളർന്നു വിളർത്തപ്പോൾ ഞാൻ, സന്ധ്യയായെന്നു തോന്നിക്കാൻ, സുദർശനചക്രംകൊണ്ട് സൂര്യബിംബത്തെ അല്പം മറച്ചു. സന്ധ്യയായെന്നു വിചാരിച്ച് ആശ്വസിച്ച് നീ അല്പം തലയൊന്നുയർത്തി. പെട്ടെന്നുതന്നെ ഞാൻ സുദർശനം മാറ്റി. സൂര്യവെളിച്ചവും അർജുനന്റെ ശരവും ഒപ്പം നിന്നിൽ തറച്ചു. നീ മരിച്ചു!

അസ്തമിക്കുന്നതിനു മുൻപ് അന്ന് നിന്റെ ജീവൻ കെടുത്തിയിരുന്നില്ലെങ്കിൽ തീക്കുണ്ഡത്തിൽ ചാടി മരിക്കുമെന്ന് അർജുനൻ സത്യപ്രതിജ്ഞ ചെയ്തിരുന്നുവെന്നത് സത്യംതന്നെ. എങ്കിലും, ആലോചിച്ചു നോക്കിയാൽ, അതുപോലെ സത്യമാണ്, തീക്കുണ്ഡത്തിൽ നിന്ന് അവനെ ജീവന്റെ പച്ചപ്പിലേക്ക് തിരിച്ചുകൊണ്ടുവരാൻ വാക്കിന്റെ മൃത്യുഞ്ജയത്വം എനിക്ക് അധീനമാണെന്നുള്ളതും. ഒന്നല്ല, ഒമ്പത് കുഞ്ഞുങ്ങളും മരിച്ച ദുഃഖത്തിൽ വേദനിക്കുന്ന ബ്രാഹ്മണനോട്, അടുത്ത് പിറക്കുന്ന ഉണ്ണിയെ രക്ഷിക്കുമെന്ന് മുൻപ് അർജുനൻ പ്രതിജ്ഞ ചെയ്തിരുന്നു. രക്ഷിക്കാൻ സാധിച്ചില്ലെങ്കിൽ ഉടനെ താൻ തീയിൽ ചാടി മരിക്കുമെന്നും ഒപ്പം പ്രതിജ്ഞ

ചെയ്തിരുന്നുവല്ലോ. ആ വാക്കിൽനിന്നു തിരിച്ചുകൊണ്ടുവരാൻ എനിക്ക് സാധിച്ചില്ലേ?

യുദ്ധക്കളത്തിൽ പരാങ്മുഖനായിത്തന്നെ നിന്നതാണ് അർജുനൻ. എങ്കിലും വാക്കിന്റെ തീർഥം തളിച്ചുണർത്തി (ഗീത ഉപദേശിച്ച്) കൊടുങ്കാറ്റിന്റെ വേഗവും വീറും അവനിൽ ആളിക്കത്തിച്ചില്ലേ ഞാൻ? അന്ന് അതു സാധിച്ച വാക്കിന്ന് അവനെ രക്ഷിക്കാൻ സാധിക്കാതാവില്ല. എങ്കിലും, ആ വഴി വിട്ട്, അല്ലയോ ജയദ്രഥാ, നിന്നെ കൊല്ലാനല്ലേ ഞാൻ കല്പിച്ചത്?

ഉള്ളാലെ ഉറച്ചു ചെയ്ത തെറ്റ് ക്ഷമിക്കാൻ അപേക്ഷിക്കുകയല്ല ഇന്ന് ഞാൻ. ആത്മാവിൽ ഒരിക്കലും അടങ്ങാത്ത വിങ്ങലിൽ മുങ്ങി ഞാൻ നിന്റെ മുന്നിൽ ആ തെറ്റ് ഏറ്റുപറയുകയാണ്. പിന്തിരിഞ്ഞുപോകുന്നവനെയും ശരണാർഥിയെന്നു അടുത്തു വന്ന് അപേക്ഷിക്കുന്നവനെയും യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ ശ്രദ്ധ തെറ്റിപ്പോയ ശത്രുവിനെയും കൊല്ലരുതെന്നാണ് യുദ്ധധർമം. ധർമചര്യയുടെ സത്യം ഞാൻ പാലിച്ചതേയില്ല. അർജുനന്റെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഞാൻ അന്ന് നിന്റെ ജീവനെ ചതിച്ചുകൊന്നു. തീയിൽ ദഹിക്കാത്തതും നീരിൽ ലയിക്കാത്തതും വായുവിന് ഉണക്കാനാവാത്തതും ആയുധത്തിന്ന് മുറിവേല്പിക്കാൻ കഴിയാത്തതുമാണ് ജീവൻ! അതിന്നും തരാതരഭേദമോ? നിക്കുപോക്കില്ലാത്ത കർമബന്ധനം വാക്കിനെ പാടേ തിരുത്തുന്നതായിത്തീർന്നു.

നീ അർജുനന്റെ ഓമനമകനായ അഭിമന്യുവിന്റെ തലയിൽ ചവിട്ടി. ആകയാൽ, ധർമം നോക്കാതെതന്നെ നിന്നെ കൊല്ലാമെന്നു ഞാൻ വിചാരിച്ചു. അന്ന് അതാണ് ധർമമെന്നും ഞാൻ നിർവചിച്ചു! എന്നാൽ ഭീമൻ ഒരു ദിവസം സുയോധനന്റെ ശരീരത്തിൽ ഇടങ്കാൽകൊണ്ട് ചവിട്ടി നിൽക്കുകയുണ്ടായി. അതിൽ ഞാൻ ഒട്ടും ധർമലംഘനം കണ്ടില്ല!

തേരിൽ കയറിയല്ലാതെ യുദ്ധം ചെയ്തിട്ടില്ലാത്ത ഞാൻ വെറും മണ്ണിൽ നിൽക്കുന്നവർക്കുനേർക്കും അമ്പെയ്യാൻ അനുജ്ഞ നൽകി. അതെങ്ങനെയാണ്? അന്ന് ജരാസന്ധനെ കൊല്ലാൻ ഭീമന് തീരെ സാധിക്കാതെ വന്നപ്പോൾ, ഹൃദയത്തിൽ ധർമചിന്തയ്ക്കൊന്നും ഇടം നൽകാതെ, ഞാൻ ഒരു പച്ചില മുറിച്ചിട്ടു കാണിച്ചു. അർജുനന്റെ നേർക്കു വരുന്ന ഭഗദത്തന്റെ നാരായണാസ്ത്രം തടുക്കാൻ, ഞാൻ അമ്പിന്റെ വഴിയിലേക്ക് മാറിനിന്നു. സാരഥി അസ്ത്രം തകർത്തതിൽ എന്തു ധർമമാണ്! ദുര്യോധനനെ വധിക്കാൻ സാധ്യമല്ലെന്നു കണ്ട് ഭീമൻ തളർന്നപ്പോൾ, മർമം തെളിച്ചുകാട്ടുന്നതിനുവേണ്ടി ഞാൻ തുടയ്ക്കുമേൽ ഒന്ന് താളം കൊട്ടി. അതിലെന്തു ധർമം? നിഷ്പക്ഷനായിരിക്കേണ്ട സാരഥിയായ ഞാൻ എത്രയോ വട്ടം സുദർശനം വീശി ആ തേരു വിട്ട് ആവേശബാധിതനെപ്പോലെ ചാടിയിറങ്ങിയിട്ടുണ്ട്. അതെല്ലാം ധർമമാണോ?

നീ നിശ്ശബ്ദനായാണ് നിൽക്കുന്നതെങ്കിലും, നീ മുന്നിൽ നിൽക്കവേ,



എത്രയോ ചോദ്യങ്ങൾ നിന്റെ മൗനത്തിന്റെ തോട് പൊട്ടിക്കാൻ കുതറുന്നതായി ഞാൻ അറിയുന്നുണ്ട്. ഒന്നിനും എനിക്ക് ഉത്തരമില്ല. അതിനാൽ ഇന്ന് ഞാൻ ഇതൊക്കെയും എന്നോടുതന്നെ ചോദിക്കയാണ്. ഉത്തരമുണ്ടായിരുന്നെങ്കിൽ ചോദ്യങ്ങളും ഉണ്ടാകുമായിരുന്നില്ല!"

*   *   *

ജയദ്രഥനെ കൊന്നില്ലെങ്കിൽ അർജുനൻ തീയിൽ ചാടി മരിക്കുമെന്നു സത്യപ്രതിജ്ഞ ചെയ്തിരുന്നു. അതുകൊണ്ടാണ് ജയദ്രഥനെ ആവിധം ചതിച്ചുകൊല്ലേണ്ടിവന്നത് എന്നു പറയാം. പക്ഷേ, ഇതേ അർജുനൻ പണ്ട് ഒമ്പതു മക്കൾ കുഞ്ഞിലേ മരിച്ച ബ്രാഹ്മണനോടും ഇതേ സത്യപ്രതിജ്ഞ ചെയ്തിരുന്നില്ലേ? അതിൽനിന്നു രക്ഷിക്കാൻ കഴിഞ്ഞ കൃഷ്ണന് ജയദ്രഥവധമൊഴിച്ച് മറ്റെന്തെങ്കിലും ഒരു വഴി കാണാനാവുമായിരുന്നില്ലേ? ജയദ്രഥനെ ചതിച്ചുകൊല്ലിച്ചതിനു പറയാറുള്ള ന്യായീകരണം, അദ്ദേഹം അഭിമന്യുവിന്റെ തലയിൽ ചവിട്ടി എന്നാണ്. അങ്ങനെയെങ്കിൽ ഭീമൻ ദുര്യോധനനെ ചവിട്ടിയതോ? ജരാസന്ധൻ, ദുര്യോധനൻ എന്നിവരെയൊക്കെ വധിക്കുന്നതിന് കൃഷ്ണൻ ചതി പ്രയോഗിച്ചില്ലേ? പലപ്പോഴും കൃഷ്ണൻ ധർമലംഘനം നടത്തിയില്ലേ? ഇങ്ങനെ എത്രയെത്ര ചോദ്യങ്ങൾ!

ഈ ജയദ്രഥനിരൂപണം മാരാരും നടത്തിയിട്ടില്ല. ഇതിനെ *ശ്യാമമാധവ* കർത്താവിന്റെ തനതുസംഭാവനയായി കരുതാം.

## ഗാന്ധാരി

ആറാം സർഗമായ "മാതൃവാക്യ"ത്തിന്റെ ആശയം ഏകദേശം ഇങ്ങനെ പകർത്താം: കോടക്കാർമഞ്ഞുപോലെ എന്റെ നിനവിൽ വരുന്നതെന്താണ്? അവ്യാകൃതം മൂടിയ ഈ ഭൂതപ്രകൃതി മുഴുവൻ തമസ്സു നിറഞ്ഞിരിക്കുന്നു. ഭയങ്കരമായ ഇരുട്ടാണ്. അതിഘോരമായ യുദ്ധത്തിന്റെ അവസാനത്തിൽ അങ്കച്ചോരപ്പാടത്തെ ആന്ധ്യത്തിരകൾ കടന്നെത്തി ഗാന്ധാരി ഇതാ, നിൽക്കുന്നു! മുപ്പത്താറു കൊല്ലമായി. അല്ലയോ ഗാന്ധാരീ! പണ്ട് നീ പറഞ്ഞതെല്ലാം ഒന്നൊഴിയാതെ സത്യമായി വന്നിരിക്കയാണെന്നറിഞ്ഞാലും. ഒടുവിൽ എല്ലാം കാണാൻ നീ വരികയാണ്. എല്ലാം വെണ്ണീരിലല്ല അവസാനിക്കുന്നതെന്നു ഞാനറിയുന്നു. അതു തെളിയിക്കാനല്ലേ നീ തപിച്ച് ആരണ്യവഹ്നിപ്രളയം കടന്ന് ഇവിടെ വന്നുനിൽക്കുന്നത്? മങ്ങിക്കത്തുന്ന വിളക്കിന്റെ കണ്ണുകളിൽ ഇരുൾ വന്ന് പൊത്തുമ്പോൾ വിങ്ങിത്തേങ്ങുന്ന ഹൃദയവുമായി അരികിലെത്തുന്നത് അമ്മതന്നെയാണെന്ന നിലയ്ക്ക് വണങ്ങി കൃഷ്ണൻ അടുത്തെത്തുകയായി. ഇപ്രകാരം പറയുകയും ചെയ്തു: "ധന്യേ! ഇന്ന് ഈ അഗതിയെ നീ പാപിയായ പുത്രനായി ഹൃദയത്തിൽ കൈക്കൊ ണ്ടാലും! . . .

യുദ്ധക്കളത്തിൽനിന്ന് അന്ന് അത്യന്തം ദുഃഖത്തോടുകൂടി നീ പറഞ്ഞ

വാക്കുകൾ സത്യമാണ്. അതുകൊണ്ടാണല്ലോ, മറിച്ചൊന്നും പറയാതെ, ന്യായം വിശദീകരിക്കാൻ നിൽക്കാതെ, ഗാന്ധാരീ!, നിന്റെ ശാപവാക്കുകൾ മുഴുവൻ ഞാൻ എന്റെ ശിരസ്സുകൊണ്ട് ഏറ്റുവാങ്ങിയത്. എന്നെക്കൊണ്ട് അസാധ്യമായതൊന്നുമില്ലെന്ന് അറിഞ്ഞ് അഭിമാനിച്ച ഞാൻതന്നെ അന്ന് യുദ്ധമൊഴിവാക്കാൻ ശ്രമിക്കാതെ, ഉന്മൂലനാശന കാരണനായതിൽ ഇന്ന് എനിക്ക് ഉൽക്കടമായ ദുഃഖമുണ്ടെന്ന് അമ്മ ഗാന്ധാരി മനസ്സിലാക്കുമോ?

ആരുടെ മുൻപിലും ഏതധർമത്തിനും ആർക്കും ന്യായവാദങ്ങൾ നടത്താം എന്ന് എനിക്ക് ഏറ്റവുമധികം അറിയാം. വാക്കിന് ആയിരക്കണക്കിൽ അർഥങ്ങളുണ്ട്. അവയിൽനിന്ന് നാം വേണ്ടതെടുക്കും; അല്ലാത്തവ തള്ളിക്കളയും. അപ്രകാരം വാക്കുകൾ ചേർന്നുവരുന്നതുതന്നെയാണ്, ആലോചിച്ചാൽ, തത്ത്വാർഥസംഹിത. എന്നാൽ, അതൊക്കെ ജീവിതത്തിന്റെ സന്ദിഗ്ധതകളിൽ അനർഥമായി മാറും!

മക്കളെല്ലാവരും കൊല്ലപ്പെട്ട പോർക്കളത്തിലെത്തി നീറുന്ന ഹൃദയവുമായി നിൽക്കുന്ന അമ്മയോട് എന്താണ് ഞാൻ പറയേണ്ടത്! ന്യായവാദം നടത്താൻ ഏതു ധർമശാസ്ത്രമാണുള്ളത്? അതുകൊണ്ട് വംശം മുടിഞ്ഞുപോകട്ടെ എന്ന ശാപാഗ്നിപഥം വിട്ടുമാറാതെ പോന്ന്, ഭവാബ്ധി കാലാബ്ധിയിൽ ചേരുന്ന സന്ധിയിൽ, ഇവിടെ ഇന്ന് എത്തിനിൽക്കുകയാണ്.

ദൂതിന്നു പോകുമ്പോൾത്തന്നെ ആ ദൗത്യം വിജയിക്കരുതെന്ന് മനസ്സിന്റെ നേർത്ത നീലത്തിരശ്ശീല നീക്കി ഏകാന്തത്തിൽ ആരോ പറഞ്ഞു; അതുതന്നെ ഞാൻ പിന്തുടരുകയും ചെയ്തു! നീറുന്ന പകയുടെ ഉമിത്തി എരിഞ്ഞുയരുന്ന മനസ്സുമായി നിൽക്കുന്ന പാഞ്ചാലിയുടെ കോപാന്ധമായ വാക്കിനായിപ്പോയി, വിവേകമുൾച്ചേർന്ന ബോധത്തെളിച്ചത്തേക്കാൾ വില! ഉറ്റ ചങ്ങാതിമാരായ പഞ്ചപാണ്ഡവർ ഒട്ടും അറിയാതെ പാഞ്ചാലിയോട് ഞാൻ ഉള്ളിലെങ്ങോ കുറിച്ച മനോഹരമായ ബന്ധമാവാം അതിനുള്ള ഒരു കാരണം! യുദ്ധമൊഴിവാക്കാനല്ല, അതിന് എത്രയും ആക്കം കൂട്ടാനുള്ള വഴിയായാണ് ദൂതിനെ ഞാൻ മാറ്റിയത്! അതിനും മറ്റൊരു കാരണം കാണുന്നില്ല. യുദ്ധത്തിനു പിൻബലം തേടി ആദ്യം വന്നത് സുയോധനനാണ്. എന്നാൽ അദ്ദേഹത്തെ രണ്ടാമതെത്തിയവനെന്നു വ്യാജമായി കണക്കാക്കിയതിനും മറ്റൊരു കാരണമില്ല. തേരാളിയായി നിസ്സംഗനായി നിൽക്കേണ്ട ഞാൻ ആ നില വിട്ട് യുദ്ധത്തിൽ ഇടപെട്ടതും മറ്റൊരു കാരണത്താലാവില്ല. അതും സത്യമായിത്തന്നെ അറിഞ്ഞതുകൊണ്ടാവണം, ഇത്ര കുടിലത്വം ഈ വിസ്തൃതമായ ഭൂമിയിൽ മറ്റൊരാൾക്കുമുണ്ടാവില്ലെന്ന് അന്ന് കത്തിജ്ജ്വലിച്ചുകൊണ്ട് അമ്മ ഗാന്ധാരി ഈ കൃഷ്ണനെത്തന്നെ ശപിച്ചത്!

ഇരുപുറത്തുമായി അണിനിരന്ന നിന്ന സേനകളെ ശാന്തി തുളുമ്പുന്ന ഗീതയാൽ ഒന്നിച്ചുനിർത്തി യുദ്ധമൊഴിവാക്കാതെ തമ്മിൽത്തമ്മിൽ



കൊല്ലിച്ചതെന്തിനെന്ന് ഇന്നു ഞാൻ ഓർക്കാതിരിക്കുന്നില്ല. അതുകൊണ്ട്, അഗ്നിവർഷംപോലെ നിന്റെ ശാപവാക്ക് എന്റെ മേൽ വന്നുപതിക്കെ ഈ ഞാൻ ഒരു വാക്കുകൊണ്ടുപോലും ശാപമോക്ഷത്തിനപേക്ഷിച്ചില്ലെന്ന് ഓർമിക്കുന്നില്ലേ? ധർമസംസ്ഥാപത്തിനുള്ള മാർഗങ്ങളല്ലാതെ ഒന്നും ഞാൻ പിന്തുടർന്നില്ലെന്നൊക്കെ അത്യന്തതീക്ഷ്ണങ്ങളായ ന്യായതത്ത്വങ്ങൾ എന്റെ ചെയ്തികളെ പരിരക്ഷിക്കാൻവേണ്ടി ഞാൻ നിന്നോട് പറഞ്ഞു. ഞാൻ സ്വയംരക്ഷയ്ക്ക് മുതിർന്നതേയില്ല. ആകെ പറഞ്ഞത് ഒരേയൊരു കാര്യം: ആ ശാപോക്തിപോലെ എനിക്കു വരണമെന്നല്ലാതെ മറ്റൊരു മോഹം എനിക്കില്ലെന്ന കാര്യം. അത് നീ ഓർത്താലും.

എങ്കിലും ഇപ്പോഴും എനിക്ക് നന്നായറിയാം: കൗരവരുടെ അമ്മയായ ഗാന്ധാരിയിൽ നിത്യവും തെളിഞ്ഞ ധർമബോധത്തിന്റെ സത്യപ്രകാശം ഞാൻ പകർന്നെടുത്തില്ല! പ്രതിദിനം പോരിന്നിറങ്ങുന്നതിനു മുൻപ് അമ്മയുടെ ആശീർവാദം തേടി വരുന്ന മക്കളോട് 'വിജയീ ഭവ' (വിജയിയായിത്തീരുക) എന്ന് ഒരിക്കൽപ്പോലും പറഞ്ഞില്ല! ആകെ പറഞ്ഞത് 'യതോ ധർമസ്തതോ ജയഃ' (ധർമമുള്ളിടത്ത് ജയം) എന്നുമാത്രം! അതിന്നൊത്ത് ഞാൻ ഒരു നിമിഷം പോലും ഉയർന്നില്ല!

എല്ലായ്പ്പോഴും സഹധർമചാരിണിയായി തന്റെ ഭർത്താവിന്റെ അന്ധതയും ഒപ്പം പകുത്ത് തന്റെ വെളിച്ചത്തെ ഇരുളാക്കി മാറ്റിയവളാണ് നീ! ഭർത്താവിനെ അനുഗമിച്ച് വനാഗ്നിയിൽ വെന്തവളാണ് നീ! ഇത്രയ്ക്ക് സത്യം പുലർത്തിയ മറ്റൊരു പെണ്ണ് ഭൂമിയിൽ ഉണ്ടായിരിക്കില്ല. മാതൃത്വസത്യതേജസ്സായ നിന്റെ മുന്നിൽ നിൽക്കുന്നതെങ്ങനെ? നിൽക്കാതിരിക്കുന്നതെങ്ങനെ? ഏറെ പതിറ്റാണ്ടുകൾ ഇരുട്ടിൽ കഴിഞ്ഞിട്ട് നീ ഒടുവിൽ കൺതുറന്നത് ദുരന്തങ്ങളിൽ ഏറ്റവും ദുരന്തമായ ഈ പുത്രശോകത്തിന്റെ നരകാഗ്നി കാണാനാണ്!

ഏതൊരനുഗ്രഹത്താലാണ് ഈ ശാപം ഒഴിവാക്കാനാവുക? ഇതേറ്റുവാങ്ങുന്നതിനേക്കാൾ വലിയ അനുഗ്രഹം എന്താണുള്ളത്? ഞാൻ അതിന്നായി എന്നെ ഹവ്യമായി സമർപ്പിക്കുകയാണ്."

* * *

കേവലം മനുഷ്യകഥാനുഗായിയായ *വ്യാസമഹാഭാരത*മായാലും ശ്രീകൃഷ്ണനെ ഭഗവാനായി ചിത്രീകരിക്കുന്ന എഴുത്തച്ഛന്റെ *മഹാഭാരതം കിളിപ്പാട്ടാ*യാലും നമുക്കു പരിചിതമായ മറ്റു ഭാരതപാഠങ്ങളായിലും ഗാന്ധാരിയെപ്പറ്റി ഏതാണ്ട് ഒരേ അഭിപ്രായംതന്നെയാണ് അവതരിപ്പിക്കുന്നത്. ഒരുപക്ഷേ, ഗാന്ധാരി മാത്രമേ മഹാഭാരതത്തിലെ മുഖ്യകഥാപാത്രങ്ങ ളിൽ എല്ലാവരുടെയും ആദരത്തിനു പാത്രമായ ഒരാൾ ഉണ്ടാവൂ എന്നു തോന്നുന്നു. *ഭാരതപര്യടന*വും ഗാന്ധാരിയെപ്പറ്റി ഇത്തരമൊരു പ്രതീതി ത

ന്നെയാണ് നൽകുന്നത്. അതുകൊണ്ടുതന്നെ, *ശ്യാമമാധവ*ത്തിലെ കൃഷ്ണൻ ഗാന്ധാരിയുടെ സ്വീയവംശനാശകാരിയായ ശാപത്തെ തനിക്കു ലഭിച്ച അമൂല്യമായ ഒരനുഗ്രഹമായി ഏറ്റുവാങ്ങുന്നതിൽ തെല്ലും അത്ഭുതമില്ല.

## ഭഗവദ്ഗീത പാടേ വ്യർത്ഥം?

അനുഗീത എന്ന ഏഴാംസർഗത്തിന്റെ (ഏഴാം പ്രകരണത്തിന്റെ) പരാവർത്തനം:

മേഘം നിറഞ്ഞ വിശാലാകാശം ഇരുളുമ്പോൾ എങ്ങോ മറഞ്ഞു പോകുന്ന സൂര്യസ്വരൂപം കുറച്ചു കഴിഞ്ഞാൽ വീണ്ടും കാണാറാകും. എന്നാൽ ശോകക്കൂരിരുൾ നിബിഡമായി തിങ്ങിവിങ്ങുന്ന മനസ്സിന് എന്നാണ് സൗഖ്യസൂര്യപ്രഭയുടെ കിരണസ്പർശമേൽക്കാൻ നിയോഗം ഉണ്ടാവുക?

അർജുനന് അരുളിപ്പകർന്നതു മുഴുവൻ ഗീതാകാശത്തിന്റെ തീർഥ മാണ്! ലോകത്തെ സമസ്തവിദ്വാന്മാരും അതിനെ നിത്യവും പ്രശംസിക്കു ന്നു! എന്നാൽ ഗീത നനച്ച മണ്ണിൽ എപ്പോഴെങ്കിലും ഏതെങ്കിലും സന്താപ ത്തിനു ശാന്തിയേകുന്ന ഒരു കൂമ്പെങ്ങാനും പൊടിച്ചുവോ? ഇല്ലേയില്ല. ഓർത്താൽ, ഇവിടെ വിത്ത് മുളപൊട്ടി കാടുപോലെ കാറ്റിനെ തല്ലി ചുറ്റും വളർന്നത് ദർഭയാണ്; അതിനാകട്ടെ തരിമ്പുമില്ല സൗമ്യഭാവാംശം. തിളങ്ങുന്ന മൂർച്ച മാത്രമാണതിനുള്ളത്. അതിനാൽ ഇപ്പോഴും സോദരർ തമ്മിൽപ്പോലും പോര് തുടരുകയാണ്!

ചിദ്രൂപം വിലയിക്കാൻ ഇനി ഏറെ നേരമില്ല. പ്രജ്ഞയിൽ നിഴലായി വന്ന പല രൂപങ്ങൾ ഭദ്രമാണ്! എന്നാൽ ഇതാ, കണ്ണുകൾക്കു മുന്നിൽ ഒരു രൂപം! "അർജുനനോ! ഈ മങ്ങുന്ന സന്ധ്യയിൽ നീയും? എന്തിനീ വരവ്?" – കൃഷ്ണൻ ചോദിച്ചുപോയി. മൗനത്തിന്റെ മഹാസമുദ്രത്തിന് അകം തിങ്ങു മ്പൊഴും തേങ്ങുമാറ് അല്പം കവിയാനാവില്ല. ഒരിറ്റു തുള്ളിയും തൂവിത്തുളു മ്പാനാവില്ല. ഇന്ന് ഈ നേരിനു നേർക്കു നിന്നു വിളറുന്ന അർജുനനുവേണ്ടി കൃപാമയനായ കൃഷ്ണൻ ഇപ്രകാരം ഗീതാസരിത്സാഗരം ചൊരിയുകയായി:

"അർജുനാ! യുദ്ധം കഴിഞ്ഞ് എല്ലാം ശാന്തമായ്ത്തീർന്ന നാളുകളിൽ, ദിഗ്വിജയത്തിനുശേഷം എല്ലാം ഭദ്രമായ സമയത്ത്, സാരസത്തയായ ഗീതാ ധാരയ്ക്കുവേണ്ടി വീണ്ടും എന്തിനോ നീ ഹൃദയത്തിന്റെ ശംഖം നീട്ടി വന്നു വെന്നത് ഞാൻ ഓർക്കുന്നു. സ്മൃതിയുടെ സൂര്യതാപത്തിന്റെ പ്രസരം തട്ടാ ത്ത അബോധഹിമശൃംഗത്തിൽ ഉറങ്ങുപോയ ഗീതയെ എങ്ങനെ ഞാൻ ഇനി പ്രത്യാനയിക്കും എന്നു പറഞ്ഞ് നിന്റെ ഔത്സുക്യം നിന്നിൽത്തന്നെ കെടുത്തുകയാണ് ഞാൻ ചെയ്തത്!

അന്ന് സേനാമുഖത്തിൽ വൈക്ലബ്യം പൂണ്ടുനിന്നതും പിന്നെ എന്റെ വാക്കിന്റെ വഴിയിലൂടെ നടന്നതും ഗീത ഉൾക്കൊണ്ടിട്ടല്ലെന്ന് അന്നും ഇന്നും



എനിക്കറിയാം. മനസ്സ് ചഞ്ചലമായാൽ അത് എന്തിന്നും വഴങ്ങാം. ചിദാകാശത്തിൽ കത്തുന്ന സ്വത്വത്തിന്റെ വഴിത്താര കാണാത്തവനെ ആർക്കും എവിടേക്കും നയിക്കാം. സംഭ്രമത്തിന്റെ സമ്മോഹച്ചുഴിയിൽ പ്പെട്ടുഴന്ന നീ, സ്മൃതിഭ്രംശത്തിലെന്നോണം, നിന്നെത്തന്നെ കൈവിട്ടതാ വാം! കാറ്റിനൊത്തു ചലിക്കുന്ന പായ്ക്കപ്പലായി നീ അലഞ്ഞു. പാവയെ പ്പോലെ നീ എന്റെ ചിന്തയ്ക്കൊത്തുമാത്രം ചലിച്ചു! പായ കീറിയ പായ്ക്കപ്പലിനു വേറെയെന്തു ചെയ്യാനാവും? ജീവിതത്തിന്റെ യാത്രയ്ക്കും അമരക്കാരൻ ഉള്ളിലാണ്. അവനെ നീ കാണുകയോ കേൾക്കുകയോ ചെയ്തില്ല. അമരക്കാരനായി നിൽക്കാൻ നീ എന്നെത്തന്നെ ആശ്രയി ക്കയാണു ചെയ്തത്! അന്ന് വിഭ്രാന്തിയുടെ ആഴക്കയത്തിൽപ്പെട്ട കണ്ണുകൾകൊണ്ട് നീ എന്നെ നോക്കി. അതുകൊണ്ടുമാത്രമാണ് ഞാൻ വിരാട്പുരുഷനായത്! നിനക്ക് ഏകാശ്രയം ഞാനാണെന്നറിഞ്ഞതിനാലും എന്റെ പ്രാഭവത്താലും നീ ആ പോരിന്റെ വീറ് ഏറ്റുകൊണ്ടതാണ്! അതിനാലാവാം, ഗീതാതീർഥം ഉള്ളിൽ തളിച്ചതറിയാതെ ഇത്രകാലം നിന്റെ മനസ്സ് സുപ്തിയിലാണ്ടതും! അതിനാലല്ലേ അർജുനാ! പല നാൾ കഴിഞ്ഞ് നീ ഹൃദയം കുമ്പിളാക്കി എന്റെ അടുത്ത് ഗീത തേടി വന്നതും? അർജുനാ! പൊയ്പ്പോയതെല്ലാം നിന്നിൽ പ്രത്യാനയിക്കുകയാണെങ്കിൽ നിനക്ക് എന്നോട് ഉള്ളിൽ സൗഹൃദം ബാക്കിയുണ്ടാ കുമോ? അതുകൊണ്ടാണല്ലോ, എല്ലാം മറന്നുപോയെന്ന് ഞാൻ പറഞ്ഞൊഴിഞ്ഞത് എന്നെനിക്കറിയാം. നീ ഒരിക്കലും സത്യമറിഞ്ഞതേയില്ല! എങ്കിലും അർജുനാ! യുദ്ധക്കളത്തിൽ സംശയങ്ങളുടെ ഉതിർമണികൾ എന്റെ ഉള്ളിൽ അന്ന് ചൊരിഞ്ഞു കൊണ്ടേയിരുന്നു. അതിലില്ലാത്ത ഗീത മറ്റെങ്ങാണുള്ളത്? അർജുനൻ അന്ന് കൃഷ്ണനോട് പറഞ്ഞതാണ് ഗീത.

"ന കാംക്ഷേ വിജയം കൃഷ്ണ! ന ച രാജ്യം സുഖാനി ച
കിം നോ രാജ്യേന ഗോവിന്ദ! കിം ഭോഗൈർജീവിതേന വാ?"

(കൃഷ്ണാ! ഞാൻ വിജയമോ രാജ്യമോ സുഖങ്ങളോ ആഗ്രഹിക്കു ന്നില്ല. ഗോവിന്ദാ! നമുക്കെന്തിന് രാജ്യം? എന്തിന് സുഖങ്ങളോ ജീവിതമോ?)

എന്നിൽ പാഞ്ചജന്യവും നിന്റെ ദേവദത്തവും മുഴങ്ങുന്നുണ്ട്. അർജുനാ! വീണ്ടും പോർക്കളമാവുകയാണ് എന്റെ മനസ്സ്. വെള്ളക്കുതിരകൾ വലി ക്കുന്ന തേരിൽ നാം നിൽക്കുന്നതായിത്തന്നെ തോന്നുന്നു. ഇതാ, മനസ്സ് കറങ്ങുന്നു. തേരിന്റെ ഇരുവശങ്ങളിലും ഒരുങ്ങിനിൽക്കുന്ന ആ സേനകളെ ഞാൻ കാണുന്നു. ഹൃദയം പിളർക്കുമാറ് ആ യുദ്ധഭേരിയും കേൾക്കുന്നു. ഇവിടെ ഇതാ, മത്സ്യാധിപനും പാഞ്ചാലനും ധൃഷ്ടദ്യുമ്നനും അഭിമന്യുവും സാത്യകിയും പാഞ്ചാലിയുടെ മക്കളും ധൃഷ്ടകേതുവും നിൽക്കുന്നു. അവിടെ അതാ, ഭീഷ്മനും കർണനും സോമദത്തപുത്രനും വികർണനും കൃപരും ധൃതരാഷ്ട്രപുത്രന്മാരുമായി ബന്ധപ്പെട്ട വില്ലാളിവീരരും! എല്ലാവരും

അഭിവന്ദ്യരും പ്രിയപ്പെട്ടവരും സഹോദരരും ഗുരുക്കന്മാരും അമ്മാമന്മാരും പിതാക്കളും പിതൃതുല്യരും! ഓരോ ദളത്തിന്റെയും മുന്നിൽ അതതിന്റെ അധിപന്മാരായ മഹാരഥന്മാർ നിൽക്കുന്നതായി ഞാൻ കാണുന്നു. അർജുനാ, പണ്ടു നീ കണ്ട അതേ കാഴ്ച്ചകൾ! ഹേ ഭാരതാ! എങ്ങനെയാണ് ഇവരെ കൊല്ലാൻ പറയുക? മൂവുലകും ലഭിക്കാമെന്നു വന്നാലും അർജുനാ, ഇത് വേണ്ട. വന്മരം വെട്ടിവീഴ്ത്തുമ്പോൾ അതിന്മേലുള്ള കിളിക്കൂടും തകർന്നുവീഴാം. അത് ഉദ്ദേശിച്ചിരുന്നില്ലെന്നു പറഞ്ഞിട്ട് കാര്യമുണ്ടോ? വെറുപ്പാകെ വെറുപ്പാൽ എങ്ങനെ മായ്ക്കാനാവും? ചോരകൊണ്ട് ചോരയുടെ പാട് തുടയ്ക്കാൻ ആർക്കു കഴിയും? രക്തം പുരണ്ട കൈനീട്ടി വരുന്നവൻ വിജയിയെങ്കിലും അവന്റെ കൈ പിടിക്കുന്നവന് അതിൽപ്പരം എന്തു തോൽവിയാണ് വരാനുള്ളത്? പൊലിഞ്ഞ ഓരോ ജീവനും അസ്വസ്ഥതയ്ക്കു ബീജമാണ്. അത് സ്വസ്ഥതയുടെ അതിർത്തിക്കിപ്പുറം വരെ അറിയില്ല. ഈ യുദ്ധകർമം അയശസ്കരമെന്നു തന്നെയാണ് ഞാൻ വിചാരിക്കുന്നത്. ഈ യുദ്ധം പാടില്ലെന്നോർത്ത് മുന്നിൽ തളർന്നു നിൽക്കുകയാണ് ഞാൻ. മനസ്സിനെയല്ലേ നാം എപ്പോഴും ജയിക്കേണ്ടത്? അതു കീഴടക്കാമെങ്കിൽ പിന്നെ എന്തിനു ദിഗ്വിജയം? മനസ്സു കീഴടക്കാമെങ്കിൽ എല്ലാം അധീനമാവും; മനസ്സു കീഴടക്കാത്തവന് ലോകം അധീനമാകുന്നതെങ്ങനെ? മനസ്സു കീഴടക്കാൻ കഴിയുന്ന ഏതാളാണ് വെറുതെ അനിത്യമായ ലോകത്തിന്റെ നേർക്ക് പുറപ്പെടുക? ഏതു ലോകത്തിനും മീതെയുള്ള ലോകം മനസ്സുതന്നെ. അതിന് സ്വാസ്ഥ്യ മുണ്ടാകുമോ എന്നതാണ് എന്തിന്റെയും ഉരകല്ല്. വിശ്വമെല്ലാം ജയിച്ചാലും നമുക്ക് തിരിച്ചത്തേണ്ട സ്ഥലം മനസ്സാണ്; മനസ്സില്ലെങ്കിൽ പ്രപഞ്ചവുമില്ല. അർജുനാ! എനിക്കിപ്പോൾ ബോധ്യമുണ്ട്: നിന്റെ വാക്കുതന്നെയാണ് ഗീത. അതിന്റെ അമൃതുതന്നെ മതിയാവും മൃതിക്കപ്പുറം എത്താൻ."

*　　　　*　　　　*

*ഭഗവദ്ഗീത*യും *അനുഗീത*യും *വ്യാസമഹാഭാരത*ത്തിന്റെ ഭാഗങ്ങളാണ്. കൃഷ്ണൻ ഉപദേശിച്ച (ഭഗവദ്)ഗീത മറന്നുപോയെന്നും അത് ഒന്നുകൂടി ഉപദേശിക്കണമെന്നുമാണ് അർജുനൻ ആവശ്യപ്പെടുന്നത്. അതിന്റെ ഫല മാണ് *അനുഗീത*. *അനുഗീത* ഉപദേശിച്ച അതേ സന്ദർഭത്തിലാണ് അർജുനൻ ഇവിടെയും കൃഷ്ണനെ സമീപിക്കുന്നത്. ഇപ്പോഴാകട്ടെ അനുഗീത ഉപദേശി ക്കുന്നില്ലെന്നു മാത്രമല്ല, മൗലികമായ *ഗീത*തന്നെ വ്യർഥമായിപ്പോയെന്നു വ്യക്തമാക്കുകയുമാണ്. ഗീതാസരിത്സാഗരം അരുൾ ചെയ്യുകയാണെന്നു പറഞ്ഞുകൊണ്ടാണ് കൃഷ്ണൻ തുടങ്ങുന്നത്. ഗീത ഇനി തിരിച്ചുകൊണ്ടു വരാൻ സാധ്യമല്ല.

അറിയാം ഗീതയുൾക്കൊണ്ടിട്ടല്ലയെന്നന്നുമിപ്പൊഴും



ചഞ്ചലം മനമെന്നായാലതെന്തിന്നും വഴിപ്പെടാം!
ചിദാകാശമതിൽക്കത്തും സത്ത്വത്തിൻ മാർഗതാരകം
കാണുവാനായിടാത്തോനെ നയിക്കാമാർക്കുമെങ്ങുമേ!

എന്നും

അന്നു വിഭ്രാന്തിതന്നാഴക്കയത്തിൽപ്പെട്ട കൺകളാൽ
നോക്കി നീ, അതിനാൽ മാത്രം വിരാട്പുരുഷനായി ഞാൻ!

എന്നും കൃഷ്ണൻ തുടർന്നു പറയുന്നു. തന്റേടമില്ലാവനെ വഴി തെറ്റിക്കാനേ *ഗീത* ഉതകൂ എന്നും വിശ്വരൂപദർശനം അങ്ങനെയുള്ള ഒരുവനു തോന്നിയ ഭ്രമമാണെന്നുമല്ലേ ഈ വരികളുടെ ഹൃദയം?

എങ്കിലും ഫൽഗുനാ! യുദ്ധക്കളത്തിൽ സംശയങ്ങൾതൻ
ഉതിർമണികളെന്നുള്ളിൽ ചൊരിഞ്ഞേ നിന്നിതന്നു നീ!
അറിയാം, അതിലില്ലാത്ത ഗീത മറ്റെങ്ങു കാണുവാൻ?
അർജുനൻ കൃഷ്ണനോടന്നു ചൊല്ലിയെ,ന്തതു ഗീതയാം:
"ന കാംക്ഷേ വിജയം കൃഷ്ണ! ന ച രാജ്യം സുഖാനി ച
കിം നോ രാജ്യേന ഗോവിന്ദ! കിം ഭോഗൈർജീവിതേന വാ?"

എന്ന വരികളിൽനിന്ന് *ഗീത*, വാസ്തവത്തിൽ, യുദ്ധവിരുദ്ധമനോഭാവം വളർത്തുന്നതാണെന്നു വരുന്നു. യുദ്ധോത്തേജകമായ പ്രസിദ്ധമായ *ഭഗവദ്ഗീത*യെ കൃഷ്ണൻതന്നെ *ഗീത*യായി അംഗീകരിക്കുന്നില്ല. വ്യർഥമാണതെ ന്നാണ് അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായം.

വന്മരം വെട്ടിവീഴ്ത്തുമ്പോൾ കിളിക്കൂടും തകർന്നിടാം.
ഉദ്ദിഷ്ടമായിരുന്നില്ലതെന്നു വാദിപ്പതെങ്ങനെ?
വെറുപ്പാകെ വെറുപ്പാലേ മായ്ക്കുവാനാവതെങ്ങനെ?
ചോരയാൽ ചോരതൻ പാടു തുടയ്ക്കാനാർക്കു സാധ്യമാം!

എന്നും

അയശസ്കരമീ യുദ്ധകർമമെന്നേ നിനപ്പു ഞാൻ
അരുതീ യുദ്ധമെന്നോർത്തു തളർന്നേ നില്പു മുന്നിലായ്!

എന്നും

പാർഥ! ബോധ്യമെനിക്കിപ്പോൾ ഗീത നിൻവാക്കുതന്നെയാം!
അതിന്റെയമൃതേ പോരും മൃതിയ്ക്കപ്പുറമെത്തുവാൻ

എന്നുമാണ് യഥാർഥത്തിൽ *ഗീതാ*സാരം.

ഗീതയെക്കുറിച്ച് ഇത്തരമൊരു പുനർവിചിന്തനം അശ്രുതപൂർവമെന്നു മാത്രമല്ല, സാധാരണനിലയിൽ അചിന്ത്യപൂർവം കൂടിയാണെന്നു തോന്നു ന്നു. പുരോഗമനവാദികളുൾപ്പെടെ സകലരും, വ്യത്യസ്തോദ്ദേശ്യങ്ങളോടു കൂടിയാണെങ്കിലും, *ഭഗവദ്ഗീത*യെ സാധൂകരിക്കുകയാണ് പതിവ്. യുദ്ധ വിരുദ്ധ–സമാധാനാനുകൂലപ്രസ്ഥാനങ്ങളുടെ ആഗോളാടിസ്ഥാനത്തിലുള്ള ശക്തമായ മുന്നേറ്റം ഉൾക്കൊള്ളുന്നവർക്കു മാത്രമേ "അനുഗീത"യിലേതു

പോലുള്ള ഇത്തരം ആശയങ്ങൾ ആവിഷ്കരിക്കാനാവൂ. അതും *ഗീതാ* കാരനെക്കൊണ്ടുതന്നെ പറയിക്കുക എന്നത് ആ വാക്കുകളുടെ ഗൗരവം വർധിപ്പിക്കുന്നു. ആസന്നമൃത്യുവായ കൃഷ്ണന്റെ നാവിലൂടെയാണിതു വാർന്നുവീഴുന്നത് എന്നതാകട്ടെ, അത്യന്തം സ്വാഭാവികവും സമുചിത വുമായി.

## ധർമപുത്രൻ

ആരുമാരുമറിയാതെ ആദിമശബ്ദം ഇന്നു ഘനമൗനമാകുന്ന ആകാശ ഗർഭത്തിൽ അലിഞ്ഞുകലരുന്നു. ഘോരശബ്ദങ്ങളുടെ മായയാകുന്ന കടൽ നീന്തി ഒടുവിൽ ഈ സമയത്ത് തന്റെ സമാധിയുടെ നിറുകയിലേറിയ ഈ മാത്രയിൽ കൃഷ്ണൻ അറിയുന്നു. മൃദുലമായ കാലടിശബ്ദം കേൾക്കായി. മനസ്സാൽ അദ്ദേഹം നേർത്ത ശബ്ദം ഇഴ പേർത്തെടുക്കുക യായി. ധർമപുത്രൻ അധീരനായി ശ്വാസവേഗമടക്കി നിർമമതയോടെ, മുഖം കുനിച്ച് നേരെ നിൽക്കുന്നു. കണ്ണ് അല്പമൊന്ന് ഇമ വിടർത്തിയോ? . . . 'എനിക്കു രാജ്യം വേണ്ട. അരണ്യവാസം അതിനേക്കാൾ മഹത്ത്വമരുളുന്ന കാര്യമാണ്. ഗുരുവായ നീ തടയരുത്' എന്ന് ധർമപുത്രൻ ഏറെ നിസ്വത യോടുകൂടി പറഞ്ഞ്, അധികാരത്തിന്റെ ചെങ്കോലും ഐശ്വര്യമാർന്ന കിരീട വും രക്തപങ്കിലമായ തന്റെ കാൽക്കൽ സമർപ്പിക്കുകയായി. ഭാരതയുദ്ധം വെറുതെയായി എന്ന ബോധത്തിന്റെ സൂര്യാതപത്തിൽ പിടഞ്ഞ് ഏകാന്ത ത്തിൽ ഇരുളിനു സമം വരുന്ന നിശ്ശൂന്യമായ മാത്രയെ, കാലത്തിന്റെ അനന്തമായ സമയഹിമാലയപർവതത്തിലൂടെ ഊറുന്ന മഞ്ഞു തുള്ളിപോ ലെ എതിരേൽക്കാൻ കാത്ത് ഉപാസിക്കവേ, വീണ്ടും മൃത്യു ഒരല്പസമയം ഇളവു തരുന്നു. കനിഞ്ഞെത്തുന്ന ആ നേരം ശാപമോ അനുഗ്രഹമോ അല്ലെന്നു വിചാരിച്ച് കൃഷ്ണൻ മുത്തു പൊഴിയുന്ന പോലുള്ള വാക്കു കൊണ്ട് ധീരനായ ധർമപുത്രൻ നേരിട്ട് അരുളുന്ന തത്ത്വങ്ങളും സത്യങ്ങളും കേൾക്കാൻ കാക്കുകയായി.

"തിളങ്ങുന്ന അഗ്നികിരീടം അഗ്നിയെപ്പോലെ പൊള്ളുന്നു. പാതയിൽ വീഴുന്ന പൂക്കളെല്ലാം ഇതാ, പാറകളായി കാലിൽ തറക്കുന്നു. പട്ടുകൊണ്ടു നെയ്ത ശ്രേഷ്ഠമായ അംഗവസ്ത്രം ഇതാ, എരിയുന്ന തീജ്ജ്വാലയായി ത്തീരുന്നു; കഷ്ടം! ധർമപുത്രനെന്ന കീർത്തി വിഷമായി നെഞ്ചിൽ ഇതാ, കലങ്ങുന്നു! ചേറിൽ ഒരു നറും ചെന്താമരപ്പൂ പോലും പൂത്തുവിടർന്നില്ല; ഇരുൾക്കാറിൽ എവിടെയും ഒരു മിന്നൽപ്പിണർ കത്തിവിളങ്ങിയില്ല; കണ്ണീർ വിട്ട് ഒരു തെളിപ്പൂപ്പുഞ്ചിരിത്തെല്ലും വിരിഞ്ഞില്ല. ശരീരം വെടിഞ്ഞ് ആ ജീവനിശ്വാസവും ഭൂമിയിൽ വീണ് തകർന്നുപോകും!

യുദ്ധത്തിൽ ആരാണ് നേടിയത്? ആരാണ് അടിയറവു പറഞ്ഞത്? ദുർവിധി തടുക്കാൻ പ്രയാസം. അതിനാൽ, ഇന്നും ഈ ഭൂമിയിൽ ധർമപഥം



വിടാതെ സജ്ജനങ്ങൾ നരകം അനുഭവിക്കുമ്പോഴും, ദുര്യോധനൻ ഭൂമിയെ വിട്ടുപോയി, വീരസ്വർഗത്തിൽ വാഴുന്നുപോലും!

ആലോചിച്ചുനോക്കിയാൽ ഇവർ പാണ്ഡവർ (പാണ്ഡുവിന്റെ മക്കൾ) അല്ല. ഇവർക്ക് രാജ്യാവകാശം അനുചിതമാണ്. വെറും പേരിന്നപ്പുറം എന്തു പാണ്ഡവരാണിവർ? ഇവർക്ക് ആ പാണ്ഡു ആരാണ്? മക്കൾക്കാണ് അവ കാശം. ആ നിരയിൽ ആരും ഇല്ലായ്കയാൽ രാജ്യം ഉടനെ തിരിച്ച് കുരുവംശ ത്തിൽത്തന്നെ തുടർക്കണ്ണിയായി എത്തും.

നല്ലവണ്ണം സത്യമറിയുന്ന നീ എന്തിനാണ് വെറുതെ എന്നെയും അനുജന്മാരെയും അന്നു കളിത്തട്ടിൽ കരുവായി നീക്കിക്കളിച്ചത്? കർണൻ ഞങ്ങളുടെ ജ്യേഷ്ഠനാണെന്ന സത്യം വെളിപ്പെടുത്താതെ അനർഘമായ ഋതത്തെ പൊള്ളുന്ന കള്ളമാക്കി നാവിൽ വിളയിച്ച് നീ എന്റെ വഴി തെറ്റിക്കുകയാണുണ്ടായത്! കഷ്ടം! ബുദ്ധി ഭരിച്ച കാലത്തൊരിക്കലും മനം ഞെട്ടിവിറച്ചുതന്നെ നിറച്ച നേരർഥത്തിന്റെ കണ്ണീർ തിളയ്ക്കുന്ന ഈ സ്വരം കേട്ടിട്ടില്ല! സത്യം! സൂര്യനുപോലും ചില കാലത്ത് പ്രകാശം ഇല്ലാതാകും വിധം ഘോരതമസ്സിന്റെ ഗ്രഹണം വരും. അതുപോലെയായി എന്റെ യോഗ വും! വെള്ളം ജീവാമൃതം നിറഞ്ഞതാണ്. അതു ശരി. എങ്കിലും, വായുവിൽ വിഷം കലരുമ്പോൾ നാം അത് അടച്ചുവെക്കും. അതുപോലെ, നിന്റെ വാക്കു കൾ നെഞ്ചിൽ പ്രാഭവമേൽക്കുമാറ് ആവേശോജ്ജ്വലമാണെങ്കിലും, അന്ന് അതിനെ ചിന്തകളാൽ എതിർത്ത് തടയാൻ എനിക്ക് ഒരുതരത്തിലും സാധിച്ചില്ല! ഭീഷ്മപിതാമഹൻ യുദ്ധത്തിൽ ഹൃദയം ഞങ്ങൾക്കും ശരീരം ഞങ്ങളെ എതിർക്കുന്നവർക്കുമായി സ്വയം പങ്കുവെക്കുകയുണ്ടായി. എന്നാൽ യുദ്ധം കഴിഞ്ഞപ്പോൾ ഇവിടെ എന്തുണ്ടായി? അദ്ദേഹത്തിന്റെ ഹൃദയമുള്ളേടത്തുതന്നെ ദേഹവുമെത്തി. രണ്ടിന്റെയും അവകാശം ഞങ്ങളിലായി! പണ്ട് നീ സൈന്യത്തെ ഒരു പക്ഷത്തേക്കും നിന്നെ മറുപക്ഷ ത്തേക്കും വിഭജിച്ചു. എന്നാൽ, അല്ലയോ അച്യുതാ! നിന്റെ മനസ്സ് ഏതു പക്ഷമെന്നറിയാൻ എനിക്ക് സാധിച്ചില്ല! എങ്ങും ഭയം തിങ്ങിനിൽക്കുന്ന ഈ ലോകമല്ലാതെ ഒന്നും കിട്ടിയതായി കരുതാൻ എനിക്കായില്ല. ഓർ ത്താൽ, നിനക്ക് എന്താണ് തരാൻ കഴിഞ്ഞത്? ഈ രാജ്യം നേടിയെന്നു പലരും പറഞ്ഞേക്കാം. ചുടുനിണച്ചാൽ ഒരു കാലത്തും അതിൽ തോർന്നു ണങ്ങില്ലെന്ന് അറിഞ്ഞവനാണ് ഞാൻ. ഇവിടെ നിലാവ് പൂക്കില്ല. മഴ തുടർച്ച യായി പെയ്താലും ഈ മണ്ണിൽ നീറുന്ന തീക്കനൽ ആറുകയില്ല. എന്തിനാണെനിക്ക് ചുടലച്ചെങ്കോൽ? ബാലകളിമ്പമില്ല; എവിടെയും ഒരു പൂവില്ല; കുളിർകാറ്റില്ല; ഒരു തുമ്പിപോലും ഇവിടെയില്ല; ചിത്രശലഭമോ കിളിപ്പാട്ടോ ഇല്ല; എങ്ങും ഒരു പുഞ്ചിരിയില്ല; നിറുകയിൽ സിന്ദൂരം തൊട്ട രു സ്ത്രീ ഇല്ല; ഭൂമിയുമിതാ, ഇപ്രകാരം ചുടലഭസ്മം നിറഞ്ഞത്!

F\n¡p cmPyta th-. APmXi{Xpsh¶ t]cpw th-. ]nb

പ്പെട്ട നിന്റെ സഖിത്വവും വേണ്ട. ഇനി വനം തന്നെ എനിക്ക് വീട്! ഈ വിധം ആലിലപോലെ നിന്നു വിറച്ച്, ധർമപുത്രൻ ആ കാൽക്കൽ രത്നകിരീടം വെച്ച് കണ്ണീർ തൂകി പിൻവാങ്ങി!"

* * *

ധർമപുത്രൻ ഇപ്രകാരം കൃഷ്ണനെ കുറ്റപ്പെടുത്തി പറയുന്നത് നമുക്കു പരിചിതമല്ല. തന്റെ വിജയമെല്ലാം തോൽവിയാണെന്നും തന്റെ ജ്യേഷ്ഠനാണ് കർണൻ എന്ന സത്യംപോലും തങ്ങളിൽനിന്നു മറച്ചുവെച്ച് അദ്ദേഹത്തെയുൾപ്പെടെ കൊന്നു നേടിയ രാജ്യം, യുദ്ധാനന്തരാവശിഷ്ടരാജ്യം, കേവലം ചുടലഭസ്മമാണെന്നും തനിക്ക് അതാവശ്യമില്ലെന്നും താൻ വനത്തിലേക്കുതന്നെ പോയ്ക്കൊള്ളാമെന്നുമാണ് അദ്ദേഹം പറയുന്നത്. ആവേശോജ്ജ്വലമായ കൃഷ്ണന്റെ വാക്കുകളെ ചിന്താശക്തിയുപയോഗിച്ച് എതിർത്ത് തടയാൻ, കൃഷ്ണവചനങ്ങൾ അനുസരിക്കാതിരിക്കാൻ, തനിക്കു സാധിക്കാതിരുന്നതിൽ ധർമപുത്രൻ പശ്ചാത്തപിക്കുന്നു. ചുരുക്കത്തിൽ, അനുഗീതാധ്യായത്തിൽ *ഭഗവദ്ഗീത* വ്യർഥമാണെന്ന് സ്ഥാപിച്ചതുപോലെ, ഇവിടെ കൃഷ്ണന്റെ ഗീതേതരമായ വചനങ്ങൾക്കുതന്നെ വിലയില്ലെന്നു ധർമദുഃഖത്തിലൂടെ *ശ്യാമമാധവ*കാരൻ വ്യക്തമാക്കുന്നു. അതും, മുൻപ് പറഞ്ഞതുപോലെ, കൃഷ്ണന്റെതന്നെ വീണ്ടുവിചാരത്തിന്റെ അടിസ്ഥാനത്തിൽ.

## രാധ

രാധികാദണ്ഡകം, രാധാമാധവം എന്നീ രണ്ടു സർഗങ്ങളെ ഒരു പ്രകരണമായി (ഒമ്പതാം പ്രകരണമായി) കണക്കാക്കി അവയിലെ ആശയം പകർത്തുന്നു:

കൺപോളകളടയുന്നു; പകൽക്കണ്ണിന്റെ നേർമുന്നിലായി വിണ്ണിൽ കാർമുകിൽ മൂടുന്നു. നദി ഇന്ന് സമദ്രമുഖത്തെത്തിയോ? ചെന്തീ മങ്ങിയണഞ്ഞു ദൂരചരമാബ്ധിക്കപ്പുറം താഴുന്ന ഈ സന്ധ്യയ്ക്ക് ആ മനം എന്തു തേടിയലയുന്നു? രാധയുടെ രൂപമോ? ഓരോ കാഴ്ച്ചയും ഒന്നു മിന്നി മറയുന്ന മിന്നാമിനുങ്ങായി ജീവിതത്തിൽ ഊഴം കാത്തു വരുന്നു. പിന്നെ അങ്ങ് അബോധങ്ങളിൽ മറയുന്നു. എന്നാൽ ആ നിഴലിലൊക്കെ അങ്ങ് അറിയാതെ ആരെയാണ് തിരഞ്ഞത്? എന്നോ കൈ വിടുവിച്ചു പാതിവഴിയിൽ വെടിഞ്ഞ സ്നേഹത്തെയോ?

'നീ തന്നെ ആശ്രയം; നീയൊഴിഞ്ഞ് ആരും എങ്ങും അവലംബമില്ല' എന്ന് ഓരോ നിമിഷത്തിലും ഓർത്ത് ധ്യാനിച്ചുകൊണ്ടിരിക്കുന്ന രാധയെ നേരിൽ കാണാൻ വയ്യ. അവൾ ദൂരെ നിൽക്കുന്നുവെങ്കിലോ, ആ രൂപം ഈ യാത്രയുടെ അവസാനത്തിനു മുൻപ് (മരണത്തിനു മുൻപ്) കാണാൻ നീ തപിക്കുകയും ചെയ്യുന്നു! ഒരിക്കലും പിടി കൊടുക്കാതെ ഉടനീളം കാറ്റുപോലെ പോയ നീ ഇപ്പോൾ അല്പമൊന്ന് ഇളവേറ്റ് അനന്തരസമാധി



ക്കായി ഒരുങ്ങവേ, എന്തേ രാധയെ ഓർക്കാൻ? അവളെ മാത്രം കാണാൻ, കാക്കാൻ, എവിടെയോ കാറ്റല പോലെ രാധ ഇപ്പോഴും അലയുന്നുണ്ടാവാം! . . .

കൃഷ്ണൻ കാർവർണനല്ലെന്നറിഞ്ഞവൾ രാധ മാത്രമാണ്. തങ്കത്തിങ്കൾത്തിടമ്പാണ് കൃഷ്ണനെന്നുതന്നെയാണ് അവൾ കരുതിയത്. ചന്ദ്രക്കല കാളിന്ദീനദിയിൽ കണ്ട ഉടനെ സ്വയം വിസ്മരിച്ചുകൊണ്ടല്ലേ അവൾ കണ്ണനെ ആഴത്തിൽ തേടിയത്? ആയർസോദരിമാരോടൊപ്പം കളിച്ചുകൊണ്ടുനിൽക്കുമ്പോഴും ഒരിക്കലും അവൾ ഒരാൾക്കും കൃഷ്ണവേഷം വിട്ടുകൊടുത്തില്ല! കൃഷ്ണവേഷമഴിക്കാതെ ഉറങ്ങിപ്പോയ രാത്രിയിൽ അർധനാരീശ്വരത്വത്തിന്റെ പൊരുൾ അവൾ ഉള്ളാലെ അറിഞ്ഞു. മുഖത്തു നോക്കിയാൽ കണ്ണുതട്ടിയേക്കാം എന്ന ചിന്തിച്ച് അവൾ കൃഷ്ണന്റെ പാദങ്ങളെ മാത്രം കണ്ണുകളാൽ മുകർന്നു. സന്ധ്യയുടെ ചുകപ്പു തട്ടി തന്റെ കണ്ണുകളെങ്ങാൻ ചുവന്നുപോയാൽ കണ്ണൻ രാധ കോപിച്ചുവെന്നോർക്കാമെന്ന് അവൾ ഭയന്നു. അതുകൊണ്ട് അന്തിനേരത്തും അവൾ കോവിലിൽ പോകാറില്ല. കാരുണ്യപൂർവമല്ലാതെ അവൾ കണ്ണനെ കാണാറില്ല. മേഘതീർഥത്തിനുവേണ്ടി കാക്കുന്ന ചാതകപ്പക്ഷിയെപ്പോലെ കൃഷ്ണനിൽ നിന്നും ഇറ്റുന്ന സ്നേഹത്തിന്നായി അവൾ തപിച്ചു. കണ്ണന്നു വേദനിച്ചേക്കാം എന്നോർത്ത് ഇടനെഞ്ചിൽ ഒന്നു തല ചായ്ക്കാൻ പോലും അവൾ മടിച്ചുനിന്നു. കണ്ണൻ വിളിച്ചേക്കാമെന്ന വിചാരംകൊണ്ട് സന്ധ്യതോറും കീർത്തനം താഴ്ന്ന ശബ്ദത്തിൽ മാത്രം മതി എന്ന് അവൾ ശഠിച്ചു. കണ്ണൻ കൺമുന്നിൽ വന്നേക്കാം എന്നുതന്നെ ഓർത്തിരിക്കയാൽ എപ്പോഴും അവൾ ഇമ ചിമ്മാത്ത കൺകളോടെ തേടിനിന്നു. മുരളീഗാന മാധുര്യം ഉള്ളിൽ തങ്ങിനിൽക്കാൻവേണ്ടി ഒരിക്കലും അവൾ ആത്മാവിന്റെ ഈണം മൂളാതിരുന്നു. നിനവിൽ ചന്ദനത്തിന്റെ മണം മായാതിരിക്കാൻ അവൾ സുഗന്ധമുള്ള പൂക്കളെ മുകർന്നില്ല. ഉള്ളിൽ അനുരാഗത്തിന്റെ അമൃതം മധുരിക്കുന്നതുകൊണ്ട് നീരും ആഹാരവും വേണ്ടെന്നുറച്ചുതന്നെ അവൾ നാളുകൾ കഴിച്ചു. കൃഷ്ണന്നു വശ്യയായ്ത്തീരാൻ അവൾ ചമയം തേടിയില്ല. അണിയാതെയും ഒരുങ്ങാതെയും അവൾ അകമേ പൂത്തുനിന്നു. സത്യഭാമ, രുഗ്മിണി എന്നീ രണ്ടു സപത്നിമാരെക്കാളും പ്രേമം നിറഞ്ഞവളാണ് രാധ എന്നു പലപ്പോഴും ലോകം കണ്ടറിഞ്ഞു. യമുനാനദിയിൽ കണ്ണൻ ഒരു വൈകുന്നേരം എന്തിനോ യോഗമായയാൽ ഒറ്റത്തടികൊണ്ട് ഒരു പാലമിട്ടുപോലും. അക്കരെ പാലുമായി സത്യഭാമയും രുഗ്മിണിയും രാധയും; ഇക്കരെ പാലിനു കാത്തുനിൽക്കുമ്പോലെ കൃഷ്ണനും. ഉടയാട ഉലയാതിരിക്കാൻ ശ്രദ്ധിക്കയാൽ രണ്ടു സപത്നിമാരും തടിപ്പാലത്തിൽ വീണുപോയത്രേ! പാൽക്കുടം കൃഷ്ണനാണെന്ന ചിന്തയിൽ ശ്രദ്ധവെക്കയാൽ തടിപ്പാലത്തിൽ വീഴാതെ രാധ കൃഷ്ണനിൽ ചേർന്നുപോലും. തന്റെ

ശരീരം എന്നും കൃഷ്ണന് അർപ്പിതമാണെന്ന് അവൾ വിചാരിച്ചു. തന്റെ ജീവൻ എന്നും കൃഷ്ണന് അർചിതമെന്ന് അവൾ ധരിച്ചു. താനും കൃഷ്ണനും തമ്മിൽ ലയവും ശ്രുതിയും പോലെ ചേർന്നിരുന്നുവെന്ന് അവൾ കരുതിപ്പോന്നു. അവൾ സ്വപ്നംകൊണ്ട് ജീവിതം ചമച്ചു. ജനനംകൊണ്ട് കൃഷ്ണനു സഖിയായിത്തീർന്നതിനാൽ അവൾ കൃഷ്ണനിൽനിന്നു മംഗല്യം വേറെ വേണ്ടെന്ന് ഉറച്ചു. കൃഷ്ണൻ സ്നേഹിക്കുവോളം തന്റെ ശരീരത്തിൽ സൗന്ദര്യം തിളങ്ങിനിൽക്കും എന്നുതന്നെയല്ലേ അവൾ എന്നും ധരിച്ചത്? കണ്ണന്റെ വിരൽ തൊട്ടാൽ പൂവിതളിന്റേതിനു തുല്യമായ മാർദവം ശരീരത്തിൽ തങ്ങിനിൽക്കും എന്നല്ലേ രാധ എന്നും വിചാരിച്ചത്? കണ്ണൻ മധുരമുണ്ണുമ്പോൾ അവൾക്കു മധുരിക്കും! കണ്ണൻ കേൾക്കുന്ന രാഗം കൊണ്ട് അവൾക്ക് മനം കുളിർക്കും! കണ്ണനെ അകമേ ജീവനെന്നോണം ഉൾക്കൊണ്ട് രാധ ജീവിച്ചു. അവളെ കൈവെടിഞ്ഞതുകൊണ്ട്, ഓർത്താൽ, ശ്രീകൃഷ്ണൻ എന്തു നേടി? . . .

'എന്നെ മറന്നുവോ?' – ഏറെ നിശ്ശബ്ദമായി പണ്ടു നീ എന്നോടു ചോദിച്ച വാക്കുകൾ ഇന്ന് ഇവിടെ ഞാൻ കേൾക്കുന്നുണ്ട്. എങ്ങനെ നിന്നെ മറക്കാനാവും? മറന്നുവെങ്കിൽ തൊട്ടുമുൻപ് ഞാൻ എന്നെത്തന്നെ മറന്നിരിക്കും! ഇല്ല; ഞാൻ എന്നെ മറന്നില്ല, നിന്നെയും!

കവിവാക്യമായും രാധയുടെ വാക്കുകളായും ചുരുക്കം ചില കൃഷ്ണവാക്യങ്ങളായുമാണ് ഇതുവരെ രാധയുടെ വർണന. ഇനി അധികവും കൃഷ്ണവാക്യങ്ങളിലൂടെയുടെയാണ് രാധ ചിത്രീകരിക്കപ്പെടുന്നത്.

മേഘം നിന്റെ മനസ്സ്; വാർന്നു പടരുന്ന കാളിന്ദി നിന്റെ കണ്ണീർ; ആകാശം നിന്റെ ഹൃദയം; ഈറയിളകുന്ന നാദങ്ങൾ നിന്റെ ഗദ്ഗദങ്ങൾ; നക്ഷത്രം നിന്റെ സ്വപ്നം; ഇന്ദുകല നിന്റെ നേർത്ത രൂപം; മഹാകാലം നിന്റെ ജീവിതം; നീലമയിലേ! നീ രാധയുടെ സങ്കടം! നീരാവി നിറഞ്ഞു തിങ്ങുന്ന ഒരു മേഘത്തെപ്പോലെ നീ പൊട്ടിത്തെറിക്കാൻ ഇനി അധികം സമയം ബാക്കിയില്ല. അപ്പോഴേക്ക് ഏതോ ദുർഗമവീഥി താണ്ടി അവൾ മുൻപിൽ വന്നെത്തുന്നതായി തോന്നുകയാണ്. കണ്ണന് മനം വിങ്ങി. ഇപ്രകാരം പറഞ്ഞു:

"ഭൂമിയുടെ വക്കത്തല്ലേ ഞാൻ ഇപ്പോൾ നിൽക്കുന്നത്? എപ്പോഴും ഇത് ഇടിഞ്ഞുവീഴാം; കാലപ്രളയത്തിൽ മറയാം. അതിനു മുൻപേ നിന്നെ കാണാൻ ഞാൻ വളരെ ആഗ്രഹിച്ചു. 'എന്നോട് ക്ഷമിക്കണം' എന്നു പറയാൻ ഉഴലുകയായിരുന്നു ഞാൻ. അർഥമില്ലാത്ത വാക്കാണ് ഇന്നു നിന്റെ കാൽക്കൽ വെക്കാൻ എനിക്കുള്ളത്. വാസ്തവത്തിൽ അത്രമേൽ അർഥമുള്ള വാക്ക് വേറെ ഏതുമില്ല. അതാരോർക്കാനാണ്? കതിരായി കാണുന്നതെല്ലാം പിന്നെ പതിരായി തോന്നാം. കാലമല്ലേ വാക്കിൽ അർഥവും



അനർഥവും കലർത്തുന്നത്? ശരന്മല്ലിക പൂത്ത ഒരേകാന്തരാവിൽ 'പോയ് വരാം' എന്നു പോലും പറയാതെ പോന്നവനല്ലേ ഞാൻ? പടർന്നുനിൽക്കുന്ന വിദ്യുല്ലതയെ നിർദയം അടർത്തിമാറ്റുന്ന മേഘം പോലല്ലേ ഞാൻ പോന്നത്? അകമേ ചോര പൊട്ടുന്ന വേദനയോടെയെങ്കിലും പാറയെപ്പോലെ നീ രാവിൻപ്രളയത്തിൽ മറഞ്ഞുവോ? ദീർഘമായ ജന്മത്തിലുടനീളം നീറി നിൽക്കേണ്ട കനൽ ആത്മാവും ദഹിക്കുന്ന മട്ടിൽ ഒറ്റമാത്രയിൽ വിഴുങ്ങിയോ? പിന്നെ എന്തായി? നീ എങ്ങ് പോയി? ഒന്നും എവിടെയും അറിഞ്ഞില്ല! തിരിഞ്ഞുനോക്കാതല്ലേ നിന്നെ ഞാൻ വിട്ടുപോന്നത്? ഒടുവിൽ, ജീവിതം വിട്ടുപിരിയുമ്പോൾ ഓർമയിൽ തെളിഞ്ഞുനിൽക്കുന്നത് ഈ ദീനദീനമായ മുഖമാണ്! എന്നോട് പ്രിയമുണ്ടാവില്ലെന്ന് എനിക്കറിയാം. കാലമേറുന്തോറും ദ്വേഷവും കനത്തുതന്നെ വരുന്നുണ്ടാവാം. ഒരൊറ്റ രാവുകൊണ്ട് നീ ദുഃഖത്തിന്റെ ചിതയിൽ നിന്നു നീറി. ഞാനാകട്ടെ, പിന്നെ എല്ലാ നാളും കുറ്റബോധത്തിന്റെ തീയിലാണ് നീറിയത്. നീ എവിടെ പോയ്മറഞ്ഞുവെന്നറിയാതെ ഞാൻ വലഞ്ഞു. ഓർത്താൽ ഈയുള്ളവന് അതറിയാൻ അവകാശവുമില്ല! നിന്നെ ഞാൻ എങ്ങനെ കാണും? എങ്ങനെ നേരെ നിൽക്കും? അതിനാൽ കാണാനുള്ള മോഹത്തെ കരളിൽത്തന്നെ ഞാൻ ഞെരിച്ചു! എന്നെ നീ അറിയുന്നുണ്ടാവാം. നിന്റെ കണ്ണനായല്ല; സ്നേഹിച്ച കണ്ണന്റെ കറുത്ത നിഴലായി മാത്രം! അറിഞ്ഞതൊക്കെയും നേരാണെങ്കിൽ ഇന്ന് അറിയാത്തതായി, പറഞ്ഞാലും അറിയാൻ പാടില്ലാത്തതായി, ചിലതുണ്ടാവാം. സത്യം പകർത്താൻ വാക്കുകൾ അസമർഥങ്ങളായിത്തീരാം. അഥവാ, പകർന്നാൽ ത്തന്നെ ആര് വിശ്വസിക്കാൻ? എങ്കിലും രാധേ, നീ ഈ അന്ത്യവാങ്മയം കേൾക്കണം. അതിനു മാത്രമാവാം ഈ അന്ത്യസംഗമവിധി! ഈ ജീവിതം കൊണ്ട് എനിക്ക് ഒന്നും നേടാനില്ല. ജീവിതം പോലും എന്റെ നേട്ടമായി ഇന്നില്ല. ഇത് നീ ഓർക്കണം. സ്നേഹം കടമായി ബാക്കി നിൽക്കുന്നു. എങ്ങനെ എപ്പോൾ ഞാൻ തിരിച്ചുനൽകാൻ? ജീവിതംതന്നെ തീരാക്കടമല്ലേ? അതിനാൽ നീ ക്ഷമിക്കണമെന്നു പറയുകയാണ് ഞാൻ. ജീവിതത്തിന് വാക്കു പര്യായമാവില്ലെന്നെനിക്കറിയാം. ഇതു പറയാതെ ഇവിടം വിട്ടു പോകയാണെങ്കിലോ? അത് ചിന്തിക്കാൻപോലുമാവില്ല. അതുകൊണ്ട് നീ എല്ലാം കേൾക്കൂ. മരണത്തിൽ നഷ്ടമൊന്നുമില്ല. എന്നാൽ, മരണത്തിനിപ്പുറം ഉള്ളിലെ പ്രണയം നഷ്ടമാവുകയാണെങ്കിൽ അത് സമ്പൂർണനഷ്ടമാവും! പ്രണയാസ്തമയം, ജീവാസ്തമയം – രണ്ടു സമയങ്ങളിലായി ഇരട്ടമരണത്തിനു വിധിക്കപ്പെട്ടുപോകാം!

നിഴൽ വെളിച്ചത്തിന് എപ്പോഴും എതിരാണെന്നു നമുക്കറിയാം. വെളിച്ചത്തിന്റെ കനിവാണ് ഈ നിഴലെന്ന സത്യം, പക്ഷേ, അറിയുന്നില്ല. അറിവിന്റെ അടരുകൾ ഇങ്ങനെ പലതാണെന്ന് ആരറിയുന്നു? ചിലതു

എളുപ്പമല്ല.

രാധേ! നീ മഥുരാരാജ്യനാഥനെയല്ല, പ്രണയിച്ചത് സത്യത്തിൽ വൃന്ദാവനകുമാരനെയാണ് എന്ന് എനിക്കറിയാം. ഒരിക്കൽ ചേർത്ത കൈ വിടുവിച്ചത് രാജ്യവും സുഖഭോഗങ്ങളും തേടിത്തന്നെ എന്നാണ് നീ വിചാരിച്ചത്! കൃഷ്ണൻ പല യുദ്ധങ്ങളും ചെയ്തു എന്നതു നേരുതന്നെ. എന്നാലും ഒരല്പം മണ്ണുപോലും സ്വന്തമാക്കിയില്ല എന്നു നീ ഓർക്കുക. തീനാളം മേലേക്കല്ലാതെ മിഴി നീട്ടുകയില്ലപോലും – ഒരിക്കൽ നീ ഇപ്രകാരം പറഞ്ഞു. ഞാൻ കേട്ടില്ലെന്നു നടിച്ചു. മേലും കീഴും വ്യത്യാസമില്ലാതെ വെളിച്ചം പകരാനല്ലേ നാളം എപ്പോഴും ജ്വലിക്കുന്നതെന്നു നീ അറിയുന്നില്ല! എങ്ങോട്ടാണ് പോകുന്നതെന്നു കാറ്റ് അറിയാത്തതുകൊണ്ട് കാറ്റിനെപ്പോലെയാണ് എന്നും കൃഷ്ണൻ എന്നു നീ കരുതിയോ? അതു നേരെങ്കിലെന്ത്? ആരും അറിയാത്തത് ഒന്നുണ്ട്: കാറ്റിനും മനസ്സിനും എത്താനാവാത്ത സ്ഥലമില്ല. കാറ്റിനു രൂപവും നിറവുമില്ലല്ലോ. അതുകൊണ്ടുതന്നെ ആരും കാറ്റിനെ കാണുന്നതുമില്ല. ആ കാറ്റിനു തുല്യമത്രേ സ്നേഹം. കണ്ണന്റെ സ്നേഹവും വാസ്തവത്തിൽ കാറ്റിനെപ്പോലെയാണ്. അതിനെ ആരും കാണുകയില്ല. ആകയാൽ സ്നേഹം വാർന്നകന്നെന്നു നീ തീരുമാനിച്ചു! കാറ്റിന്റെ ഗതി അതിനു നിശ്ചയിക്കാനാവുമോ? എല്ലാം വിധിപോലെ വന്നതാണ്. അതിൽ സത്യം ഇന്ന് ഒതുങ്ങുമോ? കാറ്റിനെപ്പോലെ ചാഞ്ചല്യം കാട്ടുന്ന എന്താണ് ഭൂമിയിലുള്ളത്? അതിനാൽ ദുർബലാത്മാവായിപ്പോയതാവാം. ക്ഷമിക്കുക. കാറ്റിനു ഒരിക്കലും സ്വന്തമായി തെല്ലും ഗന്ധമില്ല. അതിൽ ഈ ലോകമാണ് എപ്പോഴും ഗന്ധഭേദങ്ങൾ കലർത്തുന്നത്. അതിന്നു നിന്നതെന്തിന്നെന്ന് അപ്പോഴും ചോദ്യമുണ്ടാവാം. വഴിയുന്ന നെയ്യിനു ഹോമാഗ്നി കെടുത്താൻ കഴിയുമോ? അന്ന് എരിയുന്ന ഹോമകുണ്ഡം പോലായിരുന്നു മനസ്സ്. തെളിയാനും അണയാനും വയ്യെന്ന സന്ദിഗ്ധസംഭ്രമം! ഇന്ന് ഓർക്കുമ്പോൾ ക്ഷുദ്രമായ ഹൃദയദൗർബല്യം തന്നെയാണത്. തെറ്റു തെറ്റാണെന്ന നേര് ഇന്നു സത്യമായി ഇതാ, തെളിയുന്നു! നീ ഉള്ളിലേക്ക് ഒന്നു നോക്കൂ. കണ്ണ നെ കാണുന്നില്ലേ? വിധികല്പിതമായല്ലാതെ അവന്നു വഴി തെറ്റുമോ? കളങ്കത്തിന് ഒരു തീക്കനലിലും തങ്ങാനാവില്ല. കനലിന്റെ ശില്പമായല്ലേ രാധ കണ്ണനെ കാത്തത്? രാധേ! നിനക്കല്ലാതെ ആർക്കാണ് കൃഷ്ണന്റെ മനസ്സറിയുക? അതിൽ രാധ സ്വപ്നത്തിൽപ്പോലും കുറ്റം കാണുകയില്ല! എങ്കിലും കുറ്റബോധത്തിൽ നിന്നു കത്തുന്നതുകൊണ്ട് രാധ കുറ്റം കണ്ടെത്തുകയാണെന്ന് ഞാൻ വിചാരിച്ചുപോയി! നാം ജീവിതത്തിൽ ഒരുമിച്ചില്ലെങ്കിലും കൃഷ്ണന് ഈ മനസ്സറിയാമെന്ന സങ്കല്പലോകമല്ലേ നീ ചമച്ചത്? അതിൽ നീ നട്ടുനനച്ചുവളർത്തുന്ന പുഷ്പവാടിയിൽ എന്റെ വാക്കിന്റെ വേനലും കനൽക്കാറ്റായി വന്നുവോ? കണ്ണനെ കണ്ണുകൾകൊണ്ട് പലരും കണ്ടുവെന്നത് നേരാണ്. അവർക്കറിയുന്നതെല്ലാം വെറും പുറംകാഴ്ചകൾ!



മനസ്സാൽ എന്നെന്നും കണ്ണനെ കണ്ടത് രാധ മാത്രം! രാധേ! നീ അറിയാത്ത എന്ത് അന്തർഭാവമാണ് കണ്ണനിലുള്ളത്? യമുനാനദിയെപ്പോലെ വിശുദ്ധി വഴിയുന്നവളാണ് രാധ എന്നത് ഒരിക്കലും ഞാൻ വിസ്മരിച്ചിട്ടില്ല. ആത്മാവിൽ രാധയോട് ഇത്രത്തോളം സ്നേഹമുള്ളതായി ഞാൻ അറിയാതിരന്നുവെന്ന അറിവാൽ ഞാൻ പൊള്ളിനിൽക്കയാണ്! എനിക്കു മുന്നേ എന്നിൽ ജീവനായി നിലനിന്നവളാണ് രാധ; എനിക്കു ശേഷവും എന്നിൽ നിറഞ്ഞുതന്നെ നിൽക്കേണ്ടതും അവൾ! ഏതു നക്ഷത്രം വിട്ടാണ് ഇങ്ങു ഭൂമിയിലെത്തുന്നതെന്ന് നോക്കാതെ ഏതു പുഷ്പവും ഏതു രശ്മിയെയും നെഞ്ചിലേറ്റുന്നു! ഏതു പർവതതലം വിട്ടുപോന്നുവെന്ന് ഏതുമോർക്കാതെ ഏതു നീർച്ചാലിനും നേർക്കു സമുദ്രം കൈ നീട്ടുന്നു! പൂവിന്റെ ധർമമാണ് പൂവിനു തുല്യമായ മനസ്സിനും. സാഗരത്തിന്റെ ധർമമത്രേ സാഗരതുല്യമായ ഹൃദയത്തിനും!

എങ്കിലും എന്റെ മനസ്സ് രാധയിൽ എന്തേ വേരിട്ടു തങ്ങിയില്ല? അകളങ്കിതമായ ആ സ്നേഹം ഒരിക്കലും എന്തേ കണ്ടില്ല? വിയർത്തും വിറയാർന്നും തേർത്തട്ടിൽ ക്ഷീണിച്ച അർജുനനെ കണ്ട കണ്ണുകൾ തളർന്നുകൊണ്ടു തന്നെ നിന്ന രാധയെ കണ്ടില്ല!

ഒന്നിനും ഉത്തരമില്ലെന്നു തന്നെ ഞാനറിയുന്നു. ഉത്തരത്തിനു കാക്കുന്ന ചോദ്യത്തിൽ എരിയുകയാണ് ഞാൻ! നൂറു ചോദ്യങ്ങൾ എന്റെ നേർക്ക് ആയിരം ശരമാരിയായി നീളുകയാണ്. നേരിടാനാവാതെ എന്റെ മനസ്സിതാ, തളരുന്നു! ധർമശാസ്ത്രങ്ങളോ യുക്തിചിന്തയോ ന്യായവാദമോ, രാധേ! നീ മുന്നിൽ നിൽക്കുമ്പോൾ, ഒന്നും എനിക്കു തുണയാവുകയില്ല. കത്തുന്ന സൂര്യനിൽനിന്നും ഇടയ്ക്കിടെ മാറിനിൽക്കാം; കത്തുന്ന ഉള്ളിലെ സൂര്യന്റെ കണ്ണിൽനിന്ന് എവിടെ ഒളിക്കും? അതിനാൽ, അർഥം അപ്പാടേ ചോർന്നുപോയ വാക്കിൽ എന്റെ മനസ്സ് നിറച്ച് ഞാൻ തരികയാണ്. നീ ഇത് വാങ്ങുക. ആയിരം ഗോപിമാർ ആടിപ്പാടിനിന്ന നാളുകളിൽ സ്വയം അർപ്പിച്ചുനിന്ന നിന്നെ കണ്ടില്ല. അതാവണം, ഞാൻ ആയിരം പാട്ട് ഓടക്കുഴലിൽ പാടിയെങ്കിലും ഒരു പാട്ടുപോലും എന്റെ പാട്ടെന്നു ലോകം വേറിട്ട് അറിയുകയില്ല! എങ്കിലും, സത്യഭാമയ്ക്കും രുഗ്മിണിക്കും ലഭിക്കാനാവാത്ത ഈ യുഗ്മഭാവം (രാധാകൃഷ്ണയോഗം) ലോകം അറിഞ്ഞേക്കാം. കൃഷ്ണന്നു രാധ ആരാണ്? രാധയ്ക്ക് ഈ കൃഷ്ണനാരാണ്? എങ്കിലും നാളെയും രാധാകൃഷ്ണയോഗം പുലർന്നേക്കാം. കണ്ണന്റെ പാട്ടിനെ ഏതു ദിക്കിലും ലോകം വാഴ്ത്താം. കണ്ണന്റെ ഗീതമേതെന്ന ചോദ്യത്തിന് ഉത്തരം കിട്ടില്ല! ആരും എപ്പോഴും കൃഷ്ണഗീതം കേട്ടെന്നു വരാം. ആർക്കുവേണ്ടി ഞാൻ പാടിയോ, ആ രാധ ഏതും കേട്ടില്ല! എങ്കിലും പാട്ടിലൂടെ എല്ലാ കാലവും രാധയും കൃഷ്ണനും വന്നുയിർക്കും. ഈ രാഗസംഗം ഇല്ലാതാവില്ല! എങ്കിലും ചെയ്ത തെറ്റിന്നു പിഴയായി, എല്ലാ കാലത്തും എന്റെ ഈ ഈണം എപ്പോഴും അനാഥമാ

റ്റ ഹൃദയവും ഈ
...ും. അതിൽ എന്റെ ജീവനാണുള്ളത്! . . .

പാടിത്തീരുമ്പോഴും തുടരാനാശിച്ച പാട്ടുപോലെ, വാടിക്കൂമ്പിയപ്പോഴും വിടരാൻ മോഹിച്ച പൂമൊട്ടിനെപ്പോലെ, കാറ്റിൽ പാളിയപ്പോഴും തുടർച്ചയായി ആളാൻ കാത്ത തീ എന്നപോലെ, സീതത്താലി മരത്തെ എന്നപോലെ, നീ ഈ ജീവിതത്തെ പുണർന്നാലും!"

*   *   *

രാധികാദണ്ഡകം, രാധാമാധവം എന്നീ 9–10 സർഗങ്ങളെ ഒന്നിച്ച് രാധയെക്കുറിച്ചുള്ള ഒരു പ്രകരണമായെടുക്കുകയാണ് നാം ചെയ്തത്. ഇത്ര വിസ്തൃതമായി, സുസൂക്ഷ്മമായി, ഉള്ളിൽ തട്ടുന്ന വിധത്തിൽ രാധാകൃഷ്ണ പ്രേമം വർണിച്ച കവികൾ നമുക്ക് ഏറെയില്ല. ഹൃദയസ്പർശികളായ *കൃഷ്ണകവിതക*ളും (അതിൽ പലതും രാധാവിഷയകം) *രാധയെവിടെ?* എന്ന ഖണ്ഡകാവ്യവും എഴുതി ഇക്കാര്യത്തിൽ കേളി കേട്ട സുഗതകുമാരിയെപ്പോലും അതിശയിക്കുന്ന വിധത്തിലായിട്ടുണ്ട് ഈ പ്രകരണത്തിൽ പ്രതിപാദിച്ച രാധാകൃഷ്ണപ്രണയത്തിലെ ചില സന്ദർഭങ്ങളുടെ ഭാവതരളതയും ഹൃദ്യതയും മധുരിമയും എന്ന് അഭിപ്രായപ്പെടാതിരിക്കാൻ നിവൃത്തിയില്ല.

കൃഷ്ണൻ കാർവർണനല്ലെന്നതറിഞ്ഞോൾ രാധ മാത്രമാം
തങ്കത്തിങ്കൾത്തിടമ്പത്രേ കൃഷ്ണനെന്നേ നിനച്ചവൾ!
എന്നും
ആയർസോദരിമാരൊത്തു കളിച്ചേ നിന്ന നേരവും
കൃഷ്ണവേഷമൊരാൾക്കും കൈവിട്ടുനൽകീലൊരിക്കലും!
എന്നും
മുഖത്തു നോക്കിയാൽ കണ്ണു തട്ടിടാമെന്ന ചിന്തയാൽ
കൃഷ്ണപാദങ്ങളേ മാത്രം കൺകളാലേ മുകർന്നവൾ!
സന്ധ്യതൻ ചോപ്പു തട്ടിത്തൻ കൺകളെങ്ങാൻ ചുവക്കുകിൽ
കോപിച്ചു രാധയെന്നോർക്കാം കണ്ണനെന്നു ഭയന്നവൾ!
അതിനാലന്തിനേരത്തും കോവിലിൽ പോയിടാത്തവൾ;
കാരുണ്യപൂർവമല്ലാതെ കണ്ണനെക്കണ്ടിടാത്തവൾ!
എന്നും
കണ്ണൻ വിളിച്ചിടാമെന്ന ചിന്തയാൽ സന്ധ്യ തോറുമേ
കീർത്തനം താഴ്ന്ന ശബ്ദത്തിൽ മാത്രമെന്നു ശഠിച്ചവൾ!
എന്നും
മുരളീഗാനമാധുര്യം അകമേ തങ്ങിനിൽക്കുവാൻ
ഒരു വേളയുമാത്മാവിന്നീണം മൂളാതിരുന്നവൾ!



നിനവിൽ ചന്ദനത്തിന്റെ മണം മായാതിരിക്കുവാൻ
സുഗന്ധവാഹിയാം പൂക്കൾ മുകരാതെ കഴിഞ്ഞവൾ!
അകമേയനുരാഗത്തിന്നമൃതം മധുരിക്കയാൽ
നീരുമാഹാരവും വേണ്ടെന്നുറച്ചേ നാൾ കഴിച്ചവൾ!
എന്നും
ജനനത്താലെ കൃഷ്ണന്നു സഖിയായ് തീർന്ന കാരണം
കൃഷ്ണനിൽനിന്നു മംഗല്യം വേറെ വേണ്ടെന്നുവെച്ചവൾ!
എന്നും
കണ്ണൻ മധുരമുണ്ണുമ്പോൾ അവൾക്കു മധുരിച്ചിടും!
കണ്ണൻ കേൾക്കുന്ന രാഗത്താലവൾക്കുള്ളം കുളിർത്തിടും!
എന്നും രാധികാദണ്ഡകത്തിലും
മേഘം നിന്റെ മനസ്സ്; വാർന്നു പടരും കാളിന്ദി നിൻകണ്ണുനീർ;
വ്യോമം നിന്റെ ഹൃദന്തം; ഈറയിളകും നാദങ്ങൾ നിൻ ഗദ്ഗദം;
താരം താവകസ്വപ്നം; ഇന്ദുകല നിൻ നേർത്തുള്ള രൂപം; മഹാ–
കാലം നിന്നുടെ വാഴ്വ്; നീലമയിലേ നീ രാധതൻ സങ്കടം!
എന്നും
ഒറ്റ രാവാലെ ദുഃഖത്തിൻ ചിതയിൽ നിന്നു നീറി നീ;
പിന്നെയെന്നാളുമേ കുറ്റബോധത്തിൻ തീയിൽ നീറി ഞാൻ.
എന്നും
പാടിത്തീർന്നൊരു നേരവും തുടരുവാനാശിച്ച പാട്ടെന്ന പോൽ
വാടിക്കൂമ്പിയ നേരവും വിടരുവാൻ മോഹിച്ച മൊട്ടെന്ന പോൽ
കാറ്റിൽ പാളിയ നേരവും തുടരെയാളാൻ കാത്ത തീയെന്ന പോൽ
സീതത്താലി മരത്തെയെന്ന വിധമീ വാഴ്വെപ്പുണർന്നാവു നീ.

എന്നും രാധാമാധവത്തിലും ഉള്ള ശ്ലോകങ്ങളുടെ ഭാവനാസൗന്ദര്യം നാം മലയാളത്തിലെ പ്രണയകവിതകളിൽ ഏറെ അനുഭവിച്ചിട്ടില്ലെന്നതല്ലേ വാസ്തവം?

## അശ്വത്ഥാമാവ്

ആരണ്യകൃഷ്ണൻ എന്ന പതിനൊന്നാം സർഗത്തിൽ (പത്താം പ്രകരണത്തിൽ) അശ്വത്ഥാമാവിനെ വർണിക്കുന്നു. പ്രസ്തുതസർഗത്തിന്റെ പരാവർത്തനം ഇപ്രകാരം:

എട്ടുദിക്കും പതിയെ ചുരുങ്ങി ഒരുമട്ടിൽ ഈ ഭൂമി കാരാഗൃഹക്കെട്ടായി മാറുകയായി. സൂര്യൻ ഇതിലെന്താണ് ഈ വിധം അകപ്പെടാൻ? കെട്ടടിയുവോളം കർമചക്രത്തിലകപ്പെട്ടുതന്നെ ദുഃഖിക്കാൻ തലയിൽ വിധിയുണ്ടെങ്കിൽ മഹാനക്ഷത്രത്തിനും അത് ഒട്ടും മാറുകയില്ല. വെളിച്ചം നിന്നുതിളയ്ക്കുന്ന ഒരു മുറിയിൽ പെട്ട വവ്വാലിനെപ്പോലെ പരിഭ്രമിച്ചുഴറി എല്ലായിട

ത്തും പറക്കുകയാണ് നീ. കഷ്ടം! കൽച്ചുവരിൽ തറഞ്ഞു തറയിൽപ്പെട്ടിട്ടും നിന്റെ യത്നം ഇതേ രീതിയിൽ പിടയ്ക്കുകതന്നെയാണ്. ഓർത്താൽ, ഇതിന്റെ ആവർത്തനമാണ് ജീവിതം! ചുറ്റും ജാലകങ്ങൾ അധികമുണ്ടെന്ന സത്യം അറിയാമെങ്കിലും കണ്ണുകളിൽ കത്തുന്ന വെളിച്ചം ഇരുട്ടിനോടു തുല്യമാണ്. അത് രക്ഷാപഥം കാണിക്കുന്നില്ല. രക്ഷയ്ക്കായി കിളിവാതിലെന്നു കരുതി എത്തുന്ന സ്ഥലത്തൊക്കെ കട്ടിക്കന്മതിലാണ്. ഇരുട്ടിൽ എല്ലാം കാരാഗൃഹംതന്നെ!

നക്ഷത്രംതന്നെയാണ് സൂര്യൻ എന്നത് സത്യമാണെങ്കിലും സൂര്യനായിത്തീരാൻ നക്ഷത്രങ്ങൾക്ക് കഴിയില്ലെന്നറിയാം. സൗരയൂഥത്തിന് എപ്പോഴും ഒരു സൂര്യനക്ഷത്രമേ ഉള്ളൂ. അതുപോലയല്ലേ കാലത്തിന്ന് എന്നും കൃഷ്ണൻ ഒന്നേ ഉള്ളൂ എന്നത്? ആകാശത്തിൽ ആയിര ക്കണക്കിൽ നക്ഷത്രങ്ങൾ സ്വർണരശ്മികളോടുകൂടി ഉലാത്തിയാലും അവ ഒന്നിച്ച് ഒരു കൂട്ടമായിനിന്നാലും ആ ശോഭകൾക്കൊന്നും സൂര്യദീപ്തി കെടു ത്താൻ സാധ്യമല്ല. സൂര്യനായിത്തീരാൻ നക്ഷത്രങ്ങൾക്കു സാധ്യമല്ലെ ന്നറിയാം.

സൂര്യന്നു നേർക്ക് നിൽക്കുകയാണ് ഉത്തപ്തമാനസനായ കൃഷ്ണൻ. സൂര്യനും സൂര്യനും നേർക്കുനേരെ നിൽക്കുന്ന വിസ്മയം! സൂര്യബിംബ ത്തിൽ ഹൃദയം തറപ്പിച്ചുനിൽക്കുന്ന കൃഷ്ണനിൽനിന്ന് നാലു കൃഷ്ണ ശരീരങ്ങൾ അടർന്നകലുകയാണ്! ജ്വലിച്ചുനിൽക്കുന്ന ദീപശിഖയിൽനിന്ന് അടർന്നുമാറുന്ന നാലു ജ്വാലപോലെ വിടർന്നവർ! കൂമ്പിനിൽക്കുന്ന ഒരാ മ്പൽപ്പൂമൊട്ട് ചന്ദ്രിക കരങ്ങളാൽ തഴുകുമ്പോൾ ഇതൾ നീർത്തുന്ന പോ ലെ, പ്രണവം ശംഖു വിട്ട് എങ്ങും പടരുന്നപോലെ, ജലവീചികൾ കരയെ തേടുന്നപോലെ, അവർ ഓരോ വഴിക്ക് അകലുന്നതു നാം കാണുന്നു. അപ്പോ ഴും മൂലകന്ദം ഇതാ, തപസ്സു തുടരുന്നു! ആ തേജസ്സുകൾ വടക്ക്, തെക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ നാലു ദിക്കുകൾ തേടി അകലുകയാണ്. വടക്കു ദിക്കു തേടുന്ന യാദവൻ ഹിമഭൂമിയിൽ ആരണ്യകനായി, പൊടി പുരണ്ട ശരീരവുമായി, അലഞ്ഞുനടക്കുകയാണ്. പടിഞ്ഞാറ് നോക്കി നടക്കുന്ന കൃഷ്ണൻ രാജപുത്രനായി രാജരഥ്യയിലൂടെ തന്റെ തേരിലേറി ഗമിക്കുന്നു. കിഴക്കുദിക്കിലേക്കു പോകുന്ന കൃഷ്ണൻ കൂരിരുട്ടിനെ പകുത്തു മാറ്റുന്ന രശ്മിക്കൊപ്പം അങ്ങനെ പോവുകയാണ്. ദക്ഷിണാപഥമന്വേഷിച്ചുപോകുന്ന ശ്യാമകൃഷ്ണനാകട്ടെ, ഇന്ദ്രപ്രസ്ഥരാജധാനിയിൽ ചെന്നുചേരുന്നു. . . .

കനത്ത നിബിഡാരണ്യം താണ്ടുമ്പോൾ അച്യുതൻ വിഭ്രാന്തചിത്ത നായ അശ്വത്ഥാമാവ് എതിരെ വരുന്നതു കണ്ടു. ആരെയോ തിരയുന്ന മട്ടിൽ, പളുങ്കുജലപാത്രത്തിൽ പുളയുന്ന കരിനാഗത്തെപ്പോലെ, അദ്ദേഹത്തിന്റെ കണ്ണുകൾ ഇഴയുന്നുണ്ട്. കാട്ടുചൂരൽ വലിച്ചൂരി വളച്ചുവെച്ച് വള്ളിയാൽ വലിച്ചു ഞാൺ ചമച്ച കളിവില്ല് കൈയിലുണ്ട്. അനന്തമായി അകന്നുപോകു



ന്ന ആകാശത്തെ അളക്കാനെന്ന മട്ടിൽ അവൻ തുടർച്ചയായി അമ്പയയ്ക്കുന്നുണ്ട്. എങ്ങും പോയി തറയ്ക്കാത്ത അമ്പുകൾ കൊഴിഞ്ഞുവീഴുന്നതു കണ്ട് അയാൾ കൈകൊട്ടി ചിരിക്കുകയാണ്. ലക്ഷ്യവേധികളായ അമ്പും ലക്ഷ്യവും, രണ്ടും, ഇല്ലെന്നു പഠിപ്പിക്കുന്ന മട്ടിലല്ലേ അവൻ കണ്ണനെ നോക്കിയത്? കൊടുങ്കാറ്റ് പറത്തുന്ന ജട ചൂഴ്ന്ന ഒരു കരിമ്പന! അതിന്റെ ചോട്ടിൽ മനം പാറിപ്പറന്ന അവൻ നിൽക്കുന്നു! കവിയാത്ത കടലിനു തുല്യം നിലകൊള്ളുന്ന കണ്ണൻ അവനെ മുഖാമുഖം കണ്ണുകൾ കോർത്ത് തൊട്ടുനിൽക്കുന്നു! തുടർന്നു നോക്കാനാവാതെയല്ലേ കൃഷ്ണന്റെ കണ്ണുകൾ, കനലിൽ തൊട്ട വള്ളിപോലെ, തളർന്നു താഴ്ന്നുപോവുന്നു. ഇരുട്ടിൽ എങ്ങുനിന്നോ പോന്നണയുന്ന കടവാവലായി വന്ന് ദൂരസ്മൃതി ചിന്താശതങ്ങളെ കീറുകയാണോ? സഹസ്രശിഖരം നീർത്തുന്ന മനസ്സിൽ ചാഞ്ഞുറങ്ങുന്ന കറുത്ത പക്ഷികൾ, ഇതാ, ഞെട്ടിക്കരഞ്ഞു ചിതറുന്നു!

ഒക്കെയും തോന്നലോ നേരോ? ഒന്നും തിരിയാതെയും ഇങ്ങ് എന്തിനു വന്നു എന്ന് ഒട്ടും അറിയാതെയും മാധവൻ അതേ നില്പിൽ നിൽക്കുന്നു! പാണ്ഡവസൈനികർ പിടിച്ചുകെട്ടി കൊണ്ടുവന്ന ദിവസമാണ് അശ്വത്ഥാമാവിനെ കണ്ടത്. ശിരോരത്നമടർത്തി കാട്ടിൽ കൊണ്ടുവിട്ട ഈ അശ്വത്ഥാമാവോ ഞാനോ ഭ്രാന്തൻ? കൃഷ്ണൻ അസ്വസ്ഥനായി. ആയുധം താഴെ വെപ്പിക്കാൻ, അസത്യത്തിന്റെ ആയുധംകൊണ്ട് ദ്രോണരെ വെല്ലാൻ സ്വസ്ഥചിത്തത്തിന് സാധ്യമാകുമോ? ത്രൈലോക്യസുഖഭോഗങ്ങൾ കിട്ടിയാൽപ്പോലും ഋതം വെടിയാത്തവനെ (ധർമപുത്രനെ) എങ്ങനെ കള്ളം പറയുന്നവനാക്കി? പുത്രൻ മരിച്ചുവെന്നു കേട്ട് ആയുധം വെച്ച് ദുഃഖിക്കുന്ന ദ്രോണരെ കൊല്ലാൻ ആജ്ഞ നൽകുന്നതിന് ശാന്തചിത്തം ശ്രമിക്കുമോ? അച്ഛനെ രക്ഷിക്കുക – അതല്ലാതെ പുത്രധർമമായി എന്തുള്ളൂ? അതിന്നു കഴിയാത്തവനെ പുത്രനെന്ന് ആര് പറയും? അതിനാൽ ആയിരം വട്ടം ധർമസേതു തകർത്തവർക്കെതിരായി വാളെടുത്ത ദ്രോണപുത്രൻ ചെയ്തത് അധർമമാണോ? അവനെ കീഴടക്കാൻവേണ്ടി, ചിത്തഭ്രമമില്ലെങ്കിൽ, ശിരോരത്നമെടുക്കാൻ ഞാനന്ന് പറഞ്ഞതെന്തിന്? ഈ വിധം പലതും ചിന്തിച്ച് ഉഴറുന്ന യദുനാഥനെ ഭ്രാന്തനായിക്കണ്ട് അശ്വത്ഥാമാവ് പിൻവാങ്ങി നടന്നുപോയി.

ഏതു രൂപത്തെയാണ് താൻ കണ്ടത്? തന്റെ പ്രതിബിംബത്തെയായിരിക്കുമോ? ഈ ചിന്ത ഇരുവരിലും ഒരുപോലെ തെളിഞ്ഞു.

* * *

*ഭാരതപര്യടന*ത്തിൽ കുട്ടിക്കൃഷ്ണമാരാർ പ്രതികാരമൂർത്തിയായ അശ്വത്ഥാമാവിനെ ഒരിക്കലും മറക്കാനാവാത്ത വിധം നിരൂപണം ചെയ്യുന്നുണ്ട്. ഇവിടെ, സന്ദർഭം ആവശ്യപ്പെടുന്നതുകൊണ്ടാവാം, പ്രതികാരമൂർത്തി

യായ അശ്വത്താമാവിനെപ്പറ്റി ഒരു വാക്യത്തിലൂടെയുള്ള സൂചനയേ ഉള്ളൂ. അതിലേറെ നമ്മുടെ ഉള്ളിൽ തട്ടുന്നത് കാട്ടിൽ ഭ്രാന്തനെപ്പോലെ അലഞ്ഞു നടക്കുന്ന അശ്വത്ഥാമാവിന്റെ ചിത്രമാണ്. അത്ര തന്നെ ഉള്ളിൽ തട്ടും വിധമാണ് ഭ്രാന്തനെപ്പോലെ അലഞ്ഞുനടക്കുന്ന കൃഷ്ണന്റെ ചിത്രവും. കള്ളം പറയിച്ച് ഗുരുവിനെ കൊല്ലിച്ച് അശ്വത്ഥാമാവിനെ പ്രതികാരമൂർത്തിയാക്കിയത് അസ്വസ്ഥചിത്തനായ, അതായത്, ഭ്രാന്തനായ, താനല്ലാതെ മറ്റാരാണ് എന്ന് കൃഷ്ണൻ ചിന്തിക്കുന്നു. അങ്ങനെ ഈ പ്രകരണത്തിലൂടെ രണ്ടു ഭ്രാന്തന്മാരെ നാം കാണുന്നു:

ഇവ്വിധം പലതും ചിന്തിച്ചുഴറും യദുനാഥനെ
ഭ്രാന്തനായ് കണ്ടു പിൻവാങ്ങിപ്പോകയായ് ദ്രോണനന്ദനൻ!
കണ്ടതേതൊരു രൂപം? തൻ പ്രതിബിംബമതാകുമോ?
എന്ന ചിന്തയൊരേ മട്ടിൽ തെളിഞ്ഞിതിരുപേരിലും!

## ധൃതരാഷ്ട്രൻ

പന്തണ്ടാം സർഗമായ (പതിനൊന്നാം പ്രകരണമായ) "ജ്ഞാന കൃഷ്ണ"നിൽ ധൃതരാഷ്ട്രനിരൂപണമാണ്. പ്രസ്തുതപ്രകരണത്തിന്റെ ആശയം ഏകദേശം ഈ വിധം:

എങ്ങും ഭയങ്കരമായ ശബ്ദം ഉയരുന്നുണ്ടെന്നറിഞ്ഞു. യുദ്ധം കണ്ണാൽ കാണുന്നതിന് കാഴ്ച്ച നൽകാമെന്ന വാഗ്ദാനവും വന്നു. കാണേണ്ടെന്നു കരുതി തപിക്കുന്ന മനക്കണ്ണിൽ സഞ്ജയന്റെ വാക്കുകൾ സൃഷ്ടിക്കുന്ന മഹായുദ്ധം വന്നുനിറഞ്ഞു! ദുർവിധിഹിതത്താൽ കാലം ആരെയും കുരുട നാക്കുമെന്നും അന്ന് ഇരുൾ വെളിച്ചത്തെ വിഴുങ്ങുമെന്നും നേരിൽ അറി ഞ്ഞു. ഭൂമിയിൽ ധർമാധർമവിവേചനം ദുസ്സാധ്യമാക്കുമാറ് ദുർവാരമായ വിധി സർവനാശകമായ കാലം നിശ്ചയമായും നടത്തുന്നതാണ്.

രാജാവിനു വിധിച്ചത് ആത്മസുഖമെന്ന് ആരാണ് പറഞ്ഞത്? പ്രതാപ കാശങ്ങളിൽ എവിടെയാണ് സൗഖ്യം? ഒരു വാൾ ഗൂഢമായി നിഴൽ പോലെ എന്നും വന്നു പിന്തുടരുന്ന കാലമാണത്. അവർ രാജാവായി മാറും വരെ, ധൈര്യത്തിനുള്ളിൽ നിന്നുയരുന്ന ഭയം ആർക്കാണറിയുക? യുദ്ധത്തിൽ മരിക്കാം; വിജയം വരിച്ചാൽ, വൃദ്ധനായിത്തീർന്നതിനുശേഷം നാടുവിട്ട് ദൂരെ വനവാസത്തിനു പോയി മറയാം. ഇന്ന് ഈ വിധം രണ്ടു വഴിയുണ്ട്. ഇതിൽ ഏതാണ് മേലെ? ആലോചിച്ചാൽ, അറിഞ്ഞുകൂടാ. ആലോചിച്ചില്ലെങ്കിലും അതുപോലെത്തന്നെ. രാജത്വത്തിനും അതിന്റെ നീതിരഹിതമായ ഭരണ ത്തിനും പ്രായശ്ചിത്തമാവാം, മരണമോ വാനപ്രസ്ഥാശ്രമമോ. കാലത്തിന്റെ രഥം കുതിക്കുമ്പോൾ, ഏതു ഉയർച്ചതാഴ്ച്ചകൾക്കും മെല്ലെ സമത്വം വരാം; ആ യാത്ര ആരും അറിയില്ലെങ്കിലും. . . .

കിഴക്കൻ ദിങ്മുഖം അല്പാല്പം തുടുത്തുവരുമ്പോൾ ആരാണ്



വനപർവതസാനുക്കൾ കടന്ന് നടകൊള്ളുന്നത്? അവനിൽ കൃഷ്ണ നെ കാണുന്നുണ്ടെങ്കിലും വഴി നൽകുന്ന മാതിരി പേടമാനുകൾ ഒതുങ്ങിമാറു ന്നത്? അവനെ കണ്ടാലും കാണാനാവില്ലെന്ന മട്ടിൽ ഗോക്കൾ പേടിച്ച തുപോലെ അകന്നുപോകുന്നതെന്താണ്? പുതുമഞ്ഞുതുള്ളികളിൽ കുളിച്ച കടമ്പുകൾ അവനെ കാണുമ്പോൾ എന്തുകൊണ്ടാവാം ഇതൾപ്പോളകൾ പൂട്ടുന്നത്? ഒന്നിലും കണ്ണു നടാതെയും മനസ്സാൽ തൊടാതെയും ആ കൃഷ്ണവർണൻ വേഗത്തിൽ നടകൊള്ളുകയായി. എയ്തുവിട്ട ശരം പോലെയും ഞാണയഞ്ഞ തേരുപോലെയും വേരു പൊട്ടിയ മരംപോലെയും അവൻ ലക്ഷ്യം തേടി കുതിക്കുകയായി.

ധർമപുത്രരുറങ്ങുന്ന രാജധാനിയിലേക്ക് അവൻ, അദൃശ്യമായ കാറ്റുപോലെ, കടന്നുചെന്നു. ദ്വാരപാലകർ അവന്നു വഴി നൽകുന്നതു പോ ലെ ഒതുങ്ങിനിന്നു. അവന്നു വഴി കാട്ടുന്നതുപോലെ സ്വർണപതാകകൾ പാറിക്കളിച്ചു. രാജധാനിയിൽ എന്തിനുവേണ്ടിയോ നോക്കുമ്പോൾ അവൻ അമേയനും അന്ധനുമായ ധൃതരാഷ്ട്രരെ കണ്ടു. അവനെ പുത്രനെപ്പോലെ കരുതി വൃദ്ധനും നിർമമനും നിസ്വമാനസനുമായ കുരുവംശാധിപൻ സ്വീക രിച്ചു. മകനല്ലാതെ താൻ പിന്നെ ആരാണ് എന്നപോലെ, നിഷ്കളനും നിത്യ നും അജ്ഞേയനും നിർമലാനന്ദമാനസനുമായ കൃഷ്ണനും പെരുമാറി. ചിന്തയുടെ തിരി നീളുന്ന പാഴ്ക്കൺകളിൽ നോക്കിനിൽക്കേ, ചെയ്ത കർമ ങ്ങളൊക്കെയും കൃഷ്ണന്റെ ഉള്ളിൽ വിങ്ങുകയാണ്! പാത തീരുന്നിടം മു ന്നിൽ കണ്ട യാത്രക്കാരനെപ്പോലെ ഉഴറുന്ന മനസ്സുമായാണല്ലോ ആ സ്ത ബ്ധമാനസൻ നിൽക്കുന്നത്! കടലിൽ ചെന്നുചേരുന്ന പുഴയെപ്പോലെ, അവൻ ഇനി എന്താണു ചെയ്യേണ്ടതെന്നറിയാത്ത മനസ്സോടെ, നിൽക്കുക യാണ്! അപ്പോഴാണ് കൃഷ്ണന്റെ കണ്ണിൽ കമണ്ഡലുവും കറുത്ത വസ്ത്ര വും ഭസ്മക്കുടങ്ങളും പതിയുന്നത്! മഹാരഥനായ ധൃതരാഷ്ട്രൻ വൃദ്ധരിൽ വൃദ്ധനായി കാണപ്പെടുന്നു. ജർജരമായ വേഷം. ജരാവിഷ്ടമായ ശരീരം. നേർത്ത നിശ്വാസവേഗത്തിന്റെ താമരനൂലിനാൽ മാത്രമാണ് ഈ ശരീര ബന്ധം. ഇന്ന് ഇത് എപ്പോഴും അഴിയുകയും ചെയ്യാം! വിസ്മയാധീനമായ കൃഷ്ണമനസ്സിൽനിന്ന് ആരോ പറഞ്ഞു: "മക്കൾ പൊയ്പ്പോയ അച്ഛൻ ഇതുപോലെത്തന്നെയാണ്."

"വീരരിൽ വീരരായ നൂറു പുത്രന്മാർക്ക് അച്ഛൻ. അച്ഛന്റെ കൈപിടി ക്കാൻ ഒരാൾപോലും ബാക്കിയായില്ല. സർവരാജ്യാധിപനും ഏകച്ഛത്രാധി പതിയും! അന്ത്യകർമത്തിനുപോലും ഒരു മകൻ ബാക്കിയില്ല! പുത്രദുഃഖാ ഗ്നിയിൽ വീണുപിടഞ്ഞ നാൾ മുതൽ ജലപാനമല്ലാതെ ഇതേവരെ ആഹാര മൊന്നും കഴിച്ചിട്ടില്ല. രാജധാനിയിൽ ഹംസതൂലികാമെത്ത നീർന്നിരിക്കുന്നു വെങ്കിലും നിലത്തുമാത്രമല്ലാതെ ഇതുവരെ കിടന്നിട്ടില്ല. യുദ്ധത്തിന്നൊരുങ്ങി പ്പുറപ്പെട്ട മക്കളെ യുദ്ധം വേണ്ടെന്നു പറഞ്ഞ് തടയാൻ ബുദ്ധികൊണ്ടും

പ്രജ്ഞാശക്തികൊണ്ടും ശ്രമിച്ചിട്ടുണ്ടദ്ദേഹം. പകയുടെ തീ ആ നെഞ്ചിൽ പടരാൻ, കൃഷ്ണാ!, നിന്റെ ചെയ്തിയല്ലാതെ, ഓർത്താൽ, മറ്റെന്താണ് കാരണം? നൂറു മക്കളും മരിക്കുമെന്നറിഞ്ഞ മനസ്സുമായി കാരുണ്യപൂർണനായി നിൽക്കാൻ ലോകത്ത് ആർക്കാണ്, എന്നാണ്, സാധ്യമാവുക? അതുകൊണ്ടുമാത്രമല്ലേ അന്ന് അരികിൽ ഭീമതുല്യം നിന്ന ആയസശില്പത്തെ തവിടുപൊടിയാക്കുമാറ് പുണർന്നത്? കുലപർവത തുല്യം ഉലയാത്ത രാജാവിനെ, സർവശിക്ഷയുമേൽക്കാൻ തയ്യാറായി, തൊഴുതുകൊണ്ടുതന്നെ നിൽക്കുകയാണ് കൃഷ്ണൻ! ഉള്ളിൽനിന്നു വന്നെത്തുന്ന വാക്കു കേട്ട് പുളയുന്നുവോ? പുറമെ നിന്നു എത്തേണ്ട ശാപവാക്കിനു കാത്തുവോ? വിറയ്ക്കുന്ന കൈ നീട്ടി നെറുകയിൽ തൊട്ട് അനുഗ്രഹിച്ച് വൃദ്ധൻ പറയുന്നു: “മകനേ! വിജയീഭവ.” വിതിർന്ന താടിയിൽ കൈ തടവിക്കൊണ്ട് അദ്ദേഹം തുടരുന്നു: “ജയവും തോൽവിയും ഭൂമിയിൽ എല്ലാ കാലത്തും ഒരുപോലെയാണ്.”

“വിട നൽകുക. രാജ്യം വിട്ടിറങ്ങേണ്ട നേരമായി. പടവാൾ താഴെവെച്ച് ഇന്നു ഞാൻ കമണ്ഡലു എടുക്കുകയാണ്. എന്തിനാണ് സ്വർണവസന ങ്ങൾ? മരത്തോൽ ധാരാളം മതി. ഇനി യാത്രയായി. ദൂരെ അതാ, വനഭൂമി വിളിക്കുകയാണ്. കണ്ണോ കൈയോ വാക്കോ വാളു വീശാത്ത ഭൂമിക! കാറ്റിനും പൂനിലാവിനും കോട്ടയില്ലാത്ത ശുദ്ധത! നഖം നീട്ടിയെത്തുന്ന വിചാരമില്ലാത്ത ശാന്തത! ചതിയിൽ കൊന്നു കീഴടക്കുന്ന മനുഷ്യരില്ലാത്ത സ്വച്ഛത! വെൺശിലാതല്പവും വെഞ്ചാമരവും നൽകാത്ത കുളിര് ഉള്ളിൽ ഉണർത്തുന്ന വനം നീർത്തുന്ന ആർദ്രത! അവിടേക്കല്ലേ ഞങ്ങൾ പോകുന്നത്? കൃഷ്ണാ! നീ വിട നൽകുക. ആരോടും പാരുഷ്യമില്ല. കാലുഷ്യം നിന്നിലുമില്ല; ആരിലുമില്ല.”

വിട വാങ്ങി ഇറങ്ങുകയാണ് ധൃതരാഷ്ട്രർ. ഇടത്തുവശത്ത് കണ്ണു കെട്ടിയ പത്നി കൈപിടിച്ച് ഒപ്പമെത്തുന്നു. അവർക്കു കൂട്ടിനായി കുന്തിയും ഇറങ്ങുന്നു. ദൂരെ ദൂരെ ഏതോ കാട്ടുകിളി വിളിച്ചുവോ? . . .

ജയിച്ചു സിംഹാസനത്തിലേറി രാജ്യം ഭരിച്ചുപോരുന്നവരായാലെന്ത്? മരിച്ചു ചെന്തീയിലെരിഞ്ഞ് ലോകം വെടിഞ്ഞുപോകുന്നവരായാലെന്ത്? ഇവർക്ക് എല്ലായ്പ്പോഴും പ്രിയപുത്രരെല്ലാം വാർധക്യത്തിൽ ഒരുപോലെ യായിത്തീരുന്നു. ഇതിൽപ്പരം ഏതു സത്യം, എന്ന്, എവിടെ, ഒരു ധർമയുദ്ധം വെളിപ്പെടുത്തും? ഒടുവിൽ, പോരിൽ ജയിക്കുന്നവരും മരിക്കുന്നവരുമില്ലെന്ന് ഇന്ന് ഇവിടെ അറിയുന്നു. ജയിക്കുന്നവർ ഇതോർക്കില്ല; മരിക്കുന്നവർക്ക് ഇതോർക്കാനാവില്ല. നഗരം കടന്ന് അങ്ങ് നടന്നിറങ്ങുന്ന മഹത്മാർന്ന ആ മൂവരെയും അപ്പോൾ മനസ്സുകൊണ്ട് അല്പനേരം കൃഷ്ണൻ തുടർന്നു ചെന്ന് അനുയാത്ര ചെയ്തു.

ഇരുണ്ടുകാണുന്ന വനത്തിനോട് അടുക്കുന്ന ഓരോ ചുവടിനുമൊപ്പം



ധൃതരാഷ്ട്രരുടെ കൺവെളിച്ചം തെളിഞ്ഞുവന്നുവെന്ന് കൃഷ്ണൻ മനസ്സിലാക്കി. കാട്ടിൽ അങ്ങിങ്ങു പടർന്നുനിൽക്കുന്ന ജ്വലിക്കുന്ന പ്രകാശം പകരുന്നതാവാം കണ്ണിനു വെളിച്ചം പകരുന്നതെന്നേ ദൂരെ നിൽക്കുന്ന കൃഷ്ണൻ വിചാരിച്ചുള്ളൂ. ഒരിക്കലും ജീവിതകർമരംഗം പകുത്ത പാപം തന്റെ കണ്ണുകളാൽ പകർത്തിയില്ലെന്നതുകൊണ്ട് കാലം കനിഞ്ഞുവെന്നു തന്നെ കണ്ണൻ കരുതി. ഇരുട്ടിലേക്ക്, ഇരുളും ദഹിക്കുന്ന കാട്ടിലെ തീയി ലേക്ക് പതുക്കെ കടന്നുപോകുന്നവർ മാഞ്ഞുപോകവേ, കൃഷ്ണൻ തിരിഞ്ഞു പിന്നിലേക്കു നടന്നു. തുടർച്ചയായി കാലടി നീങ്ങുമ്പോൾ കണ്ണിൽ ഇരുട്ടു കയറുന്നപോലെ! പതുക്കെ നിന്നില്ല, നടന്നുമില്ല – കൃഷ്ണൻ ഇരുട്ടിലേക്കാഴുകയായി! ഇരുട്ട് മൂടുന്ന കണ്ണുകൾക്ക് കാണാൻ കഴിഞ്ഞ സത്യങ്ങളിൽ ഒന്നുപോലും വെളിച്ചമുള്ള കണ്ണുകൾക്ക് കാണാൻ കഴിഞ്ഞില്ലെന്ന് കൃഷ്ണൻ അറിഞ്ഞു! ജീവിതത്തിലെ പാപമെല്ലാം നിരക്കെ കണ്ടു നിറഞ്ഞ കണ്ണുകൾ അതിൽനിന്നു മറഞ്ഞുനിൽക്കട്ടെ എന്ന് ഇരുണ്ട കാലം കരുതുന്നപോലെ! വെളിച്ചമുള്ളേടത്തൊക്കെ പിന്തുടർന്നവരുന്ന നിഴൽ, വെളിച്ചം കെട്ടാൽ, ഇരുട്ടെത്തിയാൽ, ഉടനെ വെടിഞ്ഞു മറഞ്ഞു പോകും. കൃഷ്ണൻ ഒരിക്കലും കാലനിയോഗം അല്പംപോലും അറിഞ്ഞു ലംഘിക്കുകയില്ല. ഇത് കാലവും അറിഞ്ഞിരിക്കാം. കൃഷ്ണൻ കൂരിരുട്ടിലേക്ക് ആഴുകയായി.

* * *

*ഭാരതപര്യടന*ത്തിൽ മാരാർ ധൃതരാഷ്ട്രന്റെ ഈ ചിത്രത്തിന്റെ ഒരംശം പകർത്തിയിട്ടുണ്ട്. മനുഷ്യത്വത്തിന്റെ ദൃഷ്ടിയിലൂടെ ആ അന്ധവൃദ്ധന്റെ ഭീമാലിംഗനത്തെ കുറ്റപ്പെടുത്തിയിട്ടുമുണ്ട്. പക്ഷേ, അതിനുപോലും കൃഷ്ണ നാണ് കാരണക്കാരൻ എന്നാണ് *ശ്യാമമാധവ*ത്തിലെ നിരീക്ഷണം.

പകതന്നഗ്നിയാ നെഞ്ചിൽ പടരാനുള്ള കാരണം
കൃഷ്ണ! നിൻ ചെയ്തിയല്ലാതെ വേറെയെന്താവുമോർക്കുകിൽ?
നൂറു മക്കളൊടുങ്ങുന്നതറിഞ്ഞുള്ള മനസ്സുമായ്
കരുണാപൂർണനായ് നിൽക്കാൻ മന്നിലാർക്കെന്നു സാധ്യമാം?
അതിനാൽ മാത്രമല്ലീയന്നരികിൽ ഭീമസന്നിഭം
നിന്നൊരായസശില്പത്തെപ്പൊടിക്കുമ്പോൾ പുണർന്നതും!
(ജ്ഞാനകൃഷ്ണൻ)

ഇതിൽ അത്ഭുതമില്ല. കുട്ടിക്കൃഷ്ണമാരാർ *വ്യാസമഹാഭാരത*ത്തിലെ ധൃതരാഷ്ട്രനെയാണ് നിരൂപണം ചെയ്തത്; വിശകലനത്തിന് വിധേയ നാക്കിയത്. അപ്പോൾ അങ്ങനെയേ പറയാനാവൂ. പ്രഭാവർമ ആസന്നമരണ നായ കൃഷ്ണന്റെ പശ്ചാത്താപപൂർണമായ ദൃഷ്ടിയിലൂടെ ധൃതരാഷ്ട്രനെ നിരീക്ഷിക്കുന്നു. അപ്പോൾ ഇങ്ങനെയല്ലാതെ മറ്റെങ്ങനെ കാണാൻ? എന്നാലും ലൗകികദൃഷ്ട്യാ ഒരത്ഭുതം തോന്നാം: കൃഷ്ണനോട് ഒരു കാലു

ഷ്യവും തോന്നാത്ത, "മകനേ വിജയീഭവ!" എന്നാശംസിക്കുന്ന, ഇത്ര ശാന്തരസപ്രധാനനായ ധൃതരാഷ്ട്രനെ ഉൾക്കൊള്ളാനാവുന്നില്ല. ഇതിന്ന് മറുപടി ധൃതരാഷ്ട്രന്റെ യാത്രാമൊഴിയാണ്. വിശേഷിച്ച് ഈ വരികൾ:

സുവർണവസ്ത്രമെന്തിന്നായ്? മരത്തോലുകൾ പോരുമേ!
ഇനിയും യാത്ര; ദൂരത്തു വനഭൂമി വിളിക്കയായ്!
കൺകളോ കൈകളോ വാക്കോ വാളു വീശാത്ത ഭൂമിക!
കാറ്റിനും പൂനിലാവിന്നും കോട്ടയില്ലാത്ത ശുദ്ധത!
നഖരം നീട്ടിയെത്തുന്ന നിനവില്ലാത്ത ശാന്തത!
ചതിയിൽ കൊന്നു വെല്ലുന്ന നരരില്ലാത്ത സ്വച്ഛത!
വെൺശിലാതല്പവും വെഞ്ചാമരവും നൽകിടാത്തതാം
കുളിരുള്ളിലുണർത്തുന്ന വനം നീർത്തുന്നിതാർദ്രത!

ഈ 'വനവർണന' യുദ്ധത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ച ധൃതരാഷ്ട്രന്നേ സാധ്യമാവൂ. എന്തൊരു പരഭാഗശോഭയോടെയാണ് ഈ വരികൾ യുദ്ധത്തിന്റെ കെടുതികളിലേക്ക് വെളിച്ചം പായിക്കുന്നത്!

ഇരുണ്ടുകാണുന്ന വനത്തിനോട-
ങ്ങടുക്കുമോരോ ചുവടിന്നുമൊപ്പം
തെളിഞ്ഞുവന്നൂ ധൃതരാഷ്ട്രർതൻ കൺ-
വെളിച്ചമെന്നുള്ളതറിഞ്ഞു കൃഷ്ണൻ!

കാട്ടിലേക്കു പോകാനൊരുങ്ങിയപ്പൊഴേ ജാത്യന്ധനായ അദ്ദേഹത്തിന് ഈ വെളിച്ചത്തിന്റെ ലാഞ്ഛനങ്ങൾ കിട്ടിത്തുടങ്ങി എന്ന് വിചാരിക്കണം. അതാണ് ഈ വനർണനയും മറ്റും തെളിയിക്കുന്നത്. ഈ ശ്ലോകത്തിനു തൊട്ടു പിൻപത്തെ ശ്ലോകവും ശ്രദ്ധേയമത്രേ:

ഇരുട്ടു മൂടും മിഴികൾക്കു കാണാൻ
കഴിഞ്ഞ സത്യങ്ങളിലൊന്നു പോലും
വെളിച്ചമുള്ളോരു മിഴിക്കു കാണാൻ
കഴിഞ്ഞതില്ലെന്നതറിഞ്ഞു കൃഷ്ണൻ!

"കൂരിരുട്ടിലേക്കൊഴുകുകയായി കൃഷ്ണൻ" എന്നാണ് പ്രസ്തുത സർഗത്തിന്റെ അവസാനം! അന്ധനായ ധൃതരാഷ്ട്രന് കണ്ണു കാണാമെന്നാവുന്നു. കണ്ണു കാണാവുന്ന കണ്ണൻ ഇരുട്ടിലേക്കാഴുന്നു!

## രുഗ്മിണി

ഛായാകൃഷ്ണൻ എന്ന പതിമൂന്നാം സർഗത്തിൽ (പന്ത്രണ്ടാം പ്രകരത്തിൽ) കൃഷ്ണൻ രുഗ്മിണിയെ ഓർമിക്കുന്നു. ആ സർഗത്തിന്റെ പരാവർത്തനം ഇങ്ങനെ നിർവഹിക്കാം:

ശ്യാമമായ അനന്തപഥത്തിലൂടെ, അകലെയെങ്ങോ ജ്വലൽപ്രാഭവശ്രീയാർന്നു മരുവുന്ന ദ്വാരകാപുരി തേടി ഛായാകൃഷ്ണൻ പുറപ്പെട്ടുപോലും.



ഐശ്വര്യപൂർണമായ സന്ധ്യകൾ, ഏതു രാവു പുലരുമ്പോഴും മയങ്ങുമ്പോഴും, അവന്ന് പാത തെളിയാൻ സദാ പ്രാർഥിച്ചുകൊണ്ടു നിന്നു. ശാപത്തിന്റെ ഇരുട്ട് തൊട്ടുപുറകെ എത്തുന്നതായി ഒട്ടും ഭാവിക്കാതെയും അതിന്റെ താപം അകമേ തട്ടുന്നത് ഓർക്കാതെയും കൃഷ്ണൻ ശ്രീമത്തായ ദ്വാരക തേടി അവിടെയുള്ള തന്റെ ധർമദാരങ്ങളെ അന്വേഷിച്ചു ചെല്ലുകയായി. അവളെ കണ്ടിട്ടു നാളെത്രയായി! എല്ലാ വേനലിലും കുളിർമ പകരുന്ന നീർത്തുള്ളിയായും ഹൃദയം നിറഞ്ഞ വേദന ഉഴിഞ്ഞുകളയുന്ന സ്നേഹാർദ്രസുസ്പർശമായും എപ്പോഴും തന്നെ ഒരാളെ മാത്രം അകമേ ചിന്തിച്ച് ഒരു മനസ്സ് ശീതരശ്മിയായിത്തന്നെ നിന്നുറയുന്നുണ്ട് എന്നു ഞാൻ ഏറെക്കാലമായി ഓർത്തില്ല. അവൾ അന്ന് എന്നും സ്വപ്നത്തിൽ ഇളംപീലിത്തിളക്കം അന്വേഷിച്ചു. തിരിച്ച് എന്താണ് നൽകിയത്? സ്വർണശോഭ വഴിയുന്ന ശ്രീവത്സസ്പർശമോ? അവൾ എന്നും മനസ്സുകൊണ്ട് ഇളം പാട്ടിന്റെ ഓടക്കുഴൽ അന്വേഷിച്ചു. നൽകിയതോ? ഗഭീരസാന്ദ്രനിനദത്തിന്റെ പാഞ്ചജന്യമോ? എന്നും രാത്രി വെളുക്കുവോളം ഉരുകി കത്തിജ്ജ്വലിക്കുന്ന ചെമ്പൊന്നിൻ നാളത്തെപ്പോലെ ഇമ പൂട്ടാതെ ഇരുന്നവളെ, അന്നെങ്ങാൻ ഓർമിക്കുന്നതിന് ഒരല്പസമയം കണ്ടെത്തിയോ? കാത്തുകാത്ത് പല നാൾ ചെല്ലവേ, എന്നോ പനിനീർപ്പൂക്കൾ വാടിയടർന്നുവീണു!

വളരെക്കാലം കുണ്ഡിനപുരിക്കു പ്രിയയായിക്കഴിഞ്ഞ അവൾ, പിന്നീ ട് ദ്വാരകാറാണിയായി. പിന്നെ അവൾ അർധാംഗിനിയായി (പട്ടമഹിഷിയായി)! അവളെ കാണാൻ, കണ്ട് വിടവാങ്ങി മടങ്ങാൻ, മാത്രമാണീ യാത്ര! ഇപ്പോഴ ത്തെ ഈ യാത്ര ഓർമയിലൂടെയും!

രുഗ്മിണിക്ക് എല്ലാ സുഖവും സൽപ്രതാപവും പകർന്നുനൽകിയെങ്കിലും ഒരിക്കലും അവളുടെ മനം കണ്ടില്ലെന്നറിയാം. അതു കാണാതെ ഞാൻ ഓരോ ദിവസവും ജന്മദൗത്യമായി പുതിയ പുതിയ കർമങ്ങൾ ഏറ്റെടുത്ത് ഓരോ വഴിയിലൂടെ നടന്നുപോയി! അഗ്നിസാക്ഷിണിയായി പരിണയിച്ച പത്നിയെ ഓമനിച്ച് ഒരു വാക്കുപോലും ഒരു ദിവസംപോലും പറയാതെ ഞാൻ വെറുതെ അലഞ്ഞുനടന്നു!

ഇപ്രകാരം ഓരോന്നു ചിന്തിച്ച് കൃഷ്ണമാനസം അസ്വസ്ഥമായി. പോയ കാലം എല്ലായ്പ്പോഴും മനസ്സിൽ കനലായി ഉതിരുകയാണ്. മാലയിട്ടു വരിച്ച അന്ന് ആദ്യരാവിൽപ്പോലും, വൈകിയെങ്കിലും, താൻ അവളെ അന്വേഷിച്ച് എത്തിയില്ല! കിനാവിന്റെ പൂക്കൾ അന്നുതന്നെ വാടിയിട്ടുണ്ടാവും. എങ്കിലും കണ്ണു കലങ്ങാതെ പുഞ്ചിരിച്ചവളാണ് രുഗ്മിണി. അവൾക്ക് നിത്യവും തന്നെ കാത്തിരിക്കലായി ജീവിതം. താനാകട്ടെ ഈ വിധം അവളെ ഒരിക്കലും കാത്തിരുന്നിട്ടുമില്ല! എങ്കിലും തെല്ലും നീരസമില്ലാതെ നിത്യവും സ്മരിച്ചുകൊണ്ട് തന്റെ സ്നേഹത്തെ കാത്തവളല്ലേ അവൾ? മുനിഞ്ഞു കത്തുമ്പോഴും കെടാനാവാത്ത നാളമായി എല്ലായ്പ്പോഴും അറപ്പുരയിൽ നീറിനിന്നവളാ

ണവൾ! ഘടദീപം പോലെ ഇവിടെ കഴിയുന്ന പെങ്ങളെ വീണ്ടെടുക്കുന്നതിനുവേണ്ടി സോദരൻ യുദ്ധത്തിനു വന്നവാറേ, അവനും താനുമായി രൂക്ഷമായ പോര് തുടർന്ന നാളുകളിൽ, രുഗ്മിണിക്ക് മനസാ അവനോട് ഒത്തുനിൽക്കാൻ കഴിഞ്ഞില്ല. മനസ്സു തൊട്ടുനിൽക്കുന്ന തന്റെ ആങ്ങള തോൽക്കണമെന്നു മനസ്സു നൊന്തു പ്രാർഥിച്ച പെങ്ങളാണ് അവൾ. തേരിലേറി ആദ്യമായി ദ്വാരകാപുരി കണ്ട നാൾ, പുരവാസികൾ സകലരും കൗതുകം പൂണ്ടു നിന്ന നാൾ, അവർക്കു നടുവിൽ പൂനിലാവിന്റെ പുത്രിയെപ്പോലെയും മിന്നലിനാൽ ആരോ തീർത്ത ശില്പം പോലെയും അവൾ നിലകൊണ്ടു. കണ്ണിമയ്ക്കാതെ ആ ദൃശ്യം കണ്ടതും അറിയാതെ എവിടെ നിന്നോ ഒരു കാറ്റു വന്നെത്തിയതും ഇന്നും ഓർമയിലുണ്ട്! അവൾ നെറുകയിൽ തൊട്ട കുങ്കുമം കാറ്റു വന്നു പറത്തിയില്ലേ? അവളുടെ ഭാഗ്യവും അതിനൊത്ത് പറന്നുവെന്നോ? ഇളംപ്രായത്തിലേ അവൾ ആയുധവിദ്യ മുഴുവൻ പഠിച്ചു. രാഷ്ട്രതന്ത്രജ്ഞയായി അവൾ താതപുരിയിൽ കീർത്തി നേടി.

ദ്വാരകാപുരിയിൽ തന്റെ പത്നിയായി വന്ന നാൾ മുതൽ അവൾക്ക് ചക്രവാളം ആ നഗരഭിത്തികൾതന്നെയായി. അരഞ്ഞുതീരുന്ന പുത്തൻ ഹരിചന്ദനമെന്നപോലെ സുഗന്ധവാഹിയായി തന്റെ അരികെത്തന്നെ അവൾ നിന്നു. അവൾ തന്റെ ഓർമയിൽ മാദകമായ മുല്ലപ്പൂമണമല്ല. വിശുദ്ധി വഴിയുന്ന കൃഷ്ണതുളസിക്കതിരിന്റെ മണമാണ്. തനിക്ക് ആരാണവളെന്ന് ഇത്ര കാലവും അറിഞ്ഞില്ല. അവളെ തേടി ഇപ്പോൾ വന്നണയാനുള്ള കാരണവും വ്യക്തമല്ല. ഒന്നും അറിയുന്നില്ലെങ്കിലും ഒന്നു കണ്ടു മടങ്ങാം. അകലാൻ കഴിയാതെ മനസ്സ് അവളിൽ തങ്ങിനിൽക്കുകയാണ്. മട്ടുപ്പാവിൽ ഒരു ആട്ടുകട്ടിലിൽ നേർത്ത പൂവള്ളിപോലെ പറ്റിച്ചേർന്നു കിടന്നുകൊണ്ട് കണ്ണീർ വാർക്കുന്ന ആ സാധ്വിയെ കൃഷ്ണൻ ഒരു നോക്ക് കണ്ടു. അവളാകട്ടെ, ദൂരത്ത് എങ്ങോ ഇരമ്പുന്ന തിരയ്ക്ക് തന്റെ മനമേകി പാഴിലൊഴുകുന്ന കാറ്റായി സ്വയം അലഞ്ഞു!

'കണ്ണാ! വീണ്ടും ഒരിക്കൽ ഈ ഭൂമിയിൽ ജനിച്ചാലും നിന്നെത്തന്നെ ഞാൻ വരിക്കും. അന്ന് നിനക്ക് എന്നെ അറിയാനാകുമോ?' ഇതാണ് ആ മനസ്സ് ഇപ്പോൾ അന്വേഷിക്കുന്നത് എന്നറിയുന്ന കണ്ണൻ തനിക്ക് അതിനെന്താണുത്തരം പറയാനുള്ളതെന്ന് മെല്ലെ മനസാ തേടി തളർന്നു.

ഉറങ്ങും മുൻപ് പ്രിയപ്പെട്ടവളെ കണ്ടു, കിനാവിൽ സദാ കണ്ണു ചിമ്മാതെ ഒളിഞ്ഞുവന്നു മുകരാറുള്ള ശ്രീരാധയെ, കണ്ടു. കൺകുളിർക്കുമാറ് തെളിയുന്ന കർപ്പൂരമായ സത്യഭാമയെ കണ്ടു. രുഗ്മിണി ചോദിച്ചതിന് ഒരുത്തരം മാത്രം കണ്ടില്ല. അപ്പോഴും അവൾ ഉണർന്നെത്തിയില്ല.

എന്തേ രുഗ്മിണിയുടെ മനം നിറയുന്ന ആ മൗനം തന്റെ ഉള്ളിലേക്ക് വിങ്ങൽ തീർത്തു വന്നു നിറയാൻ എന്നോർത്ത് ദ്വാരകയിലെ മാളിക വിട്ട്, അവൾക്ക് നൽകാൻ തന്റേതായി ഒരു ജന്മവും പുലരുകയില്ല എന്ന സത്യം



അറിയുന്നതിന്നായി, വനത്തിലേക്ക് നിഴലായി ഞാൻ പിൻവാങ്ങി.

*　　　*　　　*

കൃഷ്ണന്റെ പട്ടമഹിഷിയായ, ദ്വാരകാരാജ്ഞി രുഗ്മിണിയുടെ ഈ ചിത്രം ശ്രീകൃഷ്ണകഥകൾ ഹൃദിസ്ഥമായവർക്കുപോലും പരിചയമില്ലാത്തതാണ്. അവൾ അലങ്കരിക്കുന്ന പദവി അത്ര ഉന്നതവും അസൂയാവഹവുമാണല്ലോ! മരണം വന്നു മുൻപിൽ നിൽക്കുമ്പോൾ കൃഷ്ണൻ മനസ്സിൽ കാണുന്ന രുഗ്മിണീചിത്രം ഇതാണ്. അന്തസ്സു വിടാത്ത, എന്നാൽ അങ്ങേയറ്റം പ്രേമപൂർണമായ, സമർപ്പിതചേതസ്സായ ധർമപത്നിയുടെ ചിത്രം.

എല്ലാ വേനലിലും കുളിർമ പകരും നീർത്തുള്ളിയായ്; നെഞ്ചകം
തിങ്ങും വേദനയങ്ങുഴിഞ്ഞുകളയും സ്നേഹാർദ്രസുസ്പർശമായ്
എന്നും തന്നെയൊരാളെമാത്രമകമേ ചിന്തിച്ചു ശീതാംശുവായ്–
ത്തന്നേ നിന്നുറയുന്നതുണ്ടൊരു മനസ്സെന്നോർത്തതില്ലേറെയായ്!
എന്നും
അറിയാം രുഗ്മിണിക്കെല്ലാ സുഖവും സൽപ്രതാപവും
പകർന്നു നൽകിയെന്നാലോ മനം കണ്ടീലൊരിക്കലും.
എന്നും
അഗ്നിസാക്ഷിണിയായേറ്റുകൊണ്ട പത്നിയെയോമനി–
ച്ചൊരു വാക്കൊരുനാളും ചൊല്ലാതെ പാഴിലലിഞ്ഞുപോയ്!
എന്നും
മാലയിട്ടു വരിച്ചോരന്നാളിലാദ്യത്തെ രാത്രിയിൽ–
പ്പോലുമെത്തിയതില്ലാ താൻ അവളെത്തേടി വൈകിയും.
എന്നും
അവൾക്കു നിത്യവും തന്നെക്കാത്തിരിപ്പായി ജീവിതം.
അവളെക്കാത്തിരുന്നിട്ടില്ലൊരു നാളുമതേ വിധം.

എന്നുമുള്ള ശ്ലോകങ്ങൾ നോക്കുക. ആദ്യത്തെ ശ്ലോകം അവൾ തനിക്ക് എന്നും ആശ്വാസദായകമായ താങ്ങും തണലുമായിരുന്നുവെന്നും മറ്റു പദ്യങ്ങൾ അവൾക്ക് എല്ലാ ഭൗതികസൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുത്തെങ്കിലും ആ മനസ്സ് കണ്ടറിഞ്ഞു പെരുമാറാൻ ഒരിക്കലും താൻ ശ്രമിച്ചില്ലെന്നും അഗ്നിസാക്ഷിണിയായി വരിച്ച ആ ധർമപത്നിയോട് ഓമനിച്ച് ഒരു വാക്കുപോലും ഒരിക്കലും പറഞ്ഞില്ലെന്നും ആദ്യരാത്രി യിൽപോലും വൈകിയെങ്കിലും അവളുടെ അരികിൽ എത്താൻ മനസ്സു വെച്ചില്ലെന്നും അവൾ നിത്യവും തന്നെ കാത്തിരുന്നതല്ലാതെ അവളെ ഒരിക്കലും താൻ കാത്തിരുന്നിട്ടില്ലെന്നും പശ്ചാത്താപപൂർവം സ്മരിക്കയും ചെയ്യുന്നു. ഈ തരത്തിലുള്ള രുഗ്മിണീയുടെ ദുഃഖനിർഭരമായ ചിത്രം പ്രഭാവർമയായിരിക്കും ഒരുപക്ഷേ ആദ്യമായി മലയാളകാവ്യലോകത്ത് അവതരിപ്പിക്കുന്നത്.

## ദ്രൗപദി

പതിനാലാം സർഗം (പതിമൂന്നാം പ്രകരണം) ”അനന്തകൃഷ്ണൻ.” അതിലാണ് ദ്രൗപദിയെപ്പറ്റിയുള്ള നിരൂപണം. ആ സർഗത്തിന്റെ ആശയം ഏതാണ്ട് ഇപ്രകാരം:

ആകാശത്തിന്റെ അവകാശിയാണെന്നു രാത്രി കരുതുന്നു. എന്നാൽ സൂര്യൻ ഉദിക്കുന്ന നിമിഷം പൂർണമായും അതിന്റെ ഊഴം തീരുന്നു. ആകാശത്തിന്റെ അധികാരിയെന്ന വിചാരഗർവോടെ നീങ്ങുന്ന പകൽപ്പൂരത്തിന്റെ തിടമ്പും പിന്നെ നിസ്തേജമായങ്ങ് പൊലിയുന്നു. കൃഷ്ണനെ സ്വന്തമായി മാറ്റാൻ എത്രയെത്ര മനസ്സുകളാണ്! കൃഷ്ണന്നു സ്വന്തമായി മാറ്റാൻ ഏതു മനസ്സും ഇല്ല. എല്ലാം നിത്യവും സമുദ്രത്തിൽ എത്തിച്ചേരുന്നു സമുദ്രം ഒരിക്കലും ഒന്നിനെയും തേടി എത്തു ന്നില്ല. പലരും പല കാലത്തും കൃഷ്ണനെ തേടിയെത്തുന്നു. താൻ എല്ലാവർക്കും സ്വന്തമാണെന്നല്ലേ കൃഷ്ണന്റെ നിശ്ചയം?

എങ്കിലും സഖിയായ ദ്രൗപദി അറിഞ്ഞതുപോലെ തന്നെ ആരറിയുന്നുവെന്നു കൃഷ്ണൻ ആലോചിച്ചുകൊണ്ടേ നിന്നുപോയി. ഉത്തരാപഥം അന്വേഷിച്ച് ഇറങ്ങിപ്പോയ കൃഷ്ണൻ പാഞ്ചാലിയുടെ അന്തഃപുരത്തിൽ ഛായയെപ്പോലെ ചെന്നു. ദൂരവും കാലവും പിന്നിൽ മറഞ്ഞു. കൃഷ്ണൻ ഏകനായി പാഞ്ചാലിയുടെ അടുത്ത് നിഴലിന്റെ നിഴലെന്നപോലെ നിന്നു. ദ്രൗപദി കാലൊച്ച ഒട്ടും കേട്ടില്ല. അവൾ കൃഷ്ണന്റെ സാന്നിധ്യം ഒട്ടും അറിഞ്ഞില്ല. തന്റെ കല്പനയുടെ കേളീമന്ദിരമാണ് ദ്വാരകാപുരി. കദംബപുഷ്പമഞ്ജൂഷപോലെ അതിൽ കൃഷ്ണവിഗ്രഹം! കണ്ണനോട് പറയാതെ മനസാ കാത്തു സൂക്ഷിച്ച വാക്കുകൾഅതിന്റെ മുന്നിൽ ഇറ്റിറ്റായി തൂവിവീണു:

“സഖി എന്ന വാക്കിന്റെ അർഥമറിയാതെയാണെങ്കിലും,നിനക്കു സഖിയായിത്തന്നെയാണ് ഇത്ര കാലവും ഞാൻ കഴിഞ്ഞുകൂടിയത്. എന്നാൽ, ശ്രീകൃഷ്ണാ!, നീ ഒരിക്കലും എന്റെ മനസ്സറിഞ്ഞില്ല! അല്ലെങ്കിൽ ആ വിധത്തിലാണ് നീ എപ്പോഴും നടിച്ചത്! എന്റെ ജീവിതത്തെ എന്റേതായി ത്തീരാൻ വിടാതെ നീ അതിനെ തന്റെ ഇഷ്ടത്തിന്റെ വഴിക്ക് എന്തേ ഒഴുക്കിയത്? അർജുനന്റെ തേർ തെളിച്ചപ്പോൾ നീ അവന്റെ മനമായി. എന്റെ ജീവിതത്തെ നയിച്ചപ്പോഴാകട്ടെ എന്റെ മനസ്സ് നീ കണ്ടില്ല. അച്ഛനായ ദ്രുപദൻ വേളിമുഹൂർത്തം നിശ്ചയിച്ച നാൾ, കമനീയാംഗാ!, നിന്നെത്തന്നെയാണ് ഞാൻ മനസാ വരിച്ചത്! നിന്റെ മനസ്സ് അറിയാത്തതൊന്നുമില്ല എന്നെനിക്കറിയാം. അതിനാൽ എന്റെ മനസ്സ് നീ അറിഞ്ഞിട്ടുണ്ടെന്ന് എനിക്കറിയാം.

രാജധാനിയിൽ അന്ന് എന്റെ സുമംഗല്യമുഹൂർത്തമായി. കൃഷ്ണനെത്തന്നെ ഉള്ളിൽ നിറച്ചുകൊണ്ട് ഞാൻ കാത്തിരുന്നു. (“കൃഷ്ണന്റെ മഥുരയിൽ പ്രചാരത്തിലുള്ള ഒരു നാടൻപാട്ടിൽ ദ്രൗപദി കൃഷ്ണനെ വരനായി കിട്ടണമെന്നാഗ്രഹിച്ചിരുന്നതായി പറയുന്നു. വിവാഹനാളിൽ



കൃഷ്ണൻ വില്ലു കുലയ്ക്കുമെന്നും തന്നെ വേൾക്കുമെന്നും ദ്രൗപദി പ്രതീ ക്ഷിച്ചുവത്രേ.” എന്ന് കവിയുടെ അടിക്കുറിപ്പ്) അച്ഛന്ന് അർജുനനാണ് ഏറ്റവും പ്രിയങ്കരനെന്ന് ഞാനറിഞ്ഞു. എന്നാൽ, അർജുനൻ വനവാസത്തിലാണല്ലോ എന്നു ഞാൻ ആശ്വസിച്ചു. വില്ലെടുത്ത് കുലയ്ക്കാനായി തയ്യാറാക്കിയ വേദിയിലൊന്നും അർജുനനെയെന്നല്ല, പഞ്ചപാണ്ഡവരിലാരെയും കണ്ടില്ല. പിന്നെയുള്ളത് രാധേയ(കർണ)നാണ്. അവനെ കണ്ടമാത്രയിൽ സൂതപുത്രനെ വേൾക്കില്ലെന്ന് ഞാൻ ഉറക്കെത്തന്നെ പറഞ്ഞു! കർണൻ വില്ലെടുക്കുകയാണെങ്കിൽ ലക്ഷ്യത്തിൽ ശരം കൊള്ളും. അവന്നു ഞാൻ പത്നിയാവും; നീ കേവലം അന്യനും. അതുകൊണ്ടുതന്നെയാണ് ഞാൻ അവനെ സൂതപുത്രനെന്ന്, ഉള്ളിൽ അങ്ങനെ കരുതിയില്ലെങ്കിലും, അവഹേളിച്ചത്. അത് കർണനിൽ, ശരമെന്നപോലെ, ആഴത്തിൽ പതിച്ചു. ആ ശരം നൂറുനൂറായി യുദ്ധഭൂമിയിൽ പറന്നുനടന്നു. നവയൗവനയുക്തന്മാരായ വീരരാജകുമാരകർ ആയിരം കണ്ണുകൾകൊണ്ട് എന്നെ മോഹിതരായി പുണർന്നു. ഈയുള്ളവൾ സൂക്ഷ്മമായി ആരെയും നോക്കിക്കണ്ടില്ലെങ്കിലും മേഘവർണത്തിന്റെ ഒളി മാത്രം ഒരാളിൽ കണ്ടു. അത്, കാർവർണാ!, നീതന്നെ എന്ന് പാവം ഞാൻ കരുതി! അപ്പൊഴേ കൃഷ്ണവർണത്തെ ഞാൻ മനസാ മാലയിട്ടു. എല്ലാ ഇഷ്ടദേവതകളെയും വിളിച്ച് ഉള്ളമഴിഞ്ഞു ഞാൻ പറഞ്ഞു: കൃഷ്ണവർണൻ തന്നെ വിജയിച്ചെത്തേണമേ! എന്റെ പ്രാർഥന പാടേ ഫലിച്ചു: ക്ഷണമാത്രയിൽ ചടുലമായി നീങ്ങുന്ന മത്സ്യത്തിനുമേൽ അമ്പു കൊണ്ടു! അടുത്ത നിമിഷം, വിജയിച്ചത് നീയല്ല, അർജുനനാണെന്ന്, ഉള്ളം നടുങ്ങുമാറ്, ഞാൻ അറിഞ്ഞു. അപ്പോൾ ശ്യാമവർണത്തിൽ എന്റെ മനസ്സിൽ വന്നുനിന്നവൻ എന്റെ കാർവർണനല്ലെന്ന കനലിൽ ഞാൻ പൊള്ളിനിന്നു. എന്റെ നേരറിയുന്ന നീ എന്തുകൊണ്ടാണ് ഈ ചതി ചെയ്തത്? അപ്പൊഴേ എന്റെ ഉള്ളിലെ തീർഥധാരയിൽ ഒഴുക്കു നിന്നു. ബ്രാഹ്മണരെപ്പോലെ പഞ്ചപാണ്ഡവന്മാരെ എന്തിനാണ് നീ അവിടേക്ക് ആനയിച്ചത്? ഓർത്താൽ, നിന്റെ കളി ക്രൂരംതന്നെ! പ്രച്ഛന്നവേഷനായി അന്നു വന്നത് അർജുനനാണെങ്കിലും, അച്യുതാ!, നിന്റെ പ്രച്ഛന്നവേഷത്തെയല്ലേ ഞാൻ കണ്ടത്?

വഴിയേ വന്നതെല്ലാം വിധിയായി ഞാൻ സ്വീകരിച്ചു. അതുകൊണ്ടു തന്നെ പിന്നെ ഞാൻ അഞ്ചാൾക്കു വധുവായിത്തീർന്നു! മാധവാ! ആരോടും ഈവണ്ണം കൊടും ക്രൂരത പാടില്ല. ശരീരം അഞ്ചാൾക്കു വീതിക്കാം. മനസ്സ് എങ്ങനെ അഞ്ചാക്കും? ഇരുട്ടിൽ അഞ്ചു നാളങ്ങൾ, അന്യോന്യം തടയാതെയും ഉലയാതെയും ആഴക്കയത്തിൽ താഴാതെയും, ഒഴുകിപ്പോന്നു. ലോകം ഇരുട്ടത്ത് അഞ്ചു വിളക്കുകൾ നിത്യവും കണ്ടു. അവ ഇപ്പോഴും അഞ്ചു താലത്തിൽ നിന്നുതിളങ്ങുന്നുണ്ട്. മധുസൂദനാ! അവയെ കാണുന്നവരിൽ ആർ, വഴി തെറ്റാതെ അതിനെ കൊണ്ടുപോകുന്ന ഒരു പുഴയെ, കാണുന്നു?

ദീപത്തിന്റെ തെളിനാളങ്ങൾ ഇളകുന്നില്ലെങ്കിലും പ്രതിബിംബങ്ങൾ കുഞ്ഞലച്ചാർത്തിൽ എപ്പോഴും ഉലയും. ഇരുട്ടത്ത് പ്രകാശമേ കാണൂ. ഒരാളും പുഴയെ കാണുന്നില്ല. പുഴ ഒന്നിളകിപ്പോയാൽ ദീപങ്ങൾ മുങ്ങുമെന്നതും ആരും കാണില്ല. ഈ വിധം ഞാൻ അഞ്ചുപേരെ നയിക്കുന്നു. കഷ്ടം!

അതിനിടെ പിന്നെയും നീ ഗതി മാറ്റിയൊഴുക്കാൻ വന്നു! അഞ്ചു പേരിൽ അർജുനന്നായിരുന്നു എന്നിൽ ഉൾപ്രിയം. അതു നീ അറിയവേ, നീയും നിന്റെ തന്ത്രവും വന്നു! അല്ലെങ്കിൽ, എന്തിനാണ് സ്വന്തം സഹോദരി സുഭദ്രയെക്കൊണ്ട് നീ എന്നിൽ ഉൾപ്രിയം ചേർന്ന അർജുനനെ വേൾപ്പിച്ചത്? രാത്രി പെങ്ങളെ തട്ടിക്കൊണ്ടു പോകാൻ പിന്തുണ നൽകുന്ന ഒരു സഹോദരനെപ്പറ്റി മൂവുലകിലും മുൻപ് ഒരിക്കലും കേട്ടിട്ടില്ല. മുൻപേ സപത്നീത്വത്തിന്റെ വിങ്ങലറിഞ്ഞവളാണു ഞാൻ. നിന്റെ നേർപെങ്ങൾ കൂടി എന്റെ സപത്നിയായി വന്നു! അതിനുശേഷം ഈ എന്നിൽ അർജുനൻ മനസ്സു ചേർക്കാതായി. സ്നേഹം ബാക്കിയുണ്ടാവില്ല എന്ന സത്യം അന്ന് ഞാൻ അറിഞ്ഞു. ഉള്ളിൽ പ്രേമം ഉണ്ടെങ്കിൽ പണയം വെക്കാനും വസ്ത്രാക്ഷേപം കണ്ടുനിൽക്കാനും അർജുനന് എങ്ങനെ കഴിഞ്ഞു? വനവാസത്തിലുൾച്ചേർന്ന യാതനാപൂർണമായ യാത്രകളിലൊന്നിലും സങ്കടങ്ങൾ പങ്കിടാൻ സുഭദ്രയെ കണ്ടില്ലല്ലോ. ഇരുട്ടിൽ ഉഴലുമ്പോൾ കൂട്ടിനു വരാത്ത നിഴൽ വെളിച്ചം ഉതിരുമ്പോൾ ഉടനെ ഒപ്പം എത്തുകയായി! വനവാസത്തിൽ എപ്പോഴും പാണ്ഡവർക്ക് ശമനൗഷധിയായിത്തീർന്നത് ഈ പാഞ്ചാലി മാത്രം! സുഖവും ഐശ്വര്യവും സമ്പൽസ്ഥിതിയും സൽപ്രതാപവും വരുമെന്നായപ്പോൾ സുഭദ്രയും വന്നുചേർന്നു!

അല്ലയോ നന്ദകുമാരാ! മനസ്സ് ചുട്ട് വിളിച്ചപ്പോഴൊക്കെ നീ എന്റെ രക്ഷയ്ക്ക് വന്നു എന്ന സത്യം എനിക്കറിയാം. എങ്കിലും, സർവവും തന്നിൽത്തന്നെ അർപ്പിച്ച പെണ്ണിനെ നീ അതിനു മുൻപു തന്നെ രക്ഷിക്കേണ്ടതല്ലേ? എന്റെ ഒരു ദുരന്തത്തെയും വരുംമുൻപുതന്നെ നീ ഒരിക്കലും തട്ടിമാറ്റിയില്ല! അന്ന് ചൂതിൽ എന്നെ പണയപ്പണ്ടമാക്കാൻ മുതിർന്ന പാണ്ഡവന്മാരെ നീ തടയാതെ ഇരിക്കയാണുണ്ടായത്! സഭയിൽ വസ്ത്രമോരോന്നായി ഉരിയാൻ നിന്ന കൈകൾ എന്റെ ശരീരത്തിൽ തൊടുന്നതുവരെ എന്തിനാണ് നീ കാത്തുനിന്നത്? താനൊരളല്ലാതെ മറ്റാരും, ഭർത്താക്കന്മാരാരും, രക്ഷിക്കാനില്ലെന്നു വരുത്താനാണോ? അതിന്നുവേണ്ടി, അതിന്നുവേണ്ടി മാത്രം, എന്നെ അപമാനക്കയത്തിലേക്ക് ആഴ്ത്തിയതാണോ? രക്ഷകച്ഛായ അണിയാൻ കാത്തിരുന്നതാണോ? ഒന്നും എനിക്കറിയില്ല. നിന്റെ മനസ്സ് എനിക്ക് ഒട്ടും പിടികിട്ടുന്നില്ല. സഖിത്വത്തിന്റെ അർഥം ഇത്തരത്തിലുമാവാമെന്ന് ഞാൻ അറിയുന്നു. എന്റെ മനസ്സ് കടഞ്ഞ് ഞാൻ തീർത്ത എന്റെ കൃഷ്ണൻ ഈ വിധം മാറുമെന്ന് ഓർത്തില്ലല്ലോ! പക്ഷേ, മാറി! നീ ഇപ്പോൾ മറ്റൊരാൾ



തന്നെ!"

സംസാരദുഃഖസാഗരത്തിരകളിൽ മുങ്ങുന്ന തന്റെ മനസ്സിൽ എന്തേ കണ്ണൻ ഇരുട്ടുപോലെ നിറയാൻ എന്നും, തന്നെ മറന്ന് കൃഷ്ണനെ എന്തേ ഈ വിധം നിശിതമായി ഖണ്ഡിക്കാൻ എന്നും ഓർത്തല്ലേ പരിതാപവും ഉന്മാദവും ബാധിച്ചവളെപ്പോലെ ദ്രൗപദി ഉണർന്നെഴുന്നേറ്റത്? കൃഷ്ണന്റെ അടുത്തുതന്നെ ഇമ പൂട്ടാതെ എല്ലാം കേട്ടുകൊണ്ട്, എന്നാൽ, തന്നെ മനസ്സുകൊണ്ട് തഴുകിക്കൊണ്ട്, ഇത്രയും നേരം നിന്നെന്നുതന്നെ തോന്നി തിരിഞ്ഞുനോക്കുന്ന പാഞ്ചാലിയുടെ കണ്ണീർച്ചാൽ, ശീതളമായ തൈത്തെന്നലിന്റെ കൈകൾ, തുടച്ചു. തന്നെ പാഞ്ചാലിയെപ്പോലെ അറിയുന്ന ഒരു മനസ്സ് വേറെയില്ലെന്നും എല്ലാമെല്ലാം നേരേ മനസ്സിലാക്കിയാൽ ഉടനെ ഒരു ഹിമശൈത്യർത്തുവായി ആ മനസ്സ് തന്റെ നെഞ്ചിൽ ചെന്തീ പടർത്തുന്ന ദുഃഖം കെടുത്താൻ വന്നെത്തുമെന്നും ചിന്തിച്ചുകൊണ്ടുതന്നെ കണ്ണൻ പുതിയ ഒരു കനലിൻബിംബമായി പോയ്മറഞ്ഞു. . . .

ആദിയാദവതേജസ്സിൽനിന്നുണ്ടായ നാലുപേരും ഇപ്രകാരം വേദനിച്ച് അസ്തമയവീഥിയിലേക്ക് തനിയെ തിരിച്ചുവരവായി. നാലു ദീപശിഖ ഒത്തുചേർന്ന് ഉദയസൂര്യബിംബത്തെ അന്വേഷിക്കവേ, സൂര്യൻ അങ്ങ് ചരമാദ്രിയുടെ ഇരുളിൽ ആണ്ടുവെന്നു മനസ്സിലായി. കൂട് ഏതു കാട്ടുതീയാണ് ചാമ്പലാക്കിയതെന്നറിയാതെ ഏറെ വേഗത്തിൽ എത്തുന്ന കിളികളെപ്പോലെ അതിദീനമായി എങ്ങുമെങ്ങും അലയാനാണ് നിയോഗം; ഇരുൾ തിങ്ങുന്ന ആകാശങ്ങളിൽ ചെന്നെത്തുന്നതിന് എങ്ങും ഒരിടമില്ലെന്നറിയുമെങ്കിലും.

*   *   *

വ്യാസന്റെ *മഹാഭാരതം* സൂക്ഷ്മമായി പഠിച്ചവർക്ക് ദ്രൗപദിയും കൃഷ്ണനും തമ്മിൽ അവിഹിതമെന്നു പറയാവുന്ന ഒരു രഹസ്യപ്രണയബന്ധമുണ്ടെന്ന് അവ്യക്തമെങ്കിലുമായ ഒരു തോന്നലുണ്ടാവും. ഉത്തരമഥുരയിലെ ഒരു നാടൻപാട്ടിൽ ഇങ്ങനെ ഒരു കഥ പ്രചാരത്തിലുണ്ടെന്ന് *ശ്യാമമാധവ*കർത്താവ് ചൂണ്ടിക്കാട്ടുന്നുമുണ്ട്. എഴുത്തച്ഛൻ *കിളിപ്പാട്ടി*ൽ ഈ പ്രേമബന്ധത്തെ ഭക്തിയുടെ മറകൊണ്ട് മൂടിവെക്കാൻ ശ്രമിച്ചിട്ടുണ്ട്. *കിളിപ്പാട്ടി*ന്റെ സ്വാധീനം മലയാളത്തിൽ അതിവിപുലമാകയാലും *ഭാരതപര്യടനം* ഇക്കാര്യത്തിൽ കാര്യമായ വെളിച്ചമൊന്നും വീശാത്തതിനാലും മലയാളിമനസ്സിന് ദ്രൗപദീ–കൃഷ്ണരഹസ്യപ്രേമബന്ധം പുതുമയാണെന്നു തോന്നുന്നു. പ്രഭാവർമയാണ് *വ്യാസമഹാഭാരത*ത്തിൽ അസ്ഫുടസ്ഫുരിതമായ ആ വിഷയം ഈ സർഗത്തിലൂടെ സ്ഫുടമാക്കിത്തരുന്നത്.

കൃഷ്ണനെത്തേടിയെത്തുന്നൂ പലരും പല കാലവും!
സ്വന്തമല്ലാർക്കുമേ താനെന്നല്ലി കൃഷ്ണന്റെ നിശ്ചയം?
എങ്കിലും സഖിയായുള്ള യmÛtk\nbdnªt]mÂ

തന്നെയാരറിയുന്നെന്നു നിനച്ചേ നിന്നു കേശവൻ!

എന്ന വരികളിൽ കൃഷ്ണൻതന്നെ താനും പാഞ്ചാലിയുമായുള്ള അസാധാരണമായ അടുപ്പം വ്യക്തമാക്കിയിട്ടുണ്ട്.

പാർഥന്റെ തേർ തെളിച്ചപ്പോൾ അവന്റെ മനമായി നീ.
എന്റെ വാഴ്‌വു നയിച്ചപ്പോൾ കണ്ടതില്ലെൻ മനസ്സു നീ.
എന്ന് തനിക്ക് പരിഭവമുണ്ടെങ്കിലും,
അറിയാം; ഹൃദയം പൊള്ളി വിളിച്ചുള്ളപ്പൊഴൊക്കെയും
വന്നു നീയെന്റെ രക്ഷയ്ക്കായ്; നേരതെൻ നന്ദനന്ദനാ!

എന്ന് തന്റെ രക്ഷകനെ കൃതജ്ഞതാപൂർവം വികാരവായ്പ്പോടെ അവൾ ഓർമിക്കയും ചെയ്യുന്നുണ്ട്. എങ്കിലും ഓരോ ദുരന്തവും മുൻകൂട്ടി കണ്ട് (അത് കൃഷ്ണന് സാധിക്കുമെന്നത് നിസ്തർക്കം!) തടയാൻ അദ്ദേഹം ശ്രമിക്കാത്തതിൽ അവൾക്ക് പരാതിയുണ്ട്:

എങ്കിലും സർവവും തന്നിൽത്തന്നെയർപ്പിച്ച പെണ്ണിനെ
അതിന്നു മുൻപുതാൻ രക്ഷ ചെയ്തിടേണ്ടവനല്ലി നീ!
മുന്നമേയേതുമേ നന്നായറിയുന്നവനാകിലും
എൻ ദുരന്തങ്ങളേതും നീ തട്ടി മാറ്റീലൊരിക്കലും!
ഒരു പക്ഷേ,
രക്ഷയ്ക്കു താനൊരാളല്ലാതില്ലയെന്നറിയിക്കുവാൻ
പതിമാരാരുമേ രക്ഷിക്കില്ലയെന്നു വരുത്തുവാൻ
അതിനായ്, അതിനായ് മാത്രം, അപമാനക്കയത്തിലേ–
ക്കാഴ്ത്തിയോ? രക്ഷകച്ഛായയണിയാൻ കാത്തിരുന്നുവോ?

എന്നാണ് അവളുടെ ന്യായ്യമായ സംശയം!

കൃഷ്ണനെയാണ് താൻ ആദ്യമേ ഭർത്താവായിക്കിട്ടണമെന്നാഗ്രഹിച്ച തും അച്ഛന്റെ ആഗ്രഹം അർജുനനനുകൂലമാകയാൽ സ്വയംവരപരീക്ഷ നിശ്ചയിച്ചതും അപ്പോഴും അർജുനൻ വനവാസത്തിലാണല്ലോ എന്നു താൻ സമാധാനിച്ചതും മറ്റ് ഒരേയൊരു പ്രതിയോഗിയായ കർണനെ സൂതപുത്ര നെന്ന് വിളിച്ച് അവഹേളിക്കാൻ നിശ്ചയിച്ചതും എന്നിട്ടും അർജുനനെ വരിക്കേണ്ടിവന്നതും പാണ്ഡവന്മാർ അഞ്ചുപേരുടെയും പത്നിയാവേണ്ടി വന്നതും അത് തന്റെ വിധിയെന്നു കരുതി സ്വീകരിച്ചതുമെല്ലാം ദ്രൗപദി സവിസ്തരം സ്മരിക്കുന്നു. എന്നിട്ടും ആ രഹസ്യബന്ധം തുടർന്നു. പാഞ്ചാലി യെ ഏറ്റവും സ്നേഹിച്ചിരുന്ന അർജുനനെക്കൊണ്ട് കൃഷ്ണൻ, അനിതര സാധാരണമായ കരുനീക്കങ്ങളിലൂടെ, തന്റെ സഹോദരി സുഭദ്രയെ വേൾപ്പിച്ചു. അതോടെ അർജുനന് തന്നോടുണ്ടായിരുന്ന ഉൾപ്രേമം കുറഞ്ഞു. സഹോദരിയെ കാണാനെന്ന ഭാവത്തിൽ ദ്രൗപദിയെ ഇടയ്ക്കിടെ സന്ദർശിക്കാമെന്നായിരിക്കുമോ കൃഷ്ണന്റെ ഉള്ളിലിരിപ്പ്?

അതേതായാലും ദ്രൗപദിയും കൃഷ്ണനും തമ്മിലുള്ള രഹസ്യപ്രണയ



ബന്ധം വെളിപ്പെടുത്താൻ ഇവിടെ കവിക്ക്, ഒരുവേള, മുൻപ് സൂചിപ്പിച്ചതു പോലെ, ആദ്യമായിട്ടാവാം, വിജയകരമായി സാധിച്ചിട്ടുണ്ട്.

## ദുരന്തനായകനായ കൃഷ്ണൻ – ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ

പതിനഞ്ചാം സർഗം (പതിനാലാം പ്രകരണം) “ശ്യാമമാധവം” ആണ്. ഏതാണ്ട് മുഴുവൻ കവിവാക്യത്തിലൂടെത്തന്നെ ആവിഷ്കൃതമാകുന്ന ആ സർഗത്തിന്റെ പരാവർത്തനം ഇപ്രകാരം നിർവഹിക്കാം:

കാളമേഘം ഗർജിക്കുന്ന രാത്രിയിൽ ഇടതടവില്ലാതെ പെയ്യുന്ന പേമാരിയിൽ കാരിരുമ്പറയിലായിരുന്നു നിന്റെ ലോകപ്രവേശം – അതു ദുഃഖപ്രദംതന്നെ. അർധരാത്രിസമയത്ത് ഭയങ്കരമായ ഇടിമിന്നലുള്ളപ്പോൾ ജലവീഥിയിലൂടെയായിരുന്നു നിന്റെ ജീവിതയാത്ര – ആ അതിജീവനങ്ങൾ സങ്കടകരംതന്നെ. നിത്യകാളിമ ഇരമ്പി നീർത്ത കരിമേഘമാകുന്ന തിര യാകെ തട്ടിമാറ്റി വഴിയുണ്ടാക്കിക്കൊണ്ടായിരുന്നു ചെറുപ്പത്തിലെ ആ യാത്ര – അതു ദുഷ്കരംതന്നെ. രക്തം ഇറ്റുന്നതുപോലെ ചുകന്നു മിഴിയുന്ന തുടുകൺകളോടുകൂടി ക്രൂരഭൂതഗണങ്ങൾ എങ്ങും തിരയുന്നതിനിടയി ലായിരുന്നു ആ യാത്ര – അതു ഭീതിദംതന്നെ.

പിന്നെ നീ പല കഠിനപാതകളിലൂടെ എത്ര വഴി നടന്നു! നിത്യഭയദ ങ്ങളും അതിസാഹസികങ്ങളുമായ പലായനങ്ങളാണ് ഇവിടെ ജീവിതമെന്നു വന്നു. ക്രൂരത തീ ചൊരിഞ്ഞ മരണഭയത്തിൽ! എല്ലാം നിന്റെ സഹനങ്ങൾ! ആ ദുരന്തവനരഥ്യകളെ ആരറിയുന്നു! ശൈശവത്തിൽ അകലേക്കു ചീന്തിയെറിയുന്നതായീ വിധി. അച്ഛനെയും എത്രയും പ്രിയപ്പെട്ട അമ്മയെയും ഒന്നു കാണാൻപോലും സാധ്യമല്ലാതായി. എത്ര കാലം ദുഃഖത്തിന്റെ രാവുകളിലൂടെ നിന്റെ കാലുകൾ അലഞ്ഞുനടന്നു! ഇളംപ്രായത്തിൽ നിന്നെ നശിപ്പിക്കാൻ എത്രയെത്ര നിഴലുകൾ നീണ്ടുനീണ്ടെത്തിച്ചേർന്നു! എത്രയെത്ര അപവാദങ്ങളുടെ മുൾമുനകളാണ് വന്നുചേർന്നത്? നിന്റെ മനസ്സ് അവയെയെല്ലാം മൃദുലമന്ദഹാസത്തോടെ നേരിടുന്നുവെന്നാണ് എപ്പോഴും നീ പുറമെ നടിച്ചത്! അതു സത്യവുമാണ്. പക്ഷേ, ഓർത്താൽ, അകം അതിതീവ്രമായി കത്തിനിൽക്കുകയായിരുന്നു. ആരറിയുന്നു നിന്റെ ഘനമൂകത? നൂറുനൂറു പുതുപുതുകർമങ്ങൾ ഒന്നിനു പിന്നിൽ ഒന്നെന്നപോലെ, ആയിരം തിര പോലെ, എത്തിയതിലൂടെ അന്ന് ഇല കണക്കെ നീ എന്നെന്നും ഒഴുകിയില്ലേ? വിവിധങ്ങളായ പ്രവൃത്തി കളിലെ ശരികളും തെറ്റുകളും തിരിച്ചറിയാൻ കഴിയാത്തതും മനസ്സിലാ ക്കുന്നുണ്ട്.

i

ചേർന്നതാണല്ലോ യുഗചേതന! ഏതു പുണ്യം, ഏതു പാപം – ഇവ വേർതിരിഞ്ഞ് എവിടെയെങ്കിലും ജീവിതമുണ്ടോ? അതുപോലെ ഏതു ധർമം, ഏത് അധർമം; കർമം, അപകർമം – ഇവയൊക്കെ വേർതിരിച്ചു പറയാൻ എവിടെ ഒരാൾ? ധർമനിശ്ചയം അസാധ്യം! വ്യക്തി കേവലം ഒരായുധം, നിയതി തന്നെ പടനായകൻ എന്നോർത്ത് പലതും പൊറുക്കുന്നതിൽ നീതിയുണ്ട്. അതു സത്യംതന്നെ. വ്യക്തിയാണ് നിയതിയുടെ സാരഥി. അതില്ലെങ്കിൽ ഉറമഞ്ഞുപോലെ കാലചക്രവും നിശ്ചലമാകും – ഇതും ഇതേവിധം ശ്രേഷ്ഠമായ സത്യമാണ്. ഇവിടെ സത്യം പലതായി നിൽക്കും. അതിൽ ഏതും ആർക്കും അവലംബമാകും. പക്ഷേ, മിഥ്യ പലതില്ല. അതിനു രൂപഭേദവും നിറഭേദവുമില്ല. അതൊന്നേയുള്ളൂ. ആകയാൽ, ഒരിക്കൽ ഒരു സത്യം ജയം നേടിയാലും ജയം നേടാതെ തോൽക്കുന്ന മറ്റൊരു സത്യമുണ്ടെന്ന് അറിയുന്നതാണ് നല്ലത്! . . .

ആലോചിച്ചാൽ, അമ്പാടി നൽകുന്ന ചിത്രം മനസ്സിന് ആനന്ദപ്രദമെന്നു കേൾക്കുന്നു. എനിക്ക്, പക്ഷേ, അതൊക്കെ ഉൾക്കൊള്ളുന്നതിന് അന്നും ഇന്നും കഴിയുന്നില്ല. ഗോപാലബാലന്മാരോടൊപ്പം അവൻ കളിച്ചുനടന്ന സ്ഥലമൊക്കെ കടമ്പുപോലെ ആഹ്ലാദം പൂത്തുനിറഞ്ഞതാണെന്നാണ് ലോകമെങ്ങും പറഞ്ഞുകേൾക്കുന്നത്. ചിരിക്കാനും അല്പം കളിക്കാനും തുടിക്കാനും പാടി രമിക്കാനും അന്ന് എങ്ങനെ കഴിഞ്ഞു? മരണം നിന്റെ പിന്നിൽ പതുക്കെ പതുങ്ങിനടന്ന കാലമാണത്! ഇരുട്ടിൽ എവിടെയെങ്കിലും ഇല വീണാൽപ്പോലും നീ കംസാദികളുടെ അനക്കമറിഞ്ഞു. കളിക്കാൻ കിട്ടിയ വണ്ടിയിലും പൈശാചരാക്ഷസത്വം കണ്ടിരുന്നു. പടർന്നുയർന്നെത്തുന്ന ഒതു പൊടിക്കുള്ളിലും ക്രൂരരൂപം നീ ദർശിച്ചു. തളിർത്തുലഞ്ഞ പൂന്തോട്ടത്തിനുള്ളിലും ഒരു രൗദ്രസിംഹമുണ്ടായിരുന്നു. കളിവെള്ളത്തിലും കാളിയനുള്ള കാലത്ത് എവിടെ കളിക്കാൻ! പൂവിതളിലും ചോര പൊടിയുന്ന കാലത്ത് എങ്ങനെ ചിരിക്കാൻ? ഇരുട്ടിലെ നക്ഷത്രങ്ങളിൽപ്പോലും എന്നും കണ്ടിരുന്നത് തുറിച്ചുനോക്കുന്ന കണ്ണുകൾ മാത്രം! പിന്നിൽ വരുന്ന ഒരു നോട്ടം പോലും കരിന്തിരശ്ശീലയെരിച്ചു നീളെ ജ്വലിക്കുകയായിരുന്നു! തെളിഞ്ഞ വാത്സല്യത്തോടെ നിന്നെ എടുത്തു മടിയിൽ കിടത്തി പകർന്ന അമ്മിഞ്ഞയിലും ഭയങ്കരമായ വിഷമൂറിയിരുന്ന കരാളകാലം! . . . നഗരത്തടവുകാരായി കഴിഞ്ഞിരുന്ന പതിനാറായിരം ആയർകന്യകമാരെ ദയാപൂർവം വിടുവിച്ചതിന്റെ പേരിൽ നിന്റെ മേൽ പഴി ചാരിയില്ലേ? അവർക്കെല്ലാം ഭർത്താവ് നീതന്നെ! അവലംബഹീനരായ അവർക്കും തുണയായിരുന്നത് നീയൊരാൾ മാത്രം! അതിനാൽ നീചബുദ്ധിയാൽ പതി എന്ന മട്ടിലാണല്ലോ ലോകം നിന്നെ കണക്കാക്കിയത്! വെണ്ണ കട്ടവൻ വളർന്നാൽ അറിയാതെ ഉള്ളിലെ ശീലവും തഴച്ചുവളരാം. അതിനാൽ സ്യമന്തകം കട്ടത്



നീയാണെന്നനുമാനിച്ച് മാലോകർ നിന്നെ ശകാരിച്ചു! ഗോകുലകന്യകമാരുമൊത്ത് അന്തി തോറും നീ ലീലാലോലനായി പാടി നടന്നു. അതിനും അപവാദമേറെ! ബാല്യം കഴിയും മുൻപാണതെന്ന് ആരറിഞ്ഞു?

ഒരിക്കലും നീ സ്വന്തം അച്ഛനമ്മമാരുടെ വിവരം അന്വേഷിച്ചില്ലെന്നും അവരെ ഗോകുലത്തിൽ ഉപേക്ഷിച്ച് നീ നഗരം തേടി അലഞ്ഞുവെന്നും നിന്റെ നേരെ പല വാക്കിന്റെ വിഷസർപ്പങ്ങൾ ഇഴഞ്ഞുവന്നിട്ടുണ്ട്. അവരാരെങ്കിലും നിന്റെ ദുഃഖം, പ്രിയപ്പെട്ടവരെ ഓർത്ത് തളർന്ന നിന്റെ മനസ്സ്, അറിയുന്നുണ്ടോ? അന്നു നീ കൗരവരാജധാനിയിൽ ചെല്ലാൻ എന്താണ് കാരണം? ഒരു ദൂതു പറഞ്ഞു ചെന്ന കുറ്റത്തിന് നീ എത്രമേൽ നിന്ദനം സഹിച്ചു? തന്റെ ചോരയിൽ പിറന്ന കുഞ്ഞിന്റെ മുഖം പുലർച്ചയ്ക്ക് ഉള്ളു കുളുർക്കെ ഒന്നു കാണാൻപോലും നിനക്ക് ഇടവന്നില്ല. അത് നിനക്ക് എത്ര ദുഃഖമുണ്ടാക്കി? പ്രിയരുഗ്മിണിയിൽ പിറന്ന പുത്രൻ ജനിച്ചയുടനെ മറയുന്നു! ശംബരാസുരൻ അവനെ കടൽത്തിരയ്ക്കു നൽകിയെന്ന് നീ അറിഞ്ഞു! അത് ഓർക്കുന്നതേ മഹാസങ്കടമാണ്. നിന്നിൽ തിരതല്ലുന്ന പിതൃത്വം എമ്മട്ടിൽ അതിതീവ്രമായി ജ്വലിച്ച ദുഃഖക്കനൽ ഒന്നാകെ ദീർഘകാലം സഹിച്ചുനിന്നു? പ്രിയസോദരി സുഭദ്രയുടെ നേർമകനായ അഭിമന്യു, തന്റെ നോട്ടപ്പിഴയാൽ, നിഷ്ഠുരമായി അന്ന് പത്മവ്യൂഹക്കെണിയിൽപ്പെട്ടത് ഓർക്കുമ്പോൾ നിന്റെ ദുഃഖം എത്ര കഠിനം! മനസ്സ് അഗ്നിസമുദ്രം പോലെ അന്ന് അകത്തുനിന്നു തിളച്ചുനിന്നു വിങ്ങി. അപ്പോഴും കർണൻ മകനാണെന്ന് കുന്തിയോട് പറയാൻ സാധിച്ചില്ല.

യുദ്ധമാകുന്ന സൂര്യൻ അസ്തമിച്ച് ഇരുളുമ്പോൾ അരികിൽ വന്ന അമ്മയിൽനിന്ന് ഇരുളെന്നപോലെ വന്ന ശാപത്തിന്റെ മാരകമായ വിഷം നീ ഏറ്റുവാങ്ങിയില്ലേ? സഹനങ്ങളിലൂടെ യാതനാനിർഭരമായ യാത്ര തുടർന്ന് നീ ജീവിതത്തെ തിരികെ ഇരുളിന്റെ ആന്ധ്യഗർഭസ്ഥലിയിൽത്തന്നെ നയിച്ചുചെന്നില്ലേ? ഇവയൊന്നും ആരും ഒരിക്കലും അറിയുന്നില്ല. മാത്രമല്ല, അവർ ആനന്ദകുമാരനെന്ന് വാഴ്ത്തുകയും ചെയ്യും! അതു കേൾക്കുമ്പോൾ, ഇരുട്ടിലേക്കു മുങ്ങിമറയാനുള്ള ആഗ്രഹം നിന്റെ ഉള്ളിലെ നാളം ആഗ്രഹിച്ചുവോ? . . .

കത്തുന്ന കർപ്പൂരമായി നിന്ന് എരിയുക. അകലെ ദിവ്യമാർഗത്തിലൂടെ നിന്റെ ഈ യാത്രാപഥം പുതുപൂക്കളാൽ മംഗളകരമാക്കാൻ ആരാണ് വരുന്നത്? നീ നിശ്ശേഷം എരിഞ്ഞുവെന്ന് അറിയവേ ആ പുകമണം നുകർന്ന് ആരാണ് നിന്റെ സൂര്യപ്രഭയെ വരവേറ്റ് ഇന്ന് നിന്നെ വരിക്കാൻ എത്തുന്നത്? . . . .

കാലം ചുരുങ്ങി ഒരു മാത്രയിലൊതുങ്ങുമ്പോൾ അതിൽ ഒരു ഊർജകണമായി നീ കലർന്നു! സൂര്യൻ തണുത്ത് കരിപോലെ കറുത്തു താഴുമ്പോൾ അതിൽ നീ ജ്വലിക്കപ്പെട്ട ഗന്ധകമായി വിളങ്ങു! ലോകം

ചുരുങ്ങി ഒരു മൺതരിയിൽ പതുങ്ങുമ്പോൾ അതിൽ നീ ജീവകണമായി അലിഞ്ഞു! ആകാശം ചുരുങ്ങി ഒരു മേഘശകലമാകുമ്പോൾ അതിൽ നീ തീപ്പൊരിയായി തെളിഞ്ഞു! സമുദ്രം വറ്റി ഒരു ബിന്ദുവിലേക്കൊതുങ്ങുമ്പോൾ അതിൽ നീ ജീവാമൃതമായി നിറഞ്ഞു!.....

ശ്യാമമായ ആകാശത്തിൽനിന്ന് ഒരു വെള്ളത്തേരെത്തി ഭൂവനിക വിട്ട് ആകാശവഴികളിലൂടെ മേഘങ്ങളെ കീറിപ്പായുകയായി. വിഹായസ്സിന്റെ നീലിമ കൂടിയോ? ഇവിടെയെവിടെയോ നിന്ന നീലാംബരം കാണാനില്ല. അതിന്റെ ഇലയും പൂവും വേരുമൊന്നുമില്ല!

*　　　*　　　*

ഈ സർഗപരാവർത്തനത്തിന് ഞാൻ നൽകിയ തലവാചകം സൂചിപ്പിക്കുന്നതുപോലെ, ശ്യാമമാധവന്റെ, ദുരന്തനായകനായ കൃഷ്ണന്റെ, ജീവിതത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടവും അദ്ദേഹത്തിന്റെ അന്ത്യവുമാണ് ഇവിടെ ആവിഷ്കരിച്ചിട്ടുള്ളത്. ഇപ്രകാരം ആദ്യന്തം ദുഃഖപൂർണമായിരുന്നുവോ, ദേവകീപുത്രനും യശോദാ–നന്ദനന്ദനനും ഗോകുലനായകനും കംസഘാതകനും ദ്വാരകാനാഥനും പാർഥസാരഥിയും മഹാഭാരതയുദ്ധത്തിന്റെ ചുക്കാൻ പിടിച്ച അസാമാന്യരാഷ്ട്രതന്ത്രജ്ഞനുമായ സാക്ഷാൽ ശ്രീകൃഷ്ണന്റെ മഹനീയജീവിതമെന്ന് ആരും അത്ഭുതം കൂറാതിരിക്കില്ല,

ദുരന്തനായകനായ ഈ കൃഷ്ണനാണ് കവിയുടെ അകക്കണ്ണിൽ തുളുമ്പുന്ന അശ്രുകണംപോലെ തിളങ്ങിനിൽക്കുന്നതെന്ന് ആദ്യസർഗമായ കൃഷ്ണായനത്തിന്റെ അന്തിമശ്ലോകത്തിൽ പറയുന്നത്:

എന്നാലുണ്ടൊരു കൃഷ്ണരൂപമകമേയെല്ലായ്പ്പൊഴും കണ്ണട–
ച്ചെന്നാൽ വന്നു തുളുമ്പുമശ്രുകണമെന്നോണം തിളങ്ങുന്നതായ്.
കാണെക്കാണെയെരിഞ്ഞെരിഞ്ഞു കനലായ്ത്തീരുന്ന ദുഃഖങ്ങളാൽ
കാലം തീർത്തൊരു കൃഷ്ണൻ ഈ വനമഹാഗർഭത്തിലേകാകിയായ്.

(കൃഷ്ണായനം)

## ശ്യാമമാധവം – മലയാളകാവ്യത്തിലെ 'ഭാരതപര്യടനം'

*വ്യാസമഹാഭാരത*ത്തിലെ മർമപ്രധാനമായ കഥാസന്ദർഭങ്ങളുടെ സാരസംഗ്രഹവും വിമർശാത്മകനിരൂപണവുമാണല്ലോ കുട്ടിക്കൃഷ്ണമാരാരുടെ *ഭാരതപര്യടനം*. ആ ഇനത്തിൽ അതിനെ അതിശയിക്കുന്ന മറ്റൊരു കൃതി മലയാളത്തിലുണ്ടെന്നു തോന്നുന്നില്ല. ഭീഷ്മപ്രതിജ്ഞ, അംബ, കർണന്റെ അരങ്ങേറ്റം, യുദ്ധത്തിന്റെ ആയുധശാല, ഭീഷ്മരുടെ ധർമനിശ്ചയം, 'നേശേ ബലസ്യേതി ചരേദധർമം', കിരാതമൂർത്തി, വ്യാസന്റെ ചിരി, ഘോഷയാത്ര, പാർഥസാരഥി, ഭഗവദ്ദൂത്, രണ്ട് അഭിവാദനങ്ങൾ, സഹോദരന്മാർ തമ്മിൽ, യുദ്ധത്തിന്റെ പരിണാമം, നിഷ്പക്ഷനായ ബലരാമൻ, അർജുനവിഷാദയോഗം, ധൃതരാഷ്ട്രപ്രവ്രജ്യ, ധർമപരീക്ഷകൾ



എന്നിങ്ങനെ പതിനെട്ടു പ്രബന്ധങ്ങളിലായി (വ്യാസന്റെ *മഹാഭാരതം* പതിനെട്ടു പർവങ്ങളിലാണല്ലോ!) ഈ നിരൂപണകൃതി വിഭജിച്ചിരിക്കുന്നു. ഈ പ്രബന്ധങ്ങളിൽ ഭീഷ്മർ, അംബ, കർണൻ, ശ്രീകൃഷ്ണൻ, അശ്വത്ഥാമാവ്, ബലരാമൻ, അർജുനൻ, ധർമപുത്രർ എന്നീ കഥാപാത്രങ്ങളെ മുഖ്യമായെടുത്ത് നിഷ്കൃഷ്ടമായ നിരൂപണം നടത്തുന്നു. കർണനെയും ഭീഷ്മരെയും ധർമപുത്രരെയും പോലുള്ള ചിലരെപ്പറ്റിയുള്ള പാത്രവിശകലനം ഒന്നിലധികം പ്രബന്ധങ്ങളിലായി വ്യാപിച്ചുനിൽക്കുന്നുണ്ട്. *വ്യാസമഹാഭാരത*വുമായി പരിചയപ്പെടാത്ത ഭൂരിപക്ഷം വരുന്ന മലയാളിസഹൃദയരിൽ ഈ ഭാരതകഥാപാത്രങ്ങളെപ്പറ്റി ഇന്നുള്ള വിവേചനപൂർവമായ വിലയിരുത്തലുകൾക്ക് പ്രധാനകാരണം *ഭാരതപര്യടന*മാണെന്നു പറഞ്ഞാൽ തെറ്റില്ല. അത്ര വിപുലവും അഗാധവും സൂക്ഷ്മവുമാണ് ആ പുസ്തകത്തിന്റെ സ്വാധീനം. മാരാരുടെ അനുപമമായ ഭാഷാശൈലിയാകട്ടെ, അതിനെ ഗദ്യത്തിലെഴുതപ്പെട്ട ഒരു കാവ്യമാക്കി മാറ്റുകയും ചെയ്തിരിക്കുന്നു.

പ്രഭാവർമയുടെ *ശ്യാമമാധവ*മെന്ന കാവ്യാഖ്യായികയിൽ *വ്യാസമഹാഭാരത*ത്തിലെ കർണൻ (കർണാതപം), ജയദ്രഥൻ (ധർമസംഗരം), ഗാന്ധാരി (മാതൃവാക്യം), ധർമപുത്രൻ (ധർമദുഃഖം), രാധ (രാധികാദണ്ഡകം, രാധാമാധവം), അശ്വത്ഥാമാവ് (ആരണ്യകൃഷ്ണൻ), ധൃതരാഷ്ട്രൻ (ജ്ഞാനകൃഷ്ണൻ), രുഗ്മിണി (ഛായാകൃഷ്ണൻ), ദ്രൗപദി (അനന്തകൃഷ്ണൻ), കൃഷ്ണൻ (ശ്യാമമാധവം) എന്നീ കഥാപാത്രങ്ങളെക്കുറിച്ചുള്ള വിമർശാത്മകനിരൂപണങ്ങളാണുള്ളത്. (വലയങ്ങളിൽ കൊടുത്തിട്ടുള്ളത് സർഗനാമങ്ങളാണെന്ന് *ശ്യാമമാധവ*ത്തെപ്പറ്റി ഇതുവരെയുള്ള വിവരണം വായിച്ചിട്ടുള്ളവർക്ക് മനസ്സിലായിട്ടുണ്ടാകും.) *ഭാരതപര്യടന*കർത്താവിന്റെ ഭാഷയിൽ, "ഭാരതകഥയിലെ സർവവ്യാപകവും സർവപ്രകാശകവുമായ ചിത്രം" കൃഷ്ണന്റേതാണ്. ആ കൃഷ്ണന്റെ ജീവിതമാകെ ഒരു ദുരന്തമാണെന്ന് പ്രഭാവർമയുടെ കൃഷ്ണനിരൂപണത്തിൽ (''ശ്യാമമാധവ''മെന്ന അന്തിമസർഗത്തിൽ വിശേഷിച്ചും) പ്രാധാന്യേന വർണിക്കുന്നു. മരണത്തിനു തൊട്ടുമുൻപുള്ള നിമിഷങ്ങളിൽ കൃഷ്ണനുതന്നെ അങ്ങനെ തോന്നുന്നുവെന്നാണ് കവിയുടെ ഭാവന. ആ ഭാവനയിലാണ് *ശ്യാമമാധവം* പിറന്നിട്ടുള്ളതും. ആ കൃഷ്ണന്റെ വീക്ഷണത്തിലൂടെയാണ് *ശ്യാമമാധവ*ത്തിലെ ഈ *മഹാഭാരത*കഥാപാത്ര നിരൂപണങ്ങൾ. ആദ്യത്തെ മൂന്നു സർഗങ്ങളിൽ (കൃഷ്ണായനം, ദ്വാരകാവർത്തം, വിഷാദപർവം) ഈ പാത്രനിരൂപണങ്ങൾക്ക് പശ്ചാത്തലമൊരുക്കുകയാണ്. ശേഷിക്കുന്ന അനുഗീത എന്ന ഏഴാം സർഗം പ്രകരണവക്രതാധ്യായത്തിൽ പറഞ്ഞതുപോലെ, ഈ കൃഷ്ണന് താൻ മുമ്പ് അർജുനന് ഉപദേശിച്ച ഗീത നിരർഥകവും നിഷ്പ്രയോജനവും ആയിരുന്നുവെന്നു തോന്നുന്നുവെന്നു

പ്രതിപാദിക്കുന്നു.

*ഭാരതപര്യടനം* പ്രഭാവർമയ്ക്ക് *ശ്യാമമാധവ*രചനയ്ക്ക് പ്രചോദനമായിട്ടുണ്ടാവുമെന്നും അതിലെ പാത്രവിശകലനരീതി അദ്ദേഹത്തിൽ സ്വാധീനം ചെലുത്തിയിരിക്കാമെന്നും സ്വാഭാവികമായും ഊഹിക്കാം. കർണൻ, ധർമപുത്രൻ, ധൃതരാഷ്ട്രൻ എന്നിവരുടെ നിരൂപണങ്ങൾ താരതമ്യപ്പെടുത്തുമ്പോൾ ഇത് വ്യക്തമാകും. ഈ പഠനത്തിൽത്തന്നെ അത്തരം ചില താരതമ്യങ്ങൾ മുൻപ് നടത്തിയത് ഓർക്കുക.

“വ്യാസന്റെ ചിരി” എന്ന (*ഭാരതപര്യടന*)പ്രബന്ധത്തിലൂടെയുള്ള മാരാരുടെ ഋശ്യശൃംഗനിരൂപണത്തെ ഒരു നൂതനദർശനത്തോടുകൂടി ഭാവനാപൂർണമാക്കി വൈലോപ്പിള്ളി ''ഋശ്യശൃംഗൻ'' (*ഋശ്യശൃംഗനും അലക്സാണ്ഡറും* എന്ന പുസ്തകത്തിലെ ആദ്യത്തെ നാടകം) എന്ന കാവ്യനാടകത്തിലൂടെ മലയാളകാവ്യലോകത്തിനു നൽകിയിട്ടുണ്ടല്ലോ. അതുപോലെ, പ്രഭാവർമ ഇവിടെ *ഭാരതപര്യടന*ത്തിലെ കർണ–ധൃതരാഷ്ട്ര–ധർമപുത്രനിരൂപണങ്ങളിൽനിന്ന് *ശ്യാമമാധവ*ത്തിലെ കർണാതപം, ധർമദുഃഖം, ജ്ഞാനകൃഷ്ണൻ എന്ന സർഗങ്ങളിലൂടെ വികസിപ്പിച്ച അതതു പാത്രങ്ങളുടെ കാവ്യാത്മകമായ നിരൂപണങ്ങൾ മലയാളകാവ്യലോകത്തിന് നൽകാൻ ശ്രമിച്ചിരിക്കുന്നു. മറ്റു ചില കഥാപാത്രങ്ങളെപ്പറ്റി *ഭാരതപര്യടന*ത്തിൽ അങ്ങുമിങ്ങുമായി നടത്തിയ നിരീക്ഷണങ്ങളും അപഗ്രഥനങ്ങളും കവിക്ക് സഹായകമായിട്ടുണ്ടാവാമെങ്കിലും രാധ, രുഗ്മിണി, ദ്രൗപദി എന്നീ സ്ത്രീകഥാപാത്രങ്ങളെക്കുറിച്ചുള്ള വിശകലനങ്ങൾ *ഭാരതപര്യടന*കർത്താവ് ആലോചിക്കുകപോലും ചെയ്യാത്തതാണെന്ന വസ്തുത പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടതുണ്ട്.

ഇതിലപ്പുറം ഈ താരതമ്യത്തെ വലിച്ചുനീട്ടിക്കൂടാ. കാരണം, കുട്ടിക്കൃഷ്ണമാരാരുടെയും പ്രഭാവർമയുടെയും സൃഷ്ടികളുടെ ലക്ഷ്യങ്ങൾതന്നെ വ്യത്യസ്തമാണ്. *മഹാഭാരത*ത്തിന്റെ സമഗ്രമെങ്കിലും സംക്ഷിപ്തമായ അപഗ്രഥനവും നിരൂപണവുമാണ് മാരാരുടെ ഉദ്ദേശ്യം. അതാകട്ടെ, അദ്ദേഹം ഉദ്ദേശിച്ചിരുന്നതിലും എത്രയോ അധികം ഫലിക്കുകയും ചെയ്തിട്ടുണ്ട്. മലയാളസാഹിത്യത്തിൽ പിൽക്കാലത്തുവന്ന വിവിധമേഖലകളിലെ എഴുത്തുകാരെ പല വിധത്തിൽ അത് പ്രചോദിപ്പിച്ചിട്ടുമുണ്ട്. മാത്രമല്ല, ആ കൃതിയിലെ പാത്രവിശകലനങ്ങൾ മാരാരിലെ വിമർശകപ്രതിഭയുടെ തനതു വിചാരവിലാസമാണുതാനും.

*ശ്യാമമാധവ*ത്തിന്റെ സ്ഥിതി മറ്റൊന്നാണ്. ഒന്നാമത്, ഒരു കാവ്യത്തിൽ ഇപ്രകാരം അനേകം ഇതിഹാസകഥാപാത്രങ്ങളുടെ നിരൂപണങ്ങൾ പുതുമയുള്ളതാണ്. രണ്ടാമത്, പൊതുവിൽ ജീവിതത്തിൽ സ്വയം വിജയം വരിക്കുകയും താനുമായി ബന്ധപ്പെടുകയോ കൂടെ നിൽക്കുകയോ ചെയ്യുന്നവരെയൊക്കെ വിജയിപ്പിക്കുകയും ചെയ്തുവെന്നു പ്രസിദ്ധനായ



കൃഷ്ണൻ അവസാനകാലത്ത്, മരണത്തിനു തൊട്ടുമുൻപ്, തന്റെ പ്രവൃത്തികളിൽ പലതും തെറ്റായിപ്പോയെന്നും വിജയമെന്ന് അതതു കാലത്ത് തോന്നിയതെല്ലാം പരാജയമായിരുന്നുവെന്നും ചിന്തിക്കുന്നു. പശ്ചാത്താപവിവശനായ കൃഷ്ണൻ ആ വ്യക്തികളെയും സംഭവങ്ങളെയും പ്രതിഭാസങ്ങളെയുമെല്ലാം പുനർമൂല്യനിർണയത്തിനു വിധേയമാക്കുകയാണ്. അതാണ് ഈ കാവ്യത്തെ മറ്റു കൃതികളിൽ നിന്ന് വ്യതിരിക്തമാക്കുന്നത്.

സന്ദർഭവശാൽ, *ഭാരതപര്യടന*കർത്താവ് സൂചിപ്പിക്കുകമാത്രം ചെയ്യുകയോ അത്രപോലും ചെയ്യാതിരിക്കുകയോ ചെയ്ത സ്ത്രീകഥാപാത്രനിരൂപണം *ശ്യാമമാധവ*ത്തിന് ആധുനികകാലപ്രസക്തമായ ഒരു സ്ത്രീപക്ഷമുഖം കൂടുതലായി നൽകിയിരിക്കുന്നു എന്നു കൂടി സൂചിപ്പിക്കട്ടെ. സ്ത്രീകളോട് പൊതുവിലും താനുമായി നിരന്തരം ബന്ധപ്പെടുന്ന സ്ത്രീകളോട് വിശേഷിച്ചും, അവർ അമ്മയോ കാമുകിയാ പത്നിയോ ആരായാലും, സവിശേഷമായ പരിഗണന വേണമെന്ന സന്ദേശം കൃഷ്ണന്റെ വീണ്ടുവിചാരങ്ങളിലൂടെ വായനക്കാർക്കു നൽകാൻ കവിക്കു കഴിഞ്ഞിരിക്കുന്നു.

ജീവിതത്തിൽ മനുഷ്യൻ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളുടെ കുരുക്കഴിക്കാൻ സഹായിക്കുന്ന പല ദാർശനികവും അല്ലാത്തതുമായ തത്ത്വങ്ങളും സത്യങ്ങളും ഈ കാവ്യത്തിൽ ഉടനീളം കാണാം. അവ *ശ്യാമമാധവ*ത്തിന്റെ ചിന്തോദ്ദീപകത്വം വർധിപ്പിച്ചിട്ടുണ്ട്. അതേസമയം, അതിമനോഹരമായ പ്രതിപാദനശൈലി, പ്രത്യേകിച്ച് ശയ്യാഗുണം വഴിഞ്ഞൊഴുകുന്ന ശ്ലോകങ്ങൾ, കാവ്യത്തിന്റെ സുഖപാരായണക്ഷമത നഷ്ടപ്പെടാതെ സൂക്ഷിക്കുകയും ചെയ്തിരിക്കുന്നു.

★

# ഉപസംഹാരം

പ്രശസ്തമലയാളകവിയും മാധ്യമപ്രവർത്തകനുമായ പ്രഭാവർമയുടെ *ശ്യാമമാധവം* എന്ന ഖണ്ഡകാവ്യാഖ്യായികയുടെ ഒരു പഠനമാണ് നാം ഇക്കഴിഞ്ഞ ഏഴ് അധ്യായങ്ങളിലായി നടത്തിയത്.

മുഖ്യമായി സംസ്കൃതസാഹിത്യവിമർശനലോകത്തിലെ അതികായന്മാരായ ആനന്ദവർധനന്റെയും കുന്തകന്റെയും രസധ്വനിസിദ്ധാന്തവും വക്രോക്തിസിദ്ധാന്തവും മുഖ്യമായി പ്രതിനിധാനം ചെയ്യുന്ന സംസ്കൃത സാഹിത്യവിമർശനസിദ്ധാന്തവും ലോകമെങ്ങും ഇന്നും വളർന്നുകൊണ്ടിരിക്കുന്ന മാർക്സിയൻ സാഹിത്യദർശനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു വിമർശനസമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കാവ്യപഠനം നിർവഹിച്ചത്. ഈ വിമർശനസമീപനത്തിന്റെ സാമാന്യമായ ഒരു സംക്ഷിപ്തരൂപം ഒന്നാമധ്യായത്തിൽ കൊടുത്തിട്ടുണ്ട്. അതിന്റെ വിശദമായ വിവരണം എന്റെ *ബഷീർ മുതൽ ഒ. എൻ. വി. വരെ, എഴുത്തച്ഛൻകൃതികൾ* എന്നീ നിരൂപണകൃതികളുടെ ഒന്നാമധ്യായമായി ചേർത്തിട്ടുണ്ട്.

കുന്തകൻ വിവരിച്ച വർണവിന്യാസവക്രത, പദപൂർവാർധവക്രത, പദപരാർധവക്രത (പ്രത്യയാശ്രയവക്രത), വാക്യവക്രത, പ്രകരണവക്രത, പ്രബന്ധവക്രത എന്നിങ്ങനെയുള്ള ആറുതരം വക്രതകളുടെ അടിസ്ഥാനത്തിൽ *ശ്യാമമാധവ*ത്തെ അടുത്ത ആറധ്യായങ്ങളിലായി നിരൂപണം ചെയ്തിരിക്കുന്നു.

വിവിധങ്ങളായ പ്രാസങ്ങൾ, യമകം മുതലായ മറ്റു ശബ്ദാലങ്കാരങ്ങൾ എന്നിവയും വിവിധവൃത്തങ്ങളും ഭാവരസാനുഗുണമായ വർണവിന്യാസവു മൊക്കെ *ശ്യാമമാധവ*ത്തിന്റെ കാവ്യഭംഗി എവ്വിധം വർധിപ്പിച്ചിട്ടുണ്ടെന്നു പരിശോധിക്കുകയാണ് വർണവിന്യാസവക്രത എന്ന രണ്ടാമധ്യായത്തിൽ ചെയ്തത്.

പദപൂർവാർധവക്രത എന്ന മൂന്നാമധ്യായത്തിൽ *ശ്യാമമാധവ*ത്തിലെ നാമപദങ്ങളുടെയും ക്രിയാപദങ്ങളുടെയും പ്രയോഗവൈചിത്ര്യങ്ങളുടെ ചാരുത ആസ്വദിക്കാനാണ് ശ്രമിച്ചത്. രൂഢിവൈചിത്ര്യവക്രത, പര്യായവക്രത, ഉപചാരവക്രത, വിശേഷണവക്രത, സംവൃതിവക്രത, പദമധ്യാന്തർഭൂതപ്രത്യയവക്രത, സമാസവൈചിത്ര്യവക്രത, തദ്ധിത വൈചിത്ര്യവക്രത, നാമധാതുവൈചിത്ര്യവക്രത, ലിംഗവൈചിത്ര്യവക്രത, ക്രിയാവൈചിത്ര്യവക്രത എന്നിങ്ങനെ പല വിഭാഗങ്ങളിലായി ഈ ആസ്വാദനം നിർവഹിച്ചിരിക്കുന്നു. ഇവയിൽ ചിലത് സൗന്ദര്യദൃഷ്ട്യാ ഏറെ ഹൃദ്യമെന്നു കാണാനാവില്ലെങ്കിലും മിക്കവാറും എല്ലാ ഉൾപ്പിരിവുകളെയും അവതരിപ്പിക്കുക എന്ന ഉദ്ദേശ്യം പൂർത്തീകരിക്കാൻ അങ്ങനെ ചെയ്യേണ്ടി



വന്നതാണ്.

പദപരാർധവക്രത അഥവാ പ്രത്യയാശ്രയവക്രത എന്ന അടുത്ത അധ്യായത്തിൽ പ്രത്യയപരമായ വൈചിത്ര്യങ്ങൾ ചൂണ്ടിക്കാട്ടുകയാണ് കാലം, കാരകം, സംഖ്യ, പുരുഷൻ, ഉപസർഗനിപാതാദികൾ എന്നിവയെക്കുറിക്കുന്ന വിവിധപ്രത്യയങ്ങളുടെ വൈചിത്ര്യം കൊണ്ടുളവാകുന്ന വ്യംഗ്യഭംഗികളുടെ അടിസ്ഥാനത്തിൽ *ശ്യാമമാധവ*ത്തെ നിരൂപണം ചെയ്തപ്പോഴും ആ കാവ്യം ഉന്നതനിലവാരം പുലർത്തുന്നതായി പ്രസ്തുതാധ്യായം വെളിപ്പെടുത്തും.

വാക്യവക്രത എന്ന അഞ്ചാമധ്യായത്തിൽ രസവത്. ദീപകം, രൂപകം മുതലായി കുന്തകൻ അംഗീകരിച്ച ഇരുപത് അലങ്കാരങ്ങളുടെ ഉദാഹരണങ്ങൾ ഈ കാവ്യത്തിൽനിന്നു തിരഞ്ഞെടുത്ത് അവയുടെ ധ്വനിമനോഹാരിത വ്യക്തമാക്കാനാണ് ആദ്യം ശ്രമിച്ചത്. തുടർന്ന് വാക്യവക്രതയിൽ പെടുത്താവുന്ന കാവ്യബിംബങ്ങൾ, ദർശനദീപ്തികൾ എന്ന പേരിൽ *ശ്യാമമാധവ*ത്തിൽ സുലഭമായി കാണാവുന്ന മഹദ്വചനങ്ങൾ എന്നിവയെ വിശകലനം ചെയ്തിരിക്കുന്നു.

ഈ നാലു വക്രതാനിരൂപണങ്ങളിൽ പൊതുവെ കാവ്യത്തിലെ വർണ–പദ–വാക്യ–ച്ഛന്ദോലങ്കാരങ്ങളുടെ സൗന്ദര്യാസ്വാദനത്തിലാണ് ഊന്നൽ നൽകിയിട്ടുള്ളത്.

അടുത്ത ആറാമത്തെയും ഏഴാമത്തെയും അധ്യായങ്ങളിലാകട്ടെ പ്രകരണവക്രതയുടെയും പ്രബന്ധവക്രതയുടെയും അടിസ്ഥാനത്തിലുള്ള *ശ്യാമമാധവ*കാവ്യത്തിന്റെ സമഗ്രപഠനമാണ് നടത്തിയിട്ടുള്ളത്. സാമൂഹ്യപ്രസക്തിയും അതോടനുബന്ധിച്ചുള്ള മറ്റു കാര്യങ്ങളും അവിടെ ചർച്ച ചെയ്തിരിക്കുന്നു. കാവ്യത്തിന്റെ പുതുമകളും സവിശേഷതകളും ചൂണ്ടിക്കാ ട്ടാൻ ശ്രദ്ധിച്ചിട്ടുണ്ട്. കൃഷ്ണനെ ഇപ്രകാരം ഒരു ദുരന്തനായകനായി അവതരിപ്പിക്കുകയും മരണത്തിനു തൊട്ടുമുൻപുള്ള നിമിഷങ്ങളിൽ താൻ ചെയ്ത കാര്യങ്ങളെക്കുറിച്ചും ബന്ധപ്പെട്ട വ്യക്തികളെക്കുറിച്ചും വീണ്ടാലോ ചന നടത്തി വിലയിരുത്തുകയും ചെയ്യുക എന്നത് മലയാളകാവ്യലോകത്ത് പ്രശംസാർഹമായ ഒരു പുതുമയായാണ് തോന്നുന്നത്. *വ്യാസമഹാഭാരതം* പോലുള്ള കാലാതിവർത്തിയായി നിലകൊള്ളുന്ന ഒരിതിഹാസകാവ്യത്തെ ആസ്പദമാക്കി ഇത്തരമൊരു കൃത്യം നിർവഹിക്കുമ്പോഴാകട്ടെ അതിന്റെ ഗരിമ വർധിക്കുകയും ചെയ്യുന്നു. കുട്ടിക്കൃഷ്ണമാരാരുടെ *ഭാരതപര്യടന* വുമായി ലഘുവായൊരു താരതമ്യം നടത്തിയത് ഇതുകൂടി കണക്കിലെടു ത്താണ്. ഗാന്ധാരി, രാധ, രുഗ്മിണി, ദ്രൗപദി എന്നീ സ്ത്രീകഥാപാത്രങ്ങളെ മുൻനിർത്തിയുള്ള നിരൂപണങ്ങൾ കവിയുടെ സ്ത്രീപക്ഷദർശനത്തിനുകൂടി നിദർശനമാണെന്നു കാണാം. കാവ്യത്തിലെ അനുഗീത എന്ന അധ്യായം സുകീർത്തിതമായ *ഭഗവദ്ഗീത* യുദ്ധോത്തേജകമാണെന്നും യുദ്ധത്തിന്റെ

കെടുതികൾ അതിഭയങ്കരമാണെന്നും അതിനാൽ യുദ്ധം വർജ്യമാണെന്നും ഒരു പുനർവിചിന്തനത്തിൽ ഗീത നിഷ്പ്രയോജനമാണെന്നു മനസ്സിലാവുമെന്നും വ്യക്തമാക്കിയിരിക്കുന്നു. ഈ ഒരൊറ്റ സർഗം കൊണ്ടുതന്നെ ഈ കാവ്യം ഇന്ന് ഏറ്റവും സാമൂഹ്യപ്രസക്തി കൈവരിക്കുന്ന ഒന്നായി മാറിയിരിക്കുന്നു.

ഇപ്രകാരം സാഹിത്യസൗന്ദര്യത്തിന്റെയും സാമൂഹ്യപ്രക്തിയുടെയും മാനദണ്ഡങ്ങൾ വെച്ചു നോക്കുമ്പോൾ പ്രഭാവർമയുടെ *ശ്യമമാധവ* ഖണ്ഡകാവ്യം അദ്ദേഹത്തിൻെറ കാവ്യപ്രപഞ്ചത്തിലെന്നപോലെ മലയാളകാവ്യലോകത്തിലെയും ഒരനന്വയമായി പ്രശോഭിക്കുന്നു വെന്നു വിലയിരുത്താൻ അല്പംപോലും മടിക്കേണ്ടതില്ല.

★